വീണ്ടും അനുരഞ്ജനശ്രമങ്ങൾ നടത്തിവരുന്നു. കൂടാതെ സർക്കാർതല ത്തിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മിൽ തുറക്കുന്നതിന് തൊഴിൽ സംഘടനകളുമായി 29-7-98-ൽ നടത്തിയ ചർച്ചയിൽ, ഒരു മാസത്തി നകം മില്ലിന് ബാങ്കിൽനിന്ന് ധനസഹായം ലഭിക്കുമെന്നും തുടർന്ന് മിൽ തുറ ക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മാനേജിംഗ് ഡയറക്ടർ അറിയിക്കുക യുണ്ടായി.

സർ, കൂടാതെ 15 ദിവസത്തിനുള്ളിൽ 45 ദിവസത്തെ ലേ ഓഫ് വേജസ് നൽകാമെന്ന് കമ്പനിയുടെ മാനേജിംഗ് ഡയറക്ടേഴ്സും സമ്മതിച്ചിരുന്നു. മിൽ തുറന്നതിനുശേഷം ഉത്പാദനക്ഷമതയേയും മറ്റ് പ്രശ്നങ്ങളേയും സംബന്ധിച്ച് ഒരു ചർച്ചയാകാമെന്ന് തീരുമാനിച്ചു. എന്നാൽ, ബാങ്കിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാൻവേണ്ടി നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടെ വൈദ്യുതി ബോർഡ് കമ്പനിയുടെ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ മില്ലിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 28-6-1999-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ചർച്ച വിളിച്ചു കൂട്ടുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

V. റിപ്പോർട്ട് സമർപ്പണം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

അറിയിപ്പ്

കാര്യവിവരപ്പട്ടികയിലെ മാറ്റം

മി. സ്പീക്കർ : ഒരു ചെറിയ അറിയിപ്പുണ്ട്. ഡിമാന്റുകളുടെ ചർച്ചയ്ക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഷെഡ്യൂളുകളിൽ ഒരു ചെറിയ മാറ്റം വരുത്തേ ണ്ടിവന്നിരിക്കുന്നു. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട സഹകരണം ജൂൺ 28-നാണ്. അതിനൊരു മാറ്റം ജൂലായ് 1-ലേയ്ക്ക്; കൂടാതെ, ജൂലായ് 1-ൽ വച്ചിരിക്കുന്നത് ജൂൺ 28-ലേയ്ക്കും എന്ന നിലയിൽ ഒരു ചെറിയ മാറ്റമാണ് ഇവിടെ നിർദ്ദേശി ക്കുന്നത്. അതിൽ അംഗങ്ങളുടെ അറിവിലേയ്ക്ക് ശ്രദ്ധിക്കേണ്ട ഒരു കാര്യം ജൂലായ് 1-ന്റെ ഡിമാന്റിനുള്ള കട്ട് മോഷൻസ് കൊടുക്കേണ്ടത് നാളെ വൈകു ന്നേരം 3 മണിക്ക് മുമ്പാണ്. അതൊന്ന് ശ്രദ്ധിക്കണം. അതുമാത്രമേയുള്ളൂ. അത് ബുള്ളറ്റിനായി എല്ലാവരേയും അറിയിക്കുന്നതാണ്.

VI. ധനകാര്യം

1999-2000 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളി ന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാം.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പരമ്പരാഗത വ്യവസായത്തിനും അതിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും പ്രയോജനം സിദ്ധിക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണെന്ന് ആവശ്യപ്പെടുന്നതിന്)

ശ്രീ. ഇ.എം. അഗസ്തി : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നതിന്)

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,800 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ അഴുകിയ തൊണ്ട് ലഭ്യമാക്കാത്തതായി പറയപ്പെടുന്ന നയം തിരുത്തണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(തൊഴിലില്ലായ്മയിലേക്ക് കൂപ്പുകുത്തുന്നതായി പറയപ്പെടുന്ന കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് കഴിയാത്തതായി പറയപ്പെടുന്ന നയം തിരുത്തിക്കുറിക്കണമെന്നാവശ്യപ്പെടുന്നതിന്)

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. മൊയീൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

206/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേരം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ.കെ. ബാവ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ അബ്ദുറബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എഴുകോൺ നാരായണൻ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ.കെ. മണി : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,01,06,06,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. മൂന്നുവർഷത്തെ ഇടതുപക്ഷഭരണംകൊണ്ട് നമ്മുടെ വ്യവ സായമേഖലയെ ഒരു നിലയില്ലാക്കയത്തിലാക്കിയിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ അംഗമായിട്ട് വന്നത് ആദ്യമായിട്ടാണ്. ആദ്യത്തെ സമ്മേളന ത്തിൽ തന്നെ റൂൾ 62 അനുസരിച്ച് ഞാൻ ഒരു കാളിംഗ് അറ്റൻഷൻ കൊടുത്തത് അലിൻഡ് ഫാക്ടറിയിൽ ഒരു പ്രൊമോട്ടറെ കണ്ടുപിടിക്കാൻ സർക്കാൻ തയ്യാറാകുമോ എന്നറിയാനാണ്. മൂന്നുവർഷം കഴിഞ്ഞിട്ടുപോലും ആ അലിൻഡിനെ രക്ഷപ്പെടുത്താൻ ഒരു പ്രൊമോട്ടറെപോലും കണ്ടുപിടി ക്കാൻ കഴിഞ്ഞിട്ടില്ല. അതിനേക്കാൾ കഷ്ടം, കഴിഞ്ഞ ദിവസം കുണ്ടറ അലിൻഡിനെ രക്ഷപ്പെടുത്തുവാൻ സർക്കാർ ഒരു സമ്മേളനം വിളിച്ചുകൂട്ടി. മൂന്ന് മന്ത്രിമാർ പങ്കെടുക്കുമെന്ന് പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി, വിദ്യു ച്ഛക്തി വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി. എന്നിട്ട് ഒരൊറ്റ മന്ത്രിപോലും ആ യോഗത്തിൽ സംബന്ധിച്ചില്ല. കുണ്ടറ ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, കുണ്ടറ ട്രാവൻകൂർ കെമിക്കൽസ്, ചവറ പ്രീമോ പൈപ്പ് ഫാക്ടറി, പുനലൂർ പേപ്പർ മിൽ, ഇതിന്റെയൊക്കെ അവസ്ഥയെന്താണ്? ഒരൊറ്റ സ്ഥാപനംപോലും തുറന്ന് പ്രവർത്തിക്കുന്നില്ല. ഇന്ന് ബാക്കിയുള്ള പൊതുമേഖലാസ്ഥാപനങ്ങ ളുടെ അവസ്ഥയെന്താണ്? പൂട്ടുമെന്നുള്ള ഭീഷണിയിലിരിക്കുകയാണ്. പിന്നെ എങ്ങനെ ഇവിടെ ഇതിനെ അനുകൂലിക്കാൻ സാധിക്കും? അന്ന് അലിൻഡിനു വേണ്ടി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ നേതാവ് ഹബീബ് അവിടെ യൊക്കെ വന്നിരുന്നു. സഹകരണ സംഘം ഉണ്ടാക്കാൻ പോകുന്നുവെന്ന് പറഞ്ഞു. എന്നിട്ട് എന്തായി? ആ അലിൻഡിന്റെ കീഴിലുള്ള എല്ലാ യൂണിറ്റു കളും ബി.ഐ.എഫ്.ആർ. കാർ പൂട്ടാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന അവ സ്ഥയിലേക്ക് എത്തിയിരിക്കുന്നു. നമ്മുടെ മുഖ്യമന്ത്രി വിവരമുള്ള ആളാണ്. മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ വിദേശങ്ങൾ സന്ദർശിച്ചില്ലേ? ഈ സംസ്ഥാനത്ത് വ്യവസായം കൊണ്ടുവരാൻ എത്ര വിദേശയാത്രകൾ നടത്തി? ആ വിദേശയാത്രകൾക്ക് ചെലവായ തുകയെത്രയാണെന്ന് അറിയാൻ ഞങ്ങൾ ചോദ്യം കൊടുത്തിട്ട് ഇന്നുപോലും ഉത്തരം കിട്ടിയിട്ടില്ല. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികൾ വന്നോ? അവിടെ ചെന്ന് വിദേശനിക്ഷേപകരെ കണ്ട് ക്ഷണിക്കാറുണ്ട്. ക്ഷണിച്ചിട്ട് ഇങ്ങോട്ട് വന്നുകഴിഞ്ഞാൽ എന്താണ്? അവസരത്തിലും അനവസരത്തിലും മന്ത്രിമാരും മറ്റുള്ളവരും 'ഗാട്ട്' കരാറിനെതിരായും ലിബറലൈസേഷന് എതിരായും സ്വകാര്യവൽക്കരണത്തിനെതിരായും പ്രസംഗിക്കുകയാണ്. അങ്ങനെയൊക്കെ പ്രസംഗിച്ചുകഴിഞ്ഞാൽ ഈ വിദേശനിക്ഷേപകർ അത് അറിയില്ലെന്നാണോ നിങ്ങളുടെ ധാരണ? ഈ ലോകം ഇപ്പോൾ വളരെ ചുരുങ്ങിയിരിക്കുകയാണ്. ഇടതുപക്ഷത്തിന്റെ നയപരമായ ദൗർബല്യങ്ങളും ആശയപരമായ കടുംപിടിത്തങ്ങളും നിയമം കയ്യിലെടുത്തുകൊണ്ടുള്ള നിയമനടപടികളും വിദേശ നിക്ഷേപകരിൽനിന്ന് മറച്ചുവയ്ക്കാൻ കഴിയാത്തവിധം ലോകം ചെറുതായിരിക്കുന്നുവെന്നുള്ള വസ്തുത നിങ്ങൾ അറിയുന്നില്ലേ? അറിയാത്തതുകൊണ്ടല്ല. അറിഞ്ഞിട്ടുണ്ടെങ്കിലും ഈ വരട്ടുതത്വവാദത്തിൽനിന്ന് നിങ്ങൾ പിന്നോട്ടു പോകാൻ തയ്യാറല്ല. ഇന്ന് വ്യവസായം ആധുനിക യുഗത്തിൽ എത്തിയിരിക്കുകയാണ്. പുതിയ വ്യവസായ യുഗത്തിലെ പ്രധാന ഘടകം സിഗ്നലുകളാണ്. ആ സിഗ്നലുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഒരു സംസ്ഥാനത്ത് വ്യവസായം തുടങ്ങണമോ, തുടങ്ങാൻ അനുയോജ്യമാണോ അല്ലയോയെന്ന് തീരുമാനിക്കുന്നത്. ഇതൊക്കെ നമ്മുടെ മുഖ്യമന്ത്രിക്ക് അറിയാം. വിദേശയാത്രകൾ നടത്തിയതിനുശേഷവും കേരളത്തിൽനിന്ന് പോകുന്ന സിഗ്നലുകൾ വ്യവസായങ്ങൾ തുടങ്ങാൻ അനുയോജ്യമല്ലെന്നാണ്. ഇത് അറിഞ്ഞിട്ടുപോലും അത് തിരുത്താനുള്ള നടപടികൾപോലും ഇടതുപക്ഷ സർക്കാർ എടുക്കുന്നില്ല. ഇന്ന് വിദേശികൾക്ക് ഇങ്ങോട്ട് വരണമെന്നില്ല. ഈ സംസ്ഥാനം വ്യവസായം തുടങ്ങാൻ നല്ലതാണോ അതോ തമിഴ്നാടാണോ നല്ലതെന്ന് അവർക്ക് അറിയാം. ഇവിടെ ഇടതുപക്ഷം ഭരിക്കുന്നു. നമുക്കെതിരായ സിഗ്നലുകളേ കാലാകാലങ്ങളിലുള്ളു. പക്ഷേ, ആ സിഗ്നലുകൾ ഒന്നുകൂടി ഉറപ്പിക്കാൻ ശ്രമിക്കുകയല്ലേ ചെയ്യുന്നത്?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ബഹുമാനപ്പെട്ട അംഗം മുഖ്യമന്ത്രി നടത്തിയ വിദേശയാത്രയെക്കുറിച്ച് പറഞ്ഞു. ആ ഒരൊറ്റ യാത്രയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെകൊണ്ടുപോയില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുതന്നെയാണ് ഞാനും പറയുന്നത്. കാരണം, അത് വ്യവസായം തുടങ്ങുന്നതിനുവേണ്ടി അല്ലായിരുന്നു. പണ്ട് ടി.വി. തോമസ് വിദേശം സന്ദർശിച്ച് ഇവിടെ വന്നപ്പോൾ എന്തായിരുന്നു അവസ്ഥ? അതേ അവസ്ഥതന്നെയാണ്. അതുകൊണ്ടുതന്നെയാണ് വ്യവസായവകുപ്പുമന്ത്രിയെ കൊണ്ടുപോകാതിരുന്നത്. അതുമാത്രമാണോ? സർ, ഇവിടെ പോളിറ്റ് ബ്യൂറോ അംഗവും ലെയ്സൻ കമ്മിറ്റി കൺവീനറുമായ നേതാവിന്റെ അനുഗ്രഹാശിസുകളോടെ കുപ്രസിദ്ധമായ ഒരു വെട്ടിനിരത്തൽ സമരം നടന്നില്ലേ? ആ വെട്ടിനിരത്തൽ സമരം കേരളത്തിൽനിന്ന് കൊടുത്ത സിഗ്നൽ എന്താണ്? ഇവിടെ ഒരു കൃഷിഭൂമിയുടമയ്ക്ക് അദ്ദേഹത്തിന്റെ ഭൂമിയിൽ സ്വന്തയിഷ്ടത്തിന് കൃഷി നടത്താൻ സാധിക്കുകയില്ല. അങ്ങനെ കൃഷി നടത്തുകയാണെങ്കിൽ നിയമം കയ്യിലെടുത്തുകൊണ്ട് വെട്ടിനിരത്തും. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ഏതെങ്കിലും വിദേശികൾ പണം കൊണ്ടുവന്ന് വ്യവസായം തുടങ്ങാൻ തയ്യാറാകുമോ? അതു മാത്രമാണോ? കൊച്ചിയിലെ ഒരു കയറ്റുമതി സ്ഥാപനത്തിൽ ഒരു സമരമുണ്ടായി. ആ യൂണിറ്റിലെ സമരം മറ്റെല്ലാ പ്രോസസിംഗ് യൂണിറ്റുകളിലേക്കും നീക്കാൻ തീരുമാനമെടുത്തില്ലേ? എന്നിട്ട് സർക്കാർ, ആഭ്യന്തര ഡിപ്പാർട്ടുമെന്റ്,

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽവകുപ്പ് എന്തെങ്കിലും ചെയ്തോ? ഇനി നമ്മുടെ കയറ്റുമതി മേഖല യിൽ ഏതെങ്കിലും വിദേശി മൂലധനം നിക്ഷേപിക്കാനായിട്ട് വരുമോ? ഈ സിഗ്നലുകൾ കൊടുത്തത് ഇവരാണ്. മനോരമയിൽ 1999 മാർച്ചുമാസം 25-ാം തീയതിയിലെ എഡിറ്റോറിയൽ ഇതാണ്; "അട്ടിമറിക്കപ്പെട്ട വ്യവസായങ്ങൾ". അതിൽ രണ്ടാമത്തെ പാരഗ്രാഫിൽ പറയുകയാണ്. "തൊഴിലാളി യൂണിയനു കളുടെ പിടിവാശിയും സർക്കാരിന്റെ ഉദാസീനതയും മൂലമാണ് കേരളാ അഗ്രോ എക്സ്പോർട്ട് ഫാക്ടറി അടച്ചുപൂട്ടാൻ ഉടമകൾ തീരുമാനിച്ചത്. ഒരു എക്സ്പോർട്ട് ഫാക്ടറിയാണ്. കയറും റബ്ബറും ഉപയോഗിച്ച് മെത്ത നിർമ്മി ക്കുന്ന യൂണിറ്റിന്റെ മുതൽമുടക്ക് 2 കോടി രൂപയാണ്. ഇത്തരം മൂന്ന് യൂണിറ്റു കൾകൂടെ തുടങ്ങാൻ പദ്ധതിയുണ്ടെന്ന് ഉടമ പറയുന്നു. കമ്പനി ലക്ഷ്യമിടുന്ന മുതൽമുടക്ക് 16 കോടി രൂപ, 800 പേർക്ക് തൊഴിലും ലഭിക്കും. പക്ഷേ, നിലവി ലുള്ള യൂണിറ്റിലെ തൊഴിൽക്കുഴപ്പംമൂലം ഓർഡർ അനുസരിച്ച് സാധനങ്ങൾ നൽകാനായില്ല. കമ്പനി ഡയറക്ടർമാരെയും ജീവനക്കാരെയും പുറത്തുനി ന്നുള്ള തൊഴിലാളികൾ പോലീസിന്റെ സാന്നിദ്ധ്യത്തിൽ ആക്രമിച്ചു. ജീവൻ പണയപ്പെടുത്തിക്കൊണ്ട് കേരളത്തിൽ വ്യവസായം നടത്തേണ്ടതുണ്ടോയെ ന്നാണ് ഫാക്ടറി ഉടമയുടെ ചോദ്യം." എങ്ങനെ വ്യവസായം നടക്കും? നമ്മൾ ഇപ്പോൾ കയറിനെപ്പറ്റി പറയുന്നില്ലേ? കയർ കെട്ടിക്കിടക്കുന്നു. കയറും റബ്ബറും ഉപയോഗിച്ചുള്ള മെത്തകൾ നിർമ്മിക്കുന്ന ഫാക്ടറിയാണ് പൂട്ടിയത്. നമ്മുടെ പാവപ്പെട്ട കയർതൊഴിലാളികളോട് അൽപം പ്രതിബദ്ധതയുണ്ടായി രുന്നുവെങ്കിൽ ഈ ഫാക്ടറി അടച്ചുപൂട്ടാതിരിക്കാനുള്ള നടപടിയെങ്കിലും സ്വീകരിക്കാൻ ഇവർ തയ്യാറാകുമായിരുന്നു. അതുകൊണ്ട് തീർന്നോ? തീർന്നില്ല. പാലക്കാട് കഞ്ചിക്കോട് പ്യാരിലാൽ അഗ്രോ എക്സ്പോർട്ട് കമ്പ നിയുടെയും സ്ഥിതി വ്യത്യസ്തമല്ല. യൂണിയനുകളുടെ പിടിവാശിയും സർക്കാരിന്റെ ഉദാസീനതയുമെല്ലാം ഇനിയും തുടർന്നുകൊണ്ടിരിക്കുകയാ ണെങ്കിൽ ഏതെങ്കിലും വിദേശി വരുമോ? നെടുംകുന്നത്ത് എന്തായിരുന്നു? നെടുംകുന്നത്തെ എസ്റ്റേറ്റ് മാനേജരെ വെട്ടിവീഴ്ത്തി. ആര്? മാർക്സിസ്റ്റു പാർട്ടിയുടെ തൊഴിലാളി സംഘടനകൾ. ആസ്സാമിലേ ഇത്തരം സംഭവങ്ങൾ ഉണ്ടായതായി നമ്മൾ കേട്ടിട്ടുള്ളൂ. തോട്ടമുടമയെ തീവ്രവാദികൾ തോക്കുചൂ ണ്ടിക്കൊണ്ട് പണം പിടുങ്ങുന്നതിന് തുല്യമായ നടപടി അല്ലായിരുന്നോ അത്? യൂണിയൻ നേതാക്കൾക്ക് കപ്പം കൊടുക്കാത്തതാണ് അതിനുകാരണം. ആ എസ്റ്റേറ്റിൽനിന്ന് രണ്ടു തൊഴിലാളികൾ സ്വയം പിരിഞ്ഞുപോയി. അവർക്ക് ആനുകൂല്യം കൊടുത്തു. പക്ഷേ ആ ആനുകൂല്യം കൊടുത്തതിന്റെ ശതമാനക്കണക്കിനുള്ള കപ്പം കിട്ടണമെന്ന് ഈ നേതാക്കൾ ആവശ്യപ്പെട്ടത് കൊടുക്കാതിരുന്നതുകൊണ്ടാണ് ആ മാനേജർ യാത്ര ചെയ്തപ്പോൾ വെട്ടിവീ ഴ്ത്തിയത്. ഈ നിലയിലാണ് നിങ്ങളുടെ ഭരണകാലത്ത് തുടരുന്നതെങ്കിൽ ഏത് വിദേശി വന്ന് ഇവിടെ പണംമുടക്കും?

സർ, അതുമാത്രമാണോ? നിങ്ങളുടെ ഭരണത്തിൽ എന്താണ് നടക്കു ന്നത്? ഭരണവും സമരവും. ഇപ്പോൾ സമരം ആര് തമ്മിലാണ്. പണ്ട് സമരം കേന്ദ്രത്തിനെതിരായിട്ടായിരുന്നു. ഇപ്പോൾ സമരം തമ്മിൽത്തമ്മിലാണ്. സമരം തമ്മിൽത്തമ്മിൽ മാത്രമാണോ? ഗ്രൂപ്പുതലത്തിലും സമരം നടക്കുന്നു. അതല്ലേ വാർത്ത വന്നത്? വ്യവസായ വകുപ്പിനെതിരായ മാർച്ച് ഉദ്ഘാടന ത്തിനു അച്യുതാനന്ദൻ! കെൽട്രോൺകാർ സമരം നടത്തിയപ്പോൾ മന്ത്രി ശ്രീമതി സുശീലാഗോപാലൻ കൈകാര്യം ചെയ്യുന്ന വ്യവസായ വകുപ്പിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള സമരം ഉദ്ഘാടനം ചെയ്യാൻ ഇടതുപക്ഷമുന്നണി യുടെ കൺവീനർ വി.എസ്. അച്യുതാനന്ദൻ! കെൽട്രോണിന്റെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

പരിതാപകരമായ അവസ്ഥയ്ക്ക് ഈ സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ടാണ് ജീവനക്കാർ സംയുക്ത മാർച്ച് നടത്തുന്നത്. മന്ത്രിമാരുടെ വകുപ്പുകളെക്കുറിച്ച് അച്യുതാനന്ദൻ സി.പി.എം. സ്റ്റേറ്റ് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ടിൽ വ്യവസായ വകുപ്പിന്റെ പ്രവർത്തനം പ്രതീക്ഷക്കൊത്ത് ഉയർന്നില്ലെന്നാണ് പറഞ്ഞിരുന്നത്. സി.ഐ.ടി.യുക്കാരെ ഒതുക്കാനുള്ള നീക്കത്തിന്റെ ഭാഗമായി ഇത് വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരുന്നു. ഇപ്പോൾ കെൽട്രോൺ ജീവനക്കാരുടെ മാർച്ചിൽ സി.ഐ.ടി.യു.വും കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇതിനു പിന്നിൽ ഗ്രൂപ്പില്ലെന്ന് അച്യുതാനന്ദന് സമർത്ഥിക്കാനാകും. അതേസമയം സി.ഐ.ടി.യു. തൊഴിലാളികളെക്കൂടി പിന്നിൽ നിരത്തിയത് ലക്ഷ്യത്തിനുവേണ്ടിയുള്ള പോരാട്ടം ഫലപ്രദമായി നടത്താൻ വേണ്ടിയാണ്. ഇങ്ങനെ ഭരണം നടത്തിക്കഴിഞ്ഞാൽ ഇവിടെ വ്യവസായം തുടങ്ങാൻ ആരു വരും? അതു മാത്രമാണോ? അതു മാത്രമല്ല. എ.ഐ.ടി.യു.സി.ക്കാർ നിയമസഭാമാർച്ച് നടത്തി. പിന്നെ ഇവിടെ വ്യവസായം വളരുമോ? ഇപ്പോൾ ഇതെല്ലാം നശിപ്പിക്കണമെന്നുള്ള ലക്ഷ്യബോധത്തോടെ, അതേസമയത്ത് ജനങ്ങളുടെ കണ്ണിൽപ്പൊടിയിടണമെന്നുള്ള ലക്ഷ്യബോധത്തോടെ ഖജനാവ് കാലിയാക്കിക്കൊണ്ട് നിങ്ങൾ വിദേശയാത്രകൾ നടത്തുകയാണ്. ഇതല്ലേ അവസ്ഥ?

സർ, പരമ്പരാഗത വ്യവസായങ്ങളുടെ അവസ്ഥയെന്താണ്? കയർ മേഖലയുടെ കാര്യംതന്നെ എടുക്കാം. ശ്രീ. ആനത്തലവട്ടം ആനന്ദൻ അവിടെ ഇരിക്കുന്നു. അദ്ദേഹം കയർഫെഡിന്റെ ചെയർമാനായിരുന്നപ്പോൾ "കയർ" എന്ന ഒരു പ്രസിദ്ധീകരണം ഇറക്കിയിട്ടുണ്ട്. അദ്ദേഹം അതിൽ എഡിറ്റോറിയലിൽ പറയുന്നത് ഇപ്രകാരമാണ്. "അയൽ സംസ്ഥാനങ്ങളെക്കാൾ ഉത്പാദന ച്ചെലവ് കേരളത്തിൽ കൂടുതലാണ്. പൊള്ളാച്ചിയിൽ മാത്രം എട്ടുവർഷങ്ങൾക്കു മുമ്പ് 160 ഡീഫൈബറിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചിരിക്കുന്നു. ഇപ്പോൾ അത് ഇരട്ടിയോ അതിന്റെ ഇരട്ടിയോ ആയിട്ടുണ്ട്. അത് ആയിരം തൊണ്ടിന് 130 രൂപയും ഒരു കിന്റൽ ചകിരിക്ക് 200 രൂപയും ആയിരുന്നു വില. കേരളത്തിൽ ആ ചകിരി 400 രൂപയ്ക്ക് വിറ്റിരുന്നു." സർ, അദ്ദേഹത്തിന്റെ നിലവിളി എന്തായിരുന്നു? ശരിയാണ്. അദ്ദേഹം പറഞ്ഞത് വസ്തുതയാണ്. എന്തുകൊണ്ട് കേരളത്തിൽ ഈ അവസ്ഥ വന്നു? ഇതിന് കാരണക്കാർ ആരാണ്? ഈ പരമ്പരാഗത തൊഴിലാളികളെ എന്നും കുന്നും ബുദ്ധിമുട്ടിലിട്ട് അവർ നരകയാതനകൾ അനുഭവിച്ചാൽ മാത്രമേ നിങ്ങളുടെ പാർട്ടി വളരുകയുള്ളൂവെന്ന് ചിന്തിച്ചതുകൊണ്ടല്ലേ അവരെ ഈ ബുദ്ധിമുട്ടിലേക്ക് ഇട്ടത്? ഈ രംഗത്തെ ആദ്യത്തെ യന്ത്രവൽകൃത ഫാക്ടറി സ്ഥാപിച്ചത് എവിടെയാണെന്ന് അറിയാമോ? നമ്മുടെ തൊട്ടടുത്ത തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലാണ്. എന്തുകൊണ്ടാണ് ആ യന്ത്രവൽകൃത ഫാക്ടറി അവിടെ സ്ഥാപിക്കാൻ ഇടയായത്? അതിന് കാരണം നിങ്ങൾ കേരളത്തിൽ നടത്തിയ എതിർപ്പായിരുന്നു. ആരാണ് കന്യാകുമാരി ജില്ലയിൽ ഈ യന്ത്രവൽകൃത ഫാക്ടറി സ്ഥാപിച്ച ഉടമ? കേരളത്തിലെ കയർഫാക്ടറിയുടമയായിരുന്ന ഒരു മലയാളിയാണ് അത് സ്ഥാപിച്ചത്. എന്നിട്ടിപ്പോൾ നമ്മൾ നിലവിളിച്ചാൽമാത്രം മതിയോ?

സർ, കയർമേഖലയിൽ ഇപ്പോൾ റിബേറ്റ് കൊടുക്കുന്നില്ലേ? ആ റിബേറ്റ് വല്ലതും തൊഴിലാളികൾക്ക് കിട്ടുന്നുണ്ടോ? ചെറുകിട കയർ ഫാക്ടറി ഉടമകൾക്ക് കിട്ടുന്നുണ്ടോ? ആ റിബേറ്റുകളൊക്കെ കൊള്ളയടിക്കുകയല്ലേ? നമ്മുടെ കയർ കോർപ്പറേഷന്റെ എം.ഡി. ലക്ഷക്കണക്കിന് രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

റിബേറ്റ് വെട്ടിച്ചുവെന്നുള്ള വസ്തുത വെളിപ്പെട്ടില്ലേ? എന്നിട്ട് എന്തു ചെയ്തു? അതിനെപ്പറ്റി അന്വേഷണം നടത്തിയോ? ഇല്ല. കയർ കോർപ്പറേഷ നിലായാലും ഫോംമാറ്റിംഗ്സിൽ ആയാലും ഈ റിബേറ്റുകൾ വെട്ടിക്കപ്പെടു കയാണ്. അല്ലാതെ ഈ വ്യവസായമേഖലയ്ക്ക് ഉയരാനുള്ള സാഹചര്യമു ണ്ടാക്കുന്നില്ല. ഒരു റിവൈവൽ കമ്മിറ്റി ഉണ്ടാക്കിയില്ലേ? ആ റിവൈവൽ കമ്മിറ്റി ഉണ്ടാക്കിയത് ആ മേഖലയെ രക്ഷപ്പെടുത്താനാണ്. ഇപ്പോൾ രക്ഷപ്പെ ടുത്താനൊക്കുന്നുണ്ടോ? ആ മേഖലയിൽ സമരങ്ങൾ നടന്നില്ലേ? സമരങ്ങ ളെല്ലാം സർക്കാർ ഒത്തുതീർപ്പിലെത്തിച്ചു. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോഴും നമ്മുടെ പ്രദേശങ്ങളിലെ കയർഫാക്ടറികളിൽ പ്രവർത്തനം നട ക്കുന്നുണ്ടോ?

<u>ശ്രീ. വി. ബാലറാം</u> : ശ്രീ. ആനത്തലവട്ടം ആനന്ദൻ കയർഫെഡിന്റെ ചെയർമാനായിരുന്ന കാലത്ത് കയറുൽപ്പാദനത്തിൽ കയർ ഫെഡ് ശ്രദ്ധിക്കാ റില്ലെന്നും ഇതിനൊരു മാറ്റം വരുത്താനുള്ള ശ്രമത്തിന് തുടക്കം കുറിക്കുകയാ ണെന്നും ഇപ്പോഴത്തെ പ്രസിഡന്റ് ദേവകുമാറും പുതിയതായി ചാർജ് എടുത്ത എം.ഡി. ശ്രീ. അരുൺകുമാറും പത്രസമ്മേളനം നടത്തിയത് ഇന്നത്തെ മനോരമ പത്രത്തിൽ വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷേ അവർ പറ ഞ്ഞിരിക്കുന്ന കാരണം മറ്റൊന്നാണ്. ഇപ്പോൾ കയർ കോർപ്പറേഷന്റെ കയർ മേഖലയിലുള്ള വികസനമല്ല ഇവർ ലക്ഷ്യമാക്കുന്നത്. അവർ ലക്ഷ്യമാക്കു ന്നത് കമ്പ്യൂട്ടറാണ്. ഏതായാലും നശിക്കപ്പെട്ട വ്യവസായമാണല്ലോ, ആ വ്യവസായം നശിക്കട്ടെ, കമ്പ്യൂട്ടർ ഉണ്ടാകട്ടെ എന്നുള്ളതാണ്.

സർ, ഇന്നും നമ്മുടെ കയർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് അംഗീകരിക്കപ്പെട്ട കൂലി കിട്ടുന്നുണ്ടോ? ചെറുകിട കയർ ഫാക്ടറിയുടമ കൾക്ക് കയർബോർഡ് അംഗീകരിച്ച ഉല്പാദനവില കിട്ടുന്നുണ്ടോ? അവിടെ യെല്ലാം വെട്ടിപ്പുകളല്ലേ നടക്കുന്നത്? ഇതിനൊക്കെ പരിഹാരമുണ്ടായില്ലെ ങ്കിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? ഈ വ്യവസായവും അന്യനാട്ടി ലേക്ക് പോകാൻ പോവുകയാണ്. റിവൈവൽ സ്കീം കഴിഞ്ഞിട്ട് ഇപ്പോൾ സ്പെഷ്യൽ സ്കീമുണ്ടാക്കിയിരിക്കുന്നു. കോടിക്കണക്കിന് രൂപ കൊടു ക്കുന്നു. നമ്മുടെ കയർ ഡെവലപ്മെന്റ് ഡയറക്ടറുടെ ജോലി എന്താണെന്ന റിയാമോ?

ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ പ്രദേശത്ത് കയർ സഹകരണ സംഘ ങ്ങളുള്ള പ്രദേശത്തുതന്നെ പുതിയതായി സഹകരണ സംഘങ്ങളുണ്ടാക്കാൻ പ്രൊപ്പോസൽ കൊടുത്തിരിക്കുന്നു. അതിന് പൈസ കൊടുക്കുന്നത് കയർ വ്യവസായത്തെ രക്ഷപ്പെടുത്താനാണോ? ചെറുവാരണത്ത് ഒരു പുതിയ സൊസൈറ്റിയുണ്ടാക്കാൻ ഒരു കോടി ഇരുപതു ലക്ഷം രൂപ കൊടുത്തു. വാര ണത്ത് ഒരു കോടി ഇരുപതു ലക്ഷം രൂപ കൊടുത്തു. സർവോദയപുരത്ത് ഒരു കോടി മുപ്പതു ലക്ഷം രൂപ കൊടുത്തു. മണ്ണഞ്ചേരിയിൽ ഒരു കോടി അൻപത് ലക്ഷം രൂപ കൊടുത്തു പുന്നപ്ര ഒരു കോടി അമ്പതു ലക്ഷം രൂപ കൊടുത്തു. അവിടെയുള്ള ഹരിജൻ കയർ സഹകരണ സംഘങ്ങൾക്ക് സഹായം കൊടുത്തോ? കശുവണ്ടി വ്യവസായവും അതുപോലെതന്നെ. തമിഴ്നാട്ടിൽ കശുവണ്ടി വ്യവസായം തഴച്ചുവളരുകയാണ്. ഇവിടെ കശുവണ്ടി മേഖലയിൽ പ്രതിസന്ധി തുടരുന്നു. നിങ്ങൾ ഡിസ്ഇൻവെസ്റ്റ്മെന്റിന് എതിരായിരുന്നല്ലോ. 94-ൽ വിറ്റാമിൻ - എ പ്ലാന്റ് ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ പോയപ്പോൾ എതിർത്തു. ഇപ്പോൾ എന്താണ് അവസ്ഥ? ഇപ്പോൾ പതിനാലു കോടി രൂപ സർക്കാർ കൊടുത്തില്ലേ? എന്നിട്ടും കെ.എസ്.ഡി.പി.യുടെ നഷ്ടം 248 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ. വിറ്റാമിൻ - എ പ്ലാന്റ് ഇപ്പോഴും തിരുനക്കരെത്തന്നെ! അതു തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ഡി.പി. യുടെ ഉല്പാദനം എങ്ങനെ എന്നറിയാമോ? കിട്ടുന്ന ഓർഡറിന്റെ നാലിലൊന്ന് ഒമ്പത് മാസത്തെ പ്രവർത്തനംകൊണ്ട് തീർക്കും. ബാക്കി മുക്കാൽ ഭാഗം പൂർത്തിയാക്കുന്നത് പിന്നത്തെ മൂന്നു മാസംകൊണ്ടാണ്. അവിടത്തെ മാനേജുമെന്റിന്റെ കെടുകാര്യസ്ഥത നിങ്ങൾ ശ്രദ്ധിക്കില്ല. കാരണം, പൊതുമേഖലയെ രക്ഷപ്പെടുത്തണമെന്നുള്ളതല്ലല്ലോ. വ്യവസായ നടത്തിപ്പിന് രാഷ്ട്രീയക്കാർ വേണ്ട; മനോരമയുടെ എഡിറ്റോറിയൽ. കാരണം സി.പി.എം. നേതാവ് വെളിയം ഭാർഗ്ഗവന് രാഷ്ട്രീയക്കാർ വേണ്ടെന്നുതന്നെ. അതുകൊണ്ടാണ് ഇപ്പോൾ കയർഫെഡിലെ നിയമനം അങ്ങനെ നടത്തിയിരിക്കുന്നത്. കാരണം എ.കെ.ജി. സെന്ററിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ടേൺ വച്ചു കിടക്കുകയാണ്. അവ ഓടണം. ടേൺ വച്ച് വാഹനം ഓടിക്കണമെങ്കിൽ ആ വ്യവസായ സ്ഥാപനത്തിൽ രാഷ്ട്രീയക്കാർ വേണം. ഒരു നയപ്രഖ്യാപനം നടത്തി രണ്ടര വർഷംകൊണ്ട് 3250 കോടി രൂപ മുതൽ മുടക്കുമെന്നു പറഞ്ഞു. എവിടെ നിന്നാണ് മുതൽ മുടക്കുന്നത്? കഴിഞ്ഞ വാർഷിക പദ്ധതി 225 കോടി രൂപയാണ്. അത് അഞ്ഞൂറു കോടി രൂപയായാലും ബാക്കി തുക എവിടെ നിന്നു കൊടുക്കും? ഇത് എഴുതി വച്ചവർക്കു തന്നെ അറിയാം ഇത് മരീചികയാണെന്ന്. ഒമ്പതു ശതമാനം വളർച്ചാനിരക്ക് എവിടെനിന്നു കിട്ടും? പിന്നെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, മൂലധന നിക്ഷേപം. എന്താണ് സാർ, നമ്മുടെ വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ പദ്ധതിയുടെ സ്ഥിതി. 23-ാം തീയതിയിലെ മലയാള മനോരമ എഡിറ്റോറിയൽ: സമരവും എതിർപ്പുംമൂലം അനിശ്ചിതത്വത്തിലാകുന്ന ഒരു പദ്ധതിക്ക് ആയിരത്തോളം കോടി രൂപ മുടക്കുന്നത് എന്തിന് എന്ന വീണ്ടുവിചാരത്തിലാണ് പ്രീ ബിഡ് യോഗത്തിൽ പങ്കെടുത്ത സ്ഥാപനങ്ങൾ. സ്വകാര്യ പങ്കാളിത്തത്തെ ചൂഴ്പ്പ് പരവതാനി വിരിച്ച് വരവേൽക്കുന്ന അയൽ തുറമുഖങ്ങളിലേക്ക് അവർ നോട്ടമിടുന്നതായാണ് റിപ്പോർട്ട്. പ്രീ ബിഡ് യോഗത്തിന് എത്താതിരുന്ന രണ്ടു പ്രമുഖ സ്ഥാപനങ്ങളാകട്ടെ മറ്റു രണ്ടു തുറമുഖങ്ങളിൽ വിവിധ സംരംഭങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. തൂത്തുക്കുടിയുടെ അവസ്ഥ അറിയുമോ? തൂത്തുക്കുടിയിൽ രണ്ടായിരം കോടി രൂപ വിദേശ സഹായം നേടിയിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിതി എന്തായി? ഇലക്ട്രിസിറ്റി ബോർഡ് ഇരട്ടത്താപ്പ് നയം സ്വീകരിച്ചിരിക്കുന്നു. ചെറുകിട വ്യവസായത്തെ തളർത്തുന്ന നയമാണ് ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ചിരിക്കുന്നത്. 96 ഡിസംബറിനു മുമ്പും പിമ്പും കണക്ഷൻ കിട്ടിയവർക്ക് രണ്ടു തരത്തിൽ, ഹൈ ടെൻഷൻ എക്സ്ട്രാ ഹൈ ടെൻഷൻ 48% ചാർജ്ജ് വർദ്ധനവ് വരുത്തി. 98 ഫെബ്രുവരി 1-ാം തീയതി 10% ചാർജ്ജ് വർദ്ധിപ്പിച്ചു. 99-ൽ 10% ചാർജ്ജ് വർദ്ധിപ്പിച്ചു. 1999 മേയിൽ 40 ശതമാനം വർദ്ധിപ്പിച്ചു. ടി.ഒ.ഡി. ഡിഫറൻസ് 8% ചാർജ്ജ് വർദ്ധനവ്. അങ്ങനെ 116% ചാർജ്ജ് വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നു; ഈ വൈദ്യുതചാർജ്ജ് വർദ്ധനവുകൊണ്ട് ലാഭത്തിൽ നടക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എട്ടെണ്ണമാണ് പൂട്ടിപ്പോകാൻ പോകുന്നത്. നഷ്ടത്തിൽ നടക്കുന്ന വളരെയധികം സ്ഥാപനങ്ങളുണ്ട്. ഈ സാഹചര്യത്തിന് ഒരു മാറ്റമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവൃത്തിയില്ലെങ്കിൽ ഈ മന്ത്രിസഭയിൽനിന്നും അങ്ങ് രാജിവച്ചു പോകണം. അതാണ് അവർ ആഗ്രഹിക്കുന്നത് എന്ന് എനിക്കറിയാം. അങ്ങ് നിലനിൽക്കണമെന്നാണ് എനിക്ക് ആഗ്രഹമുള്ളത്. അങ്ങയെക്കൊണ്ട് ഒന്നും ചെയ്യിക്കില്ല. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. എം. ദാസൻ</u> : സർ, ബഹുമാനപ്പെട്ട വ്യവസായ മന്ത്രി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. അങ്ങേയറ്റം

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായ സാമ്പത്തിക സാഹചര്യത്തിലാണ് കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കേരളത്തിലെ വ്യാവസായിക മേഖല നവീകരിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുംവേണ്ടി ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ വ്യാവസായികരംഗമാകെ ഗുരുതരമായ തകർച്ചയെ നേരിടുകയായിരുന്നു. ആ തകർച്ചയിൽ നിന്നും കേരളത്തിലെ വ്യാവസായിക മേഖലയ്ക്ക് നവോന്മേഷം കൈവരുത്തുന്നതിനുവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ ഇടതുപക്ഷ മുന്നണി ഗവൺമെന്റിനും കേരളത്തിലെ വ്യവസായ വകുപ്പിനും സാധിച്ചിട്ടുണ്ട്. അങ്ങേയറ്റം പ്രതികൂലമായ സാമ്പത്തിക സാഹചര്യത്തിലാണ് നമ്മുടെ രാജ്യം സ്ഥിതിചെയ്യുന്നത്. 1991 മുതൽ ഇൻഡ്യയിൽ നടപ്പാക്കിയിരുന്ന പുതിയ സാമ്പത്തികനയങ്ങൾ നമ്മുടെ രാജ്യത്തിന്റെ വ്യാവസായിക മേഖലയിൽ അങ്ങേയറ്റം പ്രതികൂലമായ അവസ്ഥ സൃഷ്ടിച്ചിരുന്നു. ആ സാമ്പത്തിക നയങ്ങൾ തന്നെയാണ് കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ബി. ജെ.പി. ഗവൺമെന്റും തുടർന്നുവന്നത്. ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തികനയങ്ങൾ നടപ്പിലാക്കി വന്നപ്പോൾ അതിന് എല്ലാ രീതിയിലും പിന്തുണ കൊടുക്കുന്ന നിലപാടാണ് കോൺഗ്രസ് ഐ. സ്വീകരിച്ചത്. വിദേശ നിക്ഷേപത്തിനു വഴിതുറന്നു കൊടുക്കുന്ന നയപരിപാടികൾ സ്വീകരിച്ചതിന്റെ ഫലമായി ദേശീയതലത്തിൽ വ്യാവസായികരംഗം വലിയ തകർച്ചയെ നേരിടുകയാണ്. ഉല്പാദനരംഗത്ത് വളർച്ചാനിരക്കും കുറഞ്ഞുകൊണ്ടിരിക്കുന്നു. കോൺഗ്രസ് ഐ.യും ബി.ജെ.പി.യും പ്രചരിപ്പിച്ചത് അവർ സ്വീകരിച്ച സാമ്പത്തികനയത്തിന്റെ ഫലമായി വിദേശ നിക്ഷേപം വർദ്ധിക്കാൻപോകുന്നു എന്നായിരുന്നു. അതുപോലെ കയറ്റുമതിയും വർദ്ധിക്കുമെന്നുപറഞ്ഞുകൊണ്ടാണ് ഉദാരവൽക്കരണം നടപ്പാക്കാൻ അവർ അത്യുത്സാഹം കാണിച്ചത്. എന്നാൽ ഈ ഉദാരവൽക്കരണ നയത്തിന്റെ ഫലമായി യാതൊരു സാമ്പത്തിക നേട്ടവും ഇൻഡ്യ കൈവരിച്ചിട്ടില്ല. ഇൻഡ്യയുടെ വിദേശ വ്യാപാര നഷ്ടം വൻതോതിൽ വർദ്ധിക്കുകയാണ് ഉണ്ടായത്. ഇൻഡ്യയിലെ ചെറുകിട വ്യവസായങ്ങൾ ഉദാരവൽക്കരണനയത്തിന്റെ ഫലമായി തകർച്ചയെ നേരിടുകയാണ്. ഇവിടെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയെ നേരിടാനുള്ള കാരണം എന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണ നയം തന്നെയാണ്. കയർ കൈത്തറി കശുവണ്ടി തുടങ്ങിയ വ്യവസായമേഖലകൾ വൻകിട വ്യവസായ സംരംഭകരുടെ പിടിയിൽപ്പെട്ട് അമരുകയാണ്. അതിൽനിന്നും രക്ഷ നേടുന്നതിനുള്ള യാതൊരു നടപടിയും ബി.ജെ.പി. കോൺഗ്രസ്സ് ഗവൺമെന്റുകൾ സ്വീകരിച്ചില്ല. നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു നേരെ വൻതോതിൽ കടന്നാക്രമണം നടത്തുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയം. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിനും രോഗഗ്രസ്ഥമായ വ്യവസായങ്ങൾ അടച്ചുപൂട്ടാനുമാണ് പുതിയ സാമ്പത്തികനയത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. ഇൻഡ്യയിൽ ഏറ്റവും ആദായകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നൊന്നായി വിൽക്കുന്ന നിലപാടാണ് ഇപ്പോൾ കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ദേശീയ സമ്പാദ്യം ആകെ വിദേശി സ്വദേശി കുത്തകകൾക്ക് തീറെഴുതുന്ന നിലപാടാണ് പുതിയ സാമ്പത്തികനയങ്ങളുടെ ഭാഗമായി ഇൻഡ്യാ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 97 മാർച്ചുവരെ 50 പൊതുമേഖലാ സ്ഥാപനങ്ങളെ ഓഹരി വില്പന കമ്മിഷന്റെ പരിഗണനയ്ക്കു വച്ചിരുന്നു. ഇവയിൽ 41 സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ ഓഹരി വില്പന

LIBRARY ARCHIVES Kerala Legislative Assembly

കമ്മിഷൻ ഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗത്തന്റേയും സർക്കാർ ഷെയറുകൾ വിറ്റഴിക്കാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ ഓഹരി വില്പന അത്യന്തം അപകടകരമായ രീതിയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. സർക്കാർ ഓഹരികളുടെ 50% ഒരു വ്യക്തിക്കോ ഒരു വ്യവസായ സംരംഭകനോ നൽകണമെന്നുള്ളതാണ് ഓഹരി വില്പനയുടെ പുതിയ സ്ട്രാറ്റജി; ഓഹരി വില്പനയുടെ പുതിയ ഉദ്ദേശം. ഇതിന്റെ ഫലമായി, ഇൻഡ്യയിൽ ഏറ്റവും വലിയ ആദായകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ - ഐ.ഒ.സി. സെയിൽ, എം.ടി. ഇൻഡ്യൻ എയർലൈൻസ്, എയർ ഇൻഡ്യ. എൻ.എൽ., വി.എസ്.എൻ.എൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരികൾ വേഗതയിൽ വിൽക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിന് തീരുമാനിച്ചു. അടുത്തകാലത്തായി ഇൻഡ്യയിലെ വ്യാവസായിക മേഖലയുടെ ചിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും, പശ്ചിമബംഗാളിലും ബീഹാറിലും മാത്രമായി 64 കൽക്കരിഖനികൾ അടച്ചുപൂട്ടിയിരിക്കുകയാണ്, വലിയ തോതിലുള്ള പ്രതിസന്ധിയാണ് പുതിയ സാമ്പത്തികനയത്തിന്റെ ഫലമായി നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്നത്. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് ബി.ജെ.പി. ഭരണത്തിൽ ശക്തമായി തുടർന്നിട്ടുള്ള ഇറക്കുമതി ഉദാരവൽക്കരണനയത്തിന്റെ ഫലമായി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ തകർച്ചയെ നേരിടുകയാണ്. കേരളത്തിന്റെ വ്യാവസായിക മേഖലയാണ് എറണാകുളം ജില്ല. എറണാകുളം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട എഫ്.എ.സി.ടി. ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങൾ വലിയ രീതിയിലുള്ള തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനെപ്പറ്റി ബഹുമാനപ്പെട്ട പി.ജെ. ഫ്രാൻസിസ് ഒന്നും സംസാരിച്ചതായി കേട്ടില്ല. തീർത്തും പ്രതികൂലമായ ഒരു സാമ്പത്തിക സാഹചര്യത്തിൽ കേരളം പോലുള്ള ഒരു സംസ്ഥാനത്തിൽ വ്യവസായികരംഗത്ത് നവോന്മേഷം കൈവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയങ്ങൾ മാത്രമല്ല, നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് പരമ്പരാഗതമായി സ്വീകരിക്കുന്ന നിലപാടുകളുണ്ട്. ആ നിലപാടുകളും കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്നു. ഒരുപാട് ഉദാഹരണങ്ങളിലേക്കൊന്നും കടക്കുന്നില്ല. കേന്ദ്ര പൊതുമേഖലാ നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 31.3.1996 വരെ 3390.2 കോടിയാണ്. സംസ്ഥാനങ്ങളുടെ ആകെ നിക്ഷേപത്തിന്റെ 1.32% ആണ് കേരളത്തിന് അനുവദിച്ചത്. 1975-ൽ സംസ്ഥാനങ്ങളിലാകെ പൊതുമേഖലാ നിക്ഷേപത്തിന്റെ 3.24% ആയിരുന്നു കേരളത്തിന് അനുവദിച്ചുകിട്ടിയിരുന്നത്. 1996 ആകുമ്പോൾ അത് 1.32 ശതമാനമായി കുറഞ്ഞു. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുടെ നില മെച്ചപ്പെട്ടതാണ്. മഹാരാഷ്ട്രയിൽ കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം 19.71% ആണ്. യു.പി.യിൽ അത് 7.31% ആണ്. ആന്ധ്രയിൽ 7.26% ആണ്. ബീഹാറിൽ 7.18% ആണ്. വെസ്റ്റ് ബംഗാളിൽ 7.03% ആണ്. നമ്മുടെ സംസ്ഥാനത്തിലെ പൊതുമേഖലാ നിക്ഷേപം ഓരോ വർഷവും കുറഞ്ഞുവരുന്നു. കേരളത്തിൽ വ്യാവസായികരംഗത്ത് നവോന്മേഷം കൈവരുത്താനും പുതിയ വ്യാവസായങ്ങളാരംഭിക്കാനും തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണിത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഈ പ്രതികൂലമായ സാഹചര്യത്തിലും വ്യാവസായിക രംഗത്ത് കാര്യക്ഷമത കൈവരുത്താനാവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ ഓർക്കുന്നുണ്ട്, യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ ആദായകരമല്ലെന്ന് പറഞ്ഞുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള നടപടികളാരംഭിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ കേരളാ സോപ്സ് ആന്റ് ഓയിൽസ് എന്നു പറയുന്ന സ്ഥാപനം സ്വകാര്യ മുതലാളിമാർക്ക് വിൽക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങളാരംഭിച്ചിരുന്നു. ആദായകരമല്ലെന്ന് പറഞ്ഞുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കൈമാറുകയാണ്. കേരളത്തിലെ വ്യാവസായികരംഗത്താകെ വലിയ പ്രതിസന്ധിയുണ്ടാക്കുന്ന രൂപത്തിലുള്ള നിലപാടുകളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചത്. ആ നിലയിൽനിന്ന് മാറ്റംവരുത്തുക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യാവസായികോൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് പുതിയ വ്യവസായനയം പ്രഖ്യാപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ധവളപത്രം ഈ ഗവൺമെന്റ് പ്രസിദ്ധീകരിച്ചു. ശരാശരി 9% വാർഷിക വ്യവസായ വളർച്ചാനിരക്കുണ്ടാക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുപോലെ സംസ്ഥാന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. 9% വ്യവസായ വളർച്ചാനിരക്കുണ്ടാക്കുന്നതിന് സഹായകരമായ രൂപത്തിൽ കേരളത്തിലെ വ്യാവസായികമേഖലയിൽ ഏതെല്ലാം രംഗങ്ങൾക്ക് മുഖ്യമായ പരിഗണന നൽകണം, അതിനാവശ്യമായ നടപടികളും ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ 1998-ലെ സാമ്പത്തിക സർവ്വേയിൽ വിശദീകരിക്കുന്നുണ്ട്. വിപുലമായ രൂപത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്തുക അതുപോലെ കാലത്തിനനുസരിച്ചുള്ള വൈവിദ്ധ്യകരണം, വ്യവസായ മേഖലയിലുണ്ടാകേണ്ട നവീകരണങ്ങൾ, പരമ്പരാഗത വ്യവസായ മേഖല സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ, അതുപോലെ സ്വദേശ വിദേശ മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ തുടങ്ങിയവ ലക്ഷ്യംവച്ചുകൊണ്ടുള്ള നടപടികളാണ് പുതിയ നയത്തിൽ കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ശ്രദ്ധേയമായ രൂപത്തിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി നേരത്തേ നീക്കിവച്ചിരുന്നത് 35 കോടിയായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 65 കോടിയായി ഉയർത്തി. 1996 മുതൽ 98 വരെ പൊതുമേഖലാ വ്യവസായങ്ങൾക്ക് 260 കോടി രൂപയിലധികം സഹായധനമായി നൽകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് എന്നുള്ള പേരിൽ ഒരു നിധി രൂപീകരിച്ചുകൊണ്ട് അതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ സ്ഥാപനത്തിന്റേയും പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് അവ ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ ഉല്പാദനക്ഷമമാക്കുന്നതിനുമാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. യഥാവസരം ഈ ഗവൺമെന്റ് ഇടപെട്ടതിന്റെ ഫലമായി, യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലോടിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 1996-97-ൽ 25 സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചു. 1997-98-ൽ 27 സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീമതി കെ.ആർ. ഗൗരി അമ്മ</u> : സർ, എക്കണോമിക് റിവ്യൂവിൽ പറയുന്നത് 15 സ്ഥാപനങ്ങളേ ലാഭകരമായി നടക്കുന്നുള്ളൂവെന്നാണ്. ബഹു. മെമ്പർക്ക് ഈ കണക്ക് എവിടെനിന്നാണ് ലഭിച്ചത്?

<u>ശ്രീ. എം. ദാസൻ</u> : സർ, ഞാൻ എക്കണോമിക് റിവ്യൂവിലെ ഏറ്റവും ഒടുവിലത്തെ കണക്കുവച്ചുകൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട ഗൗരി അമ്മ കഴിഞ്ഞ വർഷത്തെ കണക്കായിരിക്കും പറയുന്നത്. 1997-98-ൽ 27 സ്ഥാപനങ്ങൾ. അതുപോലെ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് 1997-98 സാമ്പത്തികവർഷത്തിൽ 20 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മലബാർ സിമന്റ്സ്, ട്രാവൻകൂർ ടൈറ്റാനിയം, കെൽട്രോൺ, ഇലക്ട്രോ, സെറാമിക്സ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്, കേരളാ ക്ലേയ്സ് ആന്റ് സെറാമിക്സ് തുടങ്ങിയ നിരവധി സ്ഥാപനങ്ങൾക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയാനുദ്ദേശിക്കുന്നില്ല. ഈ സ്ഥാപനങ്ങളെല്ലാംതന്നെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് മൂന്നു വർഷക്കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്. എല്ലാ കാര്യവും പൂർണ്ണമായി ചെയ്തുവെന്നുള്ള അവകാശവാദം ഞങ്ങളുന്നയിക്കുന്നില്ല. അതിന് കഴിയുകയില്ലെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. കേരളത്തിലെ വ്യാവസായികമേഖലയിൽ വമ്പിച്ച രീതിയിലുള്ള അഭൂതപൂർവ്വമായ നേട്ടങ്ങൾ ഒരുമാസം കൊണ്ടോ, രണ്ടുമാസം കൊണ്ടോ സൃഷ്ടിക്കാൻ കഴിയുന്നതല്ല. പക്ഷേ കേരളത്തിലെ വ്യാവസായികമേഖലയിൽ യു.ഡി.എഫ്. അധികാരത്തിലിരുന്ന അവസരത്തിലുണ്ടായിരുന്ന സ്തംഭനാവസ്ഥക്ക് ഒരു പരിഹാരം കണ്ടുകൊണ്ട് ഉല്പാദനവളർച്ച ലക്ഷ്യം ഇട്ടുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്നുള്ള കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1997-98-ൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 1272 കോടിയാണ്. 1996-97-നെ അപേക്ഷിച്ച് 60 കോടി രൂപയിലധികമാണ്. അതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നേരത്തേ അടഞ്ഞുകിടന്ന ചില സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. യു.ഡി.എഫിന്റെ ഭരണകാലത്ത് കോഴിക്കോട്ടുള്ള കെ.എസ്.ഒ. എന്നുള്ള സ്ഥാപനം നാലു വർഷവും അടഞ്ഞുകിടന്ന സ്ഥാപനമാണ്. ആ സ്ഥാപനം തുറന്ന് പ്രവർത്തനമാരംഭിച്ചു. അതിന്റെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചുവെന്നല്ല. കെ.എസ്.ഒ. കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ചില നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ഒ. പുനരുദ്ധരിക്കാൻ 9 കോടി രൂപ ഈ ഗവൺമെന്റ് നീക്കിവച്ചു. അതുപോലെ കെ.എസ്.ഡി.പി. യുടെ വിറ്റമിൻ പ്ലാന്റ് 1998 മാർച്ച് മുതൽ പ്രവർത്തനമാരംഭിച്ചു. കെ.എസ്.ഡി.പി.ക്കു മാത്രം 10 കോടി രൂപ അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി നൽകാൻ നടപടികൾ സ്വീകരിച്ചു. ഈ നിലയിൽ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ രൂപത്തിലുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. അതുപോലെ വിവര ശാസ്ത്ര സാങ്കേതികവിദ്യയുടെ രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ ലോകമാകെ കൈവരിക്കുമ്പോൾ ആ നേട്ടത്തോടൊപ്പം നമ്മുടെ നാടിനുമെത്താൻ കഴിയുന്ന രൂപത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപ അതിനുവേണ്ടി നീക്കിവച്ചു. അത് അദ്ദേഹം തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയിൽ ഉണ്ടാക്കാൻ കഴിയുന്ന വലിയ രീതിയിലുള്ള വിപ്ലവകരമായ നേട്ടങ്ങൾ പുതുതായി കേരളത്തിലെ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാൻ ഉപകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈരംഗത്ത് കാര്യമായ രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിനോദസഞ്ചാരവും ഭക്ഷ്യസംസ്കരണമുൾപ്പെടെ ബന്ധപ്പെടുത്തി കാർഷികാധിഷ്ഠിതമായ വ്യവസായങ്ങളും കേരളത്തിലാരംഭിക്കുന്നതിനാവശ്യമായ നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

12 Noon

കേരളത്തിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കാൻ സൗകര്യമാകത്തക്കവിധത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സഹകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ ഈ മൂന്നു വർഷക്കാലത്തിനിടക്ക് സ്വീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചു. വയനാട്, ഇടുക്കി, തുടങ്ങിയ ജില്ലകളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതിയ വ്യവസായപാർക്കുകൾ തുടങ്ങാൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു. നമ്മുടെ സംസ്ഥാനത്ത് വ്യവസായികോൽപ്പന്ന സൂചിക 96-97-ൽ ലഭ്യമായ സ്ഥിതിവിവരക്കണക്കനുസരിച്ച്, എക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. 1980-81 അടിസ്ഥാന വർഷമായി പൊതുവ്യവസായ ഉൽപ്പന്ന സൂചിക 95-96-ലെ 255.49-ൽ നിന്നും 96-97-ൽ 284.05 ആയി ഉയർന്നു. അതുപോലെ 1997 അവസാനം വരെ 16,658 ഫാക്ടറികൾ കേരളത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു. ഇതിൽ 16,132 എണ്ണം സഹകാര്യ മേഖലയിലാണ്. 526 എണ്ണം പൊതുമേഖലയിലാണ്. മുൻവർഷത്തേക്കാൾ 720 എണ്ണം കൂടുതലാണ്. ശ്രീമതി ഗൗരിയമ്മ നേരത്തെ പറഞ്ഞ എക്കണോമിക് റിവ്യൂവിലെ കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. സഹകാര്യ മേഖലയിൽ 97-ൽ 4.66% വർദ്ധനവ് ഈ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തിലുണ്ടായി. 10,277 പേർക്ക് അതിന്റെ ഫലമായി കൂടുതൽ ജോലി കിട്ടി. 97-ൽ 4.66% സ്ഥാപനങ്ങൾ കൂടിയെന്നാണ് പറഞ്ഞത്. 96-ലെ അപേക്ഷിച്ച് 4.66% സ്ഥാപനങ്ങൾ 97-ൽ കൂടി. ആ കൂടിയ സ്ഥാപനങ്ങളിലായി 10,277 പേർക്ക് കൂടുതൽ ജോലി കിട്ടിയെന്നാണ് എക്കണോമിക് റിവ്യൂവിൽ പറയുന്നത്. സ്ഥിതിവിവര കണക്കാണ് പറയുന്നത്. അതിനെ ദുർവ്യാഖ്യാനം ചെയ്തിട്ട് യാതൊരു കാര്യവുമില്ല. വ്യവസായ തർക്കങ്ങൾ നമ്മുടെ സംസ്ഥാനത്ത് പൊതുവായി കുറഞ്ഞുവരുകയാണ്. 94-95-ൽ 11477 വ്യവസായത്തർക്കങ്ങൾ കേരളത്തിലുണ്ടായിരുന്നുവെങ്കിൽ 97-98-ൽ അത് 8266 ആയി ചുരുങ്ങി. ഇതിൽ 53% വ്യവസായത്തർക്കങ്ങൾ 97-98 സാമ്പത്തികവർഷത്തിൽത്തന്നെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പൊതുവായി കേരളത്തിലെ വ്യാവസായിക മേഖല ഈ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ അഭിമാനകരമായ രൂപത്തിലുള്ള നേട്ടങ്ങൾ കൈവരിച്ചുവെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻവേണ്ടി നിരവധി നടപടികൾ ഈ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ സ്വീകരിക്കാൻ സാധിച്ചു; കയർ, കശുവണ്ടി തുടങ്ങിയ മേഖലകളിൽ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് കേരളത്തിലെ വ്യവസായ മേഖലയിൽ ഈ സമീപനകാലത്ത് വന്നിട്ടുള്ള പുതിയ പ്രശ്നം - വനം ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ വലിയ പ്രതിസന്ധി നേരിടുകയാണ്. കേന്ദ്രഗവൺമെന്റിന്റെയും അതുപോലെ പരിസ്ഥിതി വകുപ്പുകളുടേയും എല്ലാം കടുത്ത നിയന്ത്രണങ്ങൾക്ക് വിധേയമാകുന്നതിന്റെ ഫലമായി വന ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനാവശ്യമായ രൂപത്തിലുള്ള അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വ്യവസായിക ഉല്പന്നങ്ങൾ വർദ്ധിപ്പിക്കണമെന്ന ലക്ഷ്യം ഇട്ടുകൊണ്ട് സ്വീകരിച്ച ശ്രദ്ധേയമായ നടപടി കേരളത്തിലെ ജനങ്ങളുടെ ഇടയിൽ വലിയ രീതിയിൽ മതിപ്പ് സൃഷ്ടിച്ചിട്ടുണ്ടെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മൂന്നു വർഷക്കാലത്തിനിടയിൽ ലഭ്യമാക്കാൻ കഴിഞ്ഞ നേട്ടങ്ങൾ നിലനിറുത്തിക്കൊണ്ട് കൂടുതൽ ശക്തമായ രൂപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടു പോകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. സി. മൊയീൻകുട്ടി</u> : സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലമായി നാടു ഭരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടരവർഷം കാത്തുനിന്നതിനുശേഷമാണ് ഒരു വ്യവസായ നയം പ്രഖ്യാപിച്ചത്. ഈ നയം പ്രഖ്യാപിച്ചിട്ടാകട്ടെ 6 മാസം പിന്നിട്ടു. എന്തെങ്കിലും നല്ല പ്രതിഫലനമുണ്ടായിയെന്ന് ഈരംഗത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അതുണ്ടായില്ല. എന്തുകൊണ്ടാണ് ഉണ്ടാകാതിരുന്നത്? സർക്കാരിന്റെ പ്രഖ്യാപിതമായിട്ടുള്ള ലക്ഷ്യത്തിൽനിന്നും ഈ ഗവൺമെന്റ് വിട്ടുപോയി എന്നുള്ളതാണ്. 3250 കോടി രൂപയുടെ മൂലധനമാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ, മൂന്നരലക്ഷം തൊഴിൽ കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ, ഇതൊന്നും യാഥാർത്ഥ്യമായിട്ടില്ലെന്നു മാത്രമല്ല, 98-99 കാലത്ത് കേവലം 225 കോടി രൂപയാണ് ഈ രംഗത്തേക്ക് മുടക്കിയിട്ടുള്ളത്. 99-2000-ത്തിൽ ആകട്ടെ 300 കോടി രൂപയാണ്. 3250 കോടി രൂപ രണ്ടര വർഷംകൊണ്ട് മുതൽമുടക്കി ഒരുപാട് സ്വപ്നങ്ങൾ പ്രതീക്ഷിച്ച എൽ.ഡി.എഫ്. ഗവൺമെന്റിന് പ്രതീക്ഷ ഏറെയില്ലെന്നു ചൂണ്ടിക്കാണിക്കാനാണ് ഇത് പറയുന്നത്. തകർന്നുകൊണ്ടിരിക്കുന്ന വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനാവശ്യമായിട്ടുള്ള ഭീമമായ തുക കഴിച്ചാൽ ഈരംഗത്ത് മുതൽമുടക്കുന്നതിനുവേണ്ടി എന്തുണ്ടാകുമെന്ന് പരിശോധിക്കാൻ ഏറെ ബുദ്ധിയൊന്നും ആവശ്യമില്ല. ഇവിടെ വളരെ വാചാലമായി എന്റെ സ്നേഹിതൻ ശ്രീ. ദാസൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ജില്ലയെക്കുറിച്ച് അദ്ദേഹമൊന്ന് ഓർക്കേണ്ടതായിരുന്നുവെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ പലതും തുറന്നില്ല. എന്നു മാത്രമല്ല തുറന്ന സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ എന്നാണ് അടച്ചുപൂട്ടുകയെന്ന കാഴ്ചപ്പാടോടുകൂടി കാത്തിരിക്കുക യാണ് വ്യവസായങ്ങൾ. ആ ഒരു സാഹചര്യമാണ് സത്യത്തിൽ നിലവിലു ള്ളത്. ഞാൻ എന്റെ ജില്ലയെപ്പറ്റി പറയുമ്പോൾ മറ്റു ജില്ലകളിലെ സ്ഥിതിവി ശേഷങ്ങൾ ഇതിൽനിന്നും ഭിന്നമല്ലെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഓടുവ്യവസായ മേഖലയിൽ കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കോഴിക്കോട്. കോഴിക്കോട് കടന്നുവരുമ്പോൾ നമു ക്കറിയാം. ആ വ്യവസായ സ്ഥാപനങ്ങളുടെ പ്രതീകാത്മകമായിട്ടുള്ള പുകക്കു ഴലുകൾ അഭിമാനകരമായി പൂർവ്വകാല പ്രതാപം വിളിച്ചോതുന്നതാണ്. ആ ഓടു വ്യവസായത്തിൽ ആയിരക്കണക്കിന് ആളുകൾ തൊഴിൽ തേടുന്നതാ ണ്. നിരവധി പ്രശ്നങ്ങൾ കാരണം ആ വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ടിവ ന്നു കുറെക്കാലം. ഇപ്പോൾ തുറന്നിട്ടുണ്ടെങ്കിൽത്തന്നെയും അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാത്തതിന്റെ അടിസ്ഥാനത്തിൽ എന്നാണ് ഇത് അടച്ചുപൂ ട്ടുകയെന്ന് കാത്തുനിൽക്കുകയാണ്. പഴയ വ്യവസായ വകുപ്പു മന്ത്രിയുടെ കാലത്ത് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി അതിന്റെ ശുപാർശകൾ നൽകി. പക്ഷേ ഇതുസംബന്ധിച്ച് തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. കേരളാ സോപ്സിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കാലാകാലങ്ങളിൽ നൽകുന്ന ഇന്ധനംകൊണ്ട് എത്രകാലം ഇത് ഓടിച്ചുകൊണ്ടുപോകാനാകും? ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സർക്കാർ കുറേക്കൂടി ഗൗരവം കാണിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു എം.ഡി. പോലും ആ സ്ഥാപനത്തി ലില്ല. ഭരണാധികാരികളില്ല. 250-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന ആ മേഖല മരണവുമായിട്ട് മല്ലിട്ടുകൊണ്ടിരിക്കുകയാണ്. മാവൂർ ഗ്വാളിയോർ റയോൺസ് ഒരുപാട് പ്രശ്നങ്ങളുടെ കൂമ്പാരമാണ്. അവിടെ പൊല്യൂഷൻ; ഐതിഹാസികമായ സമരങ്ങൾ ആ രംഗത്ത് നടക്കുന്നു. ദേശീയ നേതാക്ക ളായ മേധാപട്കർ അടക്കമുള്ള ആളുകൾ പങ്കെടുത്തുകൊണ്ട് ഒരുഭാഗത്ത്; വമ്പിച്ച തോതിൽ, റാ മെറ്റീരിയൽസ് ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ പ്രതി സന്ധി; ഗുരുതരമായ പ്രശ്നങ്ങൾ; അവിടെ രണ്ട് തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ അത് ഗൗരവമായി കണക്കാക്കി സർക്കാർ വേണ്ടതു പോലെ ശ്രദ്ധ കാണിച്ചില്ലെന്ന് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുക യാണ്. സ്റ്റീൽ കോംപ്ലക്സിനെ സംബന്ധിച്ചിടത്തോളം നമുക്കറിയാം, സ്വകാര്യമേഖലയിലെ സ്റ്റീൽ കമ്പനികളും ലാഭത്തിൽ കുതിച്ചോട്ടം നടത്തുക യാണ്. നമ്മുടെ സ്റ്റീൽ കോംപ്ലക്സിനെ സംബന്ധിച്ചിടത്തോളം ഒരു ഭാഗത്ത് മെറ്റീരിയൽസ് കെട്ടിക്കിടക്കുന്നു, മറ്റൊരു ഭാഗത്ത് ഉല്പാദനശേഷി പൂർണ്ണ മായി പ്രയോജനപ്പെടുത്താനോ ചൂഷണംചെയ്യാനോ സാധിക്കാത്ത രൂപ ത്തിൽ അതിന്റെ പ്രവർത്തനം ചത്തതിനൊപ്പമേ ജീവിച്ചിരിക്കിലുമെന്നുള്ള രൂപത്തിൽ അവിടെ പ്രവർത്തിക്കുന്നു. എനിക്ക് നിർദ്ദേശിക്കാനുള്ളത് തീർച്ച യായും നമ്മുടെ സർക്കാർ സ്ഥാപനങ്ങൾക്ക് മെറ്റീരിയൽസ് വാങ്ങുന്നതി നുള്ള താല്പര്യം കാണിക്കണം. കെ.എസ്.ഇ.ബി.-യും മറ്റ് ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെങ്കിലും അത് വിൽക്കാൻ വേണ്ടിയുള്ള ഒരു സാഹചര്യം ഉണ്ടാക്കി ഈ സ്ഥാപനങ്ങൾ പിടിച്ചു നിൽക്കാ നാവശ്യമായ സാഹചര്യം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കുന്നത്തറ ടെക്സ്റ്റയിൽസിനെ സംബന്ധിച്ചിടത്തോളം എന്റെ അയൽപക്ക ത്തുള്ള ശ്രീ. ഷൺമുഖദാസിന്റെ മണ്ഡലത്തിലും കുന്നത്തറ ടെക്സ്റ്റയിൽസ് രണ്ട് വർഷമായി തുറക്കുമെന്ന് കേൾക്കുന്നു, പക്ഷേ തുറന്നിട്ടില്ലെന്നു മാത്ര മല്ല, ഇവിടെ പറഞ്ഞു, സ്വകാര്യ മാനേജ്മെന്റിന് കൊടുക്കാൻ പോകുന്നു വെന്ന്. സ്വകാര്യ മാനേജ്മെന്റിന്റെ പങ്കാളിത്തത്തോടുകൂടി ഉത്തരവാദിത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടി നടപ്പിലാക്കാൻ പോകുന്നുവെന്നും കേൾക്കുന്നു. അതിന്റെ ശരിയായ ചിത്രം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്തരം വെള്ളാനകളെ എത്രകാലം ഇങ്ങനെ തീറ്റിപ്പോറ്റാൻ കഴിയും? യാഥാർത്ഥ്യ ബോധത്തോടുകൂടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പ്രായോഗികമായ നിർദ്ദശങ്ങൾ എല്ലാ ഭാഗത്തുള്ള വിഷയങ്ങളും പഠിച്ച് സമർപ്പിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമോ? എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നു? വൺ ടൈം സെറ്റിൽമെന്റ്, അതുപോലെ സുതാര്യമായിട്ടുള്ള നിയമനിർമ്മാണങ്ങളെ സംബന്ധിച്ച സാഹചര്യങ്ങൾ, ഗ്രീൻചാനൽ സമ്പ്രദായം. ഇതൊക്കൊത്തന്നെ ഒന്നുകൂടി പരിശോധിക്കാൻ തയ്യാറാകണം. ബാലുശ്ശേരിയിൽ തന്നെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. വളരെ മനോഹരമായിട്ടുള്ള നൂറു കണക്കിന് ഏക്കർ ഭൂമി വളരെ സൗകര്യമുള്ള സ്ഥലത്ത് ലഭിച്ചിട്ടുപോലും അതിന്റെ തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. കോഴിക്കോട് മേരിക്കുന്നിലെ സ്പിന്നിംഗ് മില്ലിലെ പ്രവർത്തനങ്ങൾ ഊർജിതമായി മുന്നോട്ടു പോയിട്ടുണ്ടായിരുന്നെങ്കിലും ആ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലെന്നുള്ളതാണ് സത്യം.

സർ, കെല്ലിന്റെ എടരിക്കോട് യൂണിറ്റിനുവേണ്ടി യു.ഡി.എഫ്.ന്റെ കാലത്ത് സ്ഥലമെടുത്തു. തുടർപ്രവർത്തനങ്ങളൊന്നുമില്ലാതെ അത് സ്തംഭിച്ചു കിടക്കുകയാണ്. അതുകൊണ്ട് തൊഴിൽ മേഖലയിൽ കുറേക്കൂടി സുതാര്യമായിട്ടുള്ള ഒരു സമീപനം, അന്ധമായ രാഷ്ട്രീയം മാറ്റിവച്ചുകൊണ്ടുള്ള ഒരു സമീപനം, ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. മലയാള മനോരമ 7.11.1998-ൽ വളരെ മനോഹരമായ ഒരു മുഖപ്രസംഗമെഴുതിയിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വളരെ ദീർഘമായി അതിനെക്കുറിച്ച് പറയുന്നില്ല. തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടില്ല എന്നുള്ള ആ ഒരു നിർബന്ധബുദ്ധി ഈ പുതിയ സാഹചര്യത്തിലെങ്കിലും ഉത്തരവാദപ്പെട്ട ട്രഷറി ബെഞ്ചിലുള്ള ആളുകൾ മാറ്റണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ പറയാൻ കാരണം, തൊഴിൽമേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാനല്ലാതെ തൊഴിൽമേഖലയിൽ ഇടപെടുകയില്ലെന്നുള്ള ആ ഒരു മുൻവിധിയോടുകൂടിയുള്ള സമീപനം തീർച്ചയായും ഗുണത്തേക്കാളേറെ ദോഷം ചെയ്യും. അതുപോലെതന്നെ തൊഴിലാളി പ്രീണനവും അതുപോലെ തന്നെ മുതലാളി പ്രീണനവും കൊണ്ടുനടക്കുന്നതിനു പകരം ഇവരെയൊക്കെ സമരസപ്പെടുത്തി സഹകരിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോയി ലാഭകേരമായി കൊണ്ടുപോകാൻ സാധിക്കുന്നതിനെക്കുറിച്ച് ഗൗരവമായി കാണണം.

ബഹുമാനപ്പെട്ട ഫ്രാൻസിസ് വക്കീൽ സൂചിപ്പിച്ചതുപോലെതന്നെ കൊച്ചി തുറമുഖത്തിന്റെ കാര്യം. തൂത്തുക്കുടിക്ക് 2000 രൂപ സാമ്പത്തിക സഹായം നേടിയെടുക്കാൻ സാധിക്കുമ്പോൾ, പൊതുമേഖല ആയിരുന്നാലും സ്വകാര്യ മേഖലയായിരുന്നാലും ശരി, നമ്മുടെ വികസനത്തിന്റെ കവാടമെന്നറിയപ്പെടുന്ന തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായിട്ടുള്ള സാമ്പത്തികസഹായം നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് നിതാന്ത ജാഗ്രത കാണിക്കണം. ആ രംഗത്തുള്ള അലസത കൈവെടിയണമെന്ന് ഞാൻ വിനീതമായി ചൂണ്ടിക്കാണിക്കട്ടെ. പ്രശ്നങ്ങളും പ്രതിസന്ധികളും നമുക്കറിയാം. രോഗമെന്താണെന്നു സത്യത്തിൽ നമുക്കൊക്കെ അറി

LIBRARY ARCHIVES Kerala Legislative Assembly

യാം. പക്ഷേ രോഗം മനസ്സിലാക്കിക്കൊണ്ട് നിങ്ങളുടെ നയം അതാണ്, ഞങ്ങളുടെ നയം ഇതാണ് എന്നുള്ള സമീപനം മാറ്റണം. നമ്മുടെ നയമെന്താണ്? തൊഴിലില്ലായ്മ പരിഹരിക്കാൻ വ്യാവസായികമേഖല ചലനാത്മകമാക്കുന്നതിനുവേണ്ടി നമ്മുടെ നയമെന്താണെന്നുള്ള ഒരു കാഴ്ചപ്പാട് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾക്കിന്നുണ്ടാകുന്നില്ലെങ്കിൽ, ഒരു മുൻവിധിയോടുകൂടി ഇത്തരം കാര്യങ്ങൾ കാണാതെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സഖാവ് ജ്യോതിബസു സ്വീകരിക്കുന്ന ആ ലൈനെങ്കിലും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുവരാൻ തയ്യാറാകുന്നില്ലെങ്കിൽ, തീർച്ചയായും നിർഭാഗ്യകരമായ ഒരവസ്ഥാവിശേഷമാണ് ഉണ്ടാകാൻ പോകുന്നത്. ഒരുപാട് നഷ്ടത്തിലോടുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയെന്ന് ശ്രീ. ദാസൻ പറഞ്ഞു. പത്തു സ്ഥാപനങ്ങളാണ് വമ്പിച്ച ലാഭത്തിൽ കഴിഞ്ഞ കാലത്ത് പ്രവർത്തിച്ചിരുന്നത്. ആ പത്തു സ്ഥാപനങ്ങളിൽ ഒരുപാട് ലാഭം നേടിയെടുത്ത സ്ഥാപനമാണ് ടി. സി.സി. നമുക്കറിയാം, ആ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഇന്ന് വമ്പിച്ച നഷ്ടത്തിലാണ്. മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെ ബഹുമാനപ്പെട്ട ശർമ്മയുടെ ഇരുട്ടടിയുണ്ടല്ലോ, ഒരു കോടി രൂപയാണ് ഒരുമാസംകൊണ്ട് ആ സ്ഥാപനം ഇലക്ട്രിസിറ്റിക്കുവേണ്ടി അധികം ചെലവാക്കേണ്ടിവരുന്നത് എന്നു പറയുമ്പോൾ ഈ രംഗത്തൊക്കെ ഒരു പുനരവലോകനവും ഒരു പുനർവിചിന്തനവും ഉണ്ടാകണം. 50% എങ്കിലും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ഒഴിവാക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ബഹു. ദാസൻ പറഞ്ഞു, 15,000-ൽപ്പരം ചെറുകിട വ്യവസായ സ്ഥാപനങ്ങളുണ്ടെന്ന്. ഈ വ്യവസായ സ്ഥാപനങ്ങൾ ആരുടെ കാലത്താണ് വന്നത്? ഇവിടെ സംസാരിക്കുന്ന രേഖകളുണ്ട്, സ്ഥിതിവിവരക്കണക്കുകളുണ്ട്. ആരുടെ കാലത്ത് വന്ന വ്യവസായങ്ങളുടെ കാര്യമാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. യു.ഡി.എഫ്.ന്റെ കാലത്താണ് ഈ സ്ഥാപനങ്ങളൊക്കെ വന്നിട്ടുള്ളത്. കഞ്ചിക്കോട്ടെ പ്യാരിലാൽ അഗ്രോ ഇൻഡസ്ട്രീസ് ഹൈഡ്രോ എക്സ്പോർട്ട് കമ്പനി പൂട്ടേണ്ടി വന്ന സാഹചര്യത്തെക്കുറിച്ച് മനോരമ പറയുകയാണ്. ആ സ്ഥാപനം പൂട്ടേണ്ടിവന്ന സാഹചര്യമെന്താണ്? മനോരമ ഒരു മുഖപ്രസംഗത്തിൽ പറയുന്നു "അട്ടിമറി തൊഴിലാളി യൂണിയനുകളുടെ നിരന്തരമായിട്ടുള്ള വാശിയാണ് ആ സ്ഥാപനത്തെ അടച്ചുപൂട്ടിച്ചിട്ടുള്ളത്" എന്ന് വളരെ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപ മൂലധനം മുടക്കിയിട്ട് ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽസാദ്ധ്യത ഉറപ്പുവരുത്തുന്ന ഇത്തരം സ്ഥാപനങ്ങളോട് ഇത്തരം യൂണിയനുകളും അതുപോലെയുള്ള ആളുകളും സ്വീകരിച്ച നിലപാട് മാറ്റണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നോക്കുകുത്തികളായി മാറ്റാതെ രാജ്യത്തെ തൊഴിൽരഹിതർക്ക് ആശ്വാസം നൽകുന്ന സ്ഥാപനമായി മാറ്റണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കിൻഫ്രയെക്കുറിച്ചും അതുപോലെയുള്ള ഇത്തരം സ്ഥാപനങ്ങളെക്കുറിച്ചും പറയാൻ സമയമില്ല. എങ്കിൽത്തന്നെയും ഞാൻ പറയുകയാണ്. ജനവികാരം മാനിച്ചുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒരേ കാഴ്ചപ്പാടിലൂടെ, ഒരേ ദിശയിലൂടെ സഞ്ചരിച്ചുകൊണ്ട് ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

206/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ന് വ്യവസായരംഗം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും കണ്ണുതുറന്നു കാണാൻ ശ്രമിച്ചുകൊണ്ടുവേണം കേരളത്തിലെ വ്യവസായരംഗം പ്രതിപക്ഷം വിലയിരുത്താൻ. ഈ ചർച്ച തുടങ്ങിവച്ചത് അപ്പുറത്തിരിക്കുന്ന കോൺഗ്രസ് നേതാവ് ശ്രീമാൻ പി.ജെ. ഫ്രാൻസിസാണ്. അദ്ദേഹം പ്രകടിപ്പിച്ച ഒരു പ്രധാനപ്പെട്ട അഭിപ്രായം നമ്മുടെ സംസ്ഥാന ഗവൺമെന്റ് വിദേശനിക്ഷേപം നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവരാൻ വേണ്ടി ശ്രമങ്ങളൊന്നും നടത്തുന്നില്ല എന്നാണ്. അതുകൊണ്ട് വ്യവസായങ്ങളെല്ലാം തകരുന്നു എന്നാണ്. ഈ വിദേശനിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റ് ശ്രമിക്കുന്നില്ലെന്ന് പറയുന്ന കോൺഗ്രസ് പാർട്ടിയുടെ പ്രവർത്തകന്മാർ - നേതാക്കന്മാർ കേന്ദ്ര നിക്ഷേപത്തിന്റെ കാര്യം മറച്ചു വയ്ക്കുന്നത് എന്തിനാണ്? എന്തുകൊണ്ട് ആ സത്യം തുറന്നുപറയുന്നില്ല? കേന്ദ്ര നിക്ഷേപം ആരാണ് തരേണ്ടിയിരുന്നത്? വിദേശികളല്ലല്ലോ. ഈ രാജ്യം 45 കൊല്ലക്കാലം ഭരിച്ച കോൺഗ്രസ് ഗവൺമെന്റായിരുന്നു കേരളത്തിലെ വ്യവസായ വികസനത്തിനുവേണ്ടി, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനുവേണ്ടി, ഈ സംസ്ഥാനത്തെ ജനങ്ങളുടെ അർഹമായ വിഹിതം നൽകേണ്ടിയിരുന്നത്. എന്നാൽ ഉത്തരവാദിത്വബോധമില്ലാതെ ജനവിരുദ്ധ നിലപാട് സ്വീകരിച്ചതുമൂലം കേരളത്തിലെ വ്യവസായരംഗം തകർന്നെങ്കിൽ അതിന് മുഖ്യകാരണക്കാർ, പ്രധാന പ്രതികൾ കോൺഗ്രസ്സുകാർ തന്നെയാണ്. ഇതിന് മറുപടി പറയാൻ ആരെങ്കിലും ആ പാർട്ടിയിൽ നിന്നും സംസാരിക്കുമ്പോൾ ശ്രമിക്കണമെന്നാണ് എന്റെ അപേക്ഷ. കേന്ദ്ര മേഖലാ നിക്ഷേപം കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞുവരുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ അനുസരിച്ച് കേന്ദ്രമേഖലാ നിക്ഷേപം 31.3.1996-വരെ 3390.2 കോടി രൂപയാണ്. ഇത് സംസ്ഥാനങ്ങളിലെ ആകെ നിക്ഷേപത്തിന്റെ 1.32% മാത്രമാണ്. 1975 തൊട്ട് നിക്ഷേപം കുറഞ്ഞുകുറഞ്ഞു വരുന്നു. മഹാരാഷ്ട്രയ്ക്ക് 19.71% കേന്ദ്ര നിക്ഷേപമുള്ളപ്പോൾ യു.പി.യിൽ 7.31%, ആന്ധ്രാപ്രദേശിൽ 7.26%, ബീഹാറിന് 7.18%, പശ്ചിമ ബംഗാളിന് 7.03% വും ആണ്. ഇൻഡ്യയിലെ ജനസംഖ്യയിൽ 4% വരുന്ന ഈ സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം ജനസംഖ്യാനുപാതികമായിട്ടെങ്കിലും കോൺഗ്രസ് രാജ്യം ഭരിച്ചിരുന്നപ്പോൾ തരേണ്ടിയിരുന്നില്ലേ? കണക്കു പറഞ്ഞ് കേന്ദ്രത്തിൽനിന്നും കേരളത്തിലെ ജനങ്ങൾക്ക് വാങ്ങിക്കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ്? 1.32% ആയി കുറയാൻ കാരണം കോൺഗ്രസ്സുകാരല്ലേ? കോൺഗ്രസ്സിന്റെ ഭരണമായിരുന്നില്ലേ നാല്പത്തഞ്ചു വർഷക്കാലം. അതിന് ആരെയാണ് കുറ്റം പറയുന്നത്? ഇങ്ങോട്ടു തിരിഞ്ഞ് ഞങ്ങളെയോ? ഈ ഇടതുപക്ഷ ജനാധിപത്യമുന്നണിയേയോ? ഈ ഗവൺമെന്റിനേയോ? ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലോടുന്നുണ്ട്. സമ്മതിക്കുന്നു. അങ്ങനെ നഷ്ടത്തിൽ ഓടുന്നതിന്റെ പ്രധാനപ്പെട്ട കാരണക്കാർ നിങ്ങൾ തന്നെയാണെന്ന് സമ്മതിക്കേണ്ടിവരില്ലേ? ഈ വസ്തുത അംഗീകരിക്കുമ്പോൾ കോൺഗ്രസ് (ഐ) ഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നയവും ഉദാരവൽക്കരണ നയവും, ജനദ്രോഹ നയങ്ങളാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യത്തെ കോൺഗ്രസ് ഗവൺമെന്റിനെ ഓർമ്മിപ്പിച്ചിരുന്നതാണ്. കോൺഗ്രസ് ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തികനയം നടപ്പിലാക്കിയതിന്റെ ഫലമായി ഉദാരവൽക്കരണ നയവും സ്വകാര്യവൽക്കരണ നയവും നടപ്പിലാക്കിയതിന്റെ ഫലമായി വ്യവസായരംഗം പ്രതിസന്ധിയിലായി, തകർച്ചയിലായി. ലാഭത്തി

ലോടുന്ന പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കപ്പെട്ടു. നഷ്ട ത്തിലോടുന്നു എന്നു പറഞ്ഞ് ഏറെ വ്യവസായങ്ങൾ അടച്ചുപൂട്ടി. ലക്ഷോപ ലക്ഷം തൊഴിലാളികൾക്ക് തൊഴിലില്ലാതാക്കി. പ്രധാനപ്പെട്ട പ്രതികൾ അപ്പുറ ത്തിരിക്കുന്ന കോൺഗ്രസ്സുകാരാണ്. കോൺഗ്രസ് ഗവൺമെന്റ് നടപ്പിലാക്കിയി രുന്ന നയങ്ങൾ ബി.ജെ.പി. പിന്തുണച്ചവരാണ്. അവർ അധികാരത്തിൽ വന്ന പ്പോൾ പതിൻമടങ്ങ് ശക്തിയോടുകൂടിയാണ് ആ നയങ്ങൾ ഇന്ന് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. നമ്മുടെ പൊതുമേഖലാ വ്യവസായങ്ങൾ ഉല്പാദിപ്പി ക്കുന്ന ഉല്പന്നങ്ങൾ പുറത്തുനിന്നും ഇറക്കുമതി ചെയ്യാൻ നിങ്ങളുടെ ഉദാര വൽക്കരണ ഇറക്കുമതി നയം സഹായകമായില്ലേ? നിങ്ങൾ അതിനെക്കുറിച്ച് എന്തു പറയുന്നു?

ഈ അവസരത്തിൽ ഞാൻ മറ്റൊരു സംഗതി എടുത്തുപറയാൻ ആഗ്ര ഹിക്കുന്നു. ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നു പറയുന്നു. ഒന്നും ചെയ്തില്ല എന്നു പറയുന്നത് എക്കണോമിക് റിവ്യൂ വായിച്ചിട്ടാണോ? ആ രേഖകൾ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ? അംഗീകരിക്കുന്നില്ലെ ങ്കിൽ അംഗീകരിക്കുന്നില്ല എന്നു പറയണം. അതിനുള്ള തന്റേടം കാണി ക്കണം. ആ രേഖയിൽ എന്താണ് പറയുന്നത്? ചെറുകിട വ്യവസായം 31-3-1998 വരെ സംസ്ഥാനത്ത് മൊത്തം 1,80,091 ചെറുകിട വ്യവസായ യൂണി റ്റുകൾ രജിസ്റ്റർ ചെയ്തു. ഇതിനെല്ലാംകൂടി 2351.33 കോടി രൂപയുടെ നിക്ഷേപമുണ്ട്. 9,09,859 പേർക്ക് തൊഴിലും അവിടെയുണ്ട്. ഈ ഗവൺമെന്റ് ഒരു നേരിയ വർദ്ധനവ് എങ്കിലും തൊഴിൽ ലഭ്യമാക്കുന്ന കാര്യത്തിൽ വരു ത്തിയില്ലേ? അതിനെ നിങ്ങൾ അഭിനന്ദിക്കണം. ഈ രാജ്യത്തെ വ്യവസായ ങ്ങൾ തകർച്ചയിൽനിന്നും തകർച്ചയിലേക്ക് കൊണ്ടുപോകാനുള്ള എല്ലാ നയ ങ്ങളും പരിപാടികളും കേന്ദ്രം ഭരിച്ചുകൊണ്ടിരുന്നപ്പോൾ സ്വീകരിച്ച്, നടപ്പിലാ ക്കിയിട്ട് ഇവിടെവന്ന് ഈ സർക്കാർ ഒന്നും ചെയ്തില്ല എന്നു പറയരുത്. ഈ കൊച്ചു കേരളം ഇൻഡ്യയുടെ ഭാഗമാണ്. ഈ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ മാത്രം ഈ വ്യവസായം വികസിപ്പിക്കണം, വ്യവസായ വളർച്ചനിരക്ക് കൂട്ടണം, എന്നു പറ യുന്നതിൽ മനസ്സാക്ഷിക്കുത്തു തോന്നുന്നില്ലേ? വെറും രാഷ്ട്രീയം പറ ഞ്ഞാൽ മതിയോ? ആ മനസ്സാക്ഷിയോട് ചോദിക്കൂ. വസ്തുതാപരമായി കാര്യ ങ്ങൾ പറയാൻ ശ്രമിക്കൂ. കേരളത്തിൽ 8846 യൂണിറ്റുകൾ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ നടത്തുന്നവയാണ്. 29976 വനിതാ വ്യവസായ യൂണിറ്റുകളുണ്ട്. 3478 യൂണിറ്റുകൾ പീഡിത വ്യവസായങ്ങളായി തരംതിരിച്ചി ട്ടുണ്ട്. അതിൽ 1731 എണ്ണം പീഡിത യൂണിറ്റായി രജിസ്റ്റർ ചെയ്തതിൽ 951 എണ്ണം പുനരുദ്ധരിച്ചു. ഈ ഗവൺമെന്റ് വെറുതെയിരുന്നുവെങ്കിൽ പുനരുദ്ധാ രണം നടക്കുമോ? വ്യവസായ പുനരുദ്ധാരണനിധി രൂപീകരിച്ചുകൊണ്ട്, പ്രതിസന്ധിയിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരി ക്കാൻവേണ്ടി ഈ ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ട്.

ചെറുകിട വ്യവസായം ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കൊടു ക്കാൻ കഴിയുന്നതും എന്നാൽ കുറഞ്ഞ മുതൽ മുടക്കിൽ നടത്താൻ കഴിയു ന്നതുമാണ്. ആയതുകൊണ്ട് കൂടുതൽ മുതൽമുടക്ക് ഈ രംഗത്ത് നടത്താൻ ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യവസായ സഹകരണ രംഗം കൂടുതൽ ശ്രദ്ധിക്കേണ്ടത് തൊഴിലില്ലായ്മ പരിഹരിക്കാനും ആവശ്യ മാണ്. നമ്മുടെ സംസ്ഥാനത്ത് പത്തുമുപ്പത്തഞ്ച് ലക്ഷം ചെറുപ്പക്കാർ തൊഴി ലില്ലാതെ അലയുന്നു. അങ്ങനെ ഒരു സാഹചര്യത്തിൽ സമ്പദ്ഘടന മെച്ചപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്താനും നമ്മുടെ വ്യവസായരംഗം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. വ്യവസായ സഹകരണ സംഘങ്ങളേയും പരമ്പരാഗത വ്യവസായങ്ങളേയും അവർക്കാവശ്യമുള്ള സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ട്, അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കിക്കൊണ്ട്, പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ അവസരത്തിൽ ഒരു സംഗതി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പട്ടികജാതി പ്രത്യേക ഘടകപദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി (എസ്.ഇ.പി. ആന്റ് റ്റി.എസ്.പി.) പ്ലാൻ വിഹിതം വളരെ കുറവാണ്. 3854 ലക്ഷം രൂപയാണ് വ്യവസായത്തിന്റെ പ്ലാൻ വിഹിതം. അതിൽ ഇപ്പോൾ ബഡ്ജറ്റിൽ 150 ലക്ഷം രൂപ മാത്രമേയുള്ളൂ. അതിൽ 10 ശതമാനമെങ്കിലും മാറ്റിവയ്ക്കണം. അത് 3.85 കോടി രൂപ വരും. മറ്റൊരു കാര്യം ഈ സംസ്ഥാനത്തെ ബാങ്ക് നിക്ഷേപത്തിൽ 60 ശതമാനം തുക നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കാൻ കഴിയുന്നില്ല. 40 ശതമാനം തുക മാത്രമല്ലേ ചെലവഴിക്കുന്നുള്ളൂ? അയൽ സംസ്ഥാനങ്ങളിൽ 100 ശതമാനവും വ്യവസായത്തിനു വേണ്ടിയും കാർഷിക അഭിവൃദ്ധിക്കുവേണ്ടിയും മറ്റു ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാറ്റിവയ്ക്കുമ്പോൾ 60 ശതമാനം ഈ സംസ്ഥാനത്തുനിന്നും ഒഴുകിപ്പോകുന്നു മറ്റു സംസ്ഥാനങ്ങളിലേക്ക്. എന്താണ് അത് നിയന്ത്രിക്കാത്തത്? ഈ കോൺഗ്രസ് പാർട്ടിക്ക് അത് അറിയില്ലേ? അവർ ഭരിച്ചുകൊണ്ടിരുന്നതല്ലേ രാജ്യം? ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് ചെയ്യേണ്ടതാണ്. ഇവിടെ 15 പൊതുമേഖലാ വ്യവസായങ്ങൾ ലാഭമുണ്ടാക്കിയതിനെ സംബന്ധിച്ച് എക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. ആ പൊതുമേഖലാ വ്യവസായങ്ങളെ നിലനിറുത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും ഈ നാട്ടിലെ ജനങ്ങളുടെ ഒരു ആവശ്യമായതുകൊണ്ട് ആവശ്യമുള്ള സാമ്പത്തികസഹായം ഗവൺമെന്റ് നൽകാൻ, പുനരുദ്ധാരണനിധിയിൽനിന്നും നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കണം. കുറഞ്ഞ മുതൽമുടക്കിൽ കശുവണ്ടി മേഖലയിൽ ലക്ഷക്കണക്കിനു തൊഴിലാളികൾക്കു തൊഴിൽ നൽകാൻ കഴിയുന്നവയാണ്. 172 ലക്ഷം തൊഴിലാളികൾ തൊഴിൽ എടുക്കുന്നുണ്ട്. 23.33 കോടി രൂപ കൂടി കോർപ്പറേഷന് അനുവദിക്കണം. കോർപ്പറേഷൻ വ്യവസായ സ്ഥാപനങ്ങൾ നടത്തണമെന്നുണ്ടെങ്കിൽ ആ പണം ഗവൺമെന്റ് അനുവദിച്ചുകൊടുക്കണം. കൈത്തറി വ്യവസായത്തിന് 25 കോടി രൂപയുടെ റിബേറ്റ് കൊടുത്തുതീർക്കാനുണ്ട്. ആ പണവും അനുവദിക്കേണ്ടതുണ്ട്. ആ മേഖലയിൽ പ്രതിപക്ഷം പറയുന്നതുപോലെ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കണം. നടപടി എടുക്കണം. ആ ആരോപണം അന്വേഷിച്ച്, പണം വെറുതെ കട്ടെടുക്കുന്നുണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കൈത്തറി വ്യവസായത്തിലും റിബേറ്റ് കുടിശ്ശിക കൊടുത്ത് ആ വ്യവസായം നടത്താൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം.

തീർച്ചയായും ഇൻഫർമേഷൻ ടെക്നോളജി ഈ ആധുനിക കാലഘട്ടത്തിന്റെ അനിവാര്യമായ ഒരു മേഖലയാണ്. ആ മേഖലയ്ക്ക് മുൻതൂക്കം ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട് എന്നുള്ളതിൽ തീർച്ചയായും സന്തോഷമുണ്ട്. അതിന് ഈ ഗവൺമെന്റ് ആവശ്യമുള്ള പണം ഈ ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. പ്രധാന വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുംവേണ്ടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 65 കോടി രൂപ വളരെ അപര്യാപ്തമാണ്. ബഡ്ജറ്റ് പ്ലാൻ ഫണ്ടിന്റെ 20 ശതമാനമെങ്കിലും വ്യവസായത്തിന് ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

വകയിരുത്തണമെന്നും വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സി.എഫ്. തോമസ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ ശ്രീമതി ഭാർഗ്ഗവി തങ്കപ്പനും ശ്രീ. എം. ദാസനും സ്വീകരിച്ച സമീപനം ഞങ്ങൾക്കില്ല. ഞങ്ങൾ ഇപ്പോൾ ഇവിടെനിന്ന് പറയുന്നതെല്ലാം, നിങ്ങളായതുകൊണ്ട് വ്യവസായ വളർച്ചനിരക്ക് മെച്ചപ്പെടുത്തണമെന്ന് ഈ കാലഘട്ടത്തിൽ പറയുകയാണ് എന്ന ഒരു തോന്നലിലാണ് സംസാരിക്കുന്നത്. അങ്ങനെയല്ല, പ്രതികൂല സാഹചര്യങ്ങളും ഇപ്പോൾ ഉണ്ട്; ഞങ്ങൾ സമ്മതിക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ എങ്ങനെ ഈ സംസ്ഥാനത്ത് യഥാർത്ഥത്തിൽ വ്യവസായവൽക്കരണം സാധ്യമാകും എന്നുള്ള വിഷയം പ്രധാനമാണ്. ശ്രീ. എം. ദാസൻ തുടക്കത്തിൽ പറഞ്ഞല്ലോ പ്രതിസന്ധികളും പ്രയാസങ്ങളും ആണ് മുഴുവൻ. ഉദാരവൽക്കരണവും ആഗോളവൽക്കരണവുമൊക്കെ പ്രശ്നങ്ങളാണ് എന്നു പറഞ്ഞു. ഞാൻ ഒന്നു ചോദിക്കട്ടെ, ബംഗാളിൽ ശ്രീ. ജ്യോതിബാസു ഉദാരവൽക്കരണത്തിനു നടുവിൽ, (നമ്മൾ റിയലിസ്റ്റിക്കായിട്ട് ചിന്തിക്കണ്ടേ?) വ്യവസായവൽക്കരണം എങ്ങനെ സാധിക്കുന്നു? 16000 കോടി രൂപയാണ് അദ്ദേഹം നിക്ഷേപം പ്രതീക്ഷിക്കുന്നത് എന്നു പറഞ്ഞു. അദ്ദേഹം ഇവിടെ വന്നപ്പോൾ പറഞ്ഞതാണ്. നമ്മുടെ നിക്ഷേപം എത്രയാണ് വരുന്നത്? നിങ്ങളുമെല്ലാം വിദേശത്തുപോയി. വെറും 500 കോടി രൂപയാണ് നിക്ഷേപമായിട്ട് നിങ്ങൾക്ക് കിട്ടാൻ പോകുന്നത്. ഈ കാര്യത്തിൽ നിങ്ങളുടെ സമീപനം എന്താണ്? 3250 കോടി രൂപ അടുത്ത ഒന്നരക്കൊല്ലംകൊണ്ട്, അല്ലെങ്കിൽ രണ്ടുകൊല്ലംകൊണ്ട്, നിക്ഷേപം സമാഹരിക്കുമെന്നു പറയുന്നു. വ്യവസായ നയമാണോ ഇതിന്റെയെല്ലാം അടിസ്ഥാനം എന്നു പറയുന്നത്?

വ്യവസായനയം പ്രഖ്യാപിച്ചിട്ട് വല്ല കാര്യവുമുണ്ടോ? നയം വേണം. പക്ഷെ നയത്തിനനുസരിച്ചുള്ള പരിപാടികൾ ഇതുവരെ തുടങ്ങിയോ? നയം കൊണ്ടുവരാൻ രണ്ടര വർഷമെടുത്തു. ഈ രണ്ടര വർഷത്തിൽ ആറുമാസം ആ പേപ്പർ എ.കെ.ജി. സെന്ററിൽ ആയിരുന്നു എന്ന് ഞാൻ ഒരു പ്രമുഖപത്രത്തിൽ വായിച്ചു. 6 മാസം ആ ഫയൽ വെറുതെ കിടന്നു. നയമാണ് പ്രധാനമെങ്കിൽ ഞാൻ ആരോപണം വയ്ക്കുകയാണ്. ഇത്ര പ്രധാനമായ വ്യവസായ നയം കൊണ്ടുവരാൻ രണ്ടരവർഷമെടുത്തു. അതിനുശേഷം ഇപ്പോൾ ഏഴു മാസം കഴിഞ്ഞു. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞില്ലേ ഒന്നര വർഷത്തിനിടയിൽ മൂന്നര ലക്ഷംപേർക്ക് ജോലി കൊടുക്കുമെന്ന്? ഈ ഏഴുമാസം കൊണ്ട് എത്രപേർക്ക് ജോലി കൊടുക്കാനുള്ള തൊഴിലവസരങ്ങളുണ്ടാക്കി. വല്ല റിവ്യൂവും നടത്തിയോ? എന്താണ് ഇപ്പോഴത്തെ അവസ്ഥ? ഇവിടെ ശ്രീ. ദാസൻ അഭിമാനത്തോടുകൂടി പറഞ്ഞല്ലോ ലാഭമുണ്ടാക്കിയെന്ന്. സി. ആന്റ് എ.ജി. യുടെ റിപ്പോർട്ട് ഞങ്ങൾ വായിച്ചു. അതിൽ പറയുന്നത് 55 കോർപ്പറേഷൻസ് ആന്റ് ഗവൺമെന്റ് കമ്പനീസ് : ഇൻവെസ്റ്റ്മെന്റ് 510 കോടിരൂപ. നഷ്ടമുണ്ടാക്കിയിരിക്കുന്നത് 1,071 കോടി രൂപ. 1998 മാർച്ചിലെ കണക്കാണ്. സി.എ.ജി.യുടെ റിപ്പോർട്ടാണ്. എന്താണ് അതിനെപ്പറ്റി പറയുന്നത്? മറുപടിയുണ്ടോ എന്തെങ്കിലും? ഇക്കണോമിക് റിവ്യൂ ഉദ്ധരിക്കുമ്പോൾ സി.എ.ജി. റിപ്പോർട്ടു കൂടി പറയുന്നത് തെറ്റാണോ? കഴിഞ്ഞ രണ്ടരവർഷമായി വ്യവസായ വകുപ്പു മന്ത്രി എന്തെങ്കിലും ..... എനിക്ക് അങ്ങയെക്കുറിച്ച് സിമ്പതി തോന്നുന്നു. ഈ മന്ത്രിസഭയിൽ അങ്ങ് ഒറ്റപ്പെട്ടതുപോലെ തോന്നുന്നു. ഈ മന്ത്രിസഭയുടെ പിന്തുണ വ്യവസായ വകുപ്പുമന്ത്രിക്ക് കൊടുക്കുന്നുണ്ടോ? ചോദി

LIBRARY ARCHIVES Kerala Legislative Assembly

ച്ചല്ലോ പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടോയെന്ന്? ഞങ്ങൾ സഹകരിക്കാം. ഞങ്ങൾക്ക് ഒരു സമീപനമുണ്ട്. നിങ്ങൾക്കും ഉണ്ടെന്നാണ് ഞങ്ങളുടെ അറിവ്. നമ്മുടെ സംസ്ഥാനം ഇനി ഈ പോക്കുകൊണ്ട് രക്ഷപ്പെടുകയില്ല. സാമൂഹ്യ ക്ഷേമ പരിപാടികളിൽ മാത്രം ശ്രദ്ധിക്കുന്നതുകൊണ്ട് രക്ഷപ്പെടുക യില്ല. നിങ്ങളും ഞങ്ങളും യോജിക്കുന്ന ഒരുവിഷയമുണ്ട്. അടിസ്ഥാന മേഖല കളുടെ ഉയർച്ച. അടിസ്ഥാന മേഖലകളെന്നു പറയുന്നത് കൃഷിയും വ്യവസാ യവുമാണ്. പക്ഷേ ഈ വ്യവസായങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും കാര്യ മായ പുരോഗതി ഈ നാട്ടിലുണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചുനോക്കൂ. കേന്ദ്രത്തിൽ കോൺഗ്രസ് പോയിട്ട് ദേവഗൗഡ ഗവൺമെന്റ് വന്നു. ഗുജ്റാൾ വന്നു. ഇപ്പോൾ വാജ്പേയി ഭരിക്കുന്നു. കാലം ഒരുപാട് കഴിഞ്ഞപ്പോൾ പറയു കയാണ് കോൺഗ്രസ്സാണ് ഉത്തരവാദിയെന്ന്. എന്നാൽപ്പിന്നെ നിങ്ങൾ എന്തിന് ഭരണം ഏൽക്കുന്നു? കേരളത്തിലെ ഭരണം എന്തിന് ഏൽക്കുന്നു? കേന്ദ്രത്തിൽ കോൺഗ്രസ് ഭരിച്ചിട്ട് കാലം കുറേ കഴിഞ്ഞു. അന്ന് കോൺഗ്രസ് കൊണ്ടുവന്ന നയം ..... ഇന്ദ്രജിത് ഗുപ്തയും ചതുരാനൻ മിശ്രയും മന്ത്രിസ ഭയിലിരുന്നിട്ടും ഈ കഴിഞ്ഞ കാലത്ത് 1.32 ശതമാനം ആയിരുന്നു കേന്ദ്ര നിക്ഷേപം. അതിന് അവരും ഉത്തരവാദികളല്ലായിരുന്നോ? തിരുത്തിയോ? അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങൾ നൽകിയ വായ്പ ഒരു ശതമാനം മാത്രമാണ്. അവിടെ ഗുപ്ത മന്ത്രിയല്ലായിരുന്നോ? വെറുതെ സി.പി.ഐക്കാർ കയറി അതുമിതും പറയരുത്. കേന്ദ്ര മന്ത്രിസഭയിലിരുന്നതാണ് അവർ രണ്ടു പേരും. നമ്മുടെ ഹർകിഷൻ സിംഗ് സുർജിത് ആയിരുന്നു സ്റ്റിയറിംഗ് കമ്മിറ്റി നിയന്ത്രിച്ചത്. സിംഗിന്റെ കൺട്രോളിലായിരുന്നു കേന്ദ്ര മന്ത്രിസഭ. കേരള ത്തിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ എന്തുചെയ്തു? അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങൾ പണം കൊടുക്കാൻ എന്തു ചെയ്തു? ആ ചർച്ചയല്ലേ ഇവിടെ ആവശ്യം? ഇന്നത്തെ നിലയിൽ കേരളത്തിന്റെ അവകാശങ്ങൾ ചോദിച്ചുവാ ങ്ങാൻ മൂന്നുവർഷമായിട്ടും വ്യവസായ വകുപ്പുമന്ത്രിക്ക് കഴിഞ്ഞോ? കേന്ദ്ര ഗവൺമെന്റിനോട് 1.32 എന്നുള്ളത് വർദ്ധിപ്പിക്കാൻ നിങ്ങൾ എന്തു നടപടിയെ ടുത്തു?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : കേരളത്തിലും കേന്ദ്രത്തിലും ഒരേ പാർട്ടി ഭരിക്കുമ്പോൾ ഇവിടെ നിന്ന് ബഹുമാനപ്പെട്ട കരുണാകരൻ വ്യവ സായ വകുപ്പുമന്ത്രിയായിട്ടും ഇവിടുത്തെ നിക്ഷേപം എത്രയായിരുന്നു?

<u>ശ്രീ. സി.എഫ്. തോമസ്</u> : ഞാൻ അതുതന്നെയാണ് പറയുന്നത്. കേര ളത്തിലും കേന്ദ്രത്തിലും ഇവിടെയിരിക്കുന്ന ഭരണകക്ഷികൾ അവിടെയും ഇവിടെയും ഭരിച്ചപ്പോൾ ഈ നിലയ്ക്ക് മാറ്റം വരുത്താൻ നിങ്ങളെക്കൊണ്ട് സാധിച്ചോ? സാധിച്ചില്ല. ഞാൻ പറഞ്ഞത് നിങ്ങൾ അവിടെയും ഇവിടെയും ഭരിച്ചു എന്നാണ്. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിന്റെ ഇന്നത്തെ അവ സ്ഥയ്ക്ക് മാറ്റം വരുത്താൻ ഈ ഗവൺമെന്റിനെക്കൊണ്ട് സാധിക്കുന്നുണ്ടോ? മൂന്നുവർഷം ഈ സംസ്ഥാനത്തിന്റെ വ്യവസായരംഗം നിശ്ചലമായിരുന്നു. ശ്രീ. ദാസൻ ഒരു കാര്യം അവസാനം പറഞ്ഞു, ജനങ്ങൾക്ക് ആകെപ്പാടെ വലിയ സന്തോഷമാണെന്ന്. കേരളത്തിലെ വ്യവസായ വികസനത്തിൽ .... ഇന്ന് തെരുവിൽക്കൂടി ഇറങ്ങി നടക്കാൻ വയ്യ. ഇത്ര വലിയ ഒരു മൂകത, മാന്ദ്യം, എവിടെയെങ്കിലും ഉണ്ടോ? 37 ലക്ഷം ചെറുപ്പക്കാർ നിങ്ങളോട് സമാ ധാനം ചോദിക്കാൻ നിൽക്കുകയാണ്. കേരളത്തിന്റെ വ്യവസായ വികസന ത്തിന് നിങ്ങൾ എന്തു ചെയ്തു? ഞാൻ അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് കൺക്ലൂഡ് ചെയ്യണം. മൈക്ക് അങ്ങേയ്ക്കേയുള്ളൂ. അങ്ങ് കൺക്ലൂഡ് ചെയ്യണം. സമയമില്ലാത്തതുകൊണ്ടാണ് അങ്ങനെ നിർബന്ധിക്കരുത്.

ശ്രീ. സി.എഫ്. തോമസ് : ഞാൻ വഴങ്ങാം.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞില്ലേ? സമയം കഴിഞ്ഞിട്ട് ചോദ്യത്തിന് വഴങ്ങുകയെന്നു പറഞ്ഞാൽ ..... (ബഹളം)

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങനെ പറയാൻ പാടില്ല. സ്പീക്കറാണ്. അങ്ങ് എന്നേ പറയാൻ പാടുള്ളൂ. സ്പീക്കറാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ബഹുമാനപ്പെട്ട മെമ്പർ തോമസ് പറയുകയാണ് റോഡിലൂടെ ഇറങ്ങി നടക്കുമ്പോൾ വലിയ മാന്ദ്യം, മൂകത, അദ്ദേഹത്തിന് അനുഭവപ്പെടുന്നുവെന്ന്. നമ്മുടെ സംസ്ഥാനത്ത് നിങ്ങളുടെ കാലത്ത് അടച്ചിട്ടിരുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതു കണ്ടതിന്റെ മൂകതയല്ലേ അങ്ങയുടെ മനസ്സിൽ അനുഭവപ്പെട്ടത്.

ശ്രീ. സി.എഫ്. തോമസ് : സർ, ഇവിടെ ഒരു ചോദ്യം കൂടെ, ഞാൻ ഒരുമിച്ചു വഴങ്ങാം.

മി. ചെയർമാൻ : കഴിയുകയില്ല. ശ്രീ. സി.എഫ്. തോമസ് സംസാരിച്ചിട്ട് അവസാനിപ്പിക്കണം. ഇനി ചോദ്യത്തിന് സമയമില്ല. അനുവദിക്കാൻ കഴിയുകയില്ല. അങ്ങനെ ബഹളം വച്ചതുകൊണ്ട് കാര്യമില്ല. ശ്രീ. സി.എഫ്. തോമസ് സംസാരിച്ച് അവസാനിപ്പിക്കണം.

ശ്രീ. സി.എഫ്. തോമസ് : ഞാൻ അവസാനിപ്പിക്കാം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം ബുദ്ധിമുട്ടിക്കരുത്. അങ്ങ് ഒരു കക്ഷിയുടെ നേതാവുകൂടിയാണ്. സമാധാനമായി നല്ല നിലയിൽ കൊണ്ടുപോകാൻ സഹകരിക്കണം. അങ്ങ് അവസാനിപ്പിക്കണം. ഇല്ല. ഒരു ചോദ്യവുമില്ല. ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം. വെറുതെ തർക്കമുണ്ടാക്കുന്നത് എന്തിനാണ്? ഇല്ല. ..... അനുവദിക്കാൻ കഴിയുകയില്ല. ശ്രീ. സി.എഫ്. തോമസ് സംസാരിക്കണം.

ശ്രീ. സി.എഫ്. തോമസ് : ഈ ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം അപ്പാടെ തിരുത്തിക്കൊണ്ട് ഈ രംഗത്തേക്ക് സ്വകാര്യ മേഖലയേയും വിദേശ മൂലധനത്തേയും പൂർണ്ണമായി ആകർഷിച്ചുകൊണ്ട്, നിങ്ങളുടെ യാതൊരു അടിസ്ഥാനവുമില്ലാത്ത തത്വവാദങ്ങൾ ഉപേക്ഷിച്ചുകൊണ്ട്, കേരളത്തിന്റെ ഇന്നത്തെ യഥാർത്ഥ ചിത്രം മനസ്സിലിരുത്തിക്കൊണ്ട്.....

മി. ചെയർമാൻ : അങ്ങ് കൺക്ലൂഡ് ചെയ്യണം. എന്തു ചെയ്യണമെന്ന് ഞാൻ നോക്കിക്കൊള്ളാം. ദയവുചെയ്ത് ആരും ഇതിൽ ഇടപെടരുത്. ഞാൻ നോക്കിക്കൊള്ളാം.

ശ്രീ. സി.എഫ്. തോമസ് : കേരളത്തിന്റെ വ്യവസായ വികസനത്തിനു വേണ്ടി കഴിഞ്ഞ മൂന്നു വർഷമായി യാതൊരു നടപടിയും സ്വീകരിക്കാതെ മന്ത്രിസഭയിൽ ഒറ്റപ്പെട്ടു കഴിയുന്ന ഒരു മന്ത്രിക്ക് കേരള ക്യാബിനറ്റിൽ പിന്തുണ കൊടുത്തുകൊണ്ട്, ഇന്നത്തെ കേരളത്തിന്റെ ചിത്രം യഥാർത്ഥമായിട്ട് മനസ്സിലാക്കി ഇന്നത്തെ സ്വകാര്യമേഖലയിലെ മൂലധനവും വിദേശ മൂലധനവും ശരിക്ക് നിക്ഷേപമായി സ്വീകരിച്ചുകൊണ്ട്, നമ്മുടെ നാട്ടിലെ വ്യവസായ മേഖലയിൽ ജീവൻ കൊടുക്കണം. ആ നടപടി സ്വീകരിക്കാത്തതിനാൽ ഈ സർക്കാർ പൂർണമായും പരാജയപ്പെട്ടിരിക്കുന്നു. ഇത്രയേറെ ശോചനീയ

LIBRARY ARCHIVES Kerala Legislative Assembly

മായ അവസ്ഥ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വ്യവസായരംഗത്ത് വന്നിട്ടില്ല എന്നുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും എതിർക്കുന്നു.

മി. ചെയർമാൻ : എന്തുചെയ്യാനാണ്, പ്രതിപക്ഷം ഇങ്ങനെ പെരുമാറിയാൽ എന്തുചെയ്യും? (ബഹളം) സമയം കഴിഞ്ഞിട്ടും ചോദ്യം ചോദിക്കുന്നത് ശരിയല്ല. ചെയറിൽ ആര് ഇരുന്നാലും, പ്രതിപക്ഷ മെമ്പർമാർ, ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ പാർട്ടിയിലെ ചില അംഗങ്ങളോട് പറഞ്ഞുകൊടുക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ടി.കെ. ഹംസ : ഒരു പോയിന്റും ഇല്ല. വെറുതെ പറയുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട അങ്ങ് ഇപ്പോൾ ചെയറിലാണ്. സ്പീക്കറുടെ എല്ലാ അവകാശങ്ങളുമുണ്ട്. ഏതെങ്കിലും ഒരു കാര്യത്തിൽ ഇന്നതാണെന്ന് പറയാതെ അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് പ്രതിപക്ഷത്തെ ഒന്നടങ്കം കുറ്റപ്പെടുത്തുന്നത് ശരിയല്ല. അല്ലെങ്കിൽ എന്താണ് കാരണമെന്നു പറയുവാൻ അങ്ങേയ്ക്ക് കഴിയണം. അതിന് അങ്ങേയ്ക്ക് കഴിഞ്ഞില്ല. ചെയറിൽ ഇരുന്നുകൊണ്ട് ആ രൂപത്തിൽ പറയുന്നതിന് എന്താണ് കാരണമെന്ന് അറിയുവാൻ ഞങ്ങൾക്ക് അവകാശമുണ്ട്. എന്തും പറയുവാൻ പറ്റുമോ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ശ്രദ്ധിക്കേണ്ടത്, അങ്ങയുടെ പാർട്ടിയിലെ ചില മെമ്പർമാർ അവിടെനിന്ന് വിളിച്ചുപറഞ്ഞ വാക്കുകൾ അങ്ങ് ശ്രദ്ധിക്കണം. അതെല്ലാം ഇവിടെ കേൾക്കുന്നുണ്ട്. ചെയറിൽ ആര് ഇരുന്നാലും ചെയറാണ്. പക്ഷെ ചെയറിനെ അവഹേളിക്കത്തക്കവിധത്തിലുള്ള ചില പദപ്രയോഗങ്ങൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. ആര്യാടൻ മുഹമ്മദും ശ്രദ്ധിക്കേണ്ടതാണ്. ചെയറിൽ ആര് ഇരുന്നാലും ചെയറാണ്. ചെയറിനെ മോശമാക്കുന്ന തരത്തിലുള്ള പദപ്രയോഗങ്ങൾ വിളിച്ചുപറയുന്നത് അങ്ങയുടെ പാർട്ടിയിലെ മെമ്പർമാരാണ്. അവരെ നിയന്ത്രിക്കുകയാണ് അങ്ങ് ചെയ്യേണ്ടത്. അങ്ങ് ഭീഷണിയൊന്നും ഉപയോഗിക്കേണ്ട. ശ്രീ. ആര്യാടൻ മുഹമ്മദ് ഒരു സീനിയർ മെമ്പറാണ്. ഒരു കക്ഷിയുടെ നേതാവാണ്. അങ്ങയുടെ കക്ഷിയിൽപ്പെട്ട ആളുകൾ വിളിച്ചുപറയുന്നത് അങ്ങ് കേട്ടോ? സമയം കഴിഞ്ഞിട്ടും ചോദ്യം അനുവദിക്കാൻവേണ്ടി അവിടെനിന്നും ഭീഷണിപ്പെടുത്തുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : അങ്ങ് പ്രതിപക്ഷത്തെ അടച്ച് കുറ്റമൊന്നും പറഞ്ഞിട്ടില്ല. പറയാത്തത് പറഞ്ഞു എന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ : പ്രതിപക്ഷത്തെ ചില മെമ്പർമാർ എന്നേ പറഞ്ഞിട്ടുള്ളൂ. അവരുടെ പേരെടുത്തുപറയുന്നത് മോശമാണെന്നതുകൊണ്ടാണ് പേരെടുത്തു പറയാതിരുന്നത്. ചില മെമ്പർമാർ എന്നാണ് പറഞ്ഞത്. ഈ വികാരംകൊള്ളുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് അവരോട് അങ്ങനെ പെരുമാറരുതെന്നാണ് പറഞ്ഞുകൊടുക്കേണ്ടത്.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനമായി സംസാരിച്ച ബഹു. സി.എഫ്. തോമസ് പറഞ്ഞ ആക്ഷേപം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വ്യവസായനയം പ്രഖ്യാപിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് രണ്ടര വർഷം എടുത്തു എന്നതാണ്. ഞങ്ങൾ വിനയത്തോടുകൂടി ചോദിക്കട്ടെ, യു.ഡി.എഫ്.ന്റെ ഭരണകാലത്തെ അവസ്ഥ എന്തായിരുന്നു? 5 കൊല്ലം ഭരിച്ചിട്ട് ഒരു നയവും പ്രഖ്യാപിക്കുവാൻ കഴിയാതെ വ്യവസായ രംഗത്ത് കേരളത്തിൽ മുരടിപ്പുണ്ടാക്കിയ യു.ഡി.എഫ്. ആണ് രണ്ടരവർഷം ആയപ്പോൾ നയം പ്രഖ്യാപിച്ച് വ്യക്തമായ കാഴ്ചപ്പാട് കേരളത്തിൽ അവതരിപ്പിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ചോദ്യംചെയ്യുന്നത്. എന്തൊരു വൈരുദ്ധ്യമാണ്, എന്തൊരു വിരോധാഭാസമാണ്. 5 വർഷക്കാലം ഭരിക്കുവാൻ അവസരം കിട്ടിയിട്ട് കേരളത്തിലെ വ്യവസായമേഖലയെ തകർക്കുവാൻ വേണ്ടി നേതൃത്വംനൽകുകയും വ്യവസായമേഖലയിലെ മുരടിപ്പ് ഉണ്ടാക്കുകയും ചെയ്ത യു.ഡി.എഫ്. ഉണ്ടാക്കിവച്ച വലിയ പ്രതിസന്ധിയിൽ നിന്നാണ് കേരളത്തിന്റെ വ്യവസായ മേഖലയെ രക്ഷിക്കുവാനുള്ള പരിശ്രമം ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തുക. ആ കാര്യങ്ങൾ മുഴുവൻ മറന്നുകൊണ്ട്, തങ്ങളുടെ പഴയകാല സാഹചര്യങ്ങളിൽ സംഭവിച്ച ഗുരുതരമായ പ്രതിസന്ധിയുടെ ചിത്രം കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ മറച്ചുവയ്ക്കുവാൻവേണ്ടി, അതിൽനിന്ന് രക്ഷപ്പെടുവാൻവേണ്ടി, നയം പ്രഖ്യാപിച്ച എൽ.ഡി.എഫിനെ എതിർക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഭിമാനത്തോടുകൂടി 3 വർഷക്കാലത്തെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമ്പോൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ പറയുവാൻ കഴിയും യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത് നാമാവശേഷമാക്കിയ, പ്രതിസന്ധിയുണ്ടാക്കിയ, കേരളത്തിലെ വ്യവസായ മേഖലയിൽ പുതിയ ചൈതന്യമുണ്ടാക്കുവാൻ, പ്രതീക്ഷ കൊടുക്കുവാൻ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ ഏറ്റവും പ്രധാനമായി സ്മരിക്കുന്ന ഒരുകാര്യമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വ്യവസായ മേഖലയിലെ ചിത്രം എന്തായിരുന്നു? അത് യു.ഡി.എഫിലെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കുവാൻ ശ്രമിക്കുന്നില്ല. വ്യവസായ മേഖലയെ തകർത്തു എന്നു ഞങ്ങൾ പറയുന്നത് അന്ധമായ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടിയല്ല. കേരളത്തിലെ വ്യവസായ മേഖലയിൽ യു.ഡി.എഫ്. ഉണ്ടാക്കിയ ഗുരുതരമായ പ്രതിസന്ധിയുടെ ചിത്രം കാണുന്നത് വ്യവസായ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന സാമ്പത്തിക നയങ്ങളുടെ പശ്ചാത്തലത്തിലാണ്. ആ സാമ്പത്തികനയവുമായി ബന്ധപ്പെട്ടുകൊണ്ട്, ആഗോളവൽക്കരണ നയവുമായി ബന്ധപ്പെട്ടുകൊണ്ട്, കേരളത്തിലെ വ്യവസായ മേഖലയാണ് ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടേണ്ടിവന്നത്. ആ പ്രതിസന്ധിയുടെ ഘട്ടത്തിൽനിന്നാണ് യു.ഡി.എഫ്.ന്റെ ഭരണം ഒഴിയുക. അതിനുശേഷം കേരളത്തിന്റെ വ്യവസായ മേഖലയെ രക്ഷിക്കുവാൻവേണ്ടിയുള്ള പരിശ്രമങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആരംഭിക്കുന്നത്. കണക്കുകൾ പരിശോധിക്കുമ്പോൾ ഈ കാര്യങ്ങൾ വ്യക്തമാണ്. സാമ്പത്തികനയങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് 1991-നു മുമ്പുള്ള സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ 4 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാണ്ട് 8 ശതമാനംവരെ കേരളത്തിന്റെ വ്യവസായ മേഖലകളിൽ വളർച്ചാനിരക്ക് വന്നിട്ടുണ്ട്. യു.ഡി.എഫിന്റെ ഭരണകാലഘട്ടങ്ങളിൽ 1991-ന് ശേഷമുള്ള 4 വർഷത്തെ ഭരണം പരിശോധിക്കുമ്പോൾ കേരളത്തിൽ നാല് ശതമാനമായി വ്യവസായത്തിന്റെ വളർച്ചനിരക്ക് കുറഞ്ഞിരിക്കുന്നു. 1993-94 കാലഘട്ടത്തിൽ വ്യവസായ രംഗത്തെ വളർച്ച നിരക്ക് 2.37 ശതമാനമായി കുറഞ്ഞിരിക്കുന്നു. യു.ഡി.എഫ്. ഇതിനു മറുപടി പറയണം. യു.ഡി.എഫ്. ന്റെ ഭരണകാലത്ത് 2.37 ശതമാനംവരെ വ്യവസായ വളർച്ചാനിരക്ക് കുറഞ്ഞുപോകു

LIBRARY ARCHIVES Kerala Legislative Assembly

വാനിടയായ സാഹചര്യമുണ്ടായ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വ്യവസായമേഖലയിൽ വളർച്ചയും തകർച്ചയും ഉണ്ടായത്. ആ സാഹചര്യത്തിൽനിന്നും മാറ്റം വരുത്തിക്കൊണ്ട് കേരളത്തിന്റെ വ്യവസായമേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി 9 ശതമാനം വളർച്ചനിരക്ക് ലക്ഷ്യംവച്ചുകൊണ്ട് വ്യവസായരംഗത്ത് ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഗവൺമെന്റിനെയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുക. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വ്യവസായ നയം പ്രഖ്യാപിക്കുന്നത് ആ പശ്ചാത്തലത്തിലാണ്. കേരളത്തിലെ വ്യവസായ മേഖലകൾക്ക് 9 ശതമാനം വളർച്ചനിരക്ക് ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട സി.എഫ്. തോമസ് ഇവിടെ സൂചിപ്പിച്ചു. വളർച്ച നിരക്ക് ഉണ്ടാക്കണമെന്ന് പറഞ്ഞ് വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷം ബാക്കി എല്ലാ കാര്യങ്ങളും മാറ്റിവച്ച് ബഹുമാന്യയായ വ്യവസായ വകുപ്പുമന്ത്രിയും ഗവൺമെന്റും ഒക്കെ മാറി ഇരിക്കുകയാണ് എന്നുപറഞ്ഞത് രാഷ്ട്രീയ പ്രേരിതമാണ്. സത്യസന്ധമായി കാര്യങ്ങൾ പരിശോധിക്കുമ്പോൾ 3,250 കോടിരൂപ മുതൽമുടക്കും മൂന്നര ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻവേണ്ടിയുള്ള വലിയ കാഴ്ചപ്പാടോടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന വ്യവസായരംഗത്തുള്ള പ്രവർത്തനങ്ങൾ വളരെ സജീവമായി മുന്നോട്ടു കൊണ്ടുപോകുന്ന കാഴ്ചയാണ് ഓരോ മേഖലകളിലും കാണാൻ കഴിയുക.

യു.ഡി.എഫ്. ഭരിക്കുമ്പോൾ പൊതുമേഖലകളിലെ അവസ്ഥ എന്തായിരുന്നു? പൊതുമേഖലയെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലയിലെ മുഴുവൻ ആളുകളും വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന്റെ ആശങ്കയിലായിരുന്നു. ഇന്നും അവർ പറയുന്നുണ്ടല്ലോ വ്യവസായ മേഖലകളുടെ പേരിൽ വഴിയിൽ ഇറങ്ങി നടക്കുമ്പോഴുള്ള അവസ്ഥയെക്കുറിച്ച്. ഇന്നല്ല യു.ഡി.എഫ്. ഭരിക്കുന്ന സമയത്താണ് വ്യവസായശാലയുടെ മുമ്പിൽപ്പോയി നിൽക്കേണ്ട സാഹചര്യങ്ങൾ ഇല്ലായിരുന്നത്. അടച്ചുപൂട്ടിയിരുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. അടച്ചുപൂട്ടി ഇട്ടിരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ നിങ്ങൾ നീക്കിവച്ചിരുന്നത്, ഇത്രമാത്രം പൊതുമേഖലകളുടെ വികസനത്തിനുവേണ്ടി നീക്കിവച്ചത്, വർഷം തോറും 35 കോടിരൂപ ആയിരുന്നു എങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നപ്പോൾ 65 കോടിയാക്കി മാറ്റിയത് നിങ്ങൾ കാണണം. വ്യവസായരംഗത്തു മാറ്റങ്ങൾ ഉണ്ടാക്കുവാൻ വേണ്ടിയുള്ള ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഇതു പ്രകടമാക്കുന്നത്. പൊതുമേഖലയെ രക്ഷിക്കുവാൻവേണ്ടി ഗവൺമെന്റ് നടത്തിയ ശ്രമങ്ങളുടെ ഫലമായി പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കി മാറ്റാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നു പറഞ്ഞാൽ നിങ്ങൾക്ക് നിഷേധിക്കുവാൻ കഴിയുമോ? കഴിയുകയില്ല. നിങ്ങളുടെ കാലത്ത് നഷ്ടത്തിലായിരുന്ന വ്യവസായ സ്ഥാപനങ്ങളാണ് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാൻവേണ്ടിയുള്ള സാഹചര്യം ഉണ്ടാക്കിയത്. ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന മാറ്റങ്ങൾ: ചെറുകിട വ്യവസായ മേഖലയിൽ ഇന്ന് ഉണ്ടായിരിക്കുന്ന വളർച്ചാനിരക്ക് 17 ശതമാനമാക്കി ഉയർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. യു.ഡി.എഫിന്റെ കാലത്ത് 49,986 ലക്ഷം മൂലധന നിക്ഷേപം ഉണ്ടായിരുന്നതിൽ ഇന്ന് ഇത് 91,574 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ മുഴുവൻ മറച്ചുവച്ചുകൊണ്ട് കേരളത്തിലെ വ്യവസായ മേഖലകൾക്കുണ്ടായ പുരോഗതിയുടെ സാഹചര്യങ്ങൾ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

മറച്ചുവയ്ക്കുവാൻ ശ്രമങ്ങൾ നടത്തുമ്പോൾ യു.ഡി.എഫ്. കൊണ്ടുവരുന്നത് ഒരു പുതിയ വ്യവസായമാണ്. ഒരു പുതിയ വ്യവസായം ആരംഭിച്ചിരിക്കുകയാണ്: വർഗ്ഗീയ വ്യവസായം. കേരളത്തിൽ വർഗ്ഗീയ വ്യവസായം ആരംഭിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ യു.ഡി.എഫ്. ആരംഭിച്ചിരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഇന്നലെയും ഇന്നുമായി നിയമസഭയിൽ നമുക്ക് കാണാൻ കഴിഞ്ഞത്. ഇന്നലെ എന്തായിരുന്നു? ഹൈന്ദവ വികാരത്തിന്റെ പേരിൽ പെട്ടെന്ന് കിട്ടിയ ഒരു വിഷയവുമായി ബന്ധപ്പെട്ട് യു.ഡി.എഫ് ഉണ്ടാക്കിയത് വളരെ ബോധപൂർവ്വമായ ശ്രമമാണ്. ഇന്ന് നമ്മൾ കണ്ടു ക്രിസ്തീയ വികാരം. ബൈബിൾ നശിപ്പിച്ചു എന്നുള്ള വികാരം. നാളെ ഖുറാന്റെ പേരിലും വികാരം ഉണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾക്ക് യു.ഡി.എഫിനോട് ഒന്നേ ചോദിക്കുവാനുള്ളൂ. ഇത്രയും വലിയ മതസ്നേഹം എന്നാണ് യു.ഡി.എഫിന് ഉണ്ടായത്. എന്ന് മുതലാണ് ആരംഭിച്ചത്? അതറിയുവാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. മതസൗഹാർദ്ദത്തിന്റെ പേരിൽ കേരളത്തിൽ ഏറ്റവും കൂടുതൽ മാതൃകാപരമായ മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം നിലനിൽക്കുമ്പോൾ വർഗ്ഗീയമായ മുതലെടുപ്പിനുവേണ്ടി നടത്തുന്ന യു.ഡി.എഫിന്റെ ശ്രമങ്ങൾ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ഈ വർഗ്ഗീയ വ്യവസായം തുടങ്ങുവാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് യു.ഡി.എഫ്. ആരംഭിച്ചിരിക്കുന്നത്. സർ, കേരളത്തിൽ യു.ഡി.എഫ്. അധികാരത്തിൽ ഇരിക്കുന്ന സമയത്ത് വർഗ്ഗീയതയുടെ പേരിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എത്രയോ ആണ്. ആ പ്രശ്നങ്ങൾ മുഴുവൻ നിൽക്കുമ്പോൾ, ഇടതുപക്ഷജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ കേരളത്തിൽ ശാന്തമായ അന്തരീക്ഷം നിലനിർത്തുന്നുണ്ട്. എല്ലാ മതങ്ങളേയും ആദരിക്കുന്ന എല്ലാ മതങ്ങളേയും സ്നേഹിക്കുന്ന, എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യമുള്ള, മതസൗഹാർദ്ദത്തിന്റെ പുണ്യഭൂമിയായി കേരളത്തെ കാത്തുസൂക്ഷിക്കാനുള്ള മഹത്തായ മാതൃകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് കാഴ്ചവയ്ക്കുന്നത്. ആ പ്രവർത്തനങ്ങളെ കളങ്കപ്പെടുത്താൻ വേണ്ടിയുള്ള യു.ഡി.എഫ്. ശ്രമങ്ങളെ ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമെന്നുള്ളതുകൊണ്ട് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിന് ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകാൻ കഴിയും.

പ്രധാനപ്പെട്ട മൂന്നുമേഖലകളെക്കൂടി കേരളത്തിൽ വളർത്തിക്കൊണ്ടുവരാനുള്ള ശ്രമം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് നടത്തുകയാണ്. അതിൽ പ്രധാനമായും ഇൻഫർമേഷൻ ടെക്നോളജിയുടെ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തിയിട്ടുണ്ട്. 100 കോടി രൂപയുടെ മുതൽമുടക്കോടുകൂടി ആ രംഗത്തുണ്ടാക്കുന്ന മാറ്റങ്ങൾ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുകയാണ്. ഒരു നിർദ്ദേശം കൂടി പറയുകയാണ്. റബ്ബർ മേഖലയെ കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട്; റബ്ബർ കാർഷികമേഖലയുമായി ഉൾപ്പെടുത്തിക്കൊണ്ട് റബ്ബറധിഷ്ഠിത വ്യസായസ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ നടക്കുകയാണ്. അതിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. അതോടൊപ്പം തന്നെ ഈ ശ്രമങ്ങൾ കൂടുതൽ വിപുലീകരിക്കാനുള്ള സാഹചര്യങ്ങളുണ്ടാക്കണം. രാജ്യത്തിനാവശ്യമായിട്ടുള്ള റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് 95 ശതമാനവും കേരളത്തിലാണ്. കേരളത്തിൽ 95 ശതമാനം റബ്ബർ ഉൽപ്പാദിപ്പിക്കുമ്പോഴും ഇൻഡസ്ട്രിയൽ പർപ്പസിനുവേണ്ടി 15 ശതമാനം മാത്രമാണ് നമുക്ക് ഉപയോഗിക്കാൻ കഴിയുന്നത്. ബാക്കി ആവശ്യങ്ങൾക്കുവേണ്ടി റബ്ബറിന്റെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നത് നോർത്ത് ഇന്ത്യയിലും മദ്രാസ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിലുമാണ്. ഇത് കേരളത്തിൽ ആരംഭിക്കാൻ കഴിയുന്ന നിലയിൽ, 95 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറും കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ, ഇവിടെ തന്നെ ഉപയോഗിച്ചുകൊണ്ട് നമ്മുടെ വ്യവസായ മേഖലയെ പുഷ്ടിപ്പെടുത്താൻ, തൊഴിലവസരങ്ങൾ നൽകാൻ റബ്ബറിന് വിലയുണ്ടാക്കാൻ, കേരളത്തിന്റെ സമ്പദ്ഘടനയെ പുഷ്ടിപ്പെടുത്താൻ, അനുകൂലമായ സാഹചര്യങ്ങൾ നമുക്ക് നിൽക്കുകയാണ്. അതുകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകാനുള്ള കർമ്മപരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ വ്യവസായമേഖല, യു.ഡി.എഫ്.ന്റെ കാലത്ത് തകർത്തു നാമാവശേഷമാക്കിയ വ്യവസായ മേഖലയെ, പുനരുദ്ധരിക്കാനുള്ള, രക്ഷിക്കാനുള്ള, കൂട്ടായ പരിശ്രമങ്ങൾ ലക്ഷ്യബോധത്തോടുകൂടി നടത്തുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച കാലത്തുണ്ടായിരുന്നതിനേക്കാൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഇന്ന് വ്യവസായങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ഉദാരവൽക്കരണത്തെ സംബന്ധിച്ചാണ് സാധാരണ ചർച്ച നടക്കുന്നത്. എല്ലാ ബുദ്ധിമുട്ടിനും കാരണം ഉദാരവൽക്കരണമാണ് എന്നാണ്. ഉദാരവൽക്കരണത്തെ ഞാൻ അനുകൂലിക്കുന്ന ആളല്ല. പക്ഷേ ഉദാരവൽക്കരണത്തിനെ ഇവർക്ക് ഒരു കാലത്ത് ക്യാൻസൽ ചെയ്യാൻ കഴിയുമായിരുന്നു. ഗാട്ട് കരാറിന്റെ അവസാനഭാഗം, ഏതു രാജ്യത്തിനും എതിർപ്പുണ്ടെങ്കിൽ ആറുമാസം നോട്ടീസ് കൊടുത്ത് ഉദാരവൽക്കരണത്തെ ക്യാൻസൽ ചെയ്യാം. ഇവർക്ക് അന്നു ക്യാൻസൽ ചെയ്യാമായിരുന്നു. അതു ചെയ്തില്ല. അന്നത്തെ കാലത്ത് ശ്രീ. സുർജിത് സിംഗ് ഐക്യജനാധിപത്യമുന്നണിയുടെ നയപരിപാടികളെ എന്നും സ്വീകരിക്കുന്ന ആളായിരുന്നു. അന്നു ചെയ്തില്ല. ക്യാൻസൽ ചെയ്യാനും നോക്കിയില്ല. പിന്നെ എന്തു ചെയ്യണം? ഉദാരവൽക്കരണത്തിന്റെ നടപടി നിലനിൽക്കുമ്പോൾ അതിൽനിന്ന് എങ്ങനെ നേട്ടമുണ്ടാക്കാമെന്നാണ് നോക്കേണ്ടത്. ശ്രീ. ജ്യോതിബസു ചെയ്യുന്നത് അതാണ്. കേന്ദ്രഗവൺമെന്റ് ഉദാരവൽക്കരണം നടപ്പാക്കി. ഉദാരവൽക്കരണം കൊണ്ട് ഒരുപാട് ബുദ്ധിമുട്ടുണ്ട്. അരൂർ, ബാമർ ആന്റ് ലോറി എന്ന സ്ഥാപനമുണ്ട്. അതിന്നോ നാളെയോ അടച്ചുപൂട്ടും. അവിടെ കണ്ടെയിനറാണ് ഉണ്ടാക്കിക്കൊണ്ടിരുന്നത്. അവിടെ കണ്ടെയിനർ ഉണ്ടാക്കിക്കൊണ്ടിരുന്ന സമയത്ത് ചൈനീസ് കണ്ടെയിനർ നമ്മുടെ നാട്ടിൽ വന്നിറങ്ങി, കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ തുടങ്ങി. അങ്ങനെ വന്നപ്പോൾ അവിടെയുള്ള തൊഴിലാളികൾ പണിയില്ലാതെ വെറുതെ നിൽക്കുകയാണ്. ശമ്പളം മാത്രം നൽകുന്നു. ആനുകൂല്യങ്ങൾ ഒന്നുമില്ല. നാളെ അവിടെ ലേ ഓഫ് വരും. ലേ ഓഫ് വന്നുകൂടെന്നില്ല. ഞാൻ ഉദാരവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുകയോ അതിന്റെ നന്മ പറയുകയോ അല്ല. പക്ഷേ എങ്ങനെ ഉദാരവൽക്കരണത്തിൽനിന്ന് നേട്ടമുണ്ടാക്കാൻ കഴിയും? അതാണ് നോക്കേണ്ടത്. ശ്രീ. ജ്യോതിബസു പറയുന്നത്, 16,000 കോടി രൂപ അവർ ഇൻവെസ്റ്റു ചെയ്തുവെന്നാണ്. ശ്രീ. ചന്ദ്രബാബു നായിഡു എത്രയോ കോടി രൂപ അവിടെ ഇൻവെസ്റ്റ് ചെയ്തിരിക്കുകയാണ്. തമിഴ്നാടിന്റെ കാര്യമറിയാമല്ലോ. കേരളമുണ്ടായ കാലത്ത്, ഭാഷാ സംസ്ഥാനങ്ങൾ രൂപീകൃതമായ കാലത്ത് തമിഴ്നാടിന്റെ സ്ഥിതി എന്തായിരുന്നു? ഇന്ന് തമിഴ്നാട് എവിടെ നിൽക്കുന്നു? കർണ്ണാടകം ഇന്നെവിടെ നിൽക്കുന്നു?

ഒരു ഗവൺമെന്റിനെയും ഞാൻ കുറ്റപ്പെടുത്തുകയില്ല. കോൺഗ്രസ്സും പകുതി കാലം ഇൻഡ്യ ഭരിച്ചു, കമ്മ്യൂണിസ്റ്റു പാർട്ടിയും പകുതികാലം ഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കേരളത്തിന്റെ കാര്യമാണ് പറയുന്നത്. കേരളത്തിന് രാഷ്ട്രീയകാര്യം കൈകാര്യം ചെയ്യുകയെന്നുള്ളതല്ലാതെ മറ്റു സംഗതികളിലേയ്ക്ക് പോകാറില്ല. അധികാരം കയ്യിൽ കിട്ടണം. ബഡ്ജറ്റിൽ പണം കിട്ടണം. അതു കിട്ടിയാൽ നാമെന്താണു ചെയ്യേണ്ടത്? ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന പണം സർക്കാരിന്റെ നയപരിപാടിയനുസരിച്ച് എങ്ങനെ ചെലവാക്കി നന്മ ചെയ്യാൻ കഴിയുമെന്ന് നോക്കുമോ? അതിന് ഗവൺമെന്റിന് മറുപടി പറയാൻ കഴിയുമോ? അതാണോ അവർ ചെയ്യുന്നത്? വ്യവസായ വകുപ്പിന് അതു പറയാൻ കഴിയുമോ? അവർക്ക് പറയാൻ പറ്റില്ല. ഇവിടെ രാഷ്ട്രീയ അതിപ്രസരമാണ്. രാഷ്ട്രീയ അതിപ്രസരത്തിന്റെ പേരിൽ കേരളത്തിലെ ജനങ്ങളുടെ സാധാരണനിലയിലുള്ള പ്രശ്നങ്ങളെ കാണാതെ പോയി. അതാണിവിടെ ഉള്ളത്. വ്യവസായത്തിന്റെ തകർച്ചയും അതുകൊണ്ടാണ്. എത്രയോ ചെറുകിട വ്യവസായങ്ങളുണ്ടാക്കി എന്നു പറഞ്ഞതുകൊണ്ട് ഈ രാജ്യത്ത് വലിയ വ്യവസായങ്ങളുണ്ടായി എന്നാണോ പറയുന്നത്. അങ്ങനെ വ്യവസായവകുപ്പുമന്ത്രിപോലും പറയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതാണ് ഇന്നത്തെ സ്ഥിതി. കശുവണ്ടിവ്യവസായത്തിന്റെ കാര്യമെടുക്കാം. കശുവണ്ടിവ്യവസായം 80 ശതമാനവും കേരളത്തിലായിരുന്നു. ഇന്നിപ്പോൾ എത്രയുണ്ട്? ഇന്ന് കേരളത്തിൽ കശുവണ്ടിയുടെ ശതമാനം 33 ആണ്. കയർ, 100 ശതമാനവും നമ്മുടെയല്ലായിരുന്നോ? ഇന്ന് അത്രയുമുണ്ടോ? ഇന്നിപ്പോൾ എത്രയോ ചെറിയ മില്ലുകൾ, അവിടെയുള്ള റാട്ടുകളെല്ലാം തല്ലിപ്പൊട്ടിച്ച ശേഷം ആളുകളെക്കൊണ്ട് എങ്ങനെയെങ്കിലും പണി ചെയ്യിപ്പിക്കുകയാണ്. ഞാൻ വ്യവസായവകുപ്പു മന്ത്രിയായിരുന്ന കാലത്ത് ഇവരെക്കൊണ്ട് സമ്മതിപ്പിച്ചതാണ് ഏതെങ്കിലും രംഗത്ത് ചെറിയൊരു മെക്കനൈസേഷൻ വേണമെന്ന്. അങ്ങനെയാണ് അന്ന് റിപ്പോർട്ട് വന്നത്. ഇന്ന് കയർരംഗത്ത് നിങ്ങൾക്ക് മെക്കനൈസേഷൻകൊണ്ട് അവിടെയുള്ള പ്രശ്നം പരിഹരിക്കാൻ പറ്റുമോ? ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് കൂടുതൽ വരുമ്പോൾ അതു ചെയ്യാൻ പറ്റില്ല. ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് ഇന്നെന്താണ്? ഇന്ന് ഈ ചാർജ്ജ് വച്ച് നിങ്ങൾക്ക് കയർ പിരിക്കാൻ കഴിയുമോ? മെഷീന്റെ കാര്യത്തിലാണെങ്കിൽ എല്ലാം മോശമാണെന്നുള്ള കാര്യം അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് എന്തെങ്കിലും ഒരു കാര്യം വന്നാൽ അതിനെ ആകപ്പാടെ പ്രശ്നമുണ്ടെന്നു പറഞ്ഞ് പാർട്ടിക്കാരെ വിളിച്ച് അവർക്ക് സൊസൈറ്റി ഉണ്ടാക്കിക്കൊടുക്കുക, അല്ലെങ്കിൽ മറ്റു കാര്യങ്ങൾ കൊടുത്ത് ഗവൺമെന്റിന്റെ പൈസ മുഴുവൻ ചെലവാക്കുന്ന പ്രവണത! അതാണ് ഇന്നു കാണുന്നത്. അതാണിന്നു നടക്കുന്നത്. അല്ലാതെ കാര്യങ്ങൾ നടക്കുന്നില്ല. ഏതെങ്കിലുമൊരു വ്യവസായരംഗമെടുത്താൽ, അതിനെക്കുറിച്ച് ഇന്നത്തെ പരിതഃസ്ഥിതിയിൽ കൂടിയാലോചിച്ച് നടപടി എടുക്കണം. ഇലക്ട്രിസിറ്റിയുടെ ചാർജ്ജ്, മെഷീന്റെ കാര്യത്തിൽ നില നിൽക്കുന്നതായിട്ടുള്ള കുറ്റങ്ങൾ എന്നിവയെല്ലാം വച്ചുകൊണ്ട് ഗവൺമെന്റിന്റെ മുഴുവൻ പണവും, ഏതെങ്കിലും കമ്പനികൾക്ക് ഓർഡർ കിട്ടിക്കഴിഞ്ഞാൽ അതിനുവേണ്ടി പണം മുഴുവൻ, ചെലവാകത്തക്ക വിധത്തിൽ ആണ് കയർപിരി രംഗം വന്നിരിക്കുന്നത്. തൊണ്ടുതല്ലെല്ലാം തമിഴ്നാട്ടിൽപോയി. ചകിരി അവിടെനിന്നാണ് വരുന്നത്. ചകിരി വന്നാലോ, കയർ എടുക്കുന്നില്ല. കയർ കെട്ടിക്കിടക്കുകയാണ്. എന്നാൽ കയർമേഖല കുറേ സ്ഥലത്തു മെച്ചപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ടിട്ടില്ല എന്നു ഞാൻ പറയുന്നില്ല. അതെല്ലാം പ്രൈവറ്റ് വ്യക്തികൾ. മറ്റു വിധത്തിലുള്ള ശല്യങ്ങൾ അവരുടെയടുത്ത് ചെല്ലാത്തതുകൊണ്ട് അവർ എടുക്കുന്ന മേഖല കുറച്ചു മെച്ചപ്പെട്ടിട്ടുണ്ട്. പക്ഷേ അതു കയർ കൊണ്ടല്ല. ചണമാണ്. ചണം ബോർഡ് എന്താണ് ഇന്നു ചെയ്യുന്നത്, ചണം എവിടെ കയറ്റി അയ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുന്നു, എന്തിന് ഉപയോഗിക്കുന്നു എന്നുള്ള റിപ്പോർട്ട് അവർക്ക് കൊടുക്കണം. അങ്ങനെയുള്ള റിപ്പോർട്ട് കൊടുക്കാത്തതിന്റെ ഫലമായി, ശ്രീ. ജ്യോതി ബസു എന്താണ് ചെയ്തത്? ടാറ്റായെക്കൊണ്ട് ആയിരം കോടി രൂപ ആ രംഗത്തു മുടക്കി, നമ്മുടേതായിട്ടുള്ള വ്യവസായം അവർ കൊണ്ടുപോയി. അതാണ് നടന്നത്. ഇന്ന് ചണവ്യവസായരംഗത്ത് കുറച്ചു കാര്യങ്ങൾ നടക്കുന്നുണ്ട്, നടക്കാതിരിക്കുന്നില്ല. അതിന്റെ പ്രോഗ്രസ് കുറച്ചാളുകൾക്കുണ്ട്. പക്ഷേ ഇന്നും കയർമേഖല നിൽക്കുന്നത് ചെറുകിട വ്യവസായത്തിലാണ്. ഇന്ന് കടക്കരപ്പള്ളി പഞ്ചായത്തിൽ ചെന്നാലറിയാം ആയിരമെങ്കിലും ചെറുകിട ഫാക്ടറികളുണ്ട്. ലൈസൻസുള്ളതൊന്നുമല്ല. ആരും അറിഞ്ഞിട്ടുമില്ല. മന്ത്രിയുമറിഞ്ഞിട്ടില്ല. ഞാൻ അവിടത്തെ എം.എൽ.എ. ആണ്. ഞാൻ പോലും അറിഞ്ഞിട്ടില്ല. ആയിരം ചെറുകിട ഫാക്ടറികളുണ്ട്. പണിയില്ലാത്തതുകൊണ്ടും കക്കാൻ പോകാൻ കഴിയാഞ്ഞിട്ടും എന്തെങ്കിലും പണി ചെയ്തു ജീവിക്കുന്നതിനുവേണ്ടി ചെറിയ തടുക്കുകളും മറ്റുമുണ്ടാക്കിക്കൊടുക്കുന്നുണ്ട്. അങ്ങനെയുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ഇല്ലാത്തതുകൊണ്ട് അവ കേന്ദ്രീകരിച്ചു വിൽക്കുന്നതിനു സംവിധാനം നിങ്ങളുണ്ടാക്കുന്നതിനു വേണ്ടിയുള്ള സൊസൈറ്റികളുണ്ടാക്കാൻ, ചെറുകിട വ്യവസായികളെ ആകർഷിക്കുന്ന വിധത്തിലുള്ള ഫലപ്രദമായ നടപടികൾ നിങ്ങളെടുക്കുന്നില്ല. കയർരംഗത്തെ തൊഴിലാളികൾ കൂലി കിട്ടാതെ വിഷമിക്കുന്നു. കയർ പിരിക്കുന്നത് വിറ്റുപോകാതെ വരുന്നു. മുമ്പ് കയർഫെഡിന് സൊസൈറ്റിയുടെ കയർമാത്രം എടുക്കാൻ അംഗീകാരമുണ്ടായിരുന്ന കാലത്ത് കയർഫെഡിൽ സൊസൈറ്റികളിൽക്കൂടി മുതലാളിമാരുടെ കയറിന് റിബേറ്റ് കൊടുക്കുമായിരുന്നു. ആ വിധത്തിൽ ഏതു രംഗത്തു വന്നാലും നമ്മുടെ നാട്ടിൽ അഴിമതിയുണ്ട്. നമ്മുടെ വ്യവസായത്തിന്റെ പൊതുമേഖലയുടെ തകർച്ചയുടെ ഒരു വശം പരിശോധിച്ചാൽ അഴിമതിയിൽക്കൂടിയാണ് ആ തകർച്ചയുണ്ടാകുന്നത്. വ്യവസായത്തിന്റെ സ്ഥിതി എന്താണ്? ഹാൻടെക്സ് വച്ചുകൊണ്ട് പരമ്പരാഗതമായ ഈ ഹാൻഡ്ലൂം വ്യവസായം ശരിപ്പെടുത്താമെന്ന് ഇവർ വിചാരിക്കുന്നുണ്ടോ? കൊടുക്കുന്ന പൈസ മുഴുവൻ പുതിയ ഓപ്പണിംഗ് സെന്റേഴ്സ് ഉണ്ടാക്കുകയാണ്. അല്ലാതെ സാധനങ്ങൾ എടുക്കുന്നവർക്ക് കാശുകൊടുക്കാനല്ല. മുഴുവൻ സൊസൈറ്റിയും നശിപ്പിക്കുന്നു. ഈ വ്യവസായം എങ്ങനെയാണ്? കയർ, കശുവണ്ടി അതുപോലെതന്നെ ഹാൻഡ്ലൂം എന്നീ വ്യവസായങ്ങൾ എങ്ങനെയായിരിക്കണം, എങ്ങനെ നന്നാക്കണം, അതിലൊന്നും രാഷ്ട്രീയം വിചാരിച്ചിട്ട് കാര്യമില്ല. വ്യവസായത്തിൽ ജനങ്ങളുടെ താല്പര്യവും തൊഴിലും കൊടുക്കുന്നതിനുള്ള സംവിധാനം എങ്ങനെയുണ്ടാക്കാമെന്ന് നോക്കുകയാണ് വേണ്ടത്. സെറിക്കൾച്ചർ ആയിരത്തി നാനൂറ്റിച്ചിലാനമേ ഇതുവരെ വന്നുള്ളൂ എന്നാണ് പറഞ്ഞത്. അത് 5000 ആക്കാൻ പോകുന്നു. ശ്രീമതി സുശീലാഗോപാലൻ അറിഞ്ഞുകാണുമോ എന്ന് എനിക്കറിയില്ല, ഏതായാലും നമ്മുടെ അഡ്വക്കേറ്റ് ജനറലും ബാക്കിയുള്ളവരുമായി ഒരു പണി അവിടെ നടന്നു. 1989-ൽ പണി തുടങ്ങിയതാണ്. ആ സെറിക്കൾച്ചർ ഇന്നുവരെ വന്നില്ല. 1989-ൽ അത് ഖാദിബോർഡിന്റെ ഭാഗമായിരുന്നു. അങ്ങനെ തുടങ്ങിയതാണ്. അന്ന് ഖാദിബോർഡ് എടുത്ത ആളുകളെ ഉൾപ്പെടെ ഇതുവരെയുള്ള മുഴുവൻ ആളുകളേയും പിരിച്ചുവിടുന്നതിന് സി.ഐ.ടി.യു. ക്കാരെക്കൊണ്ട് ഹൈക്കോടതിയിൽ സ്വകാര്യമായി ഒരു അന്യായം കൊടുപ്പിച്ച്, ഇവിടെ അതിന് ഉപോൽബലകമായി പറഞ്ഞാൽകേൾക്കുന്ന ഏതോ ഒരു സെക്രട്ടറിയെക്കൊണ്ട് റിപ്പോർട്ടും വരുത്തിക്കൊടുത്ത്, മുഴുവൻ ആളുകളേയും പിരിച്ചുവിടാൻ

1.00 P.M.

LIBRARY ARCHIVES Kerala Legislative Assembly

ഓർഡറുണ്ടാക്കി. 5000 ആക്കാൻ പോകുന്നു എന്നാണ് പറയുന്നത്. ഈ ആളുകൾ ഇപ്പോൾ സുപ്രീം കോടതിയിൽ പോയി സ്റ്റേ വാങ്ങിയിരിക്കുകയാണ്. അതാണ് ഇപ്പോൾ നടന്നിരിക്കുന്നത്. ഇത് രാജ്യത്തിന്റെ താൽപ്പര്യമാണോ? തൊഴിലാളിതാൽപ്പര്യമാണോ? ഏതെങ്കിലുമാണോ? ഞാൻ പറയുന്നത് രാഷ്ട്രീയം ഭരണരംഗത്ത് വരുമ്പോഴെങ്കിലും മാറ്റി വയ്ക്കണം. ഭരണരംഗത്തെ തെറ്റും ശരിയും മനസ്സിലാക്കി ആരെന്നു നോക്കാതെ ഈ രാജ്യത്തിന്റെ ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിലേക്കുവരാൻ ഹരിശ്രീ പഠിക്കേണ്ടിയിരിക്കുന്നു. ഈ പുതിയ വ്യവസായം ഇവിടെ ശരിയായി എന്നുകണ്ടാൽ സന്തോഷിക്കണം. വലിയ വ്യവസായങ്ങൾ നടത്തുന്നതുസംബന്ധിച്ച് ഈ നാട്ടിലെ 27 പേർ വ്യവസായ വകുപ്പുമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തു, അതിന്റെ കോപ്പി എനിക്കും കിട്ടി. പണ്ട് ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ടാണ് തന്നത്. 27 വ്യവസായങ്ങളാണ് കൊടുത്തത്. അതിൽ ടി.സി.സി. യുണ്ട്. ഗവൺമെന്റിന്റെ കമ്പനിയുണ്ട്. പ്രൈവറ്റ് കമ്പനിയുണ്ട്, അലൂമിനിയം കമ്പനിയുണ്ട്, ചിങ്ങവനത്തെ ഫാക്ടറിയുണ്ട്, ടെൽക്ക് ഉണ്ട് മറ്റ് വളരെയധികം കമ്പനികളുണ്ട്. ഇവർ പറഞ്ഞിരിക്കുന്നതെന്താണ്? ഇന്നത്തെ നിലയിൽ ടി.സി.സി. കൊടുക്കേണ്ടിവരുന്ന അധിക ചാർജ്ജ് ഇവരൊക്കെ പറയുന്നതുപോലെയല്ല, ഒരുമാസം ആറുകോടി രൂപ എന്നാണ് അവർ പറഞ്ഞിരിക്കുന്നത്. അപ്പോൾ നഷ്ടത്തിലാണ്. അതിന്റെ ശരിയായ വിധത്തിലുള്ള ഒരു എക്സ്പാൻഷൻ നടത്താതെവന്നതിന്റെ പേരിൽ അന്നും ഇന്നും നഷ്ടത്തിൽ നടക്കുന്ന ഒരു കമ്പനിയാണ്, അത് അടച്ചുപൂട്ടിയില്ലേ? ഞാൻ ചോദിക്കുകയാണ്, എന്താണ് ഇവർ ചെയ്തത്? ഞങ്ങൾ ഇവരെ ഓരോരുത്തരെ വിളിച്ചു ചോദിച്ചു. വ്യവസായം നടത്താൻ പണമില്ലാതെ കടമെടുത്താൽ പലിശ കൊടുക്കണം. കൊടുക്കേണ്ടേ? പലിശ പിഴപ്പലിശയായി മാറും. സമയത്ത് പ്രവർത്തിക്കാതെ വന്നുവെങ്കിൽ വ്യവസായം ഇല്ലാതെവരും. അതാണ് ഇന്നത്തെ സ്ഥിതി. വൻകിട വ്യവസായങ്ങളുടെ സ്ഥിതി മുഴുവൻ ഇതാണ്. സിൽക്കിന്റെ വ്യവസായത്തിൽ ഇപ്പോൾ forgings - നെപ്പറ്റി പറയുന്നുണ്ട്. ബാക്കി നിങ്ങൾക്ക് ഹോർട്ടിക്കൾച്ചറുണ്ടോ? ജനറൽ എഞ്ചിനീയറിംഗ് ഉണ്ടോ? ഷിപ്പ്ബിൽഡിംഗ് ഉണ്ടോ? ഫാബ്രിക്കേഷൻ യൂണിറ്റുണ്ടോ? എന്താണ്? ചത്തതിലും മോശമായിട്ട് കിടക്കുകയാണിവിടെ. കെൽട്രോൺ യൂണിറ്റുകളോ? രണ്ടുകോടി രൂപ വിലവരുന്ന കൺട്രോൾസ് ഉണ്ടാക്കിയ സ്ഥാപനമാണ് ഇവിടുത്തെ കെൽട്രോൺ. ഇപ്പോൾ അവിടെ എന്താണ് നടക്കുന്നത്? അവിടെ ഒരു മെഷീൻ വച്ച് ഫാബ്രിക്കേഷൻ വർക്ക് നടത്തുകയാണ്. അതാണ് അവിടുത്തെ ജോലി; പിന്നെ എങ്ങനെ ലാഭമുണ്ടാക്കാനാണ്? അവിടെ വ്യവസായം നടക്കുന്നോ? എത്ര കാലമായി തുടങ്ങിയിട്ട്? കുറേക്കാലമായില്ലേ തുടങ്ങിയിട്ട്? മൂന്നു കൊല്ലമായില്ലേ ഭരിക്കാൻ തുടങ്ങിയിട്ട്? അന്നേ ഇതുതന്നെയല്ലേ സ്ഥിതി? ഇവിടുത്തെ കമ്പനികളിൽ എന്ത് ഉണ്ടാക്കി? വ്യവസായം പുനരുദ്ധരിക്കാൻ തൊഴിലാളികളേയും ബാക്കിയുള്ളവരേയും വിളിച്ചുകൂട്ടി അതിനാവശ്യമായ പണം..... ഇവിടെ ഏതോ കമ്പനിയുടെ കാര്യം പറഞ്ഞിരിക്കുന്നു, 15 കോടി രൂപ ലാഭമുണ്ടാക്കുന്നതാണെന്ന്. കെ.എം.എം.എൽ.നുമാത്രം ഒരു കൊല്ലം 55 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. അതാണ് ഞാൻ പറയുന്നത്, വ്യവസായം എങ്ങനെ നടക്കണം, ഏതുവിധത്തിൽ നടക്കണം. വലിയ വ്യവസായമായാലും ചെറിയ വ്യവസായമായാലും എങ്ങനെ നടക്കണം, അതിനുവേണ്ടിയുള്ള നടപടികളെടുക്കാൻ ഈ ഗവൺമെന്റിന് ഇന്നും അറിയില്ല. ഇവർക്ക് ആരെങ്കിലും സപ്പോർട്ട് കൊടുക്കാതിരിക്കുകയാണോ? ഇത് എല്ലാക്കാലത്തുമുണ്ട്. ഞാൻ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 1987 ഡിസംബറിൽ ഇൻഡസ്ട്രിയൽ പോളിസി പാർട്ടി ഓഫീസിൽ കൊടുത്തതാണ്. അത് ഒന്നരക്കൊല്ലം സി.ഐ.ടി.യു. ഓഫീസിൽ കിടന്നു. ബാക്കിയുള്ള സമയം മുഴുവൻ സെൻട്രൽ ഓഫീസിൽ കിടന്നു. ഞാൻ പോരുന്നതുവരെ കിട്ടിയില്ല. എന്നിട്ട് എനിക്കെതിരെ എഴുതാൻ പോയപ്പോൾ ഞാൻ ഈ കടലാസ് എടുത്തുകൊടുത്തതുകൊണ്ട് എഴുതിയില്ല. നിങ്ങൾ അന്ന് സ്റ്റേറ്റ് കമ്മിറ്റിയിൽ ഇല്ലായിരുന്നു, അതുകൊണ്ട് ഞാൻ അവിടെ നടന്നത് എന്താണെന്ന് പറയുകയാണ്. ഞാൻ പറഞ്ഞത് അവിടെ ആരോ ഇവിടെ ആരോ തമ്മിൽ തല്ലോ വഴക്കോ ലഹളയോ ഇതൊന്നുമല്ല, നമ്മുടെ സംസ്ഥാനത്തിന് മറ്റു തെക്കൻ സംസ്ഥാനങ്ങളുമായി കിടപിടിക്കത്തക്ക വിധത്തിൽ നിൽക്കണമെങ്കിൽ രണ്ടായിരാമാണ്ടിനുമുമ്പ്, 21-ാം നൂറ്റാണ്ടിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഈ നാട്ടിൽ 50,000 കോടി രൂപ മുടക്കണം. അൻപതിനായിരം കോടി രൂപ മുടക്കണമെങ്കിൽ സ്വകാര്യ മൂലധനം കൊണ്ടുവരണം. എങ്ങനെ വരണമെന്നുള്ളതിനെക്കുറിച്ച് വിഷമിക്കേണ്ട കാര്യമില്ല. കേന്ദ്രം ഒരു പോളിസിയെടുത്താൽ അത് ഇവിടെയും നടപ്പിലാക്കണം. ഇന്നത്തെ നിലയിൽ ഈ വ്യവസായ നയം പരാജയമാണ്, നടത്തിപ്പ് പരാജയമാണ്. ഇന്നത്തെ നിലയിൽ ഈ വ്യവസായ രംഗത്ത് നടത്തിയിരിക്കുന്നതായിട്ടുള്ള നടപടികളൊന്നും അനുകൂലിക്കത്തക്ക വിധത്തിലുള്ള നടപടികളല്ല. ഞാൻ അതിനെ എതിർക്കുകയാണ്. വ്യവസായ പുരോഗതിക്കനുകൂലമല്ല, കേരളത്തിന്റെ പുരോഗതിക്കനുകൂലമല്ല, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനനുകൂലമായിട്ടുള്ള നടപടികളല്ല ഇവിടെ ഉണ്ടായിരിക്കുന്നത്, ഇത് തിരുത്തണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. കേരളത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി ഇച്ഛാശക്തിയോടും യാഥാർത്ഥ്യബോധത്തോടും കൂടിയുള്ള ഒരു സമീപനമാണ് വ്യവസായ വകുപ്പ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. വ്യവസായ വികസനത്തിനു ഏറ്റവും പ്രധാനം വൈദ്യുതിയാണ്. വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ മറ്റെന്നത്തേക്കാളും കൂടുതൽ മുന്നേറ്റം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വ്യവസായ രംഗത്ത്, പൊതുമേഖലാ വ്യവസായത്തിന്റെ കാര്യത്തിലാണെങ്കിലും ഇടത്തരം ചെറുകിട വ്യവസായത്തിന്റെ കാര്യത്തിലാണെങ്കിലും പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിലുമെല്ലാം സർവ്വസ്പർശിയായ പുരോഗതിയിലേയ്ക്കുള്ള ഒരു ചുവടുവയ്പാണ് ഈ കാലയളവിൽ നടത്താൻ കഴിഞ്ഞിട്ടുള്ളത്. ഉദാരവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും അടിസ്ഥാനത്തിലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ കയറൂരിവിട്ടിട്ടാണെങ്കിൽ പോലും നമ്മൾ വ്യവസായത്തിന്റെ കാര്യത്തിൽ മുന്നോട്ട് പോകണമെന്നുള്ളതുതന്നെയാണ് എന്റെ അഭിപ്രായം. വിദേശ മൂലധനം ആകർഷിക്കുന്നതിനും, വ്യവസായ രംഗത്ത് വിദേശ മൂലധനം കൊണ്ടുവരുന്നതിനും നമ്മുടെ സംസ്ഥാന ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പരമാവധി ശ്രമം നടത്തിയിട്ടുണ്ടെന്നുള്ളത് അവരുടെ വിദേശയാത്രകളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് പ്രതിപക്ഷവും സമ്മതിച്ച ഒരു കാര്യമാണ്. സാമ്പത്തിക പരിഷ്കാര നടപടികൾ ഒരു രാജ്യത്തിന്റെ ഭദ്രതയെ തകർക്കാതെ എങ്ങനെ നടപ്പാക്കാമെന്ന് പല രാജ്യങ്ങളും തെളിയിച്ചിട്ടുള്ളതാണ്. ആ നിലയിലൊക്കെ മുന്നോട്ടു പോകാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. കഴിഞ്ഞ നാലരപതിറ്റാണ്ടുകാലം ഭരണം നടത്തിയ കോൺഗ്രസ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് ലഭിക്കാതെ പോയ കേന്ദ്രനിക്ഷേപം ഒരു ഇടവേളയിൽ പത്തുമാസം പതിനൊന്നുമാസമൊക്കെ ഭരണം കിട്ടിയ അവസരത്തിൽ ആ ഗവൺമെന്റുകൾ എന്തുകൊണ്ട് നിർവഹിച്ചില്ല എന്നുള്ള ചോദ്യമാണ് ഇവിടെ ഉയർന്നുവന്നത്. ആ ഒരു ചെറിയ കാലയളവിൽ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല എന്നുള്ളത് നമുക്കറിയാം.

വ്യവസായ വളർച്ചയ്ക്കുവേണ്ടി തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടണമെന്നുവരെ പ്രതിപക്ഷം ഇവിടെ പറയുകയുണ്ടായി. എത്ര അപകടകരമായ സാമൂഹിക പശ്ചാത്തലത്തിലേയ്ക്കാണ് ആ പോക്കെന്ന് നാം കാണണം. നമ്മുടെ രാജ്യത്ത് നമ്മുടേതായ ഒരു സംസ്കാര പശ്ചാത്തലമുണ്ട്. ഇവിടെ ഒറ്റപ്പെട്ട ചില സംഭവങ്ങളുയർത്തിക്കാണിച്ചുകൊണ്ട് തൊഴിൽമേഖലയിൽ നടക്കുന്ന ഒറ്റപ്പെട്ട പ്രശ്നങ്ങളുടെയടിസ്ഥാനത്തിൽ തൊഴിൽമേഖലയാകെ, നാടകളിൽ വരിഞ്ഞുമുറുക്കുന്ന തൊഴിലാളിസമരങ്ങളെയാകെ ചോരയിൽ മുക്കുന്ന, സമീപനത്തിലേയ്ക്ക് ഈ ഗവൺമെന്റ് പോകണമെന്നുള്ള നിലയിലാണ് ഇവിടെ ഒരു പരാമർശമുണ്ടായിട്ടുള്ളത്.

<u>ശ്രീ. പാലോട് രവി</u> : അത് ഇവിടെയുള്ള പരാമർശമല്ല. ഈ വ്യവസായനയത്തിനെതിരായി ചെങ്കൊടിയും പിടിച്ചുകൊണ്ട് പതിനായിരക്കണക്കിന് എ.ഐ.ടി.യു.സി. പ്രവർത്തകൻമാർ ഈ വ്യവസായനയം തൊഴിലാളിദ്രോഹ നയമാണെന്ന് പറഞ്ഞുകൊണ്ട് ഭരണകേന്ദ്രമായ സെക്രട്ടേറിയറ്റിന് മുന്നിൽ പ്രകടനം നടത്തിയിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. ഇത് ഞങ്ങൾ പറഞ്ഞതല്ല, അത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : വ്യവസായ നയത്തിനെതിരായിട്ടുള്ള ഒരു സമരമാണെന്നുള്ള നിലയിലല്ല, ചില വ്യവസായങ്ങളെ ബാധിക്കുന്ന ചില പ്രശ്നങ്ങളെ സംബന്ധിച്ചാണ് അവർ സമരം നടത്തിയത്. തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടണമെന്നാണ് ശ്രീ. മൊയീൻകുട്ടി പറഞ്ഞത്. തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടണമെന്നുള്ള വാദത്തോട് ശ്രീ. പാലോട് രവിയും യോജിക്കുന്നുണ്ടോ? കേരളത്തിന്റെ പശ്ചാത്തലം അതാണോ? ഒരു തൊഴിലാളി നേതാവായ ശ്രീ. പാലോട് രവിക്ക് ഇത് അംഗീകരിച്ചു പോകാൻ കഴിയുമോ? ഞാൻ അതാണ് സൂചിപ്പിച്ചത്.

ഇവിടെ വ്യവസായരംഗത്ത് നയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വ്യവസായ മുന്നേറ്റം മാത്രമല്ല നമുക്കുണ്ടാകേണ്ടത്. വ്യവസായനയത്തിൽ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ജനകീയാസൂത്രണ പദ്ധതികൾകൂടി നടപ്പിലാക്കുന്ന ഈ കാലയളവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായിട്ടുള്ള വളർച്ചാസമിതികളുണ്ടാക്കി പഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്താവുന്ന വ്യവസായങ്ങൾ പരമാവധി രൂപപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കാർഷികോൽപ്പന്നങ്ങൾ അസംസ്കൃത പദാർത്ഥങ്ങളായി വ്യവസായങ്ങൾക്കുപയോഗിക്കാനുള്ള സംവിധാനമുണ്ടാക്കണം. നമ്മുടെ മലയോര മേഖലയിൽ സ്പൈസസ് ഉപയോഗിച്ചുകൊണ്ടുള്ള, സുഗന്ധദ്രവ്യങ്ങളുപയോഗിച്ചുകൊണ്ടുള്ള, വ്യവസായങ്ങൾക്ക് അനന്തമായ സാദ്ധ്യതകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ വ്യവസായ വളർച്ചയ്ക്കുവേണ്ടി, വ്യവസായത്തിന്റെ വികസനത്തിന് നയങ്ങളിൽ മാത്രം കറങ്ങിത്തിരിയാതെ, മലയോര മേഖലയുടെ സാദ്ധ്യതകൾ കൂടി കാണാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, വ്യവസായ വകുപ്പിന്റെ വികസനത്തിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഫലമായും, മൂലധന നിക്ഷേപത്തിന്റെ കുറവുകൊണ്ടും വൈദ്യുതി ചാർജ്ജിന്റെ വർദ്ധനവ് കൊണ്ടുമെല്ലാം കേരളത്തിന്റെ വ്യവസായ മേഖല, പരമ്പരാഗത വ്യവസായമുൾപ്പെടെയുള്ള വ്യവസായ മേഖല, കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. ഈ പ്രതിസന്ധിയിൽ നിന്നും കേരളത്തിന്റെ വ്യാവസായികമേഖലയെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കേണ്ട മേഖലയാണ് വ്യവസായമേഖല. കേരളത്തിന്റെ റവന്യൂ വരുമാനം സെയിൽസ് ടാക്സായാലും എക്സൈസ് നികുതിയായാലും ഖജനാവിലേയ്ക്ക് പണം വർദ്ധിക്കണമെങ്കിൽ വ്യാവസായിക, വളർച്ച കൈവരിക്കണം. ഇപ്പോൾ വില്പന നികുതിയും എക്സൈസ് നികുതിയും കുറയുന്നുവെന്നതിന്റെ സൂചനതന്നെ വ്യാവസായിക രംഗത്ത് നാം പുറകോട്ട് പോകുന്നുവെന്നുള്ളതാണ്. ആഗോളവൽക്കരണത്തിന്റെ ഫലമായി നമ്മുടെ വ്യവസായ സ്ഥാപനങ്ങൾക്ക് ഇന്ന് മൽസരിക്കാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷമുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായാലും, സ്വകാര്യമേഖലകൾക്കായാലും വമ്പിച്ച മുതൽമുടക്ക് നടത്തേണ്ടതായിട്ടുണ്ട്; ആധുനികവൽക്കരിക്കേണ്ടതായിട്ടുണ്ട്. ആ രംഗത്താണ് വളരെയധികം മുതൽമുടക്ക് ആവശ്യമായിട്ടുള്ളത്. കഴിഞ്ഞ അസംബ്ലിയിലും പ്രത്യേകം ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ പ്ലാൻ ബഡ്ജറ്റിന്റെ 20 ശതമാനം നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇപ്പോഴും നമുക്ക് ഏഴ് ശതമാനത്തിൽ താഴെ മാത്രമാണ് നീക്കിവയ്ക്കാൻ കഴിയുന്നത്. ഞാൻ നാലാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലെ അംഗമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ വ്യവസായ വികസനത്തിൽ ഗവൺമെന്റ് അനുവദിച്ചതിനെക്കാൾ 149 കോടി രൂപ അധികം ഉണ്ടെങ്കിൽ മാത്രമേ ഈ വ്യവസായത്തെ പിടിച്ചുനിർത്താൻ പറ്റുകയുള്ളൂ എന്നുള്ളതാണ് വസ്തുത. ഇന്ന് യഥാർത്ഥത്തിൽ കേരളത്തിലെ വ്യവസായസ്ഥാപനങ്ങൾ ധനകാര്യവകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും ഇടയിൽകിടന്ന് ശ്വാസം മുട്ടുകയാണ്. വൈദ്യുതിചാർജ്ജ് വർദ്ധനവ് കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ഒരിക്കലും താങ്ങാനാവുന്നതല്ല. വൈദ്യുതിചാർജ്ജ് വർദ്ധനവ് നടപ്പിലാക്കിയാൽ ഈ വ്യവസായങ്ങൾ എല്ലാം അടച്ചുപൂട്ടേണ്ടിവരുമെന്നാണ് സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്ത ഈ സംസ്ഥാനത്തിലെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികൾ പറഞ്ഞത്. എനിക്ക് ബഹു. വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, വൈദ്യുതി വകുപ്പ് ചാർജ്ജ് വർദ്ധിപ്പിച്ചുവെങ്കിൽ സംസ്ഥാന വ്യവസായ വകുപ്പ് കേരളത്തിലെ വ്യവസായങ്ങൾക്ക് 50% സബ്സിഡി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ പണം വ്യവസായ വകുപ്പ് കൂടുതലായി നീക്കിവയ്ക്കണം. അതുപോലെതന്നെ പദ്ധതിവിഹിതത്തിന്റെ 20% ഈ സംസ്ഥാനത്തെ വ്യവസായ വകുപ്പിനുവേണ്ടി മാറ്റിവയ്ക്കാൻ തയ്യാറാകണം.

കേരളത്തെ വ്യവസായവൽക്കരിക്കുക എന്നുള്ളതാണ് കേരള ഗവൺമെന്റിന്റെ അജണ്ടയിലെ ഒന്നാമത്തെയിനം എന്നുള്ള നിലയ്ക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഇച്ഛാശക്തിയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനവും ഉണ്ടാകണം. ഈ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായിട്ടുള്ള ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി., മറ്റ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയുള്ള സ്ഥാപനങ്ങളൊന്നുംതന്നെ കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിൽനിന്നും അവർക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കുന്നില്ല. അവരും കേരളത്തിനു വെളിയിൽനിന്നും വാങ്ങിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ തീരുമാനം എടുക്കണം. അത് ലംഘിക്കുന്ന വകുപ്പുമേധാവികളുടേയും മറ്റ് ഉദ്യോഗസ്ഥൻമാരുടേയും പേരിൽ ശക്തമായ നടപടി എടുക്കാൻ ഗവൺമെന്റിന് കഴിയണം. അത്തരത്തിൽ ഈ മേഖലയെ സംരക്ഷിക്കാൻ കഴിയണം.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് കയർ മേഖല. ആ കയർ മേഖലയിലെ സഹകരണ മേഖല ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഉൽപ്പാദനച്ചെലവിനനുസൃതമായി വില ലഭിക്കുന്നില്ല. കയർ സൊസൈറ്റികളെ രക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം.

കൊല്ലം ജില്ലയിലും ആലപ്പുഴ ജില്ലയിലെ എന്റെ മണ്ഡലത്തിലെ ആറാട്ടുപുഴയിലെ തീരപ്രദേശങ്ങളിലും സുലഭമായി ലഭിക്കുന്നതാണ് ഇൽമനൈറ്റും മോണോസൈറ്റും. ഇപ്പോൾ ഓരോ വർഷവും 50,000 ടൺ മുതൽ ഒന്നരലക്ഷം ടൺവരെ ഇൽമനൈറ്റും മോണോസൈറ്റും കയറ്റിയയ്ക്കുകയാണ്. ഏറ്റവും ലാഭകരമായ നിലയിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാൻ കഴിയുന്ന അമൂല്യമായ സമ്പത്താണ് ഇൽമനൈറ്റും മോണോസൈറ്റും. അത് ഉപയോഗിച്ചുകൊണ്ട് വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാൻ കഴിയുന്ന വ്യവസായങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മുൻഗണന കൊടുക്കണം. എന്റെ മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ 400 കോടി രൂപ മുതൽമുടക്കി ഐ.ആർ.ഇ. യുടെയും കെ.എസ്.ഐ.ഡി.സി. യുടെയും സംയുക്ത സംരംഭം എന്ന നിലയ്ക്ക് സി.എം.ആർ.ഐ. ഒരു പ്രോജക്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ പ്രോജക്ടിന് അംഗീകാരം കൊടുത്തുകൊണ്ട് ഈ സംസ്ഥാനത്ത് വ്യവസായവൽക്കരണ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. വി.സി. കബീർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വ്യാവസായികരംഗത്ത് ഇന്ന് എല്ലാ നിലയിലും ശാന്തിയും പുരോഗതിയും നിലനിൽക്കുകയാണ്. അത് കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ് ബഹു. സി.എഫ്. തോമസിനെപ്പോലുള്ള സുഹൃത്തുക്കൾ. കണ്ണടച്ച് ഇരുട്ടാക്കുകയാണ്. പരിപൂർണ്ണ ശാന്തിയും സമാധാനവും വ്യവസായരംഗത്ത് നിലനിൽക്കുകയാണ്. പീഡിതവ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി 65 കോടി ഉറുപ്പിക ഈ ഗവൺമെന്റിന് നീക്കിവച്ചിട്ടുള്ളതുതന്നെ വ്യവസായരംഗത്തെ താൽപ്പര്യമാണ് സൂചിപ്പിക്കുന്നത്. ചെറുകിട വ്യവസായരംഗത്ത് മൂന്നുവർഷം കൊണ്ട് 48,820 സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് പറയുമ്പോൾത്തന്നെ ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാനുള്ള ഗവൺമെന്റിന്റെ താല്പര്യം വ്യക്തമാകുന്നുണ്ട്. ഒരു കുതിച്ചുചാട്ടമാണ് ചെറുകിടവ്യവസായരംഗത്ത് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കയർ വ്യവസായ സഹകരണരംഗത്ത് പ്രൊഫ. എ.വി. താമരാക്ഷൻ സൂചിപ്പിച്ചതുപോലെ കുറവുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും അവിടെ കാണിച്ച ശുഷ്കാന്തി പ്രശംസയർഹിക്കുന്നു. കയർരംഗത്ത് ബഹു. മന്ത്രിയും വകുപ്പും കാണിച്ച ശുഷ്കാന്തിയെ ഞാൻ അഭിനന്ദിക്കുന്നു. ആ രംഗത്ത് കഴിഞ്ഞ വർഷം 42 കോടി ഉറുപ്പിക ചെലവഴിച്ചു എന്നു പറയുമ്പോൾത്തന്നെ ആ പട്ടിണിപ്പാവങ്ങളെ സഹായിക്കാനുള്ള ഗവൺമെന്റിന്റെ താല്പര്യം വ്യക്തമാകുന്നുണ്ട്. കയറിന് റിബേറ്റ് അനുവദിച്ചു. കെട്ടിക്കിടക്കുന്ന കയർ വാങ്ങുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. അത് പ്രശംസയർഹിക്കുന്നതുതന്നെയാണ്. അതുകൊണ്ടാണ് നിങ്ങൾ ഇതൊന്നും കാണുന്നില്ല എന്നു ഞാൻ സൂചിപ്പിച്ചത്. കൈത്തറിത്തൊഴിലാളികൾക്ക് സംതൃപ്തിയുണ്ട്. കൈത്തറിത്തൊഴിലാളികൾക്ക് റിബേറ്റ് കുടിശ്ശികയിനത്തിൽ കഴിഞ്ഞ ഗവൺമെന്റ് ബാക്കിവച്ചതുപോലും ഈ ഗവൺമെന്റ് കൊടുത്തുതീർത്തിരിക്കുന്നു. 122.66 കോടി രൂപ കൈത്തറിത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കൊടുത്തിട്ടുണ്ട്.

വൈദ്യുതിയുടെ കാര്യത്തിൽ നമ്മൾ സംതൃപ്തരായി വരികയാണ്. വൈദ്യുതിചാർജ്ജ് അടുത്തകാലത്ത് വർദ്ധിപ്പിച്ചത് ജനങ്ങളുടെയിടയിൽ അമർഷം ഉണ്ടാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും വ്യാവസായികരംഗത്ത് ഭയപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ തൃശ്ശൂർ അത്താണിയിലെ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്ന വ്യവസായ സ്ഥാപനവുമായി ഇക്കാര്യം സംസാരിച്ചപ്പോൾ, അവിടെ ഓരോ മാസവും എട്ടര ലക്ഷം രൂപയുടെ വൈദ്യുതി ചാർജ്ജാണ് കൊടുത്തുകൊണ്ടിരുന്നതെന്നും പുതിയ നിരക്കനുസരിച്ച് പതിനാറര ലക്ഷം രൂപ വൈദ്യുതിചാർജ്ജിനത്തിൽ കൊടുക്കണമെന്നും പറയുകയുണ്ടായി. ഇങ്ങനെ പോയാൽ നമ്മുടെ വ്യവസായസ്ഥാപനങ്ങൾ പൂട്ടേണ്ടിവരും. അതുകൊണ്ട് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിച്ചത് ഇത്രയും വേണോയെന്ന് ആലോചിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ വ്യവസായ വകുപ്പ് അത്തരം വ്യവസായങ്ങൾ നിലനിറുത്താൻവേണ്ടി സബ്സിഡി പ്രഖ്യാപിക്കുകയെങ്കിലും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ മൂന്നുവർഷംകൊണ്ട് വ്യവസായരംഗത്ത് കുതിച്ചുചാട്ടത്തിന് നേതൃത്വം കൊടുത്തിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയേയും മന്ത്രിയോടൊപ്പമുള്ള സ്റ്റാഫിനേയും അഭിനന്ദിക്കാതിരിക്കാൻ വയ്യ. കാരണം പല വകുപ്പിലും ചർച്ചകൾ നടന്നപ്പോൾ ഉദ്യോഗസ്ഥൻമാരുടെ ഗാലറിയിൽ എണ്ണം വളരെ കുറവായിരുന്നു. ആഭ്യന്തര വകുപ്പിന്റെ ചർച്ചകൾ നടന്നപ്പോഴും പൊതുഭരണത്തിന്റെ ചർച്ചകൾ നടത്തുമ്പോഴും ഉദ്യോഗസ്ഥൻമാർ ഇവിടെവന്ന് മുഖം കാണിക്കാൻപോലും താല്പര്യം കാണിച്ചിരുന്നില്ല. എന്നാൽ വ്യവസായവകുപ്പിനെ ഞാൻ അക്കാര്യത്തിൽ അഭിനന്ദിക്കുന്നു. വ്യവസായവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരെല്ലാം ഇവിടെ വന്നിട്ടുണ്ട്. അതുതന്നെ നല്ലൊരു ലക്ഷണമാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. എല്ലാ ആളുകളും വളരെ ഗൗരവബുദ്ധിയോടുകൂടി കണക്കാക്കേണ്ട ഒരു വിഷയമാണ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം ഏത് രാജ്യങ്ങളെപ്പോലെയും വ്യാവസായിക പുരോഗതിയാണ്. നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണ്. കാർഷിക സമ്പദ്ഘടന വിപുലപ്പെടുത്തി വികസിപ്പിച്ചെടുത്തതിനു ശേഷമല്ലാതെ നമുക്ക് വ്യാവസായിക പുരോഗതി കൈവരിക്കാൻ കഴിയുകയില്ല എന്ന് എല്ലാപേർക്കും അറിയാം. പക്ഷേ നിർഭാഗ്യവശാൽ, നമ്മുടെ രാജ്യം സ്വാതന്ത്ര്യം കിട്ടിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയിലെ സമ്പദ്ഘടനയെ പൊതുവായി ഉപയോഗിച്ചുകൊണ്ട് വളർച്ചയുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക വികസനം കൈവരിക്കാനുള്ള സംരംഭം വളരെ അശ്രദ്ധയോടുകൂടി മുന്നോട്ടുകൊണ്ടു പോയിട്ടുള്ളതാണ് ഒരു പശ്ചാത്തലം. അതുകൊണ്ടാണ്. ഇന്ന് നമ്മുടെ ഇൻഡ്യയെ ദരിദ്രരാജ്യം എന്നു പറയുന്നത്. എന്തുതന്നെയാലും അതാതു ഗവൺമെന്റുകളുടെ സ്വഭാവത്തിനനുസരിച്ച് എടുക്കുന്ന സാമ്പത്തിക നടപടികളുടെ ഫലമായിട്ടാണ് ആ ദൗർബല്യം ഇന്ന് നാം നേരിടുന്നത്. കോൺഗ്രസ് ഭരണകാലത്ത് അവർ അനുവർത്തിച്ചിട്ടുള്ള സാമ്പത്തിക നയം, പ്രത്യേകിച്ചും തുടക്കത്തിൽ നെഹ്റു ഗവൺമെന്റ് അനുവർത്തിച്ചിട്ടുള്ള സമ്മിശ്രിത സമ്പദ്ഘടന, പൊതുമേഖലയേയും സ്വകാര്യമേഖലയേയും ഒരുമിച്ചുകൊണ്ടു പോകാനുള്ള നയമായിരുന്നു. അതുമാറി ഈ അടുത്തകാലത്ത് കോൺഗ്രസ്സ് സ്വീകരിച്ചത് പൊതുമേഖലയുടെ വളർച്ച മുരടിപ്പിക്കാനും അതിനുശേഷം സ്വകാര്യമേഖലയെ വളർത്തിക്കൊണ്ടുവരാനും ഉതകുന്ന തരത്തിലുള്ള സാമ്പത്തിക നയവും, അവസാനകാലത്ത് എടുത്തിട്ടുള്ള പുത്തൻ സാമ്പത്തിക നയവും ഉദാരവൽക്കണവുമൊക്കെയാണ്. അതിന്റെയൊക്കെ തിക്തഫലങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി നാം അനുഭവിക്കുകയാണ്. അതിനുള്ളിൽനിന്നുകൊണ്ട് കേരളത്തിനുമാത്രം ഒരു വ്യാവസായിക വളർച്ച കൈവരിക്കാൻ സാധിക്കുമോ? കേരളത്തിൽ മാത്രമോ അല്ലെങ്കിൽ പശ്ചിമബംഗാളിൽ മാത്രമോ അങ്ങനെയൊരു പുരോഗതി കൈവരിക്കാൻ കഴിയുകയില്ല. ഇത് ഇൻഡ്യയുടെ ഭാഗമായ എല്ലാ സംസ്ഥാനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കും. എന്നാൽ കേരളം അതിൽനിന്നും വ്യത്യസ്തമാണ്. കഴിഞ്ഞ മൂന്നു കൊല്ല കാലങ്ങളായി നമ്മുടെ രാജ്യത്ത്, വ്യാവസായികരംഗത്ത് നാം നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ വളരെ വലുതാകുമായിരുന്നു. ആ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് വളരെ ഗൗരവതരമായ കാഴ്ചപ്പാടോടുകൂടി ആസൂത്രണം ചെയ്തതുകൊണ്ട്, വ്യാവസായികരംഗത്ത് ബോധപൂർവ്വമായ നയങ്ങളും നടപടികളും എടുത്തുകൊണ്ടാണ് ഇന്ന് നമ്മുടെ സംസ്ഥാനം പിടിച്ചു നിൽക്കുന്നത്. ആ രീതിയിലുള്ള നയമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിന്റെ ഫലമായി നമ്മുടെ രാജ്യത്തെ ചെറുകിടവ്യവസായങ്ങൾ, വൻകിട വ്യവസായങ്ങൾ, പീഡിത വ്യവസായങ്ങൾ, സജീവ വ്യവസായങ്ങൾ, മരിച്ചു പോയ വ്യവസായങ്ങൾ എല്ലാം തന്നെ, ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ശരിക്കും ഫലപ്രദമായി കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടികൾ കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി വളരെ ശ്രദ്ധയോടുകൂടി എടുക്കുന്നതുകൊണ്ടാണ് നാമിപ്പോൾ ഒരുവിധം പിടിച്ചുനിൽക്കുന്നത്. വ്യാവസായിക രംഗത്തുള്ള ഈ മാറ്റങ്ങൾ വളരെ ഗൗരവബുദ്ധിയോടുകൂടി വിലയിരുത്തേണ്ടതാണ്. ഈ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന ഈ ഗവൺമെന്റിനെ അനുമോദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വ്യവസായ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ സർക്കാരിന്റെ വ്യവസായ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയ്ക്കു മുമ്പായിട്ട് ഇവിടെ നടക്കുന്ന ചില വ്യവസായങ്ങളെക്കുറിച്ച് പരാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നിയന്ത്രണത്തിൽ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്ന വർഗ്ഗീയ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. രണ്ടുമൂന്നു ദിവസത്തെ പ്രതിപക്ഷത്തിന്റെ ഭാഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നും കണ്ട ചില കാര്യങ്ങൾ മനസ്സിലാക്കി അനുഭവിച്ചപ്പോൾ ഉണ്ടായ വിഷമംകൊണ്ട് പറയാൻ നിർബന്ധിതമായതാണ്. അങ്ങനെ ഒരു വർഗ്ഗീയ വികസന കോർപ്പറേഷൻ സ്ഥാപിച്ചിട്ട് അതുകൊണ്ട് ലാഭം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ഒരു സമീപനം, അതിന്റെ പ്രവർത്തകർക്കും രാജ്യത്തിനും മൊത്തത്തിൽ നഷ്ടമായിട്ടേ കലാശിക്കുകയുള്ളൂവെന്നുള്ള കാര്യം ദയവുചെയ്ത് ഓർക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാവരും പറയാറുള്ളതുപോലെ വളരെ വ്യതിരിക്തമായ ഒരു സാംസ്കാരിക തനിമയുണ്ട്. അത് സാമുദായിക സൗഹാർദ്ദത്തിൽ ഊന്നിയിട്ടുള്ളതുതന്നെയാണ്. അങ്ങനെയുള്ള സംസ്കാരത്തെ വെല്ലുവിളിച്ചുകൊണ്ട് താൽക്കാലികമായ ഒരു തെരഞ്ഞെടുപ്പിലോ മറ്റോ ഒന്നോ അരമുറിയോ സീറ്റ് കിട്ടാൻ വേണ്ടി സമുദായത്തിൽ ഭിന്നിപ്പ് ഉണ്ടാകത്തക്ക രീതിയിലുള്ള വർഗ്ഗീയ പ്രീണനത്തിന്, ചൂഷണത്തിന് ഒരുങ്ങുകയാണെങ്കിൽ ആ ചൂഷണം അപകടം ചെയ്യും എന്നുള്ളതിന് യാതൊരു തർക്കവുമില്ല. ഇന്നലെ ഹിന്ദു മതത്തെ പിടിച്ചുകൊണ്ട്, ശ്രീ. ജി. സുധാകരന്റെ പ്രസംഗത്തിൽവന്ന അനാവശ്യമായ പദപ്രയോഗത്തെ പർവ്വതീകരിച്ചുകൊണ്ട് ആഭാസകരമായ രീതിയിൽ പ്രതിപക്ഷം പെരുമാറി. അങ്കമാലിയിൽ ആശുപത്രിക്കുനേരെ നടന്നത് അപലപനീയവും മനുഷ്യത്വരഹിതവുമായ സംഭവമാണ്. പക്ഷേ അതിന്റെ അന്തസത്തയെ ചോർത്തിക്കളഞ്ഞുകൊണ്ട് അത്തരം പെരുമാറ്റങ്ങളോട് സാമൂഹ്യവിരുദ്ധരായിട്ടുള്ള ആളുകൾ പ്രവർത്തിക്കുന്നതിനെ ശക്തമായി എതിർത്ത് പ്രതിരോധിക്കുന്നതിനുപകരം ആ സന്ദർഭത്തെ ഒരു രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സാമുദായിക വർഗ്ഗീയ വികാരം ഉണർത്താനാണ് അടിയന്തിര പ്രമേയം അവതരിപ്പിച്ച ശ്രീ. ജോയി മുതലായവർ ശ്രമിച്ചത്. ശ്രീ. നാരായണക്കുറുപ്പ്, ശ്രീ. ടി.എം. ജേക്കബ് അങ്ങനെ ഏറെക്കുറെ ആളുകൾ അനുകൂലിച്ച മട്ടിലാണ്. ഇത് വളരെ അപകടം പിടിച്ചതാണ്. നാളെ തീർച്ചയായിട്ടും ഒരു ഇസ്ലാം വിഷയം ഇവർ കണ്ടുപിടിക്കും.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ബി. വിജയകുമാർ</u> : അങ്ങയുടെ പാർട്ടി കഴിഞ്ഞ ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് ഇറാൻ-ഇറാക്ക് യുദ്ധം ഉണ്ടായപ്പോൾ സദ്ദാം ഹുസൈനെ എവിടെ നിന്ന് പൊക്കിക്കൊണ്ടു വന്നുവെന്ന് അങ്ങേയ്ക്ക് അറിയുമോ? അന്ന് സദ്ദാം ഹുസൈന്റെ പേരിൽ വോട്ടു പിടിച്ചത് അങ്ങ് മറന്നു പോയോ?

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സദ്ദാം ഹുസൈൻ ഇപ്പോൾ ഒരു പ്രശ്നമാണെങ്കിൽ അതും നമുക്ക് ചർച്ച ചെയ്യാം. അതിനുള്ള സമയം കിട്ടിയാൽ മതി. ഇന്നും സദ്ദാംഹുസൈനു നേരെയും ആ സംസ്കാരസമ്പന്നമായ രാജ്യത്തിനു നേരെയും അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന ആക്രമണത്തെ ലോകത്തിലെ നല്ല മനുഷ്യർ മുഴുവൻ അപലപിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് ഇവിടെ പറഞ്ഞല്ലോ, പ്രതിപക്ഷം എടുത്ത നിലപാടിനും പ്രതിപക്ഷത്തിന്റെ വാചകങ്ങൾക്കിടയിലെ വാക്കുകളുമാണ് അങ്ങ് ഇവിടെ വിമർശനത്തിന് വിധേയമാകുന്നതെന്ന്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഉണ്ടല്ലോ. ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ കയറി തല്ലിയത് തെറ്റല്ലേ? തല്ലിയതിന്റെ ബാക്കി മാത്രമല്ലേ ഞങ്ങൾ ഇവിടെ അസംബ്ലിയിൽ പറയുന്നത്. അതാണ് പ്രധാനപ്രശ്നം. അത് പറയാൻ കഴിയില്ലന്നാണോ പറയുന്നത്?

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : ഈ കാര്യം വളരെ കാര്യഗൗരവത്തോടുകൂടി ചർച്ച ചെയ്യാൻ സമയമില്ലാത്തതുകൊണ്ട് മുതിരുന്നില്ല. ഈ

പ്രവണത ഓരോ കാലഘട്ടത്തിലും ഇവിടുത്തെ ജനാധിപത്യത്തിന് കോട്ടം വരുത്തിയിട്ടുള്ള ചരിത്രം വേറെയുണ്ട്. 1959-ൽ നമ്മുടെ പ്രതിപക്ഷ നേതാവ് രാഷ്ട്രീയമായിട്ട് വളർന്നു വരുകയായിരുന്നു. അന്നു നടത്തിയ വിമോചന സമരം. വർഗ്ഗീയതയുടെ അരങ്ങേറ്റമായിരുന്നു അന്ന് നടന്നത്. ജനാധിപത്യത്തിൽ നമ്മൾ പാലിക്കേണ്ട ചില മര്യാദകളുണ്ട്. ജനാധിപത്യത്തിന്റെ അന്തസത്ത കാത്തു സൂക്ഷിക്കത്തക്കവണ്ണമുള്ള ഒരു സമീപനമാണത്. ജനാധിപത്യത്തിന്റെ അന്തസത്ത സൂക്ഷിക്കാൻ പരാജയപ്പെട്ടതിന്റെ ഫലമായിട്ടാണ് ഇവിടെ വർഗ്ഗീയ ഫാസിസം വളർന്നു വരുന്നതെന്ന സത്യം ഇനിയുമെങ്കിലും നമ്മൾ ബോദ്ധ്യപ്പെടേണ്ടതാണ്. അതുകൊണ്ട് ഏതായാലും ഇത്തരം വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കരുത്. എന്താണ് യഥാർത്ഥമായ വ്യവസായം നാടിന് ആവശ്യമെന്ന് മനസ്സിലാക്കണം.

കഴിഞ്ഞ മൂന്നു കൊല്ലക്കാലമായിട്ട് ഇന്നത്തെ സർക്കാർ വളരെയേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ട്, ആ സാഹചര്യത്തിനെതിരായി നിന്നുകൊണ്ട് വ്യാവസായിക വളർച്ചയ്ക്കുവേണ്ടി പരിശ്രമിച്ചിട്ടുണ്ട് എന്ന് കാണാം. ലോക വ്യാപകമായി വന്നിട്ടുള്ള സാമ്പത്തിക വ്യാവസായിക മാന്ദ്യം - അതിന് കാരണഭൂതമായിട്ടുള്ളതാണ് ആഗോളവൽക്കരണവും ഉദാരവൽക്കരണവും - ഇൻഡ്യയേയും കേരളത്തേയും ബാധിച്ചിട്ടുണ്ട്. സമന്മാരായ രാഷ്ട്രങ്ങളുടെയിടയിൽ ഈ ഉദാരവൽക്കരണവും ആഗോളവൽക്കരണവും സാധ്യമായേക്കാം. വികസ്വര രാജ്യങ്ങളിൽ അത് പരാജയമായിരിക്കും. അതാണ് മറ്റുള്ള രാജ്യങ്ങളെ കണ്ടുപഠിക്കേണ്ടത്. അങ്ങനെയുള്ള പ്രതിസന്ധി നിറഞ്ഞ ഒരു അവസ്ഥയിലും ഇവിടത്തെ വ്യവസായ പുരോഗതിക്കുവേണ്ടി ഈ സർക്കാർ പരിശ്രമിച്ചുവെന്നുള്ളത് നിഷ്പക്ഷമതികളായ ആളുകൾക്ക് കാണാം. പല വ്യവസായ സ്ഥാപനങ്ങളും പൂട്ടിയിട്ടിരുന്നത് തുറന്നു, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കിൻഫ്ര മുതലായ ഏജൻസികളിലൂടെ വ്യവസായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് പരിശ്രമങ്ങൾ നടക്കുന്നു. കേരളം ഇന്നും വ്യാവസായികമായി പിന്നോക്കമാണ്. കാരണമെന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ അവഗണന, വൈദ്യുതിയുടെ തകരാറ്, അതും ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ഈ ഘട്ടത്തിൽ എനിക്ക് പറയാനുള്ളത് കേരളത്തിന്റെ വ്യവസായ പുരോഗതിയെന്ന് പറയുമ്പോൾ വൻകിടവ്യവസായങ്ങൾ അല്ലെന്നും ഈ നാടിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് അതിനനുസരണമായിട്ടുള്ള വ്യവസായ സംരംഭമാണെന്നും മനസ്സിലാക്കിക്കൊണ്ട് മുൻഗണന നൽകേണ്ടുന്നവ കണ്ടുപിടിച്ചു പ്രവർത്തിക്കുന്നതുവഴി കേരളം വ്യാവസായിക രാജ്യമായിട്ടു കൂടി വളരാൻ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇടയാകുമെന്ന് ദൃഢമായി വിശ്വസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. പി. രാഘവൻ</u> : സർ, ഞാൻ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഇന്ത്യയിലെ വ്യവസായ അന്തരീക്ഷത്തിൽനിന്ന് മാറ്റിനിർത്തിക്കൊണ്ട് കേരളത്തിലെ പരിതഃസ്ഥിതിയെ വിലയിരുത്തുന്നത് ശരിയായിരിക്കുകയില്ല. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം ഇതിനെ സംബന്ധിച്ചൊക്കെ ഇവിടെനിന്ന് പറയുമ്പോൾ വളരെയധികം അസ്വസ്ഥത പ്രതിപക്ഷ ബഞ്ചുകളിൽനിന്ന് ഉണ്ടാകാറുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ വ്യവസായത്തിന്റെ ഒരു ശവപ്പറമ്പാക്കി മാറ്റിയത് ഈ നയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച നേതാക്കൻമാർ പറഞ്ഞു, ഇതെല്ലാം ഉണ്ടായിട്ടും ബംഗാളിൽ വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായം ഉണ്ടല്ലോ എന്ന്. ഇപ്പോഴെങ്കിലും നിങ്ങൾ അത് അംഗീകരിച്ചല്ലോ, അതിൽ വളരെ സന്തോഷമുണ്ട്. 23 വർഷക്കാലം അവിടെ ഇടതുപക്ഷ പ്രസ്ഥാനത്തിന് ഭരിക്കാൻ സാധിച്ചു എന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഇവിടെ 1957-ലും 1967-ലും 1987-ലുമൊക്കെയുള്ള ഗവൺമെന്റുകൾ കൊണ്ടു വന്ന ഒരു വ്യവസായ അന്തരീക്ഷത്തെ തകർക്കുകയാണ് നിങ്ങൾ പലപ്പോഴായി ചെയ്തത്. അപ്പോൾ കേരളത്തിലും ഒരു 23 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചാൽ തീർച്ചയായിട്ടും ഇവിടെ മാറ്റമുണ്ടാകും. അതിന്റെ പ്രധാനപ്പെട്ട ഒരു കാരണം ആ ഗവൺമെന്റിന്റെ വ്യവസായ നയമാണ്. ആ ഗവൺമെന്റിന്റെ വ്യവസായ നയം എന്നുപറയുന്നത് ഇന്ത്യൻ വ്യവസായ നയത്തിൽ നിന്നുകൊണ്ടുമാത്രമേ ഉരുത്തിരിയാൻ സാധിക്കുകയുള്ളൂ. ബംഗാളിനെപ്പോലെയുള്ള ഒരു ഗവൺമെന്റ് ഇന്ത്യാരാജ്യത്തിൽ അധികാരത്തിലേക്ക് വന്നാൽ തീർച്ചയായിട്ടും ഇന്ത്യയിൽ ആകെ അന്തരീക്ഷം മാറും, ഇന്ത്യ ഒരു വലിയ വ്യാവസായിക രാജ്യമായിട്ടു വളരും. എന്നാൽ മറിച്ച് നിങ്ങൾ ചെയ്തത് എന്താ? നിങ്ങളും, ബി.ജെ.പി.യുടെ ഗവൺമെന്റും ചെയ്തത് അതിന് നേരെ ഘടക വിരുദ്ധമാണെന്നാണ് ഞങ്ങൾ പറഞ്ഞതിനർത്ഥം. വ്യവസായവൽക്കരണത്തിനുപകരം ഇന്ത്യാ രാജ്യത്തെ ഈ വൻകിട മുതലാളിമാരുടെ, അല്ലെങ്കിൽ ബഹുരാഷ്ട്ര കുത്തക മുതലാളിമാരുടെ കമ്പോളമാക്കി മാറ്റാനുള്ള ശ്രമമാണ് ഉദാരവൽക്കരണത്തിലൂടെ ചെയ്തത്. ഇന്ത്യയിൽ പുതിയ വ്യവസായം വന്നില്ല. 1991-ൽ ശ്രീ. നരസിംഹറാവു പറഞ്ഞു ഇന്ത്യയിലേയ്ക്ക് പതിനായിരക്കണക്കിന് കോടി ഉറുപ്പികയുടെ വ്യവസായം വരികയാണ്. ഇവിടെ എല്ലാവർക്കും ജോലി കിട്ടാൻ പോകുകയാണ്. ഇവിടെയുള്ള നമ്മുടെ ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലിക്കുട്ടി തന്നെ പറഞ്ഞത് എന്താണ്, വ്യവസായങ്ങൾ എല്ലാം ഇന്ത്യയിലേയ്ക്ക് വരികയാണ്. അദ്ദേഹം നിരവധി വ്യവസായികളുടെ മീറ്റിംഗ് വിളിച്ചുചേർത്തു, അവർക്കെല്ലാം സദ്യ ഒരുക്കിക്കൊടുത്തു. എന്നിട്ടു പറഞ്ഞു, വ്യവസായികൾ കാത്തുനിൽക്കുകയാണ്, എല്ലാം ഇങ്ങോട്ടേയ്ക്ക് വരും എന്നുപറഞ്ഞു. കാസർഗോഡ് 150 കോടി ഉറുപ്പികയുടെ, 5,000 കോടി ഉറുപ്പികയുടെ വ്യവസായങ്ങളൊക്കെ വരും എന്നുപറഞ്ഞു, വന്നില്ല. കാരണം ഇന്ത്യാരാജ്യത്ത് സ്വന്തം വ്യവസായങ്ങൾ വളർത്തുന്നതിനുപകരം വിദേശ മുതലാളിമാരുടെ വ്യാവസായിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന ഒരു കമ്പോളമാക്കി മാറ്റാനുള്ള ലോക മുതലാളിത്തത്തിന്റെ നയത്തെ അംഗീകരിക്കുകയാണ് ഇന്ത്യാ ഗവൺമെന്റ് ചെയ്തത്. അത് മാറ്റണമെന്നാണ് ഞങ്ങൾ ഈ പറഞ്ഞതിന്റെ അർത്ഥം. ഇന്ത്യാരാജ്യത്തിന്റെ ഭാഗമാണ് കേരളം എന്നു മനസ്സിലാക്കണം, ഇന്ത്യയുടെ ഭാഗമാണ് കേരളം. വിദേശ രാജ്യങ്ങളിൽ പോകുന്നതോ, വിദേശ രാജ്യത്തുനിന്ന് മൂലധനം സ്വീകരിക്കുന്നതോ, സാധനങ്ങൾ സ്വീകരിക്കുന്നതോ അല്ല തെറ്റ്. നമ്മുടെ രാജ്യത്തെ മറ്റ് രാജ്യങ്ങൾക്ക് അടിമപ്പെടുത്തുക എന്ന നയമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്, അതാണ് ഞങ്ങൾ തെറ്റ് എന്നുപറയുന്നത്. ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ രാജ്യത്ത് പുതിയ വ്യവസായങ്ങൾ വന്നില്ല എന്നുമാത്രമല്ല, ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 6 ലക്ഷത്തോളം വരുന്ന വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടുകയാണ് ഇവിടെ ചെയ്തത്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയാണ് ഇവിടെ പറഞ്ഞത്. ബംഗാളിലും ചിലത് അടച്ചുപൂട്ടിയിട്ടുണ്ട്. കൽക്കരി ഖനിയടക്കം ബംഗാളിൽ പൂട്ടാനുള്ള കാരണം ഞങ്ങളുടെ നയമല്ലല്ലോ? നമ്മുടെ രാജ്യത്തിന്റെ ഗവൺമെന്റിന്റെ നയംകൊണ്ടല്ലേ, നമ്മൾ ആ വസ്തുത അംഗീകരിക്കേണ്ടേ? നമ്മുടെ രാജ്യത്തിനകത്ത് വ്യവസായശാലകൾ അടച്ചുപൂട്ടേണ്ട ഒരു സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

വിശേഷം വന്നിട്ടുള്ളത് അതുകൊണ്ടാണ്. ലോകത്തിലെ ഏറ്റവും വലിയ ഒരു കമ്പോളമാണ് നമ്മുടെ രാജ്യം. ഈ കമ്പോളം വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിലാണ് ലോകസാമ്രാജ്യത്വ രാജ്യങ്ങളും, മുതലാളിത്ത രാജ്യങ്ങളും. നമ്മൾ അതിന് അടിമപ്പെടുകയാണ്, ഇപ്പോഴത്തെ ഗവൺമെന്റും അതുതന്നെയാണ് ചെയ്തത്. ഓപ്പൺ ജനറൽ ലൈസൻസ് എന്നുപറഞ്ഞുകൊണ്ട് വിദേശത്തെ ഏതു സാധനങ്ങളും ഇഷ്ടംപോലെ ഇറക്കുമതി ചെയ്യാം എന്നുപറഞ്ഞതിന്റെ അർത്ഥം എന്താ? ഈ രാജ്യത്ത് ഒന്നും ഉണ്ടാക്കണ്ട, വ്യവസായങ്ങളേ വേണ്ട, ഞങ്ങൾ എല്ലാംതന്നെ ഇവിടെ കൊണ്ട് ഇറക്കാം എന്നാണ് ഇവിടെ പറഞ്ഞതിന്റെ അർത്ഥം. നമ്മൾ ആ വസ്തുതയിൽ നിന്ന് ഒളിച്ചോടിയിട്ട് എന്താണ് കാര്യം? നിങ്ങൾ ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ, എൽ.ഡി.എഫ്. ന്റെ ഭരണംകൊണ്ട് എല്ലാം തകർന്നുവെന്ന്. എന്തായിരുന്നു യു.ഡി.എഫ്. ന്റെ ഭരണകാലത്ത് ഉണ്ടായിരുന്ന സ്ഥിതി. ഇവിടെ വല്ല വ്യവസായങ്ങളും തുടങ്ങാൻ സാധിച്ചോ? അഞ്ചു കൊല്ലക്കാലം ഭരിച്ചു നമ്മുടെ വ്യവസായ മന്ത്രി, അന്നു നിങ്ങൾ എന്താ പറഞ്ഞത് സുന്ദരനായ വ്യവസായ മന്ത്രി, നമ്മുടെ രേഖയിൽ കാണാം. അദ്ദേഹത്തിന്റെ സൗന്ദര്യംകൊണ്ട് വ്യവസായം വരുമെന്നാണ് പറഞ്ഞത്, ഞങ്ങളാരും പറഞ്ഞിട്ടില്ല. ഞങ്ങൾ അദ്ദേഹത്തിന്റെ സൗന്ദര്യത്തെ മോശമായും പറഞ്ഞിട്ടില്ല. നല്ലതായും പറഞ്ഞിട്ടില്ല പക്ഷെ നിങ്ങളുടെ ഭാഗത്തുനിന്നുള്ള പ്രസംഗം അതായിരുന്നു. ശ്രീ. പാലോട് രവിയൊക്കെ പ്രസംഗിച്ചതു നമുക്ക് ഓർമ്മയുണ്ടല്ലോ? സുന്ദരനായ വ്യവസായമന്ത്രിയുള്ളതുകൊണ്ട് വ്യവസായമെല്ലാം വരും. അപ്പോൾ സൗന്ദര്യം ഇല്ലാത്തതുകൊണ്ടാണ് ഇത്രയും കൊല്ലം വ്യവസായം വരാത്തത് എന്നാണ് തോന്നിയത്. പക്ഷെ എന്താ സംഭവിച്ചത്, 5 കൊല്ലക്കാലം പ്രസംഗിച്ചതല്ലാതെകണ്ട് ഒരു വ്യവസായവും നമ്മുടെ രാജ്യത്ത് വന്നില്ല. നിങ്ങളുടെ കാലത്ത് വന്നിട്ടുള്ള മാതൃഭൂമി, മനോരമ തുടങ്ങിയിട്ടുള്ള പത്രങ്ങളിൽത്തന്നെ പറഞ്ഞത്; ഞങ്ങളാരും കൂട്ടിച്ചേർത്തതല്ല, അങ്ങനെ ആരും പറഞ്ഞിട്ടുമില്ല. ഫാക്ടറികൾ അടച്ചുപൂട്ടി, വ്യവസായമേഖല പ്രതിസന്ധിയിൽ. 30.4.94-ന് ഞങ്ങളാരും പറഞ്ഞതല്ലല്ലോ, നിങ്ങൾ തന്നെ പറഞ്ഞതല്ലേ? 'ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഇല്ല, എം.ഡി.യ്ക്ക് വാരിക്കോരി നൽകാം' മാതൃഭൂമി. പുനലൂർ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ ലോക്കൗട്ടിലേയ്ക്ക്, ലോക്കൗട്ട് ചെയ്തല്ലോ നിങ്ങളുടെ ഭരണകാലത്ത്. പുനലൂർ മില്ലിലെ ഒരു ജീവനക്കാരൻ കൂടി ആത്മഹത്യ ചെയ്തു. ഇതെല്ലാം തന്നെ നിങ്ങളുടെ ഭരണകാലത്താണ് 'ട്രാവൻകൂർ ഷുഗർ മിൽ അടച്ചുപൂട്ടലിലേക്ക്' അടച്ചുപൂട്ടി. ഇതെല്ലാം നിങ്ങളുടെ ഭരണകാലത്ത് നടന്നതല്ലേ? 'ടൈറ്റാനിയം ലോക്കൗട്ട് മൂന്നരക്കോടി നഷ്ടം'. സ്പിന്നിംഗ് മില്ലിലെ യന്ത്രങ്ങളും ഭൂമിയും വിൽക്കുകയാണ് ചെയ്തത്. ഈ നിലയിൽ ഇഷ്ടംപോലെ പറയാൻ സാധിക്കും നിങ്ങളുടെ ഭരണകാലത്ത് നടന്നതാണ്. നിങ്ങൾ ഭരിക്കാൻ തുടങ്ങിയപ്പോൾ എന്താ പറഞ്ഞത്, 10 പൊതുമേഖലാ സ്ഥാപനങ്ങൾ ഞങ്ങൾ വിൽക്കാൻ പോകുകയാണ്. 10 പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ വേണ്ടിയിട്ട് നോട്ടീസ് കൊടുത്തു, ഞങ്ങൾ അത് ശക്തമായിട്ട് എതിർത്തു. 'കേരളത്തിലെ ഐ.എൻ.ടി.യു.സി. അടക്കമുള്ള തൊഴിലാളി സംഘടനകൾ സമരത്തിലേക്ക് വന്നു, അതുകൊണ്ട് മാത്രമാണ് നിങ്ങൾക്ക് വിൽക്കാൻ സാധിക്കാതെ വന്നത്. ആ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം ലാഭത്തിലേക്ക് വന്നില്ലേ? നമ്മുടെ കേരളത്തിലെ 110 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. 79 കോടി ഉറുപ്പിക ലാഭത്തിൽ എത്തി എന്നാണ് ഇപ്പോൾ പറയുന്നത്. നിങ്ങളെല്ലാം അന്നു പറഞ്ഞത് 'നഷ്ടത്തിലായതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് വിൽക്കുന്നു'. നഷ്ടത്തിലായാൽ വ്യവസായം ആരെങ്കിലും വാങ്ങാൻ തയ്യാറാകുമോ? വാങ്ങാൻ തയ്യാറാകില്ലല്ലോ? നഷ്ടത്തിലായാൽ ആരും വാങ്ങില്ല. ലാഭത്തിലായ വ്യവസായങ്ങളുടെ ഓഹരികൾ പോലും നിങ്ങൾ വിറ്റു. ഞങ്ങൾ ഒറ്റയെണ്ണം വിറ്റിട്ടില്ലല്ലോ?

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : ഞങ്ങളുടെ കാലത്ത് വ്യവസായം വന്നില്ല എന്നാണല്ലോ അങ്ങ് സമർത്ഥിച്ചുകൊണ്ടിരിക്കുന്നത് അങ്ങയുടെ കാലത്ത് കാര്യമായിട്ട് ഒറ്റ വ്യവസായമേ ഉള്ളൂ. പ്രധാനപ്പെട്ട വ്യവസായം കെൽ, ഞങ്ങളുടെ കാലഘട്ടത്തിലാണ് കാസർഗോഡ് ജില്ലയിൽ അതിന്റെ തുടക്കം കുറിച്ചത്, വ്യാവസായിക വളർച്ച പൂർത്തിയായിട്ടില്ല. അങ്ങ് നിഷേധിക്കുന്നുണ്ടോ, കെൽ നമ്മുടെ കാലത്ത് കൊണ്ടുവന്നതാണ്.

<u>ശ്രീ. പി. രാഘവൻ</u> : 1987-ലെ ഗവൺമെന്റാണ് കെൽ എന്നുപറയുന്ന വ്യവസായം കൊണ്ടുവന്നത്. അന്നത്തെ വ്യവസായ മന്ത്രിയായിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മയാണ് അതിന് വന്ന് തറക്കല്ലിട്ടത് എന്ന വസ്തുത നിങ്ങൾക്ക് അറിയാമോ? ഞാൻ ആ യോഗത്തിന് പോയതല്ലേ? എന്നിട്ട് അതിനെ എന്താ ചെയ്തത് നിങ്ങൾ? അതിനകത്ത് 150, 200 ആൾക്കാർക്കുമാത്രം ജോലി കൊടുക്കാവുന്ന സ്ഥലത്ത് 400-ലധികം ആൾക്കാർക്ക് ജോലി കൊടുത്ത് ആ സ്ഥാപനത്തെ തകർക്കാൻ ശ്രമിച്ചു. ഇപ്പോൾ ഈ ഗവൺമെന്റ് വന്ന് 8 കോടി രൂപ അതിന് കൊടുത്തതുകൊണ്ടാണ് കെൽ നന്നായി വന്നത്. ഈ വ്യവസായങ്ങൾ എല്ലാം അടച്ചുപൂട്ടിയ ഒരു സ്ഥിതിവിശേഷത്തിലാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലേക്ക് വന്നത്. ആ പൊതുമേഖലാ സ്ഥാപനങ്ങളെ നന്നാക്കാൻ വേണ്ടിയാണ് 260 കോടി ഉറുപ്പിക ബഡ്ജറ്റിൽത്തന്നെ വകയിരുത്തികൊടുത്തത്. ആ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നുപോലും വിറ്റിട്ടില്ല. വിൽക്കാതെ തന്നെയാണ് കെ.എം.എം.എൽ. ഉം കെൽ ഉം. അതുപോലെ വ്യവസായ സ്ഥാപനങ്ങൾ എല്ലാം ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചത്. എന്നിട്ട് പറയുകയാണ് ഇവിടെ യാതൊന്നും നടന്നില്ല. നിങ്ങൾ കണ്ണടച്ചതുകൊണ്ട് ഇരുട്ടാകുമോ? ആ കണക്കുകളാണ് എക്കണോമിക് റിവ്യൂവിനകത്ത് വന്നിട്ടുള്ളത്. പുതിയ വ്യവസായങ്ങൾ വലിയ അൽഭുതങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചു എന്നൊന്നും ഞങ്ങൾ പറയുന്നില്ല. ചെറുതും വലുതുമായ പുതിയ വ്യവസായങ്ങൾ കൊണ്ടുവന്നതിന്റെ ഫലമായി 2,73,395 പേർക്ക് ജോലി കൊടുക്കാൻ സാധിച്ചു. ഈ മൂന്നുകൊല്ലം കൊണ്ട് നമ്മുടെ ടെക്നോപാർക്കിനകത്ത് 6,200 പേർക്ക് ജോലി കൊടുത്തു. സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിൽ ഈ മൂന്നു കൊല്ലംകൊണ്ട് 2,05,804 പേർക്ക് ജോലി കൊടുത്തു. ചെറുതും വലുതുമായ മറ്റ് വ്യവസായങ്ങളിൽ 10,044 പേർക്ക് ജോലി കൊടുത്തു. സിഡ്കോയിൽ 166 പേർക്ക് ജോലി കൊടുത്തു. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിൽ 20,000 ആൾക്കാർക്ക് ജോലി കൊടുത്തു. ഹാൻടെക്സ് ഹാൻവീവ് അതുപോലുള്ളവയിൽ 14,995 പേർക്ക് ജോലി കൊടുത്തു. ഇതിനെല്ലാം കൂടിയാണ് ഞാൻ പറഞ്ഞത് 2,73,395 പേർക്ക് ജോലി കൊടുക്കാൻ സാധിച്ചു എന്ന്, കണക്കുകളാണിത്. കഴിഞ്ഞ കൊല്ലംതന്നെ 19,000-ത്തിലധികം ചെറുകിട വ്യവസായ യൂണിറ്റുകൾ കേരളത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലിക്കുട്ടി അന്നുപറഞ്ഞത് ഞാൻ 5 കൊല്ലംകൊണ്ട് 33,000 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുമെന്നാണ്. എത്രയെണ്ണം ആരംഭിച്ചു എന്ന് എനിക്കറിയില്ല. നിങ്ങൾക്കറിയാമല്ലോ? ഇനി ബാക്കിയുള്ളവർ എത്രയെണ്ണം തുടങ്ങി എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് പ്രസംഗിച്ചാൽ മതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സ്ഥിരമായി രജിസ്ട്രേഷൻ കൊടുത്തതാണ് 19,000-ത്തിലധികം. താൽക്കാലികമായി രജിസ്ട്രേഷൻ വേറെ കിടക്കുന്നുണ്ട്. ആ തുടങ്ങിയതിന്റെ ഫലമായി ജോലി കൊടുത്ത കണക്കാണ് പറയുന്നത്. കാസർഗോഡ് ജില്ലയിലെ കാനൂർ പെരിങ്ങളം പഞ്ചായത്തിൽ വ്യവസായം തുടങ്ങിയിട്ടുണ്ട്. ഈ കഴിഞ്ഞ ദിവസമാണ് ബഹു. വ്യവസായവകുപ്പുമന്ത്രി പോയി അത് ഉദ്ഘാടനം ചെയ്തത്. അതേപോലെതന്നെ കോഴിക്കോട് പവർലൂം വർക്കേഴ്സ് സൊസൈറ്റി തുടങ്ങിയിട്ടുണ്ട്. ഏകദേശം ആയിരം പേർക്ക് ജോലി കൊടുക്കാവുന്നത് വയനാട് തുടങ്ങിയില്ലേ. കോഴിക്കോട് ആറായിരം പേർക്ക് തൊഴിൽ കൊടുക്കാവുന്ന പവർലൂം വർക്കേഴ്സിന്റെ സൊസൈറ്റി തുടങ്ങിയിട്ടുണ്ട്. വെറുതെയല്ല, ഈ തരത്തിലുള്ള വ്യവസായങ്ങളുടെ കണക്ക് ഇഷ്ടംപോലെ പറയാൻ സാധിക്കും. മന്ത്രി പറയും. ഇതുപോലെ കേരളത്തിനകത്ത് നിരവധി വ്യവസായങ്ങൾ -- വിറ്റാമിൻ എ പ്ളാന്റ് നിങ്ങൾ അടച്ചുപൂട്ടിയതല്ലേ, ഈ ഗവൺമെന്റ് അത് തുടങ്ങിയില്ലേ? കെൽട്രോണിന്റെ സ്ഥിതിയെന്തായിരുന്നു?

<u>ശ്രീ. ടി.കെ. ബാലൻ</u> : ഇപ്പോൾ ബഹു. മെമ്പർ ശ്രീ. സുധാകരൻ തന്നെ ചോദിച്ചു ഏതാണ്ട് അങ്ങോട്ട് ഉണ്ടോ പറയാൻ എന്ന്, മൂന്നു ദിവസം മുമ്പ് ബഹു. വ്യവസായ വകുപ്പുമന്ത്രി വന്നിട്ട് കണ്ണൂർ കെൽട്രോണിന്റെ 66 ലക്ഷം ഉറുപ്പികയുടെ പുതിയ ലീഫ് നോബ് ഉദ്ഘാടനം ചെയ്തത് ഒന്നും അറിയില്ല എന്നുപറഞ്ഞാൽ എന്തു ചെയ്യാൻ പറ്റും?

<u>ശ്രീ. പി. രാഘവൻ</u> : കണ്ണൂരല്ലേ റബ്കോ തുടങ്ങിയത്. വളരെ പ്രധാനപ്പെട്ട ചെരുപ്പ് നിർമ്മാണമടക്കമുള്ള കാര്യം, ഈ റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങിയത് എവിടെയാണ്, നിങ്ങൾക്ക് എപ്പോഴെങ്കിലും തുടങ്ങാൻ സാധിച്ചോ?

<u>ശ്രീ. പി. രാജു</u> : നമ്മുടെ സംസ്ഥാനത്ത് ഏറ്റവും നല്ല പൊതുമേഖലാ വ്യവസായ സ്ഥാപനമായ ടെൽക്ക് നഷ്ടമാണെന്നു പറഞ്ഞതിന്റെ പേരിൽ ബി.ഐ.എഫ്.ആർ-ന് കൈമാറാനും അതുവഴി ഷെയറുകൾ വിൽക്കാനും നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് വന്നപ്പോഴാണ് ആ നടപടി നിറുത്തിവയ്ക്കാനും ബി.ഐ.എഫ്.ആറിൽ നിന്ന് കമ്പനിയെ മേചിപ്പിക്കാനും നടപടികൾ സ്വീകരിച്ചത്. ഇത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ.

<u>ശ്രീ. പി. രാഘവൻ</u> : ടെൽക്ക് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നു പറഞ്ഞുകൊണ്ട് ബി.ഐ.എഫ്.ആറിന് കൈമാറാനും തീരുമാനമെടുത്തത്, ഈ ഗവൺമെന്റ് വന്നശേഷം അത്തരം സ്ഥാപനങ്ങൾക്കെല്ലാംതന്നെ ആവശ്യമായ കാശ് കൊടുത്ത്, കെൽ അടക്കമുള്ള സ്ഥാപനങ്ങൾക്കാവശ്യമായ കാശ് കൊടുത്ത് കടത്തിൽനിന്ന് രക്ഷപ്പെടുത്തി. പരമ്പരാഗത വ്യവസായം കശുവണ്ടിയുടെ സ്ഥിതിയെന്താണ്. പത്തു ദിവസമാണ് നിങ്ങൾ ജോലി കൊടുത്തത്. ആ കശുവണ്ടി മേഖലയിലെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നമെന്താണ്. അതിന് ആവശ്യമായ അസംസ്കൃത വസ്തു ഇല്ലെന്നുള്ളതാണ്. വിദേശങ്ങളിൽനിന്ന് നമ്മൾ ഇറക്കുമതി ചെയ്യണം. അതിനുപകരം ഇന്ന് നമ്മുടെ സംസ്ഥാനത്തിനകത്തുതന്നെ കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിച്ചുകൊണ്ട്, അങ്ങനെ കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി കൊടുക്കാമെന്നാണ് ഈ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. കശുവണ്ടിത്തൊഴിലാളികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിൽ തൊഴിൽ കൊടുക്കാൻ സാധിച്ചു എന്നു പറഞ്ഞല്ലോ, നൂറു കണക്കിന് കോടി രൂപ കശുവണ്ടി ഫാക്ടറിയുടെ നഷ്ടം നികത്താൻവേണ്ടി കൊടുത്ത് ആ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ ഒരു ഉണർവ് ഉണ്ടാക്കാൻ സാധിച്ചില്ലേ? അതുപോലെ കയർഫെഡിന് 570 ലക്ഷം ഉറുപ്പിക കൊടുത്ത് സഹായിക്കാൻ സാധിച്ചില്ലേ?. ഇതൊന്നും കണ്ടില്ലെന്ന് നടിച്ച് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? കേരളത്തെ ശവപ്പറമ്പാക്കി മാറ്റിയെന്നാണ് മിനിഞ്ഞാന്ന് ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചത്. ആരാണ് അത് ആദ്യം പ്രസംഗിച്ചതെന്ന് അറിയാമോ? ശ്രീ. കുഞ്ഞാലിക്കുട്ടി ഭരിക്കുന്നയവസരത്തിൽ ശ്രീ. വി.പി. മരയ്ക്കാർ ആണ് കേരളത്തെ ശവപ്പറമ്പാക്കി മാറ്റിയെന്നു പ്രസംഗിച്ചത്. ഐ.എൻ.ടി.യു.സി. നേതാവായ ശ്രീ. വി.പി. മരയ്ക്കാർ അന്നു പ്രസംഗിച്ചത് നിങ്ങൾ ഏറ്റുപിടിക്കുകയാണ്. ശവപ്പറമ്പാക്കി മാറ്റണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടല്ലേ? ഈ കേരളത്തിൽ ഒരു വ്യവസായം വരാൻ പാടില്ല എന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ട്. അതു നടക്കാൻ പോകുന്നില്ല, വ്യവസായങ്ങൾ വരും. കേരളത്തെ മുന്നോട്ടു നയിക്കുന്നതിന് വ്യവസായങ്ങൾ തുടങ്ങുകയല്ലാതെ വേറെ രക്ഷയില്ല. അതിന് നിങ്ങളുടെ സഹായം ആവശ്യമാണ്, അല്ലാതെ നിങ്ങളോട് തർക്കിച്ച് വ്യവസായം തുടങ്ങാനല്ല. പക്ഷെ ഇത് കണ്ടില്ല എന്നു നടിക്കരുത് എന്നു മാത്രമേ എനിക്കു വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളൂ. സർ, വ്യവസായ പുനരുദ്ധാരണത്തിനുവേണ്ട ഫണ്ട് രൂപീകരിച്ചത് നല്ല കാര്യമല്ലേ. മുപ്പതു കോടി ഉറുപ്പിക അതിന് ഈ കൊല്ലംതന്നെ കൊടുത്തു. നമുക്ക് കിട്ടാവുന്ന നിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ട് ആ ഫണ്ട് വലുതാക്കാനും അതിന്റെ അടിസ്ഥാനത്തിൽ ചെറുതും വലുതുമായ എല്ലാ വ്യവസായങ്ങളേയും സഹായിക്കാനുമാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് മുൻപ് നഷ്ടത്തിലായിരുന്ന പല വ്യവസായങ്ങളേയും നമുക്ക് മുന്നോട്ടു കൊണ്ടുവരാൻ സാധിച്ചത്. ആ നിലയിൽ ഈ കേരളത്തെ ഒരു വ്യാവസായിക സംസ്ഥാനമാക്കി മാറ്റുന്നതിന് പ്രതിപക്ഷത്തിന്റെ സഹായം ആവശ്യമാണ്.

ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സഹായമെന്നു പറയുന്നത് ഒരു നിസ്സാരമായ കാര്യമല്ല. കേരളത്തെ ഇന്ത്യയിൽ നിന്നു മാറ്റിനിർത്താൻ സാദ്ധ്യമല്ല. ബംഗാളിനെപ്പോലുള്ള ഒരു ഗവൺമെന്റ് ഇന്ത്യാരാജ്യത്ത് വേണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ആ സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയുടെ മുഴുവൻ താൽപ്പര്യവും സംരക്ഷിക്കുന്നതിന് ഒരു ഗവൺമെന്റ് നമുക്ക് ആവശ്യമാണ്. അങ്ങനെയുള്ള ഒരു ഗവൺമെന്റ് കൊണ്ടുവരാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടോ? ബി.ജെ.പി.യുടെ ഗവൺമെന്റിനെ മാറ്റി ഒരു മൂന്നാം മുന്നണിയിലുള്ള ഗവൺമെന്റ് ഇന്ത്യാരാജ്യത്ത് വരണം. നിങ്ങൾ അതിന് എതിരാണ്. നിങ്ങൾക്ക് നിങ്ങളുടെ താൽപ്പര്യം മാത്രമേയുള്ളൂ പ്രശ്നം. ഞങ്ങൾ ആവശ്യപ്പെടുന്നത് ഒരു മതേതര ജനാധിപത്യ പ്രസ്ഥാനം ഇന്ത്യാരാജ്യത്ത് അധികാരത്തിൽ വന്നാൽ മാത്രമേ നമ്മുടെ കേരളം അടക്കമുള്ള സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ.

ശ്രീമതി ഗൗരിയമ്മ ചോദിക്കുകയാണ് ഗാട്ട് കരാറിൽനിന്ന് പിൻവാങ്ങാൻ നിങ്ങൾക്ക് അവസരം ഉണ്ടായിരുന്നില്ലേ എന്ന്. ഇല്ലായിരുന്നു, ഞങ്ങൾക്ക് അവസരം ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല ധനകാര്യമന്ത്രിയടക്കം നിങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവരായിരുന്നു. ചിദംബരം ആയിരുന്നു ധനകാര്യമന്ത്രി. ഈ രാജ്യത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റല്ല ബി.ജെ.പി.യുടെ ഗവൺമെന്റ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങളുടെ കടമ നിർവ്വഹിക്കാൻ കോൺഗ്രസ് തയ്യാറാകുമോ? ശ്രീ. കടമ്മനിട്ട പറഞ്ഞതുപോലെയാണ് നിങ്ങൾ ഈ കേരളത്തിൽ കാണിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ത്. വർഗ്ഗീയത വളർത്തിക്കൊണ്ടുവന്ന് അതിൽനിന്ന് നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുമോ എന്നാണ് നിങ്ങൾ നോക്കുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങളുടെ സ്ഥിതിയെന്താണ്? സോണിയാ ഗാന്ധി പ്രധാനമന്ത്രി ആകുന്നതിൽ ഞങ്ങളാരും എതിരല്ല. നിങ്ങൾ അല്ലേ എതിര്? പവാർ അല്ലേ എതിര്, പവാർ നിങ്ങളുടെ കോൺഗ്രസ്സിന്റെ നേതാവ് അല്ലേ? ആ പവാറിനെ പുറത്താക്കിയപ്പോൾ പുറത്താക്കരുത് എന്നു പറഞ്ഞതാരാ? എ.കെ. ആന്റണിയല്ലേ, ഞങ്ങളാരുമല്ലല്ലോ? ഞാൻ ചോദിക്കട്ടെ, രാഷ്ട്രീയമായി ഏറ്റവും വലിയ അപഹാസ്യമായ നാടകമാണ് ഇന്ത്യാരാജ്യത്ത് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സോണിയാഗാന്ധി രാജിവച്ചുപോയപ്പോൾ അവരുടെ പിന്നാലെപോയ ഏറ്റവും വലിയ പരിഹാസ്യമല്ലേ നടന്നത്. കുറെനാൾ നിരാഹാരസമരം. നിരാഹാരസമരം നടത്തിയവർക്കെല്ലാം ദിവസം കഴിയുന്തോറും തൂക്കം കൂടുതലായി. നിരാഹാരക്കാർക്ക് തൂക്കം കുറഞ്ഞില്ല, എന്ന പത്രവാർത്തയിൽ ഇങ്ങനെ പറയുന്നു ശ്രീമതി സോണിയയുടെ രാജി പിൻവലിക്കാൻ എ.ഐ.സി.സി. ആസ്ഥാനത്ത് നിരാഹാരം ഇരുന്നവരിൽ പലർക്കും തൂക്കത്തിൽ യാതൊരു കുറവും ഉണ്ടായില്ല. ആന്ധ്രയിൽ നിന്നുള്ള ഒരു വനിതാ എം.എൽ.എ. മാത്രമാണ് നിരാഹാരത്തിൽ ശരിക്കും ക്ഷീണിച്ചത്. സോണിയാ ഗാന്ധി തന്നെയാണ് അവരെ വൈദ്യ പരിശോധനയ്ക്കു വിധേയരാക്കാൻ ആവശ്യപ്പെട്ടത്. കാരണം അവർക്ക് അറിയാം ഇത് കള്ളക്കളിയാണെന്ന്. കെ.എസ്.ഇ.ബി. യുടെ മെഡിക്കൽ സെന്റർ അംഗമായ ഡോ. ഉമേഷ് സരോവയുടെ നേതൃത്വത്തിലുള്ളവർ അറുപതു പേരെ പരിശോധിച്ചപ്പോൾ ഒരു ആൾക്ക് മാത്രമാണ് തൂക്കം കുറഞ്ഞതായി കണ്ടത്; തളർച്ചയുള്ളതായി കണ്ടത് - ആന്ധ്രയിൽ നിന്നുള്ള ഒരു വനിതാ എം.എൽ.എ.യ്ക്കുമാത്രം. ഇന്ത്യ ആസകലമുള്ള ഒരു പ്രതിഭാസമാണ് കോൺഗ്രസിന്റേത്. ഈ മാതിരി, മഹാത്മാഗാന്ധിയെപോലും വിറ്റ് കാശാക്കുന്ന മാന്യൻമാരാണ് കോൺഗ്രസ്സുകാർ. ഇതാണ് കോൺഗ്രസിന്റെ നിരാഹാരമെന്നു പറയുന്നത്, വല്ല കാര്യവുമുണ്ടോ? നിങ്ങളുടെ തമാശ തീർച്ചയായിട്ടും കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഈ മാതിരിയുള്ള വൃത്തികെട്ട രാഷ്ട്രീയ നാടകത്തിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അത് അസ്ഥാനത്താണ്, എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ ഭരണപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ഈ മൂന്നു വർഷക്കാലത്തെ ഭരണ നേട്ടങ്ങളെക്കുറിച്ചും വ്യാവസായിക പുരോഗതിയെക്കുറിച്ചും ഇവിടെ ഒന്നും പരാമർശിക്കാതെ പോയത് ഈ വ്യവസായ രംഗത്തുള്ള തകർച്ചയാണ് സൂചിപ്പിക്കുന്നത്. ഏതാണ്ട് രണ്ടുരണ്ടര വർഷം പിന്നിട്ട് വ്യവസായനയം ഈ ഗവൺമെന്റിനുവേണ്ടി വ്യവസായ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചുവെങ്കിലും, ഒരു വ്യവസായ നയം പ്രഖ്യാപിച്ചതുകൊണ്ടോ, അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ഒരു ധവളപത്രം ഇറക്കിയതുകൊണ്ടോ ഒന്നും വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാമെന്നുള്ള പ്രതീക്ഷയൊന്നും ഞങ്ങൾക്ക് ഒരിക്കലുമില്ല. രോഗം കണ്ടുപിടിച്ചു ചികിത്സിച്ചില്ലെങ്കിൽ നമുക്ക് രക്ഷപ്പെടാൻ കഴിയുകയില്ല. ഇവിടെ യഥാർത്ഥ രോഗം ഇതുവരെ ഗവൺമെന്റിന് കണ്ടുപിടിക്കാൻ കഴിയാതെ പോയിട്ടുണ്ട്. കഴിഞ്ഞ 1991-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി അന്ന് നശിച്ചുകൊണ്ടിരുന്ന വ്യവസായ വകുപ്പിന് അദ്ദേഹം ഓക്സിജൻ

[2.00 PM]

LIBRARY ARCHIVES Kerala Legislative Assembly

നൽകി. അഞ്ചുവർഷക്കാലം കേരളത്തിൽ വൻകിട ചെറുകിട വ്യവസായങ്ങൾ ഈ സംസ്ഥാനത്ത് കൈവരിച്ച നേട്ടങ്ങൾ ഞാൻ ഇവിടെ വിവരിക്കാൻ സമയം ഇല്ലാത്തതുകൊണ്ട് ആഗ്രഹിക്കുന്നില്ല. അതേയവസരത്തിൽ ഇന്ന് വീണ്ടും മൂന്നു വർഷമായി നമ്മുടെ വ്യാവസായികരംഗം തകർന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 17 ശതമാനം ചെറുകിട വ്യവസായങ്ങൾക്ക് വർദ്ധനവ് ഉണ്ടായി എന്നു പറഞ്ഞതുകൊണ്ട് മാത്രം വ്യവസായരംഗത്തുള്ള വളർച്ച നമുക്ക് കണക്കാക്കാൻ കഴിയുകയില്ല. വ്യവസായരംഗത്ത് പുതിയ രജിസ്ട്രേഷൻ നടത്തിയതുകൊണ്ടോ, അതല്ലെങ്കിൽ ചെറിയ യൂണിറ്റുകൾ തുടങ്ങിയതുകൊണ്ടോ ഒന്നുംതന്നെ വ്യവസായരംഗത്തെ പുരോഗതിയായി നമുക്ക് കണക്കാക്കാൻ കഴിയുകയില്ല. വ്യാവസായിക കാർഷിക രംഗം ഇന്ന് തകർച്ചയെ നേരിടുകയാണ്. അതോടൊപ്പംതന്നെ നമ്മുടെ കയറ്റുമതി കുറഞ്ഞുകുറഞ്ഞുവരുന്നു. ഗൾഫ് നാടുകളിലും വിദേശ രാജ്യങ്ങളിലും നമ്മുടെ സംസ്ഥാനത്തുനിന്ന് കയറ്റി അയയ്ക്കുന്ന ഉൽപ്പന്നങ്ങൾ ഇന്ന് കുറഞ്ഞുകുറഞ്ഞുവരികയാണ്. തൊഴിലില്ലായ്മ കൂടിക്കൂടിവരുന്നു. കേരളത്തെ രക്ഷിക്കാൻ കഴിയണമെങ്കിൽ, തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയണമെങ്കിൽ ഇവിടെ വ്യവസായ വളർച്ചയുണ്ടാകണം. കയറ്റുമതി വർദ്ധിപ്പിക്കണം. എങ്കിൽ മാത്രമേ രക്ഷപ്പെടൂ. അതേയവസരത്തിൽ വ്യവസായത്തെ നശിപ്പിക്കുന്ന ഒരു പുതിയ സാഹചര്യം ഇവിടെയുണ്ടായി. വിദ്യുച്ഛക്തി വകുപ്പിലൂടെ ഏറ്റവും വലിയ നഷ്ടം സംഭവിച്ച് ഇന്ന് തകർച്ചയിലേക്ക് നയിക്കാൻ പോകുന്നത് വ്യവസായ വകുപ്പാണ്. വിദ്യുച്ഛക്തിയുടെ ഗണ്യമായ ചാർജ്ജ് വർദ്ധനവോടുകൂടി കേരളത്തിൽ ഇനി അവശേഷിക്കുന്ന വ്യവസായങ്ങൾപോലും ഇവിടെ നശിക്കാൻ പോവുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വ്യവസായരംഗത്തുള്ള-ഗൾഫ് നാടുകളിലോ വിദേശരാജ്യങ്ങളിലോ അതല്ലെങ്കിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അടക്കമുള്ള മന്ത്രിമാർ പോയി കേരളത്തിലേക്ക് വ്യവസായികളെ ക്ഷണിച്ചാൽ അവർ ഇങ്ങോട്ട് വരാൻ മടിക്കുന്നതിന്റെ പ്രധാനകാരണം, ഇവിടെ ഉൽപ്പാദനച്ചെലവ് കൂടിക്കൂടിവരുന്നുണ്ട്. ഉൽപ്പാദനച്ചെലവ് കൂടാൻ കാരണം, അന്യസംസ്ഥാനങ്ങളിൽ കൂലി കുറവാണ്, നമ്മുടെ സംസ്ഥാനത്ത് കൂലി വളരെ കൂടുതലാണ്. അതുകാരണം ഇവിടെ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ നമുക്ക് മാർക്കറ്റിൽ മൽസരിക്കാൻ കഴിയുന്നില്ല. നേരെമറിച്ച് അനുകൂലമായ സാഹചര്യമുണ്ടായിരുന്നു - ഇടതുതുപക്ഷ കക്ഷികൾക്ക് പോലും അനുകൂലമായ സാഹചര്യമുള്ള ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ ഇരുന്നപ്പോൾ. അന്ന് ദേശീയ തലത്തിൽ ഒരു ഏകീകരിച്ച കൂലിനിരക്ക് അല്ലെങ്കിൽ ശമ്പള നിരക്ക് ഈ രാജ്യത്ത് ഉണ്ടാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എല്ലാ സംസ്ഥാനത്തും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഒരേ വില ലഭിക്കുമായിരുന്നു. അങ്ങനെ നമുക്ക് കമ്പോളങ്ങളിൽ മത്സരിക്കാൻ കഴിയുമായിരുന്നു. അതാണ് ഇന്നത്തെ ഏറ്റവും വലിയ തകരാറ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വിലകൂടുന്നു. അതേയവസരത്തിൽ മൽസരിക്കാൻ നമുക്ക് കഴിയുന്നുമില്ല. അതുകൊണ്ട് നഷ്ടത്തിൽ പോകുന്നു. ഇന്ന് വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിലും ആന്ധ്രയിലും കർണ്ണാടകത്തിലും കൂലി കുറവായതുകൊണ്ട് മലയാളികൾ അവിടെയാണ് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. അത് ഗവൺമെന്റ് ഗൗരവമായി കാണണം. ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പുമന്ത്രിയും സംസ്ഥാന ഗവൺമെന്റും മുൻകൈയെടുത്ത് ഒരു ഏകീകരിച്ച കൂലിനിരക്ക് കണ്ടെത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി ഒരു പൊതുമേഖലാ സ്ഥാപനം പോലും തുടങ്ങിയിട്ടില്ല. 1997-98-ൽ 32 സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. അതിന്റെ കണക്കിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മാനേജ്മെന്റിന്റെ ഏറ്റവും വലിയ പോരായ്മയാണ് അത് സൂചിപ്പിക്കുന്നത്. കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഏതാണ്ട് 2400 ലക്ഷംരൂപയുടെ നഷ്ടത്തിലാണ്. കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് 1134.64 ലക്ഷംരൂപയുടെ നഷ്ടത്തിലാണ്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 1108.67 ലക്ഷം രൂപയുടെ നഷ്ടത്തിലാണ്. കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ 1008 ലക്ഷം രൂപയുടെ നഷ്ടത്തിലാണ്. അങ്ങനെ പോകുന്നു കണക്ക്. സമയമില്ലാത്തതുകൊണ്ട് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. മൊത്തത്തിൽ ഇങ്ങനെയാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മിസ്മാനേജ്മെന്റ് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അത് നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നില്ല. ആവശ്യത്തിലധികമുള്ള ജീവനക്കാരേയും അനാവശ്യമായ ചെലവുകളും നിയന്ത്രിച്ചുകൊണ്ട് ഈ സ്ഥാപനങ്ങളെ രക്ഷിക്കേണ്ടതുണ്ട്. ഇതിന്റെ മാനേജ്മെന്റ് അടിമുടി മാറ്റിയെടുക്കേണ്ടതുണ്ട്.

സർ, മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് നഷ്ടത്തിൽ കഴിയുന്ന സ്ഥാപനങ്ങളെയെല്ലാം ഒന്നുകിൽ ഒഴിവാക്കുക, അല്ലെങ്കിൽ കാര്യക്ഷമതയുള്ള പുതിയ മാനേജ്മെന്റിനെ ഏൽപ്പിക്കുക. നമ്മുടെ സംസ്ഥാനത്ത് അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുണ്ട്. മലബാർ സിമന്റ്സ്, അതുപോലെ ഗൾഫ് നാടുകളിലേക്ക് നമ്മുടെ റെഡിമെയ്ഡ് ഗാർമെന്റ്സ് അയയ്ക്കുന്നുണ്ട്. നമ്മുടെ മലയാളികൾ തമിഴ്നാട്ടിലും മറ്റും പോയി പർച്ചേസ് ചെയ്തുകൊണ്ടുവന്നാണ് എക്സ്പോർട്ട് ചെയ്യുന്നത്. അതുകൊണ്ട് ആ രംഗത്ത് നമ്മുടെ സംസ്ഥാനത്തുതന്നെ ഇതിനാവശ്യമായ ട്രെയിനിംഗ് ഉണ്ടാകണം. നമുക്ക് പരിശീലനമാണ് പോരാതെയുള്ളത്. ഇന്ത്യയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ പലർക്കും താൽപ്പര്യമുണ്ട്. പക്ഷേ, മുതൽമുടക്കാൻ പലരും മടിക്കുന്നു. എന്ത് സംഭവിക്കുമെന്ന് ആർക്കും ഉറപ്പില്ല. അതുകൊണ്ട് ഇവിടത്തെ അസംസ്കൃതസാധനങ്ങളുടെ ലഭ്യതയ്ക്ക് അനുകൂലമായ സാഹചര്യം വേണം. ഇതിനെല്ലാം വിദ്യുച്ഛക്തി ഏറ്റവും ആവശ്യമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ആലോചിച്ച് നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള സാധനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാനുള്ള ഇന്നുള്ള സ്ഥാപനങ്ങളെ വിപുലീകരിക്കുന്നതിനും പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകണം. ഗവർണറുടെ പ്രസംഗത്തിൽ ഈ സഭയിൽ തന്നെ പറയുകയുണ്ടായി, ഈ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്കുകൾ സ്ഥാപിക്കുമെന്ന്. പക്ഷെ, അതിന് യാതൊരു നടപടിയുമായില്ല. 32 എണ്ണം ആരംഭിക്കാൻ പ്രാരംഭ നടപടിയാരംഭിക്കുമെന്ന് മാത്രമാണ് പറഞ്ഞത്. അതുകൊണ്ട് 140 നിയോജകമണ്ഡലങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം.

സർ, അതുപോലതന്നെ 1999-2000 സാമ്പത്തിക വർഷം 10,000 ഏക്കർ സ്ഥലത്ത് കശുവണ്ടി കോർപ്പറേഷൻ മുഖേന കശുമാവ് കൃഷി ഏറ്റെടുത്ത് നടത്തുമെന്ന് പറഞ്ഞു. അതിന് 5 കോടിരൂപ ബഡ്ജറ്റിൽ നീക്കിവച്ചു എന്ന

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ യാതൊരു നടപടിയുമെടുത്തിട്ടില്ല. അതുപോലെതന്നെ നടപ്പു സാമ്പത്തിക വർഷം മൾബറി കൃഷി വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അതിനും യാതൊരു നടപടിയുമുണ്ടായിട്ടില്ല. കശുവണ്ടി സംഭരണത്തിന്റെ കാര്യത്തിൽ ഈ സീസണിൽ കശുവണ്ടി കൃഷിക്കാരാണ് ഏറ്റവും അധികം വിഷമിച്ചത്. ഇവിടെ കശുവണ്ടി സംഭരണം പൂർണ്ണമായി പരാജയപ്പെട്ടു. സംഭരണത്തിന് യാതൊരു നടപടിയും ഗവൺമെന്റ് എടുത്തിട്ടില്ല.

സർ, വ്യവസായ പലിശ സബ്സിഡി യഥാസമയം കൊടുക്കാനുള്ളതു കൊണ്ട് പല വ്യവസായ സ്ഥാപനങ്ങളും നശിച്ചുപോകുന്നു. കൈത്തറി പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റിൽ ഇപ്പോഴും 25 കോടിരൂപ കുടിശ്ശികയായി കിടക്കുകയാണ്. അത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം.

പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, ബീഡി, ഓട്, തുകൽ വ്യവസായം, മറ്റ് കയറ്റുമതി വ്യവസായങ്ങൾ ഇതെല്ലാം തന്നെ പ്രതിസന്ധിയിലാണ്. അവ പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ലാഭത്തിൽ പ്രവർത്തിപ്പിക്കണം. പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കണ്ണൂരിൽ പൂട്ടിക്കിടക്കുന്ന മിൽ അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

സർ, സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് കാസർഗോഡ് ജില്ല. ആ ജില്ലയിലെ 'കെൽ' എന്ന സ്ഥാപനം ഇന്ന് നഷ്ടത്തിലാണ്. ആ ജില്ലയെ സംബന്ധിച്ചിടത്തോളം വ്യവസായരംഗത്തെ അവഗണിച്ചിരിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ വ്യവസായരംഗത്ത് ആവശ്യമായ പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും ഉള്ള വ്യവസായസ്ഥാപനങ്ങൾ വികസിപ്പിക്കുകയും ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. വ്യവസായരംഗത്ത് ഒന്നും നടക്കുന്നില്ല എന്നുള്ള രീതിയിൽ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ഇന്ന് നടന്ന ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച യു.ഡി.എഫ്-ലെ അംഗങ്ങൾ ഇന്ന് സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടിയല്ല ഇവിടെ ചർച്ചയിൽ പങ്കെടുത്തത്. യു.ഡി.എഫ്. അംഗങ്ങളുടെ പ്രസംഗത്തിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായത്തെ സംബന്ധിച്ച് നിങ്ങൾക്ക് ഒരു നയമോ ഒരു കാഴ്ചപ്പാടോ ഇതുവരെ ഉണ്ടായിട്ടില്ല. നിങ്ങൾ അധികാരത്തിലിരുന്ന അവസരത്തിൽ അത് ഉണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ച അവസരത്തിൽ വ്യവസായരംഗത്ത് എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളത്? അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് വ്യവസായരംഗവുമായി ബന്ധപ്പെട്ട ഒരു നയമില്ലായിരുന്നു, ഒരു സമീപനമുണ്ടായിരുന്നു, അത് എന്തായിരുന്നു? പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കച്ചവടവൽക്കരിക്കാനുള്ള സമീപനമായിരുന്നു അന്ന് യു.ഡി.എഫ്. ഗവൺമെന്റിന് ഉണ്ടായിരുന്നത്. ആ സാഹചര്യത്തിലാണ് കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വരുന്ന അവസരത്തിൽ തകർന്നുകിടന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒരു ചിത്രമായിരുന്നു, ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്നത്. ആ അവസരത്തിൽ പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ടാണ് കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് വ്യവസായരംഗത്ത് പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചത്. പൊതുമേഖലാവ്യവസായത്തെ സംരക്ഷിച്ചുകൊണ്ട് വ്യവസായവൽക്കരണത്തിന്റെ പാതയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് പറയുമ്പോൾ പലരും സൂചിപ്പിച്ചതുപോലെ ആ കാര്യങ്ങളെ സംബന്ധിച്ച് പരാമർശിക്കാതെ പോകുന്നത് ശരിയല്ല. സാമ്പത്തിക ഉദാരവൽക്കരണ നടപടികളുടെ കാര്യം പറയുമ്പോൾ നിങ്ങൾക്ക് ഹാലിളകുന്ന അവസ്ഥയാണ്. അത് വെറുതെ പറയുന്ന കാര്യമാണോ? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് മാത്രമല്ല, നമ്മുടെ രാജ്യത്തെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ വ്യവസായങ്ങളാകെ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ലോകത്ത് നടപ്പാക്കിയ സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഫലമായി, ഉദാരവൽക്കരണ നടപടികളുടെ ഫലമായി നമ്മുടെ രാജ്യത്തു മാത്രമല്ല വികസിത രാജ്യങ്ങളിൽപ്പോലും പല വ്യവസായസ്ഥാപനങ്ങളും ഇന്ന് പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നമ്മുടെ സ്പീക്കർ മൂന്ന് പദം പ്രയോഗിക്കരുതെന്ന് പറഞ്ഞാൽ പിന്നെ ഭരണകക്ഷിയിൽനിന്ന് പ്രസംഗമുണ്ടാവുകയില്ല. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നീ മൂന്ന് പദങ്ങളും പ്രയോഗിക്കരുതെന്ന് പറഞ്ഞാൽ പിന്നെ ഭരണകക്ഷിയിൽനിന്ന് ഒരു പ്രസംഗത്തിന്റെ ആവശ്യമേയില്ല.

<u>ശ്രീ. പി.എസ്. സുപാൽ</u> : അത് അങ്ങയുടെ അഭിപ്രായമാണ്. ആ അഭിപ്രായമേ അങ്ങേയ്ക്ക് പറയാൻ കഴിയൂ. കാരണം, ഉദാരവൽക്കരണ സാമ്പത്തിക നടപടികളെ ശക്തമായി പിൻതാങ്ങുന്ന ആളുകളാണ് നിങ്ങൾ. നിങ്ങൾ ശ്രീ. വയലാർരവിയുടെ അഭിപ്രായം പരിഗണിക്കണം. അദ്ദേഹത്തിന് എന്താണ് ഉദാരവൽക്കരണ സാമ്പത്തിക നടപടികളെ സംബന്ധിച്ച് പറയാനുള്ളത്?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഈ കഴിഞ്ഞ മേയ് ഒന്നിന് മാതൃഭൂമി ദിനപ്പത്രത്തിൽ ശ്രീ. വയലാർ രവി എഴുതിയ ലേഖനം വായിച്ചുകാണുമല്ലോ? അതിൽ എന്താണ് പറയുന്നത്? ഇന്ന് ഇന്ത്യ ചെന്നുപറ്റിയിട്ടുള്ള കുഴപ്പങ്ങൾക്കെല്ലാം കാരണം ആഗോളവൽക്കരണവും ഉദാരവൽക്കരണവുമാണെന്നാണ് ശ്രീ. വയലാർ രവി പറഞ്ഞിരിക്കുന്നത്. നിങ്ങൾ അദ്ദേഹത്തെ തള്ളിക്കളയാൻ ഒരുക്കമുണ്ടോ? അതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വയലാർ രവി ഇപ്പോഴും നിങ്ങളുടെ പാർട്ടിയിൽ ഉണ്ടോ? അതോ വേറെ പാർട്ടിയിലാണോ? അതോ ശ്രീ. രാധാകൃഷ്ണൻ വേറെ പാർട്ടിയിലാണോ? ഏത് പാർട്ടിയിലാണ്?

<u>ശ്രീ. പി.എസ്. സുപാൽ</u> : അങ്ങ് പറഞ്ഞത് ശരിയാണ്. ശ്രീ. വയലാർ രവിയുടെ അഭിപ്രായം പറയാൻ ഈ നിയമസഭയിൽ അപ്പുറത്തിരിക്കുന്ന ആരെങ്കിലുമുണ്ടോ? ഈ നയം നടപ്പാക്കുന്നതിന് നേതൃത്വം നൽകിയ ശ്രീ. നരസിംഹറാവുവിന്റെ പേര് കേൾക്കുന്നതുപോലും ഇവർക്ക് ഇപ്പോൾ നാണക്കേടാണ്. സർ, നമ്മുടെ സംസ്ഥാനത്ത് ഒരു വ്യവസായനയം തന്നെ പ്രഖ്യാ

LIBRARY ARCHIVES Kerala Legislative Assembly

പിച്ചിട്ടുണ്ട്. 9 ശതമാനം വളർച്ച ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിന്റെ സാഹചര്യങ്ങളും സാദ്ധ്യതകളും പരിഗണിച്ച് ബയോടെക്നോളജി, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, വിവര വിനിമയ സാങ്കേതിക വിദ്യ, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ആയുർവേദ മരുന്നുകൾ, സമുദ്രോൽപ്പന്നങ്ങൾ എന്നിവയ്ക്ക് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. വ്യവസായ സംരംഭകർക്ക് സഹായകമായി ഏകജാലക സമ്പ്രദായം നടപ്പിലാക്കാനും എല്ലാ പുതിയ വ്യവസായ യൂണിറ്റുകളെയും ഏഴു വർഷത്തേയ്ക്ക് വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കാനും തീരുമാനിച്ചുകൊണ്ട് വ്യവസായ രംഗത്തിന്റെ പുരോഗതിക്കുവേണ്ടി നമ്മുടെ വ്യവസായനയം ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്.

സർ, നമ്മുടെ വ്യവസായമേഖലയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ, കാര്യങ്ങൾ പരിശോധിക്കുമ്പോൾ ചില യാഥാർത്ഥ്യങ്ങൾ അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകണം. നമ്മുടെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ എത്തരത്തിൽ ലാഭകരമായി കൊണ്ടുവരാൻ കഴിയുമെന്നുള്ളതു സംബന്ധിച്ച് ചർച്ച നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ വ്യവസായരംഗം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ഇന്ന് ഈ രംഗത്തുള്ള മിസ്മാനേജുമെന്റിനെക്കുറിച്ച് പറയാതിരിക്കാൻ കഴിയുകയില്ല. വ്യവസായരംഗത്ത് പ്രാപ്തരായ ആളുകൾ വേണം. മാനേജുമെന്റ് എക്സ്പെർട്ടുകളെ നിയമിച്ച് അതിന്റെ പ്രവർത്തനം നടത്തണം. അതിനെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യണം. ഇപ്പോൾ മലയാളികളായിട്ടുള്ള ധാരാളം ആളുകൾ ഇന്ന് ലോകത്തെ വിവിധ രാജ്യങ്ങളിൽ ഉന്നതമായ പോസ്റ്റുകളിൽ ഇരിക്കുന്നുണ്ട്. അവരെ നമുക്ക് ആവശ്യമാണ്. മിസ് മാനേജ്മെന്റ് പരിഹരിക്കാൻവേണ്ടി പ്രഗല്ഭരായ ആളുകളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ കഴിയുന്ന തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കണം. സർ, വിദേശരാജ്യങ്ങളിൽ ധാരാളം സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നത് മലയാളികളായിട്ടുള്ള ആളുകളാണ്. അവരുടെ പദവികൾ അംഗീകരിച്ചുകൊണ്ട്, അവർക്കുള്ള സഹായം ചെയ്തുകൊടുത്തുകൊണ്ട് അത്തരത്തിലുള്ള മാനേജുമെന്റ് എക്സ്പർട്ടുകളെ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തുകൊണ്ടുവന്ന് അതിന് നേതൃത്വം നൽകാൻ നമ്മൾ ശ്രമിച്ചാൽ നമ്മുടെ മിസ്മാനേജുമെന്റിന് പരിഹാരം കണ്ടുകൊണ്ട്, നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നല്ല നിലയ്ക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, നമ്മുടെ പൊതുമേഖലയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ ചെലവഴിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കേണ്ടതുണ്ട്. കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു സമീപനത്തിന് ഗവൺമെന്റ് മുൻകൈയെടുക്കണം. ഇത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യം കിട്ടിയാൽ തകർച്ച നേരിടുന്ന പല വ്യവസായങ്ങളെയും നമുക്ക് കരകയറ്റാൻ കഴിയും. ട്രാൻസ്ഫോർമറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെൽ, ടെൽക്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് അതിന്റെ ചുമതല നൽകിയാൽ നന്നായി ആ സ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയും. അതുപോലെതന്നെ കെ.എസ്. ആർ.ടി.സി.യുമായി വുഡ് ഇൻഡസ്ട്രിയെയും ട്രാവൻകൂർ പ്ലൈവുഡ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡസ്ട്രിയെയും ബന്ധപ്പെടുത്തിയാൽ ആ സ്ഥാപനങ്ങൾക്ക് നന്നായി പ്രവർത്തിച്ച് മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകും.

സർ, അതുപോലെതന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ കാര്യം. ലക്ഷോപലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. അനന്തമായ സാദ്ധ്യതകളുള്ള വിപുലമായ ഒരു മേഖലയാണ് പരമ്പരാഗത വ്യവസായരംഗം. ഈ മേഖല മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുണ്ടാകണം. അതു പറയുമ്പോൾ കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് പറയാതിരിക്കാൻ കഴിയുകയില്ല. വൈവിധ്യവൽക്കരണത്തിൽക്കൂടി കശുവണ്ടി വ്യവസായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. കാപ്പെക്സിൽ ഇപ്പോൾ 100 ദിവസത്തിൽതാഴെയാണ് ജോലി നൽകുന്നത്. കശുവണ്ടി വികസന കോർപ്പറേഷനിൽ ഇപ്പോൾ ഏതാണ്ട് 100 ദിവസത്തിലധികം ജോലി നൽകുന്നു. അത് പോരാ. ഏതാണ്ട് 200 ദിവസമെങ്കിലും തൊഴിലാളികൾക്ക് പണികൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. എനിക്കുമുൻപ് സംസാരിച്ച ശ്രീ. സി.ടി. അഹമ്മദ് അലി കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഏതെങ്കിലും തരത്തിൽ കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് വിമർശനം ഉന്നയിക്കാൻ കഴിയുന്നവരാണോ അപ്പുറത്തിരിക്കുന്ന ആളുകൾ? നിങ്ങൾ അധികാരത്തിലിരിക്കുന്ന അവസരത്തിൽ കശുവണ്ടി വ്യവസായം സംരക്ഷിക്കാൻവേണ്ടി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? 13 ദിവസക്കാലം മാത്രമാണ് നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി നൽകിയത്. കശുവണ്ടിത്തൊഴിലാളികൾക്ക് എന്തെങ്കിലും ചെയ്തിട്ടുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. മിനിമം വേതനം തന്നെ ഇപ്പോൾ അവർക്ക് വർദ്ധിപ്പിച്ചു നൽകുകയുണ്ടായി. എന്നാൽ വിദേശരാജ്യങ്ങളിൽനിന്നാണ് നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഇപ്പോൾ കശുവണ്ടി ഇറക്കുമതി ചെയ്യുന്നത്. അങ്ങനെ ഇറക്കുമതി ചെയ്യുന്ന കശുവണ്ടിയെ മാത്രം ആശ്രയിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. കാരണം, പല രാജ്യങ്ങളിലും, കശുവണ്ടി ഏത് രാജ്യങ്ങളിൽനിന്നാണോ കൊണ്ടുവരുന്നത് ആ രാജ്യങ്ങളിലൊക്കെ കശുവണ്ടി പ്രോസസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് കശുമാവ് കൃഷി വ്യാപിപ്പിച്ചുകൊണ്ട് ഈ രംഗത്തെ പ്രവർത്തനം ശക്തമാക്കാൻ കഴിയണം. അതുപോലെതന്നെ കുത്തക സംഭരണം ഏർപ്പെടുത്തണം.

സർ, കൊല്ലം ജില്ലയിലെ വ്യാവസായികമായ പിന്നോക്കാവസ്ഥ കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പല വ്യവസായ സ്ഥാപനങ്ങളും തുറക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോപ്സ് ആന്റ് ഓയിൽസ് അതിന് ഉദാഹരണമാണ്. പുനലൂരിൽത്തന്നെ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് യു.ഡി.എഫ്.ന്റെ ഭരണം അവസാനിപ്പിക്കുമ്പോൾ യാതൊരു പ്രവർത്തനവുമില്ലാതെ കിടക്കുകയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എന്നാൽ അതുമായി ബന്ധപ്പെട്ട് അതിന്റെ വൈവിധ്യവൽക്കരണം നടപ്പാക്കണമെന്നാണ് ബഹു. വ്യവസായവകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. അങ്ങനെ വൈവിധ്യവൽക്കരണം നടപ്പാക്കിക്കൊണ്ട് ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയണം. അതുപോലെതന്നെ പുന

LIBRARY ARCHIVES Kerala Legislative Assembly

ലൂർ പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. പല അവസരങ്ങളിലായി ഈ വിഷയങ്ങൾ അസംബ്ലിയിൽ ഉന്നയിച്ചിട്ടുണ്ട്. അതുപോലെതന്നെ കുണ്ടറ മേഖലയിലെ വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ കഴിയണം. അങ്ങനെ കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം വ്യാവസായികമായ പിന്നോക്കാവസ്ഥ നേരിടുന്ന ഒരു ജില്ലയെന്നുള്ള പരിഗണന വച്ചുകൊണ്ട് അവിടത്തെ വ്യാവസായിക പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, നിയമസഭയുടെ ചരിത്രത്തിൽ വ്യവസായ വകുപ്പിനെക്കുറിച്ച് ഇത്രയും മോശപ്പെട്ട ഒരു പ്രകടനം പ്രതിപക്ഷം കാഴ്ചവച്ച ഒരു അനുഭവവും ഇതിനുമുമ്പുണ്ടായിട്ടില്ല. നിങ്ങൾക്ക് വിമർശിക്കാൻ ഒന്നുമില്ലാത്തതുകൊണ്ടാണ് ഇത്ര ശുഷ്ക്കമായിപ്പോയത്. ശ്രീ. വിശ്വനാഥൻ ഇനി പ്രസംഗിക്കാനുണ്ട്. അദ്ദേഹം അങ്ങനെ വലിയ കുഴപ്പം പറയുന്ന ആളല്ല. വ്യവസായ വകുപ്പിനെക്കുറിച്ച് ഇതിനുമുമ്പു നടന്ന ചർച്ചകളിൽ 'എന്താണ് നിങ്ങളുടെ നയം' എന്നു ചോദിക്കും. ഇപ്പോൾ അത് ആരും ചോദിക്കുന്നില്ല. ആ ചോദ്യത്തിന് നിങ്ങൾക്ക് അർഹതയില്ലെന്നുള്ളതുകൊണ്ടുതന്നെ. വ്യവസായ നയമുണ്ട് ഇപ്പോഴും. നിങ്ങളുടെ നയവും എൽ.ഡി.എഫ്.ന്റെ നയവും തമ്മിൽ വ്യത്യാസമുണ്ട്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ മുഴുവൻ സംഹരിക്കലാണ് യു.ഡി.എഫ്.ന്റെ നയം. എൽ.ഡി.എഫ്.ന്റെ നയം അവയെ സംരക്ഷിക്കലാണ്. അങ്ങനെ സംരക്ഷിക്കുന്നതിന്റെ ഫലമായി വ്യാവസായവകുപ്പിൽ പണിയെടുക്കുന്ന ആയിരക്കണക്കായ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും എൽ.ഡി.എഫ്.നെ സ്നേഹിക്കുന്നുണ്ട്. നിങ്ങളെ വെറുക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ അപ്പുറത്തും ഞങ്ങൾ ഇപ്പുറത്തുമായത്. എന്നിട്ടും നിങ്ങൾ ഇതുവരെ കുഴപ്പമെന്താണെന്ന് മനസ്സിലാക്കിയിട്ടില്ല. വീണ്ടും നിങ്ങൾ ആ നയം തന്നെ തുടരുകയാണ്. ഇതിന്റെയെല്ലാം സാഹചര്യം ഇവിടെ ചിലർ പറഞ്ഞാൽ ശ്രീ. രാധാകൃഷ്ണൻ പറയും 'ഗ്ലോബലൈസേഷനാണെന്ന്' ഞാൻ ഇപ്പോൾ അതിലേക്ക് കടക്കുന്നില്ല.

ഈ ഗവണ്മെന്റ് വന്നതിനുശേഷം ഈ ലോകസാഹചര്യത്തിൽ, ഈ ദേശീയ സാഹചര്യത്തിൽ, നിന്നുകൊണ്ട് കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെയും വ്യവസായങ്ങളെയും സംരക്ഷിക്കാൻ സ്വീകരിച്ച നടപടികളുണ്ട്. ആ നടപടികളിൽ ചിലതു മാത്രം ചൂണ്ടിക്കാണിക്കാം. ഒന്ന്, കേരളത്തിലെ പൊതുമേഖലാ വ്യാവസായ സ്ഥാപനങ്ങളോട് നിങ്ങൾക്ക് നേരത്തേ അലർജിയായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്ന ജവഹർലാൽ നെഹ്റുവിന്റെ നയത്തിന് എതിരായിരുന്നു അത്. അദ്ദേഹത്തെ നിങ്ങൾ വിട്ടു. 110 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 72 എണ്ണമാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ളത്. അറുപത്തി രണ്ടായിരത്തോളം ജീവനക്കാർ നേരിട്ടും ഒന്നര ലക്ഷത്തോളം ആളുകൾ പരോക്ഷമായും തൊഴിലെടുക്കുന്നതാണ് ആ മേഖല. അതിനെ തകർക്കാൻ സാധിക്കുമോ? വ്യവസായ വകുപ്പിന്റെ കീഴിൽ ആ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം മുടക്കുന്നതിനെ സംബന്ധിച്ച് നിങ്ങളുടെ മാധ്യമങ്ങൾക്ക് ആക്ഷേപമുണ്ട്. ഈ പൊതുമേഖലയെ എതിർക്കുന്നവർക്കെല്ലാം ആക്ഷേപമുണ്ട്. അത് ഒരു ധൂർത്താണെന്നാണ്. എന്നാൽ എന്താണ് ധൂർത്തിന്റെ കണക്ക്, പൊതുമേഖലാസ്ഥാപനങ്ങൾക്ക് നാളിതുവരെ ആയിരം കോടി രൂപയാണ് സ്റ്റേറ്റ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. ആയിരത്തി എഴുന്നൂറു കോടി രൂപ പൊതുമേഖലാസ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഡ്യൂട്ടിയായും വില്പന നികുതിയായും തിരിച്ചു ഖജനാവിലേക്ക് നൽകുന്നു. അതു ധൂർത്താണോ? വ്യവസായ മേഖലയിൽ രാജ്യത്താകെ പ്രതിസന്ധി നേരിട്ട അവസരത്തിൽ ഇക്കഴിഞ്ഞ വർഷം അൻപത്തി രണ്ടു വ്യവസായ സ്ഥാപനങ്ങൾ 13% ടേൺ ഓവർ വർദ്ധനവുണ്ടാക്കി. അതു ഈ സർക്കാരിന്റെ എഫിഷ്യൻസിയെയാണ് കാണിക്കുന്നത്. അത് ഇവിടെ ശ്രീ. സുപാൽ നേരത്തെ സൂചിപ്പിച്ചു. കശുവണ്ടി വികസന കോർപ്പറേഷനിൽ യു.ഡി.എഫ്.ന്റെ ഭരണകാലത്ത്, 93-94, 94-95 കാലഘട്ടത്തിൽ, ഓരോ വർഷവും കൊടുത്ത ജോലി എത്രയെന്നറിയാമോ? പതിമൂന്നു ദിവസം, നാല്പത്തി ഒമ്പതു ദിവസം, പതിമൂന്നു ദിവസം ഒക്കെയാണ്. ഈ ഗവണ്മെന്റു വന്നതിനുശേഷം ശ്രീ. സുപാൽ ഇവിടെ സൂചിപ്പിച്ചതുപോലെ 200 ദിവസത്തിൽ എത്തിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ഈ വർഷം നാലു മാസമേ ആയിട്ടുള്ളൂ. എങ്കിൽപ്പോലും അമ്പതു ദിവസത്തെ ജോലി കിട്ടി. 96-ലും 97-ലും 98-ലും. ആദ്യം അധികാരത്തിൽവന്ന ആറുമാസക്കാലത്തിനിടയിൽ പതിനെട്ടു ദിവസം ജോലി കൊടുത്തു. അടുത്ത തവണ അറുപതു ദിവസത്തെ ജോലി കൊടുത്തു. കഴിഞ്ഞവർഷം എൺപതു ദിവസത്തെ ജോലി കൊടുത്തു. ഇപ്പോൾ നാലു മാസത്തിനിടയിൽ അമ്പതു ദിവസത്തെ ജോലി കൊടുത്തു. ഞങ്ങൾ അതു നൂറിനപ്പുറം ഇരുന്നൂറിൽ എത്തിക്കാനുള്ള പരിശ്രമത്തിലാണ്. ടെക്നോപാർക്കിൽ മുപ്പത്തിനാലു കമ്പനികളാണ് ഇന്ന് പ്രവർത്തിക്കുന്നത്. ആറായിരം ആളുകൾക്ക് പുതിയതായി ജോലി കിട്ടി. നിങ്ങൾക്ക് വിമർശിക്കാൻ സാധിക്കുമോ? നമ്മൾ ഒരു ഗവണ്മെന്റിന്റെ ഒരു വകുപ്പിനെക്കുറിച്ച് വിമർശനം നടത്തുന്നു. നമ്മൾ പാസ്സാക്കിക്കൊടുത്ത ആ ബഡ്ജറ്റു പ്രകാരമുള്ള സംഖ്യ ആ വകുപ്പ് ചെലവഴിച്ചോ ഇല്ലയോ എന്നു പരിശോധിക്കണം. 9-ാം പദ്ധതിയിൽ വ്യവസായ വകുപ്പിനുവേണ്ടി 1125 കോടി രൂപയാണ് നീക്കി വച്ചത്. 97-98 വർഷത്തിൽ അതിന്റെ വിഹിതമായി 211 കോടി രൂപ വ്യവസായ വകുപ്പിനു നൽകി. എത്ര ചെലവഴിച്ചു എന്നറിയാമോ? 226 കോടി രൂപ ചെലവഴിച്ചു. ചെറുകിട വ്യവസായങ്ങൾക്ക് 71 കോടി രൂപ നീക്കിവച്ചതിൽ 87 കോടി രൂപ ചെലവഴിച്ചു. വൻകിട വ്യവസായങ്ങൾക്ക് 138 കോടി രൂപ നമ്മൾ അനുവദിച്ചു. 138 കോടി രൂപയും ചെലവഴിച്ചു. പതിനഞ്ചു കോടി രൂപ അധികം ചെലവഴിച്ചു. ഇത്തവണത്തെ ബഡ്ജറ്റിൽ ബയോടെക്നോളജി വ്യവസായങ്ങൾ വികസിപ്പിക്കാൻവേണ്ടി 75 കോടി രൂപ കൂടി നീക്കിവയ്ക്കുകയാണ്. ഖനനത്തിനുവേണ്ടി ഇരുന്നൂറു ലക്ഷം രൂപ നീക്കിവച്ചതിൽ 122 കോടി രൂപയേ ചെലവഴിച്ചുള്ളൂ. അവിടെയാണ് കുറവു വന്നിട്ടുള്ളത്. എങ്കിലും ആ വകുപ്പ് ഇരട്ടി പുരോഗതിയിലാണ്. വ്യവസായ വികസന കോർപ്പറേഷനിലേക്ക് 2446 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇക്കഴിഞ്ഞ വർഷം അതിൽ പൊതുമേഖലാ യൂണിറ്റുകൾക്ക് 320 കോടി രൂപയാണ് നൽകിയത്. ബാക്കി 2125 കോടി രൂപ സ്വകാര്യ മേഖലയിൽ വ്യവസായങ്ങൾ സ്ഥാപിക്കാൻവേണ്ടി ചെറുകിട വ്യവസായ കോർപ്പറേഷൻ നൽകിയതാണ്. അതിന്റെ ഫലമായിട്ടുള്ള തൊഴിൽ വന്നിട്ടുണ്ട്. അതിന്റെ ഫലമായിട്ടുള്ള വ്യവസായങ്ങൾ വന്നിട്ടുണ്ട്. കേരളത്തിലെ 110 വ്യവസായങ്ങളിൽ 72 എണ്ണവും ലാഭത്തിലാണെന്ന് ഞാൻ പറയുന്നു. വ്യവസായ വകുപ്പിന്റെ കീഴിലുള്ളതിൽ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കെൽട്രോൺ പുനരുദ്ധരിക്കാൻ ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചു. ഇരുന്നൂറു കോടി രൂപയുടെ ബാദ്ധ്യതയുണ്ടായിരുന്നത് ഗവണ്മെന്റ് നെഗോഷ്യേറ്റ് ചെയ്ത് 120 കോടി രൂപയാക്കി ചുരുക്കി. ഗവണ്മെന്റ് ആ ബാദ്ധ്യത ഏറ്റെടുത്തതുകൊണ്ടാണ് ആയ്യായിരത്തിൽപ്പരം ജീവനക്കാർ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്ന കേരളത്തിന്റെ അഭിമാനമായ കെൽട്രോൺ എന്ന സ്ഥാപനം സംരക്ഷിക്കാൻ നടപടി സ്വീകരിച്ചത്. ഇല്ലെങ്കിൽ അത് പോയേനെ. കഴിഞ്ഞ മൂന്നു വർഷം അതിനുവേണ്ടി 25 കോടി രൂപ ഗവണ്മെന്റ് ചെലവഴിച്ചു. അതുപോലെ കയർ രംഗത്തും നടപടി സ്വീകരിച്ചതിനെക്കുറിച്ചു ഇവിടെ വലിയ വിവാദങ്ങളുണ്ടായി. കേരളത്തിലെ ഗവണ്മെന്റുകളിൽ ഈ ഗവണ്മെന്റ് കയർ വ്യവസായത്തോട് താൽപ്പര്യം കാണിച്ചതുപോലെ മറ്റ് ഏതെങ്കിലും ഗവണ്മെന്റ് താൽപ്പര്യം കാണിച്ചു എന്നുപറയാൻ സാധിക്കുമോ? ആ താൽപ്പര്യം കാണിച്ചതിന്റെ ഫലമായി കേരളത്തിലെ നാലു ലക്ഷത്തോളം തൊഴിലാളികൾക്ക് ഈ ഗവണ്മെന്റ് വന്നതിനുശേഷം കിട്ടിയ നേട്ടം അറിയാം. 1997-ൽ അവർ സമരം നടത്തി. ഗവണ്മെന്റിന്റെ സഹായത്താൽ അതു ഒത്തുതീർപ്പുണ്ടായി ഒരു ദിവസം പത്തു രൂപയുടെ കൂലി വർദ്ധനവുണ്ടായി. നാലു ലക്ഷം തൊഴിലാളികൾക്ക് ഒരു ദിവസം പത്തു രൂപ എന്നു പറഞ്ഞാൽ നാല്പതു ലക്ഷം രൂപയാണ്. എട്ടു മാസം അവർ പണിയെടുത്താലും 96 കോടി രൂപ ആ തൊഴിലാളികൾക്ക് അതുവരെ കിട്ടിക്കൊണ്ടിരുന്നതിൽ നിന്നും കൂടുതൽ കിട്ടും. 97-ലെ സമരത്തിന്റെ ഫലമായിട്ടാണ് അതു കിട്ടുന്നത്. രണ്ടു വർഷങ്ങൾക്കു മുമ്പാണത്. 99 മേയ് മാസത്തിലും അവർ സമരം നടത്തി. പതിനൊന്നു രൂപ ഒരു ദിവസത്തെ വരുമാനത്തിൽ വർദ്ധനവുണ്ടായി. നാല്പത്തിനാലു ലക്ഷം രൂപ ആ തൊഴിലാളികൾക്ക് ഒരു ദിവസം വരുമാനത്തിൽ വർദ്ധനവുണ്ടായി. 240 ദിവസം പണിയെടുക്കുമ്പോൾ 96 കോടി രൂപ അവർക്കു കിട്ടുന്നു. അതിനർത്ഥം ഈ ഗവണ്മെന്റ് വന്നതിനുശേഷം 97-ലും 99-ലും ആ തൊഴിലാളികൾക്ക് സമരം ചെയ്തതിന്റെ ഫലമായി 211 കോടി രൂപ നിങ്ങളുടെ ഗവണ്മെന്റ് ഭരിച്ച കാലത്തുള്ളതിനേക്കാൾ വ്യത്യാസമുണ്ട്. ഈ ഗവണ്മെന്റ് വന്നതിനുശേഷം കയർമേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ വരുമാനമുണ്ടായി. അങ്ങനെ നാലു ലക്ഷം തൊഴിലാളികളെ ആശ്രയിക്കുന്ന തീരപ്രദേശത്തെ കുടുംബങ്ങൾക്ക് ജീവിതത്തിൽ മാറ്റമുണ്ടായത് എൽ. ഡി.എഫ്. ഗവണ്മെന്റിന്റെ നേട്ടമാണ്.

<u>ശ്രീ. കെ.സി. ജോസഫ്</u> : അങ്ങനെയാണെങ്കിൽ അങ്ങയെ കയർ ഫെഡറേഷന്റെ ചുമതലയിൽ നിന്നും നീക്കം ചെയ്തത് എന്തിനാണ്?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഇത് അപ്രസക്തമായ ചോദ്യമാണ്. കയർ വ്യവസായത്തിനുണ്ടായ പുരോഗതി, തൊഴിലാളികൾക്കുണ്ടായ പുരോഗതി, അതിൽ കയർ ഫെഡറേഷന്റെ പ്രസിഡന്റ് സ്ഥാനത്തിരുന്ന ഒരാൾ മാറിയോ, അവിടെയിരിക്കുന്നോ, പുതിയ ആൾ വന്നോ എന്നുള്ള ചോദ്യം പ്രസ്ക്തമേയല്ല. അതു വളരെ ബാലിശമായ ചോദ്യമാണ്.

<u>ശ്രീ. ടി.കെ. ഹംസ</u> : കോൺഗ്രസ്സിന്റെ ഒരുപാട് സീറ്റുണ്ടായിരുന്നിട്ട് ഇയാളെ എന്തിനാണ് ഇരിക്കൂറിലേക്ക് തട്ടിയത്?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഞാൻ അതിലേക്ക് കടക്കുന്നില്ല. കൈത്തറി വ്യവസായത്തിൽ 91 മുതൽ 96 വരെയുള്ള അഞ്ചു വർഷക്കാലം യു.ഡി.എഫ്. ഭരിച്ചപ്പോൾ റിബേറ്റ് ഇനത്തിൽ കൊടുത്തത് 1248 ലക്ഷം രൂപയാണ്. എന്നാൽ ഈ ഗവണ്മെന്റ് 96 മുതൽ 99 വരെ മൂന്നു വർഷക്കാലത്തിനിടയിൽ മൂന്നു വർഷം കൊണ്ട് 1855 ലക്ഷം രൂപയാണ് റിബേറ്റ് ഇനത്തിൽ കൊടുത്തത്. നിങ്ങൾ അഞ്ചു വർഷം കൊണ്ട് 1248 ലക്ഷം രൂപ കൊടുത്തപ്പോൾ ഈ ഗവണ്മെന്റ് മൂന്നു വർഷം കൊണ്ട് 1855 ലക്ഷം രൂപ കൊടുത്തു. എ.ഡി.എ. ഇനത്തിൽ 91 മുതൽ 95 വരെ അഞ്ചു വർഷക്കാലം 27 കോടി 61 ലക്ഷം രൂപ കൊടുത്തപ്പോൾ ഈ ഗവണ്മെന്റ് മൂന്നു വർഷത്തിനിടയിൽ 20

LIBRARY ARCHIVES Kerala Legislative Assembly

കോടി 39 ലക്ഷം രൂപ കൊടുത്തു. ഈ വർഷം വീണ്ടും ഏഴു കോടി രൂപ കൂടി കൊടുത്തു. അപ്പോൾ, നിങ്ങൾ കൊടുത്തതിനേക്കാൾ കൂടുതൽ തുക കൊടുത്തിരിക്കുന്നു. ഇതാണ് കൈത്തറി വ്യവസായത്തോടുള്ള ഈ ഗവണ്മെന്റിന്റെ സമീപനം. ഖാദി മേഖലയിൽ കൺസോർഷ്യം സ്കീം പ്രകാരം ലഭിച്ച 45 കോടി രൂപയിൽ 41 കോടിയും ഖാദി ബോർഡിന്റെ കീഴിൽ ചെലവഴിച്ചു. അതിന്റെ ഫലമായി 11802 പേർക്ക് കൂടുതൽ ജോലിയുണ്ടായി. മാത്രമല്ല ഇന്ത്യയിലെ ഖാദി കമ്മിഷൻ വിവിധ ബോർഡുകളെ വിലയിരുത്തിക്കൊണ്ട് കേരളത്തിലെ ഖാദി ബോർഡിന് സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ് നൽകിയത് ഈ ഗവണ്മെന്റ് വന്നതിനു ശേഷമാണ്. മൈനിംഗ് വകുപ്പ് വ്യവസായ വകുപ്പുമന്ത്രി ചുമതലയിലുള്ളതാണ്.

<u>ശ്രീ. പാലോട് രവി</u> : ശ്രീ. കെ.സി. ജോസഫ് ഒരു ചോദ്യം ചോദിച്ചപ്പോൾ അപ്രസക്തമാണെന്ന് പറഞ്ഞു. ബഹു. വ്യവസായ വകുപ്പുമന്ത്രിക്കു വേണ്ടി കഴിഞ്ഞ മാർക്സിസ്റ്റു പാർട്ടിയുടെ വകുപ്പിലുള്ള മറ്റ് മന്ത്രിമാരുടെ ഒരു വകുപ്പിലും ഇടപെടാതെ അവരെ സഹായിക്കുന്ന എല്ലാ ധനാഭ്യർത്ഥനകളിലും ഒരു വക്താവായി നിന്ന് സംസാരിക്കുന്ന അങ്ങയേയും അവരുടെ പ്രൈവറ്റ് സെക്രട്ടറിയേയും മാറ്റിയതിനുശേഷം ശ്രീ. അച്യുതാനന്ദന്റെ തേരോട്ടമല്ലേ ഇപ്പോൾ ആ വകുപ്പിൽ നടക്കുന്നത്? ഈ കാര്യം അങ്ങേക്ക് നിഷേധിക്കാമോ?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ബഹുമാനപ്പെട്ട പാലോട് രവിയുടെ ചോദ്യം വളരെ ബാലിശമായിപ്പോയി. നിലവാരമില്ലാത്തതായിപ്പോയി. അതൊക്കെ നിങ്ങളുടെ പാർട്ടിക്കുള്ള സ്വഭാവം വച്ചുകൊണ്ടുള്ള ചോദ്യമാണ്. വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ കഴിഞ്ഞതവണ ഞാൻ പങ്കെടുത്തില്ല. ഈ തവണയാണ് പങ്കെടുക്കുന്നത്. എനിക്ക് താൽപ്പര്യമുള്ള വിഷയങ്ങളിൽ ഞാൻ പങ്കെടുക്കും. ഞങ്ങളുടെ പാർലമെന്ററി പാർട്ടി തീരുമാനിക്കുന്ന വിഷയങ്ങളിൽ ഞങ്ങൾ പങ്കെടുക്കും. അതും ഇതുമായി ഒരു ബന്ധമില്ല. പറഞ്ഞതിന് നിങ്ങൾക്ക് മറുപടിയുണ്ടോ? മൈനിംഗ് വകുപ്പിൽ 1991-96 വരെ 559 ലക്ഷം രൂപയാണ് വരുമാനമുണ്ടായിരുന്നതെങ്കിൽ അത് 1162 ലക്ഷം രൂപയാക്കി വർദ്ധിച്ചു. ഈ വിധത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ മേഖലയിലും പരിശോധിച്ചാൽ നേട്ടത്തിന്റെ പട്ടികയാണ് കാണാൻ കഴിയുന്നത്. ഇവിടെ ഈ ഗവണ്മെന്റിന് ഒരു അന്തരീക്ഷമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതാണ് ഏറ്റവും വലിയ നേട്ടം. യു.ഡി.എഫ്.ലെ പ്രധാനപ്പെട്ട കക്ഷികളും നമ്മുടെ നാട്ടിലെ മാധ്യമങ്ങളും നിരന്തരമായി പ്രചാരവേല നടത്തുമായിരുന്നു. മൂലധനനിക്ഷേപം ഇവിടെ വരാതിരിക്കാൻ, ഇവിടെ തൊഴിൽ സമരങ്ങളാണ് പ്രശ്നങ്ങളെന്നുപറഞ്ഞ് പ്രചാരവേല നടത്തുമായിരുന്നു. ആ പ്രചാരവേലകൊണ്ട് പലരും അറച്ചുനിന്നു. എന്നാൽ ഈ ഗവണ്മെന്റ് അധികാരത്തിൽവന്നതിനുശേഷം അന്തരീക്ഷത്തിൽ മാറ്റംവന്നില്ലേ? 50 തൊഴിൽ തർക്കങ്ങളാണ് കഴിഞ്ഞ വർഷമുണ്ടായിട്ടുള്ളത്. ഇവിടെ നേരത്തേ ശ്രീ. ദാസൻ ചൂണ്ടിക്കാണിച്ച ഒരു കണക്ക് ഞാൻ വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. 8266 തൊഴിൽ പ്രശ്നങ്ങളുണ്ടായതിൽ 4422 പ്രശ്നങ്ങളും വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് പരിഹരിക്കപ്പെട്ടു. എവിടെയെങ്കിലും അനാവശ്യമായ സമരം നടക്കുന്നുണ്ടോ? നടക്കുന്നില്ല. ഇവിടത്തെ മനുഷ്യാദ്ധ്വാനത്തിൽ മൂലധനം മുടക്കാൻ താല്പര്യമുള്ളവർ രാജ്യത്തിനുപുറത്തായാലും അകത്തായാലും കേരളം തൊഴിൽ സമാധാനമുള്ള ഒരു സംസ്ഥാനമെന്നുള്ളനിലയിൽ ഇങ്ങോട്ട് വരുന്നുണ്ട്. അവർക്കാവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഈ ഗവണ്മെന്റുണ്ടാക്കി. നല്ല മനുഷ്യാദ്ധ്വാനം, എഫിഷ്യന്റായിട്ടുള്ള തൊഴിലാളികൾ; ബുദ്ധിശക്തിയുള്ള തൊഴിലാളികൾ; വൈദ്യുതി ആവശ്യത്തിന് ലഭ്യമാകും; അതുപോലെ തൊഴിൽപ്രശ്നങ്ങളില്ല, സുരക്ഷിതത്വമുണ്ട്; തൊഴിലുടമയുടെ കഴുത്തിനുമേൽ തല കാണാത്ത മഹാരാഷ്ട്രയെപ്പോലുള്ള മറ്റു സംസ്ഥാനങ്ങളെപ്പോലുള്ള, ഒരവസ്ഥ കേരളത്തിലില്ലെന്നുള്ളതുകൊണ്ട് ആ വ്യവസായികൾ ഇങ്ങോട്ടുവരുന്ന സാഹചര്യം കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് വ്യവസായ നയത്തിന്റെയും എൽ. ഡി.എഫ്.ന്റേയും ഏറ്റവും വലിയ നേട്ടം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് രാജ്യത്ത് ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. വിശേഷിച്ച് വികസിത മുതലാളിത്ത രാജ്യങ്ങളിൽ. രാജ്യത്ത് വർദ്ധിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല. ഇൻസ്റ്റാൾഡ് കപ്പാസിറ്റി കൂടുതലും ഗ്ലോബൽ ഡിമാന്റ് കുറവുമാണ്. വികസിത മുതലാളിത്ത രാജ്യങ്ങൾ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വന്നപ്പോൾ കമ്പോളം കണ്ടെത്താനുള്ള പരക്കംപാച്ചിലിലാണ് എല്ലാ രാജ്യങ്ങളേയും അവർ പെടുത്തിക്കളഞ്ഞത്. പക്ഷേ ഗ്ലോബൽ ആയി രാജ്യങ്ങളുടെ മാർക്കറ്റാകെ വെട്ടിപ്പിടിച്ചിട്ടും അവരുടെ ഉൽപ്പാദനം വിറ്റഴിക്കാൻ കഴിയാത്ത ക്രൈസിസിനെ ആ രാജ്യങ്ങൾ ഇന്ന് നേരിടുകയാണ്. ആ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി അവർ കമ്പനികൾ, അഥവാ ഇൻസ്റ്റാൾമെന്റ് പദ്ധതികൾ തുടങ്ങി. ആ ഇൻസ്റ്റാൾമെന്റ് പദ്ധതികൾകൊണ്ട് ആളുകൾ സാധനം വാങ്ങിച്ചു. കാറും ഫ്രിഡ്ജും സൈക്കിളും ടി.വി.യുമെല്ലാം വാങ്ങിച്ചു. പക്ഷേ ഇൻസ്റ്റാൾമെന്റ് തിരിച്ചടക്കാൻ കഴിയാതെ വരുന്നു. ആ ഇൻസ്റ്റാൾമെന്റിനുവേണ്ടി ബാങ്കുകൾ അവർക്ക് പണം നൽകി. ആ പണം ബാങ്കിന് തിരിച്ച് എടുക്കാൻ കഴിയാതെ വരുന്നു. അങ്ങനെ വരുമ്പോൾ ബാങ്കുകൾ പൊളിയുന്നു. ഈ ക്രൈസിസ് ഇന്ന് ലോകത്തെ വികസിത മുതലാളിത്ത രാജ്യങ്ങളാകെ നേരിടുകയാണ്. ഉൽപ്പാദനം കുന്നുകൂടുന്നു. കെമിക്കൽസ് കുന്നുകൂടുന്നു. മെഡിസിൻസ് കുന്നുകൂടുന്നു. സ്റ്റീൽ കുന്നുകൂടുന്നു. രാസവളങ്ങൾ കുന്നുകൂടുന്നു. ആട്ടോമൊബൈൽ കാറുകൾ നിർമ്മിക്കുന്ന മേഖല കുന്നുകൂടുന്നു. ഇത് മുഴുവൻ കുന്നുകൂടുമ്പോൾ മാർക്കറ്റിൽ ഒരു മരവിപ്പ് വരുകയാണ്. വിറ്റഴിക്കാൻ മാർഗ്ഗമില്ല സ്വാഭാവികമായി വർദ്ധിച്ച ഉൽപ്പാദനം നശിപ്പിച്ചില്ലെങ്കിൽ ഉത്പന്നത്തിന് വിലയില്ലാത്ത ഒരു സ്ഥിതിവിശേഷം ഇന്ന് ലോക വ്യാപാരരംഗത്ത് നേരിടുകയാണ്. അത് ഫെയ്സ് ചെയ്യാൻ ലോക മുതലാളിത്തം മാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്. സാറ്റലൈറ്റുപയോഗിച്ച് യുദ്ധസന്നാഹങ്ങളും വിമാനത്താവളങ്ങളും കണ്ടുപിടിക്കൽ മാത്രമല്ല, എവിടെയാണ് രാസവള ഫാക്ടറി സ്ഥാപിച്ചിരിക്കുന്നത്, എവിടെയാണ് സ്റ്റീൽ ഫാക്ടറി സ്ഥാപിച്ചിട്ടുള്ളത്, എവിടെയാണ് ആട്ടോമൊബൈൽ ഫാക്ടറി സ്ഥാപിച്ചിട്ടുള്ളത്, അതിനെ ബോംബെറിഞ്ഞ് തകർക്കാനും മിസൈൽ ഉപയോഗിച്ച് തകർക്കാനും സാമ്രാജ്യത്വമുതലാളിത്ത രാജ്യങ്ങൾ ശ്രമിക്കുന്നുണ്ട്. യൂഗോസ്ലോവിയയിൽ നടന്ന യുദ്ധത്തിന്റെ ഫലമായി 75% തൊഴിലാളിക്ക് അവിടെ ജോലിയില്ല. ഫാക്ടറികൾ മുഴുവൻ തകർത്തു, സ്കൂളുകൾ തകർത്തു, ആശുപത്രികൾ തകർത്തു. സ്വാഭാവികമായി സ്റ്റീൽ വിറ്റഴിക്കാൻ സഹായകമായി വികസിത മുതലാളിത്ത രാജ്യത്ത് പുതിയ ആശുപത്രിയും പുതിയ പാലവും പുതിയ സ്കൂളുകളും പണിയണം. അവിടേക്ക് സ്റ്റീലും സിമന്റും വേണം. അവന്റെ ഉൽപ്പന്നങ്ങളൊക്കെ വിറ്റഴിക്കണം. അതുകൊണ്ട് ലോക മുതലാളിത്തം കണ്ടുപിടിച്ചിരിക്കുന്നത് സ്വാഭാവികമായി രാജ്യത്ത് യുദ്ധം ഉയർത്തിക്കൊണ്ടു വന്നാൽ മാത്രമേ ആ രാജ്യത്ത് കെട്ടിക്കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുകയുള്ളുവെന്നാണ്. ആ പരിശ്രമം ഇന്ന് നടക്കുകയാണ്. ഇതിൽനിന്ന് അവർക്ക് കരകയറാൻ കഴിയുന്നില്ല. അവർ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ 1994-ൽ തകർത്തു. രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല. സോവ്യേറ്റ് റഷ്യയെ തകർത്തു. ജപ്പാനിൽനിന്നും റഷ്യയിൽനിന്നുമാണ് അവർ പെട്രോൾ വാങ്ങുന്നത്. പെട്രോൾ അവിടെ ചെലവഴിയുന്നില്ല. പെട്രോൾ വാങ്ങിച്ചാൽ കാശ് കൊടുക്കുന്നില്ല. റഷ്യ കുഴപ്പത്തിലായി. യെൽറ്റ്സിൻ മൊറോട്ടോറിയം പ്രഖ്യാപിച്ചു. വേൾഡ് ബാങ്കിൽനിന്നെടുത്ത കാശ് കൊടുക്കുകയില്ലെന്ന് പറഞ്ഞു. ഈ ക്രൈസിസ് വളരുകയാണ്. ഇത്രയും ആഗോളവ്യാപകമായി വന്നിരിക്കുന്ന ക്രൈസിസിൽ ഇന്ത്യയിലെ വ്യവസായമാകെ തകർന്നുപോയിക്കൊണ്ടിരിക്കുന്ന ഒരവസരത്തിൽ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിനുമാത്രം പിടിച്ചുനിൽക്കാൻ കഴിയുമോ? അങ്ങനെയൊരു ലോക സാഹചര്യത്തിൽ കേരളത്തിലെ വ്യവസായസ്ഥാപനങ്ങളെ സംരക്ഷിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞുവെന്നുള്ളതിൽ ഈ ഗവണ്മെന്റിനെ അഭിനന്ദിക്കണ്ടേ? കേരളത്തിൽ പരമ്പരാഗതവ്യവസായങ്ങൾ, അത്യാധുനിക വ്യവസായങ്ങൾ ഇതിന്റെയൊക്കെ നിലനിൽപ്പ് ഇതുമായി ബന്ധപ്പെട്ടതാണ്. അത് അറിയില്ലാതെ നിങ്ങൾ അപ്പുറത്തിരുന്നാൽ എനിക്ക് നിങ്ങളെ രക്ഷിക്കാൻ കഴിയുമോ? ഈ വസ്തുത നിങ്ങൾ മനസ്സിലാക്കണം. ഈ കാര്യത്തിൽ ബാങ്കുകൾ പൊളിഞ്ഞപ്പോൾ ബാങ്കുകളിലേക്ക് നിക്ഷേപത്തിന് ആളുകൾ പോകുന്നില്ല. അവന് പലിശ കിട്ടുന്നില്ല. ആ ഒരവസ്ഥ ഐ.എം.എഫ്. പോലുള്ള സ്ഥാപനങ്ങൾക്ക് വന്നിരിക്കുന്നു. അതുകൊണ്ടാണ് വേൾഡ് ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് പറഞ്ഞത് (ചികിത്സിക്കാൻവേണ്ടി വന്ന ഡോക്ടറുണ്ടല്ലോ. IMF, അവനെ രക്ഷിക്കാൻവേണ്ടി) 1800 കോടി ഡോളർ അമേരിക്ക കൊടുക്കണമെന്ന്. ലോകബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റ് ഗ്ളെയ്സാണല്ലോ. അദ്ദേഹം അമേരിക്കയോട് പറയുകയാണ്, എല്ലാ രാജ്യങ്ങളേയും സഹായിക്കാൻ പോയ, ഐ.എം.എഫ്. നിലനിൽക്കണമെങ്കിൽ ..... അവൻ കൊടുത്ത കാശ് തിരിച്ച് കിട്ടുന്നില്ല. അവന്റെ ബാങ്കിലേക്ക് ആളുകൾ ഈ ക്രൈസിസിന്റെ ഫലമായി നിക്ഷേപം കൊണ്ടുവരുന്നില്ല. 1800 കോടി ഡോളർ കൊടുത്തില്ലെങ്കിൽ ഐ.എം.എഫ്.ന്റെ കഥ കഴിഞ്ഞുപോകുമെന്ന്. ഇത്തരം വലിയൊരു ക്രൈസിസുണ്ടെന്നുള്ള കാര്യം നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കി മൂടിവച്ചാൽ ഈ രാജ്യത്തിലെ ജനങ്ങൾ അറിയുകയില്ലെന്ന് ധരിക്കണ്ട. ഈ സർപ്ലസ് പ്രൊഡക്ഷൻ വിറ്റഴിക്കാൻ കഴിയാതെ വരുന്നതിന്റെ ഫലമായി യുദ്ധം കൊണ്ട് രാജ്യങ്ങളെ തകർത്ത് അവന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള നീക്കമാണ് നടത്തുന്നത്. കാറൽമാർക്സ് ഇതിനെക്കുറിച്ച് ഒരു വാചകം പറഞ്ഞിട്ടുണ്ട്. "മുതലാളിത്തം സാധാരണഗതിയിൽ വികസിച്ചുവരുമ്പോൾ ഒരു ഘട്ടത്തിൽ എല്ലാവരുമുണ്ടാക്കുന്ന ചരക്കുകൾ വിറ്റഴിയാതെ കമ്പോളത്തിൽ കെട്ടിക്കിടക്കും. അമിത ഉൽപ്പാദനം വന്നാൽ ചരക്ക് നശിപ്പിക്കുകയോ വില കുറച്ച് വിൽക്കുകയോ ചെയ്യേണ്ടിവരും. ഇതുമൂലം സ്ഥാപനങ്ങളും രാജ്യങ്ങളും തകരും. അങ്ങനെ വരുമ്പോൾ ഉൽപ്പാദനശക്തിയെ നശിപ്പിക്കലേ മാർഗ്ഗമുള്ളൂ". ഫാക്ടറികളും വ്യവസായ സ്ഥാപനങ്ങളും ബോംബെറിഞ്ഞ് തകർക്കലേ മാർഗ്ഗമുള്ളൂ. അതാണ് അമേരിക്കയുടെ നേതൃത്വത്തിൽ ഈ രാജ്യങ്ങളെ തമ്മിൽ അടിപ്പിച്ച് യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിലധിഷ്ഠിതമായ ഒരു സമ്പദ്ഘടനയുള്ള സാമ്രാജ്യശക്തികളുടെ തലവനായ അമേരിക്കൻ സാമ്രാജ്യത്വം, ഈ രാജ്യങ്ങളിൽപോയി പ്രശ്നങ്ങൾ കുത്തിപ്പൊക്കി യുദ്ധമുണ്ടാകുന്നത്. ഈ ലോകസാഹചര്യത്തിലാണ് നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളെ സംരക്ഷിക്കാൻ പ്രതിജ്ഞാബ

LIBRARY ARCHIVES Kerala Legislative Assembly

ദ്ധമായ എൽ.ഡി.എഫ്. ഗവണ്മെന്റ് വ്യവസായങ്ങളെയൊക്കെ സംരക്ഷിക്കാൻ ഒരു നയം സ്വീകരിച്ചത്. ആ നയം സ്വീകരിച്ച ഈ ഗവണ്മെന്റിന്റെ വ്യവസായ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം അനുകൂലിക്കുകയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, അങ്ങയുടെ ഉപദേശമനുസരിച്ച് ഞങ്ങൾ ഇന്ന് രണ്ടാക്കി. പക്ഷേ അതുകൊണ്ട് ഒരു പ്രയോജനവും കാണുന്നില്ല. അങ്ങയുടെ നിർദ്ദേശം പ്രധാന കക്ഷിയായ സി.പി.എം. തന്നെ അംഗീകരിച്ചില്ല. ഞങ്ങൾ അംഗീകരിച്ചു. അതുകൊണ്ട് ഞങ്ങൾ നാളെ മാറും.

<u>മി. സ്പീക്കർ</u> : ഒരിക്കലും പാടില്ല. സി.പി.എം. ലെ ആനത്തലവട്ടം ആനന്ദൻ നല്ല മാതൃക സൃഷ്ടിച്ചിരിക്കുകയാണ്.

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : സർ, വ്യവസായവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ശ്രീ. എം. ദാസൻ തുടങ്ങി ശ്രീ. ആനത്തലവട്ടം വരെ അവസാനിപ്പിച്ചതിനിടയിൽ നടന്ന പ്രതിപക്ഷത്തിന്റെയും അതുപോലെതന്നെ ഭരണകക്ഷിയുടെയും പ്രസംഗങ്ങളൊക്കെ കേട്ടു. ഇവിടെ ശ്രീ.ആനത്തലവട്ടം ആനന്ദൻ പറഞ്ഞ ഒരു കാര്യം ഞാനും അങ്ങനെ ആലോചിക്കുകയായിരുന്നു. ഇന്നത്തെ ശ്രീ. ആനത്തലവട്ടം ആനന്ദൻ അടക്കമുള്ള എല്ലാവരുടെയും പ്രസംഗങ്ങൾ വളരെ ശുഷ്കമായിരുന്നു. ഒരു സംശയവുമില്ല. അത് ഇന്നത്തെ ഒരു പ്രത്യേകതയാണ്. പ്രത്യേകിച്ച് ഞാൻ ഈ സാമ്പത്തിക അവലോകനം വായിച്ചപ്പോൾ, ഏറ്റവും കൂടുതൽ വ്യവസായങ്ങളുള്ളത് കേരളത്തിൽ എറണാകുളത്താണ്. രണ്ടാമത് തൃശ്ശൂർ, കൊല്ലം അങ്ങനെ പോകുന്നു. ഈ ജില്ലയിൽനിന്നും ഭരണകക്ഷിയിൽപ്പെട്ട പ്രത്യേകിച്ച് സി.പി.ഐ.ക്കാർ ആരും സംസാരിച്ചില്ല. വ്യവസായങ്ങളുള്ള ജില്ലയിൽ നിന്നു വരുന്ന ശ്രീ. സുപാൽ പ്രസംഗിച്ചു. ശ്രീ. സുപാൽ ഇവിടത്തെ കാര്യങ്ങളല്ല പറഞ്ഞത്. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടത്തെ കാര്യമല്ല പറഞ്ഞത്. ശ്രീ. ക്ലിന്റൺ ഏറ്റവും നല്ല കമ്മ്യൂണിസ്റ്റ് എന്നാണ് അവസാനം പറഞ്ഞത്. ക്ലിന്റൺ, മാർക്സ് പറഞ്ഞുവച്ചത് നടപ്പിലാക്കുന്നുവെന്നാണ് പറഞ്ഞത്. സാധനങ്ങൾ നശിപ്പിക്കുക, ഉൽപ്പാദനശേഷി ഇല്ലാതാക്കുക എന്നാണ് പറഞ്ഞത്. മാർക്സ് പറഞ്ഞത് ഇപ്പോൾ നടപ്പിലാക്കുകയാണ്. (തടസ്സം) മനസ്സിലായി. നല്ലവണ്ണം മനസ്സിലാക്കിയിട്ടാണ് പറഞ്ഞത്. ഇതെല്ലാം കേട്ടപ്പോൾ എന്റെ നാട്ടിലെ ഒരു കഥ എനിക്ക് ഓർമ്മ വരുകയാണ്. പ്രശ്നം എന്താണെന്നു വച്ചാൽ ഞാൻ ചോദിക്കട്ടെ, ഇവിടെ 110 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയെന്നു പറഞ്ഞു. 110 പൊതുമേഖലാ സ്ഥാപനങ്ങൾ. എന്റെ ആനത്തലവട്ടം ആനനന്ദൻ, നിങ്ങൾ ഏതെങ്കിലും വ്യവസായങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? നിങ്ങൾ ഏതെങ്കിലും സ്ഥാപനങ്ങൾ ഈ കേരളത്തിൽ ഉണ്ടാക്കിയിട്ടുണ്ടോ? ഇവിടെ ഭരിച്ചിരുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കൊണ്ടുവന്ന വ്യവസായ സ്ഥാപനങ്ങൾ അല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രസഹായത്തോടുകൂടി കൊണ്ടുവന്നോ? രണ്ടു പ്രാവശ്യം നിങ്ങൾക്ക് സ്വാധീനമുള്ള ഗവൺമെന്റ് വന്നില്ലേ? ശ്രീ. വി.പി. സിംഗ് വന്നല്ലേ, ശ്രീ. മൊറാർജി ദേശായി വന്നില്ലേ, പിന്നെ ശ്രീ. ദേവഗൗഡ വന്നില്ലേ, ഐ.കെ. ഗുജറാൾ വന്നില്ലേ? നിങ്ങൾ വല്ലവരുമുണ്ടാക്കിയ സ്ഥാപനങ്ങളുടെ പേരു പറഞ്ഞ്..... ഞാൻ കഥ പറയാം. നമ്മുടെ നാട്ടിലുള്ള ഒരു പെൺകുട്ടിക്ക് അവിഹിതമായിട്ട് ഗർഭമുണ്ടായി. അവിഹിതമായിട്ട് ഗർഭമുണ്ടായാൽ പണ്ടത്തെ ഒരു സിസ്റ്റമനുസരിച്ച്, നമ്മുടെ നാട്ടിൽ നടക്കുന്നതാണ്, നിങ്ങളെപ്പറ്റിയല്ല, നിങ്ങളാരുമല്ല; നാട്ടിലുണ്ടായ സംഭവമാണ്. അവസാനം

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ കാരണക്കാരനും മറ്റുള്ളവരും കൂടി, സ്വാധീനമുള്ള ആളുകളാണ്, പണ്ടത്തെ സിസ്റ്റമാണ്. നാട്ടുനടപ്പനുസരിച്ച് ആളെ കണ്ടെത്തുകയാണ്. അതിന്റെ പിന്നിൽ ആരാണ് പ്രവർത്തിക്കുന്നതെന്ന് അറിയാമോ? അതിന്റെ കാരണക്കാരനാണ്. അവർ കുറച്ച് കാശൊക്കെ കൊടുത്ത് ഒരാളെ ഉണ്ടാക്കി പറഞ്ഞുവിടുകയാണ് വീട്ടിലേയ്ക്ക്. അവൻ രണ്ടുമൂന്നു ദിവസമൊക്കെ അവിടെ ചുറ്റിപ്പറ്റിനടന്നു. അവസാനം അവൻ കയറിച്ചെന്ന് ഇത് ഏറ്റെടുക്കുകയാണ്. നിങ്ങൾ ഇപ്പോൾ അതാണ് ചെയ്യുന്നത്. ഞാൻ ചോദിക്കട്ടെ കോൺഗ്രസ്സുകാരനായ ശ്രീ. കെ.എ. ദമോദരമേനോൻ വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം വല്ല വ്യവസായവും ഇവിടെ ഉണ്ടായിട്ടുണ്ടോ? ശ്രീ. ചന്ദ്രശേഖരൻനായർക്ക് വേണമെങ്കിൽ അഭിമാനത്തോടുകൂടി പറയാം. കെൽട്രോൺ ഉണ്ടാക്കിയില്ലേ? ശ്രീ. കുഞ്ഞാലിക്കുട്ടി ചെയ്തതു ഞാൻ പറയാം. "എന്നെ കണ്ടാൽ കിണ്ണം കട്ടുവെന്ന മാതിരി തോന്നുമോ" എന്നപോലെയാണ് നിങ്ങൾ ഇപ്പോൾ ചോദിക്കുന്നത്. ഇതിന്റെ ആളുകളൊക്കെ നിങ്ങൾതന്നെയാണ്. ഞാൻ പറഞ്ഞുവന്നത് - കെൽട്രോൺ ഉണ്ടാക്കി. ഇപ്പോൾ കെൽട്രോണെ കുറിച്ച് അവസാനം പറഞ്ഞു അല്ലേ? ആരാണ് പൂട്ടിയത്? ഏതെങ്കിലും സ്ഥാപനം നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? നിങ്ങൾ ഇവിടെ 57-ലും 67-ലും 87-ലും ഭരിച്ചു. നിങ്ങൾ ഏതെങ്കിലും സ്ഥാപനം ഇവിടെ ഉണ്ടാക്കിയിട്ടുണ്ടോ? ഞാൻ ചോദിക്കട്ടെ, ബഹു. ദാസൻ ഇവിടെ സംസാരിച്ചു. ഇവിടെ ശ്രീ. ദാസൻ സംസാരിച്ചപ്പോൾ ഏറ്റവും രസം തോന്നിയ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞത് സ്വകാര്യമേഖലയിൽ 16,000 വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചുവെന്നാണ്. അവിടെ എത്ര ആളുകൾക്ക് ജോലി കിട്ടിയെന്ന് അറിയാമോ? 10,000 ആളുകൾക്ക്. 16000+500=16500. അതിൽ 10,000 ആളുകൾക്ക് ജോലി കിട്ടിയെന്നാണ് പറഞ്ഞത്. കിട്ടിയെന്ന് ഞങ്ങൾ സമ്മതിക്കുകയാണ്. ഈ 16500-ൽ ഒരാള് വീതമായാൽതന്നെ എത്രയാണ്? അങ്ങനെയാണെങ്കിൽ 6500 സ്ഥാപനത്തിൽ ഒരൊറ്റ ആളിനും ജോലി കിട്ടിയിട്ടില്ല. എങ്ങനെയാണ് ഈ സ്ഥാപനങ്ങൾ നടക്കുന്നത്. എങ്ങനെയാണ് ഈ സ്ഥാപനങ്ങൾ നടക്കുന്നതെന്ന് ശ്രീ. ദാസൻ ഒന്നു പറഞ്ഞുതരണം. 16500 സ്ഥാപനങ്ങൾ പുതുതായിട്ട് ഈ സംസ്ഥാനത്ത് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ 10,000 ആളുകൾക്ക് ജോലി കിട്ടിയെന്നു പറഞ്ഞാൽ എങ്ങനെയാണ്? അര ആളുകൾക്ക് വീതമല്ലേ ഒരു സ്ഥാപനത്തിൽ ജോലി കിട്ടിയത്? എങ്ങനെയാണ് ഈ ജോലി? എന്താണ് അതിന്റെ മെക്കാനിസം.? രജിസ്റ്റർ ചെയ്തതൊന്നുമല്ല. ഞാൻ രേഖയിൽ നോക്കാം. ഞാൻ വാതു വയ്ക്കുന്നു. ഞാൻ ഇവിടെ പറഞ്ഞത് ശ്രീ. ദാസൻ നിഷേധിച്ചാൽ സമ്മതിക്കാം. അല്ല ഒരിക്കലുമല്ല. ഞാൻ തർക്കത്തിനൊന്നുമില്ല. ഇവിടെ നമ്മുടെ സംസ്ഥാനത്ത് ഞാൻ ചോദിക്കട്ടെ നിങ്ങൾ ഭരിച്ച ഏതെങ്കിലും കാലഘട്ടത്തിൽ ഏതെങ്കിലും സ്ഥാപനം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ? ഞാൻ ചോദിക്കട്ടെ ശ്രീ. ബാലൻ വരുന്ന കുന്ദംകുളം നിയോജകമണ്ഡലത്തിൽ 10,000 ആളുകൾ ജോലി ചെയ്തിരുന്ന ഡയമണ്ട് വ്യവസായം തകർന്ന് പൂട്ടിക്കിടക്കുകയാണ്. ഈ ഗവൺമെന്റ് വന്നശേഷം...

<u>ശ്രീ. എൻ.ആർ. ബാലൻ</u> : ബഹുമാനപ്പെട്ട അങ്ങ് കൂടി മന്ത്രിയായിരുന്ന യു.ഡി.എഫ്. ഭരിക്കുന്ന അവസരത്തിലല്ലേ തൃശ്ശൂർ ജില്ലയിലെ മധുര കോട്സ് പൂട്ടിയത്. അത് തുറക്കാനായിട്ട് ഈ ഗവൺമെന്റ് വരേണ്ടി വന്നില്ലേ?

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : പല സ്ഥാപനങ്ങളും പൂട്ടുന്നുണ്ട്. എന്തുകൊണ്ടാണ് സ്ഥാപനങ്ങൾ പൂട്ടുന്നത്, എന്തുകൊണ്ടാണ് സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് വരാതിരിക്കുന്നത്? ഞാൻ അതിലേയ്ക്കാണ് വരുന്നത്. നിങ്ങളെപ്പോലുള്ള ആളുകളുടെയും പാർട്ടികളുടെയും സമരവും അതുപോലെതന്നെ ഭരണവും നടക്കുന്നതുകൊണ്ടാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : മധുരകോട്സ് യു.ഡി.എഫ്.ന്റെ കാലത്താണ് പൂട്ടിയത്. മധുരകോട്സ് എഗ്രിമെന്റ് ഉണ്ടാക്കിയത് യു.ഡി.എഫ്.ന്റെ കാലത്താണ്. അതിലെ രണ്ട് നക്സലൈറ്റുകൾ കോടതിയിൽ പോയതുകൊണ്ടാണ്, അവിടെനിന്നും റിപ്പോർട്ടു വരാൻ താമസിച്ചതുകൊണ്ടാണ്, അല്ലാതെ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല. അതാണ് സത്യം.

ശ്രീ. കെ.പി. വിശ്വനാഥൻ : ഞാൻ, പൂട്ടുന്നതും തുറക്കുന്നതുമായ കാര്യത്തിലേയ്ക്കു വരാം. തൃശ്ശൂർ ജില്ലയിൽ നിന്നാണ് ഞാനും എൻ.ആർ. ബാലനും, കെ.പി. രാജേന്ദ്രനുമൊക്കെ വരുന്നത്. ഓട് വ്യവസായ കമ്പനികളുടെ കാര്യം നമുക്കറിയാം. പാക്കിംഗ് കേസ് വ്യവസായം ഒല്ലൂരിൽ 120 എണ്ണം പൂട്ടിയില്ലേ?

സർ, ഞാൻ ചോദിക്കട്ടെ, പതിനായിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്ന ഓട്ടുകമ്പനികളിലും മറ്റും എന്തുകൊണ്ടാണ് ഇലക്ട്രിസിറ്റിയുടെ ബുദ്ധിമുട്ട്, റാ-മെറ്റീരിയൽസിന്റെ ബുദ്ധിമുട്ട്?

ശ്രീ. സി.പി. ബാലൻവൈദ്യർ : എനിക്കൊന്നു വഴങ്ങുമോ?

ശ്രീ. കെ.പി. വിശ്വനാഥൻ : നിങ്ങൾ അവിടെയിരിക്കുമ്പോൾ ഒരൊറ്റ ആൾക്കും വഴങ്ങാറില്ലല്ലോ. അവിടെ ഇരിക്കൂ. അവിടെയിരുന്നാൽപിന്നെ ഒരാൾക്കും ചോദിക്കാൻ പാടില്ല. അങ്ങനെയുള്ള ആൾ ഇങ്ങോട്ടു ചോദിക്കാൻ വരികയാണ്. അത് ശരിയല്ലേ. അവിടെയിരിക്ക് ബാലൻവൈദ്യരേ. ചെറിയ ഒരു Leniency ഒക്കെ വേണ്ടേ? അത് ശരിയല്ല. ഞാൻ അതിനെയും എതിർക്കുകയാണ്. ഞാൻ പറഞ്ഞുവരുന്നത് എന്തിനാണ് നമ്മൾ വ്യവസായങ്ങളുണ്ടാക്കുന്നത്? ബഹുമാനപ്പെട്ട വ്യവസായമന്ത്രിയോട് എനിക്ക് യാതൊരു എതിർപ്പുമില്ല. എന്തിനാണ് അവർ ഇത് ചെയ്യുന്നത്? ഏതെങ്കിലും അച്യുതാനന്ദന്റെ മാർച്ച്.... സി.പി.ഐ. വെളിയം ഭാർഗ്ഗവൻ എന്താണ് പറഞ്ഞത്? അവരെ ഈ പണിക്ക് കൊള്ളില്ലെന്നാണ്. അത് പത്രത്തിൽ വന്നതാണ്. ഞാൻ ഖണ്ഡിച്ചൊന്നും പറയുന്നില്ല. സി.ഐ.ടി.യു. ആയിരുന്നു സമരം. അവർ പുറത്ത് വേറെ സമരം. ഇവിടെ പറയുന്നതല്ല അവർ അവിടെ പറയുക. ഈ അസംബ്ളിയിൽ പറയുന്നതല്ല അവർ അവിടെപറയുന്നത്.

ശ്രീ. പി. രാജു : സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. വെളിയം ഭാർഗ്ഗവൻ വ്യവസായ മന്ത്രി ശ്രീമതി സുശീലാഗോപാലൻ ഈ പണിക്ക് കൊള്ളുകയില്ലെന്നു പറഞ്ഞതായി ബഹുമാന്യനായ കെ.പി. വിശ്വനാഥൻ ഇവിടെ പറഞ്ഞു. അങ്ങനെ അദ്ദേഹം ഒരു പ്രസ്താവന നടത്തിയിട്ടില്ല. അത് രേഖയിൽ നിന്നു നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : അദ്ദേഹം അങ്ങനെ പറഞ്ഞില്ലെങ്കിൽ എനിക്ക് യാതൊരു വിരോധവുമില്ല. ഞാൻ പത്രത്തിൽ വായിച്ചതാണ്. അതുപോലെ അച്യുതാനന്ദൻ മാർച്ച് നടത്തണമെന്ന് പറഞ്ഞത് ഞാൻ പത്രത്തിൽ വായിച്ചതാണ്. ഇല്ലെങ്കിൽ എനിക്ക് സന്തോഷമാണ്. ഇപ്പോൾ അവരുടെ പണിയെന്താണ്? ഇപ്പോൾ ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ പ്രസംഗിച്ചു. അദ്ദേഹം എന്താണ് പറഞ്ഞത്? ഞങ്ങൾ ഇവിടെയൊരു കോർപ്പറേഷനുണ്ടാക്കിയിട്ടുണ്ട്. എന്തിന്റെ? നിങ്ങൾക്ക് കളമശ്ശേരിയിൽ ഇ.എം.എസ്. പഠനകേന്ദ്രമെന്നു പറഞ്ഞ് ഒരു സ്ഥാപനമുണ്ടാക്കിയിട്ടുണ്ട്. അതിന്റെ പണി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? അപവാദ വ്യവസായം. അപവാദങ്ങൾ പറഞ്ഞു നടക്കാനുള്ള ഒരു വ്യവസായം. അതല്ലേ നിങ്ങൾ നടത്തുന്നത്? നല്ല കാര്യങ്ങൾ പറയാനുണ്ടായിരിക്കും. ഞാൻ ചോദിക്കുന്നത്, പുകച്ചു പുറത്തു ചാടിക്കുന്ന പണിയെന്താണ്? കോൺഗ്രസ്സും ഐക്യമുന്നണിയുമുണ്ടാക്കിയ കുറെ സ്ഥാപനങ്ങൾ നിങ്ങളെ ഏൽപ്പിച്ചപ്പോൾ നിങ്ങൾക്ക് കൊണ്ടുനടക്കാൻ പറ്റില്ല. നിങ്ങളുണ്ടാക്കിയ ഒറ്റ സ്ഥാപനം ഇപ്പോൾ കേരളത്തിലില്ല. ഉണ്ടെങ്കിൽ പറഞ്ഞോളൂ. ഒരെണ്ണമുണ്ടെങ്കിൽ ഞാൻ നിങ്ങൾ പറയുന്നതൊക്കെ സമ്മതിക്കാം. നിങ്ങൾ ഒരൊറ്റ സ്ഥാപനം കേരളത്തിലുണ്ടാക്കിയിട്ടില്ല. നിങ്ങൾ നശിപ്പിക്കാതേ നോക്കിയിട്ടുള്ളൂ. നിങ്ങൾ സമരം ചെയ്യുക. ഞാൻ ചോദിക്കട്ടെ, ബഹു. മുഖ്യമന്ത്രി ഈ പ്രായക്കാലത്തും ഗൾഫിലും അമേരിക്കയിലുമൊക്കെ പോകുന്നു. 1987-ൽ അദ്ദേഹം ഗൗരിയമ്മയുമായി പോയി. ശ്രീമതി സുശീലാഗോപാലനുമായി ഇപ്രാവശ്യം പോയില്ല. അതിന് ശ്രീ. പിണറായി വിജയനെ കൊണ്ടു പോയി. ഒരൊറ്റ വ്യവസായം നിങ്ങൾ ഇവിടെ തുടങ്ങിയിട്ടുണ്ടോ, ഗൾഫർ മുഹമ്മദാലി ഒരു ഹോട്ടൽ തുടങ്ങിയതല്ലാതെ? അത് നിങ്ങൾ അവിടെ പോയി താമസിച്ചതിന്റെ അടിസ്ഥാനത്തിലല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒരു ഹോട്ടൽ അല്ലാതെ ..... ഇത്രയും പ്രാവശ്യം പോയി. നിങ്ങൾ എത്ര പ്രാവശ്യം പോയി? എന്താണ് അവിടെ പോയിട്ട് ചെയ്യുന്നത്? ഇപ്പോൾ പോയി വന്നതല്ലേയുള്ളൂ. ഒറ്റ വ്യവസായമുണ്ടായോ? ഒരിക്കൽ പോയിട്ട് ആളുകൾ വന്നില്ലെങ്കിൽ പിന്നെ ഈ കാശ് ചെലവാക്കണമോ? അതെങ്കിലും നിങ്ങൾക്ക് ചെയ്തുകൂടെ? 1987-ൽ പോയി ശ്രീമതി ഗൗരിയമ്മയുമായി അവിടെ ചുറ്റിയടിച്ച് ചായയും കുടിച്ച് നടന്നു. കാപ്പി കുടിച്ചതിന്റെ കാര്യവുമൊക്കെ കേരള ശബ്ദത്തിൽ ഞങ്ങൾ വായിക്കുകയുണ്ടായി. അത് കഴിഞ്ഞു വന്നു. എന്നാൽ ഒരിക്കൽ പോയാലെങ്കിലും കാര്യങ്ങൾ മനസ്സിലാക്കേണ്ടേ? നമ്മൾ പറഞ്ഞാൽ കിട്ടില്ല ഈ പണി. അവരെ സംബന്ധിച്ചിടത്തോളം - നിങ്ങളെ ഇവിടത്തെ ഗവൺമെന്റിനെയോ, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു പാർട്ടിക്കാരേയോ ഒന്നും- അവർക്ക് വിശ്വാസമില്ല. ഭരണമുള്ളപ്പോൾ നിങ്ങൾക്ക് യാതൊരു സമരവുമില്ല. ഭരണത്തിൽനിന്നു പോയാൽ നിങ്ങൾ സമരം നടത്തുകയായി. ഭരണമുള്ളപ്പോൾ നിങ്ങൾക്ക് ചങ്ങല, മതിൽ, അതുപോലെ മറ്റു പലതും. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ചിരിക്കുകയാണ്. മാസ്റ്റർ അതിന്റെ വലിയ ഉസ്താദാണ്. അതൊക്കെ കൊണ്ടു നടക്കുകയാണ്. പിന്നെ പാർട്ടി സമ്മേളനം. നാട്ടുകാരിൽനിന്ന് കാശില്ലാത്തപ്പോൾ പിരിച്ച് ..... പിന്നെ ദേശാഭിമാനി, പ്ലീനം അങ്ങനെ പലതും. അതാണ് അരങ്ങായത്. ഓരോ ഫാക്ടറിയുടെ മുമ്പിലേക്കും. ഒരൊറ്റ ഫാക്ടറി ശ്രീ. രാജേന്ദ്രാ നിങ്ങൾ ഭരണത്തിൽ നിന്നു പോയാൽപ്പിന്നെ ഈ ഫാക്ടറിയൊക്കെ കഷ്ടം. നിങ്ങളുണ്ടാക്കാൻ വല്ലതുമാഗ്രഹിക്കുന്നതുതന്നെ അതിനെതിരായിട്ട് ..... (തടസ്സം).

ശ്രീ. നൗഷാദേ ഇരിക്കൂ ഞാൻ പറയട്ടെ. നിങ്ങളുടെ സ്വഭാവം പറയുകയാണ്. എന്തിനാണ് നമ്മൾ ഇവിടെ വ്യവസായമുണ്ടാക്കുന്നത്? നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി. അതോടൊപ്പം തന്നെ നമ്മുടെ രാജ്യത്തെ കുറെ തൊഴിലില്ലായ്മ പരിഹരിക്കാനും കുറെ ചെറുപ്പക്കാർക്ക് ജോലി കിട്ടാനും വേണ്ടിയാണ്. നിങ്ങൾ ഇതു രണ്ടും ആഗ്രഹിക്കുന്ന ആളുകളല്ല. നിങ്ങൾ ഈ രാജ്യത്തെ കുട്ടിച്ചോറാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരാണ്. അതാണ് എനിക്ക് പരാതി. ഞാനാവർത്തിക്കുകയാണ്. നിങ്ങൾ ഏതെങ്കിലുമൊരു സ്ഥാപനമുണ്ടാക്കിയിട്ടുണ്ടോ? ഏതെങ്കിലും ഒരു സ്ഥാപനം കേരളത്തിൽ ഉണ്ടാക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? നിങ്ങൾ ഇപ്പോൾ ഉദാരവൽക്കരണത്തിലാണ്... ഞങ്ങൾ തന്നെയാണ് ഉദാരവൽക്കരണം കൊണ്ടുവ

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അതിന് യാതൊരു സംശയവും വേണ്ട. ഉദാരവൽക്കരണം പറഞ്ഞ് നിങ്ങൾ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. ഞാൻ പറയട്ടെ, ഉദാരവൽക്കരണം കോൺഗ്രസ്സ് തന്നെയാണ് കൊണ്ടുവന്നത്. എന്താണ് ഉദാരവൽക്കരണത്തിന്റെ സത്യം? ഉദാരവൽക്കരണം കൊണ്ടുദ്ദേശിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റേയോ സംസ്ഥാന ഗവൺമെന്റിന്റേയോ പണം കൊണ്ട് വ്യവസായമുണ്ടാക്കാനല്ല. സഹകാര്യമേഖലയിൽ അതിനുള്ള സോഴ്സസ് കണ്ടെത്തണം. അതിനുള്ള ആളുകളെ എൻകറേജ് ചെയ്യണം. കേരളത്തിൽ അതിന് സാധിക്കുന്നുണ്ടോ? കേരളത്തിൽ പല പ്രശ്നങ്ങളും അതിന് വിഘാതമായി നിൽക്കുന്നുണ്ട്. ഒരു വിഘാതം നിങ്ങൾ തന്നെയാണ്. കേട്ടോ. നിങ്ങളുടെ ഈ സമരവും നിങ്ങളുടെ ഈ പ്രശ്നങ്ങളുമാണ്. അതുകൊണ്ട് ഒറ്റ സ്ഥാപനം ഇവിടെ വരുന്നില്ല. ഉദാരവൽക്കരണത്തിന്റെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്തുന്ന സംസ്ഥാനങ്ങളുടെ ലിസ്റ്റ് ഇവിടെ നേരത്തെ ശ്രീമതി ഗൗരി അമ്മ പറഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീമതി ഗൗരി അമ്മ വളരെ വ്യക്തമായി അത് സൂചിപ്പിച്ചു. തമിഴ്നാട്ടിലായാലും ബംഗാളിലായാലും മഹാരാഷ്ട്രയിലായാലും ആന്ധ്രയിലായാലും ... ഞാൻ ചോദിക്കട്ടെ, സോഫ്റ്റ്വെയർ വ്യവസായത്തെക്കുറിച്ച് നിങ്ങൾ വളരെയധികം സംസാരിച്ചു. നിങ്ങൾ അതിനുവേണ്ടി എന്താണ് ചെയ്യുന്നത്? 300 കോടി രൂപ നിങ്ങൾ മുതൽമുടക്കുമെന്ന് പറഞ്ഞു. അതുപോലെ തന്നെ പ്രഖ്യാപനങ്ങളും. ഇതുപോലെതന്നെ ആ കാര്യങ്ങളുമൊക്കെ പറഞ്ഞു. നിങ്ങൾ രണ്ടരക്കൊല്ലം എടുത്തില്ലേ? ആനയ്ക്കു പ്രസവിക്കാൻ രണ്ടു കൊല്ലമേ വേണ്ടി. ഒരു ഗവൺമെന്റ് വന്നിട്ട് രണ്ടരക്കൊല്ലം വ്യവസായനയം! അപ്പോൾ, ഞാൻ പറയുന്നത് രണ്ടരക്കൊല്ലമെടുത്തു. ബഹുമാനപ്പെട്ട മന്ത്രി, നിങ്ങൾക്ക് ഇത് പറ്റില്ല. ഇതിൽനിന്ന് നിങ്ങൾ ഒഴിവാകണം. ഞാൻ തമാശ പറയുകയല്ല. നിങ്ങളെക്കൊണ്ട് ഇവരൊന്നും ചെയ്യിക്കില്ല. പുകച്ചു പുറത്തു ചാടിക്കാനുള്ള പരിപാടിയാണ്. ഞാൻ പറയുന്നത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം യാതൊരുതരത്തിലും വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ ഒരു നിലപാട് നിങ്ങൾ അധികാരത്തിൽ വന്ന ഒരു കാലത്തും എടുത്തിട്ടില്ല. നിങ്ങൾ എത്രയോ പ്രാവശ്യം ഈ ഗവൺമെന്റിന്റെ കാലത്തും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വിദേശത്തു പോയി. ബഹുമാനപ്പെട്ട മന്ത്രിയും ഒരു യാത്ര തിരിച്ചു. നമ്മുടെ മുഖ്യമന്ത്രിയും, പിണറായി വിജയനും പലവട്ടം പോയി. നിങ്ങൾ പറയണം ഏതെങ്കിലുമൊരു വ്യവസായം നിങ്ങൾക്ക് വിദേശത്തു നിന്നുകൊണ്ടുവരാൻ സാധിച്ചോ? എന്തെങ്കിലും സാധിക്കുന്നുണ്ടോ? ശ്രീ. ടി.വി. തോമസ് ജപ്പാനിൽ പോയപ്പോൾ നിങ്ങൾ കുറ്റം പറഞ്ഞ ആളുകളാണ്. കുറച്ചു കാര്യങ്ങൾ എനിക്ക് ബഹു. മന്ത്രിയോട് പറയാനുണ്ട്. മൂന്നു കൊല്ലം കഴിഞ്ഞ സാഹചര്യത്തിൽ നിങ്ങൾ ഇനിയെങ്കിലും എന്തെങ്കിലും ചെയ്യാനും വളരെ ചാരിതാർത്ഥ്യത്തോടുകൂടി ഈ പദവി ഒഴിഞ്ഞു പോകാനും നിങ്ങൾക്ക് സാധിക്കുമെന്ന് തോന്നുന്നുണ്ടോ? അതിന് ഞാൻ ചില കാര്യങ്ങൾ പറയാം. നമ്മുടെ സംസ്ഥാനമെന്നു പറഞ്ഞാൽ വളരെയധികം വ്യത്യസ്തമായിട്ടുള്ള സാഹചര്യങ്ങളുണ്ട്. ഇവിടെയാണെങ്കിൽ നമുക്ക് ആവശ്യത്തിന് സ്ഥലമില്ല. പരിസ്ഥിതി പ്രശ്നങ്ങൾ പറഞ്ഞ് ഒട്ടേറെ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അതുപോലെതന്നെ ഇലക്ട്രിസിറ്റിയുടെ കാര്യം. ഇലക്ട്രിസിറ്റി കഷ്ടിച്ചു രക്ഷപ്പെട്ടു എന്നു പറഞ്ഞപ്പോഴാണ് നിങ്ങൾ ചാർജ്ജ് കൂട്ടിയത്. അപ്പോൾ ഒരു വ്യവസായവും പുതുതായി തുടങ്ങാൻ ഒരാളും വരുന്നില്ല. ഇപ്പോൾ എഫ്.എ.സി.റ്റി.ക്ക് 12 കോടി രൂപ വേണം ഒരു മാസത്തിൽ ഇലക്ട്രിസിറ്റി ചാർജ്. അങ്ങനെ എല്ലാ സ്ഥലങ്ങളിലും.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

3.00 P.M.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയോടും ഈ ഗവൺമെന്റിനോടും, ഈ കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്നു ചോദിച്ചല്ലോ? എന്റെ നിയോജകമണ്ഡലത്തിലെ കാര്യം ഞാൻ പറയാം. എന്റെ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിനകത്ത് 16 വ്യവസായികൾ വന്നു. കിൻഫ്രാ അപ്പാരൽ പാർക്കിൽ 3 വ്യവസായികൾ വ്യവസായശാലയുമായി വന്നിട്ടുണ്ട്. 140 നിയോജകമണ്ഡലങ്ങളിൽ, എന്റെ നിയോജകമണ്ഡലത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. ബാക്കി 139 മണ്ഡലത്തിലേത് അവർ പറഞ്ഞുകൊള്ളും. മൂവായിരം പേർക്കോളം ജോലി കൊടുക്കാനും കഴിഞ്ഞു.

ശ്രീ. കെ.പി. വിശ്വനാഥൻ : നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കി..... ഞാൻ ചോദിക്കട്ടെ, ഈ ടെക്നോപാർക്കും അതിൽ കാണുന്ന എല്ലാ കാര്യങ്ങളും കൊണ്ടുവന്നത് ആരാണ്? ഞാൻ നേരത്തെ പറഞ്ഞ കഥയാണ് നിങ്ങൾക്ക് ഓർമ്മ വരുന്നത്. നിങ്ങളായിട്ട് ഒന്നും ഇവിടെ ഉണ്ടാക്കിയിട്ടില്ല. കെൽട്രോണിൽ 65 ലക്ഷം രൂപയുടെ വികസന പദ്ധതികൾ കൊണ്ടുവന്നു. കെൽട്രോൺ ഉണ്ടാക്കിയത് ആരാണ്? ടെക്നോപാർക്ക് കൊണ്ടുവന്നത് ആരാണ്? ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടിയാണ്. സോഫ്റ്റ്വെയർ വ്യവസായം നമ്മുടെ കേരളത്തിൽ ഇത്രയും നന്നായി നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളത് ആരാണ്? ടെക്നോപാർക്ക് ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ, നിങ്ങൾ എല്ലാവരും കുറ്റം പറയുന്ന ശ്രീ. നരസിംഹറാവുവാണ് ഉദ്ഘാടനം ചെയ്തത്.

ഈ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കി ഇവിടെ ഈ ഗവൺമെന്റ്, വ്യവസായ വകുപ്പ്, നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികരംഗത്തും അതുപോലെതന്നെ നമ്മുടെ ചെറുപ്പക്കാർക്ക് ജോലി ലഭിക്കുന്നതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങളിലും ഏതെങ്കിലും തരത്തിൽ സംഭാവന ചെയ്യാൻ കാര്യമായിട്ട് എന്തെങ്കിലും ചെയ്യണം. ഇതുവരെ നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. ഈ 3 കൊല്ലമായിട്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ വളർച്ചയ്ക്കുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല.

ഞാൻ കഴിഞ്ഞ കാര്യങ്ങളിലേയ്ക്കൊന്നും കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ, ബി.ജെ.പി.യും കോൺഗ്രസ്സുമായിട്ടുള്ള ചില കാര്യങ്ങളൊക്കെ പറഞ്ഞു; ചില സൊസൈറ്റികളിലെ ഇലക്ഷനെ സംബന്ധിച്ചുമൊക്കെ. ആ സൊസൈറ്റികളിലെ ഇലക്ഷനെക്കുറിച്ചും പിന്നെ ചില പഞ്ചായത്തുകളിലെ ഇലക്ഷനെക്കുറിച്ചും. കൊടകര പഞ്ചായത്തിന്റെ കാര്യം ഉണ്ടായിരുന്നു. അത് ഇപ്പോൾ അവസാനിച്ച് മാർക്സിസ്റ്റ് പാർട്ടി ഏറ്റെടുത്തിരിക്കുകയാണ്. ബി.ജെ.പി.യും മാർക്സിസ്റ്റു പാർട്ടിയുമായിട്ട് ഐക്യമായി. അവിടെ വൈസ്പ്രസിഡന്റ് സ്ഥാനാർത്ഥി, ബി.ജെ.പി.യുടെ സഹായത്തോടുകൂടി അവിടെയായി. അളകപ്പ ടെക്സ്റ്റെയിൽസിലെ സൊസൈറ്റിയിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കുകയാണ്. ബി.ജെ.പി., എ.ഐ.ടി.യു.സി., മാർക്സിസ്റ്റു പാർട്ടി ഇതു മൂന്നുംകൂടി ഒരുമിച്ച് മൽസരിക്കുകയാണ്. അളകപ്പ ടെക്സ്റ്റയിൽസിൽ കോൺഗ്രസ്സ് ഒറ്റയ്ക്കും ഈ 3 പാർട്ടികളും! ബി.ജെ.പി.യും മാർക്സിസ്റ്റ് പാർട്ടിയും കൊടകര പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly

യത്തിൽ ഒരുമിച്ച് നിൽക്കുകയാണ്. അവിടെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പിലും ഒരുമിച്ച് മൽസരിച്ച് നിങ്ങൾ പങ്ക് വച്ചിരിക്കുകയാണ്. അതുപോലെ തന്നെ ഇപ്പോൾ അളകപ്പ ടെക്സ്റ്റയിൽസിലെ സൊസൈറ്റി തെരഞ്ഞെടുപ്പിലും ഇതു തന്നെ ആവർത്തിച്ചിരിക്കുകയാണ്. കോൺഗ്രസ്സ് ഒരു ഭാഗത്ത് ഒറ്റയ്ക്ക് മൽസരിക്കുന്നു. 3 കക്ഷികൾ മുന്നണിയായിട്ട് മത്സരിക്കുന്നു. ഇതൊന്നും അറിയാതെ ഒരു വശം മാത്രം പറഞ്ഞ് രക്ഷപെടുന്നത് ശരിയല്ല. കോൺഗ്രസ്സിന്റെ ബി.ജെ.പി. യുമായിട്ടുള്ള ബന്ധം ഇപ്പോൾ അന്വേഷിച്ചു നടക്കുകയാണ്. 1971-ലും 89-ലും 91-ലുമൊക്കെ എവിടെയായിരുന്നു? ഒരുമിച്ച് നടന്നിരുന്ന ആളുകൾ ഇപ്പോൾ ആണ്, ബി.ജെ.പി. യെ ഈ നിലയ്ക്ക് വളർത്തിക്കൊണ്ടു വന്ന് ഇപ്പോൾ അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കാൻ തുടങ്ങിയപ്പോൾ രാജ്യത്തിനും അവരുടെ പാർട്ടിക്കും അടികൊണ്ടപ്പോൾ തിരിച്ച്.... ശ്രീ. ലോനപ്പൻ നമ്പാടൻ മാസ്റ്റർ അവിടെ ചെന്നിരിക്കുന്നു. നമ്പാടൻ മാസ്റ്റർക്ക് കൊടകരയിലെ കാര്യമറിയാം. ശ്രീ. ടി.കെ. ബാലനുകൂടി ഒന്നു പറഞ്ഞുകൊടുക്കൂ. ശ്രീ. ലോനപ്പൻ നമ്പാടൻ മാസ്റ്ററുടെ മുറ്റത്തു നടക്കുന്ന കാര്യമാണ്. ഈ ധനാഭ്യർത്ഥന യാതൊരു കാരണവശാലും അംഗീകരിക്കാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ വ്യവസായ നയം ഒരു കാരണവശാലും ഗുണം ചെയ്യുന്നതല്ല. ഇവിടെ ഒരു വ്യവസായ നയമില്ല. അതുപോലെതന്നെ തൊഴിൽനയമില്ല. ഇതിനൊക്കെ എതിരായിട്ട് സമരം ചെയ്യുന്നവരാണ് ഭരണകക്ഷിയിൽപ്പെട്ടയാളുകൾ. അവർതന്നെ അതിന് യോജിക്കുന്ന ആളുകളല്ല. അതുകൊണ്ടുതന്നെ ഞങ്ങൾക്കും ഇത് യോജിക്കാൻ നിവൃത്തിയില്ല. ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സ്പീക്കർ സർ, ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള മെമ്പർമാർ വ്യവസായ വകുപ്പിനെപ്പറ്റി പറഞ്ഞിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ച് എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്ന് ആലോചിക്കാനുമൊക്കെ അവസരം തന്നതിൽ എനിക്ക് നന്ദിയുണ്ട്. ഒരു പ്രധാനപ്പെട്ട കാര്യം, പ്രതിപക്ഷത്തിന്റെ ചർച്ചയിൽ ഞാൻ വളരെയധികം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു; പക്ഷേ പ്രധാനപ്പെട്ട യാതൊരു വിമർശനവും വ്യവസായ വകുപ്പിനെപ്പറ്റി വന്നില്ല. ഞങ്ങളുടെ പാർട്ടിയുടെ കാര്യങ്ങൾ, മറ്റുള്ള വിഷയങ്ങൾ അതൊക്കെയാണ് പ്രധാനമായി വന്ന വിമർശനം. വ്യവസായ മേഖലയിൽ ഒന്നും ഉണ്ടായില്ല എന്ന് അതിന്റെ കൂട്ടത്തിൽ ഒരു സംസാരവും: ഇത്രയുമല്ലാതെ എന്താണ് വിശദമായ ചർച്ചയിൽ നിങ്ങളിൽ നിന്നും ഉണ്ടായത്? വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നമ്മൾ ചെയ്തിട്ടുണ്ട്. പൊതുമേഖലയെ സംബന്ധിച്ച്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിൽക്കാൻ ആലോചിച്ചിട്ട് വിൽക്കാൻ കഴിഞ്ഞില്ല. പൊതുമേഖലയെ ഡിസ്ഇൻവെസ്റ്റ് ചെയ്യാനും വിൽക്കാനുമൊക്കെ ആലോചിച്ചു. അതൊന്നും നടന്നില്ല. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ പൊതുമേഖലയെ വിൽക്കാനല്ല, ഞങ്ങൾ ഡിസ്ഇൻവെസ്റ്റ് ചെയ്യാനല്ല നേരെമറിച്ച് അതിനൊക്കെ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികളാണ് ഞങ്ങൾ എടുത്തത്. അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. തീർച്ചയായിട്ടും അതിന് അതിന്റേതായ സമയവും, കാര്യങ്ങളും അതിനുള്ള പഠനവും, എന്തു ചെയ്യണമെന്നുള്ള കാര്യങ്ങൾ, അതിനാവശ്യമായ ഫണ്ട് ഒക്കെ വേണം. നമുക്കെല്ലാമറിയാം ബഡ്ജറ്റിലെ പ്രൊവിഷൻ കൊണ്ട് പൊതുമേഖലയുടെയാകെ പുനരുദ്ധാരണം അസാദ്ധ്യമായ സംഗതിയാണ്. എല്ലാ വകുപ്പിനും കൊടുക്കുന്നതുപോലെ തന്നെ വ്യവസായ വകുപ്പിനും പണം തരാൻ കഴിയും. അതിന്റെ പരി

LIBRARY ARCHIVES Kerala Legislative Assembly

ധിക്കുള്ളിൽ നിന്നുകൊണ്ട് ആ പണം തരുമ്പോൾ 65 കോടി രൂപ.... ആദ്യത്തെ കൊല്ലം 30 കോടി രൂപയാണ് കിട്ടിയത്. പിന്നീട് 65 കോടി രൂപയാണ്, പക്ഷേ 65 കോടി രൂപ കിട്ടിയാലും എന്റെ കീഴിൽ 12 സഹകരണസ്ഥാപനങ്ങൾ ഉൾപ്പെടെ 72 സ്ഥാപനങ്ങളുണ്ട്. അതിനെയെല്ലാം പുനരുദ്ധരിക്കാൻ പ്രത്യേകിച്ചും കഴിഞ്ഞ കാലത്ത് ആകെ പൊതുമേഖലയെ അവഗണിച്ചതിന്റെ ഫലമായിട്ടുള്ള വളരെ ഗുരുതരമായ പ്രശ്നങ്ങളുണ്ട്. ഇതിനെ എല്ലാം അഭിമുഖീകരിച്ചുകൊണ്ട് ഇതിനെ പുനരുദ്ധരിക്കണമെന്ന ഉദ്ദേശത്തോടുകൂടി, അതു മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് ഒരു പുനരുദ്ധാരണ ഫണ്ട് ഉണ്ടാക്കാൻ തീരുമാനിച്ചത്. ഇത് വ്യവസായ മന്ത്രിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല. പൊതുമേഖലയെയാകെ പുനരുദ്ധരിക്കുന്നതിന് മറ്റൊരു കോർപ്പസ് ഫണ്ടിന്റെ ആവശ്യമുണ്ട് എന്നുള്ളതുകണ്ട് വ്യവസായ വകുപ്പിന് കിട്ടുന്നതിൽ കഴിഞ്ഞ കൊല്ലത്തെയും ഈ കൊല്ലത്തെയും 60 കോടിരൂപ മാറ്റിവച്ചു. ഇത്തവണ 240 കോടിരൂപ പൊതുമേഖലയുടെ പ്രവർത്തനങ്ങൾക്കായി മാറ്റി. ഇതിന് ഓരോന്നിനും പ്രത്യേകം പ്രത്യേകം പ്രോജക്ട് റിപ്പോർട്ടുകളുണ്ടാക്കി. അതിനനുസൃതമായി ഒരു പെർഫോർമൻസ് കോൺട്രാക്ട് പോലും ഒപ്പിട്ടു. അങ്ങനെയാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും പണം കൊടുത്തത്. അതല്ലാതെ അതിനെ പുനരുദ്ധരിക്കാനും നന്നാക്കാനും മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. എങ്കിലും കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് പൊതുമേഖലയിൽ പത്തിരുപത് സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞു. പത്തു മുപ്പതു സ്ഥാപനങ്ങൾ അതിന്റെ പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. എങ്കിൽപ്പോലും ആവശ്യമായ പണം ആവശ്യമായ സമയത്ത് ലഭിക്കുന്നില്ല. അതുപോലെ ആവശ്യമായ ടെക്നോളജി അപ്ഗ്രഡേഷൻ, ഈ വകകാര്യങ്ങളൊന്നും നമ്മുടെ പൊതുമേഖലയിൽ നടക്കുന്നില്ല. അതിനാവശ്യമായ രീതിയിലാണ് ഇപ്പോൾ നമ്മൾ ഉണ്ടാക്കിയിരിക്കുന്ന ഫണ്ടുപയോഗിച്ച് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടടക്കം നടത്താൻ തീരുമാനിച്ച് അതിനുള്ള നടപടികൾ എടുത്തിരിക്കുന്നത്. നമ്മുടെ ടെക്സ്റ്റൈൽ മേഖലയെപ്പറ്റിയൊന്നും ഇവിടെ സംസാരിച്ചവർ പറഞ്ഞില്ല. നമ്മുടെ ടെക്സ്റ്റൈൽ മേഖലയാകെ പ്രതിസന്ധിയിലാണ്. കേരളത്തിനു വെളിയിലുള്ള പത്ത് മുന്നൂറോളം കമ്പനികൾ പൂട്ടി. കേരളത്തിൽ ഒറ്റ സ്ഥാപനമേ പൂട്ടിയുള്ളൂ. പലതും പൂട്ടുന്നതിന്റെ വക്കിലാണ്. അതുകൊണ്ടുതന്നെയാണ് കോർപ്പസ് ഫണ്ടിൽ നിന്ന് 30 കോടി രൂപയെടുത്ത് ഇകിറ്റിയായിട്ട് ഇട്ടുകൊണ്ടും, ബാക്കി ബാങ്കുകളിൽ നിന്നുള്ള ഫണ്ടും, അതുപോലെ കേന്ദ്രത്തിൽ നിന്നും ഒക്കെയായി ടെക്സ്റ്റൈൽ മേഖലയിൽ മാറ്റിവച്ചിരിക്കുന്ന പണത്തിൽ പലിശയായി കിട്ടുന്ന 5 ശതമാനവും കൂടി ഉപയോഗപ്പെടുത്തി 100 കോടി രൂപ മുടക്കി ടെക്സ്റ്റൈൽ മില്ലുകളും കോ-ഓപ്പറേറ്റീവ് മില്ലുകളും, അതുപോലെ ഗവൺമെന്റ് മേഖലയിലുള്ള മില്ലുകളും പുനരുദ്ധരിക്കാനുള്ള പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. രണ്ടുമാസത്തിനകം അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അങ്ങനെ ഓരോന്നും വ്യക്തമായ പ്ലാനോടുകൂടിയാണ് നടപ്പാക്കുന്നത്. വെറുതെ എന്തെങ്കിലും പറഞ്ഞ് ആളുകളെ പറ്റിക്കാൻ വേണ്ടിയല്ല, വ്യക്തമായ ധാരണ ഉണ്ടാക്കിക്കൊണ്ട് അതിനാവശ്യമായ പണമടക്കം വച്ചുകൊണ്ടാണ് നമ്മൾ കഴിഞ്ഞ കാലത്ത് മൂന്നു വർഷത്തെ പ്രവർത്തനം നടത്തിയത്. നല്ല രീതിയിലുള്ള പുരോഗതിയാണുള്ളത്. ഇപ്പോൾ പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയോ? പൊതുമേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള പരിശ്രമമാണ് നമ്മൾ നടത്തിയത്. അതോടൊപ്പംതന്നെ പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പരിശ്രമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും നടത്തുന്നു. കെ.എം.എം.എൽ 1,600 കോടി രൂപയുടെ വികസനത്തിനുള്ള പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. അത് കൊല്ലത്തുമാത്രമല്ല ആലപ്പുഴ മേഖലയിലടക്കമാണ്. ആ മിനറൽ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു മേഖലയെ ഉപയോഗപ്പെടുത്താൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത കാലത്തെങ്ങും പൊതുമേഖലയെ ഈ രീതിയിൽ വികസിപ്പിക്കാനും മുന്നോട്ടുപോകാനും ഏതെങ്കിലും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ എന്നുപറയാൻ സാദ്ധ്യമല്ല. ഇന്ന് അതിനൊരു സാഹചര്യംവന്നു. എങ്കിൽപ്പോലും വലിയ ആപത്ത് നമ്മുടെ മുന്നിലുണ്ട്. റ്റൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ഡ്യൂട്ടി 147 ശതമാനമായിരുന്നത് കുറച്ചുകുറച്ച് ഇത്തവണ 40 ശതമാനത്തിലെത്തി. ഈ ഗവൺമെന്റ് വന്നതിനുശേഷം ശക്തമായ സമ്മർദ്ദം ചെലുത്തിയതുകൊണ്ടാണ് ആദ്യത്തെ രണ്ടുവർഷവും 45 ശതമാനത്തിൽ പിടിച്ചുനിർത്തിയത്. ഇത്തവണ 30 ആയി കുറയ്ക്കാനുള്ള പരിശ്രമം നടത്തിയപ്പോൾ എം.പി.മാരുടെ സഹായത്തോടുകൂടിയും അതുപോലെ മറ്റുള്ള പൊളിറ്റിക്കൽ പ്രഷറും കൊണ്ടാണ് 40 ശതമാനത്തിൽ നിർത്തിയിരിക്കുന്നത്. അത് 30 ശതമാനമാക്കിക്കഴിഞ്ഞാൽ കെ.എം.എം.എൽ. അടക്കമുള്ള സ്ഥാപനങ്ങൾക്ക് വിഷമമാണ്. പക്ഷേ അതിനുള്ള സമ്മർദ്ദം ചെലുത്താനും ആ ഡ്യൂട്ടി ഈ രീതിയിൽ നിലനിർത്താനും കഴിഞ്ഞു. ശ്രീമതി ഗൗരിയമ്മ പറഞ്ഞു, കെ.എം.എം.എൽ. നേരത്തെ 50 കോടിരൂപ ലാഭമുണ്ടാക്കിയെന്ന്. ഇത്തവണ 79 കോടി രൂപ ലാഭമുണ്ടാക്കിയെന്ന കാര്യം അവരെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. അടുത്ത വർഷം ഇതിനേക്കാൾ വളരെ മുന്നോട്ടു പോകുമെന്നുതന്നെയാണ് എന്റെ പ്രതീക്ഷ. അതുപോലെ വിപുലമായ എക്സ്പാൻഷനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. അങ്ങനെ സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും....ഒരു ജാപ്പനീസ് കമ്പനിയുമായി ബന്ധപ്പെട്ട് റ്റി.റ്റി.പി.യുടെ എഫ്ളുവന്റ് ട്രീറ്റ്മെന്റിന് പരിപാടികൾ ആസൂത്രണം ചെയ്തു. 150 കോടിരൂപയുടെ വികസനം വരുന്നുണ്ട്. മാത്രമല്ല എഫ്ളുവന്റ് ഏറ്റവും വലിയ ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് പരിസരവാസികളുടെയടക്കം പ്രശ്നമാണ്. അതുകൊണ്ട് ഒരു പ്രാരംഭം എന്ന നിലയിൽ ഏതാണ്ട് മൂന്നിലൊന്ന് എഫ്ളുവന്റ് ട്രീറ്റ്ചെയ്ത് Value Added Product - ആക്കി മാറ്റി 100 കോടിരൂപയുടെ കയറ്റുമതി നടത്താനാണ് ഇപ്പോൾ പ്ലാൻ ചെയ്തിരിക്കുന്നത്. ബാക്കിയും അതുപോലെതന്നെ ചെയ്യുന്നതിനുള്ള പ്ലാൻ തയ്യാറാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റ്റി.റ്റി.പി. പൂട്ടിപ്പോകുമെന്നുള്ള സ്ഥിതിയാണ് അഭിമുഖീകരിച്ചിരുന്നത്. അതിനെയെല്ലാം നേരിടാനുള്ള ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ട് ന്യൂട്രലൈസേഷൻ പ്ലാന്റടക്കം ഇത്തവണ നമ്മൾ തുടങ്ങി. ജനങ്ങളുടെ മുമ്പിൽ വലിയ ഒരു പ്രശ്നമാണ് ആ എഫ്ളുവന്റ് രാജ്യത്ത് വലിയ ദോഷമുണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ളത്. അതിനാണ് ഇപ്പോൾ ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ ആരംഭം കുറിച്ചത്. അത് ഉദ്ഘാടനം ചെയ്ത് അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുകയാണ്. അപ്പോൾ റ്റി.റ്റി.പി.യെ നല്ലനിലയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ് ഞങ്ങളെടുക്കുന്നത്. 150 കോടിരൂപയുടെ വികസനവും 100 കോടി രൂപയുടെ കയറ്റുമതിയും വരുന്നുണ്ട്. അതുപോലെ ഓരോ മേഖലയിലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ, പൊതുമേഖലയുടെ വികസനത്തിനാവശ്യമായിട്ടുള്ളത്, ചെയ്യാൻ ഞങ്ങൾ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ കാലഘട്ടത്തിൽ ഇവിടെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വരും സംസാരിച്ചതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ചെറുകിടവ്യവസായ മേഖലയിൽ ഏതാണ്ട് പതിനാറര ശതമാനത്തിൽ കൂടുതൽ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത്, നമ്മുടെ സംസ്ഥാനത്ത്, തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ രാജ്യത്ത് വ്യാവസായിക പ്രതിസന്ധിയുണ്ടായിരുന്നില്ല. പക്ഷേ ഇന്ന് അങ്ങേയറ്റത്തെ വ്യാവസായിക പ്രതിസന്ധിയാണുള്ളത്. ഇന്ന് 3.5 ശതമാനമാണ് അഖിലേന്ത്യാ തലത്തിലുള്ള വ്യവസായ വളർച്ചാനിരക്ക്. ഈയവസരത്തിലാണ് കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി നമുക്ക് ചെറുകിട വ്യവസായമേഖലയ്ക്ക് നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്. അവർ ആ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മറ്റുമുള്ള കാര്യങ്ങൾ വളരെ വിശദമായി പ്ലാൻ ചെയ്യുന്നതിനുള്ള ഏർപ്പാട് ഞങ്ങൾ ചെയ്തുവരുന്നുണ്ട്. ചെറുകിട വ്യവസായമേഖല പ്രത്യേകിച്ച് ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതായതുകൊണ്ട് അതിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട്, ഊന്നൽ നൽകിക്കൊണ്ട്, ഞങ്ങൾ അതിനാവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നുണ്ട്. അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു എന്നതാണ് വളരെ പ്രധാനമായ കാര്യം. അതിനാവശ്യമായ വിശദമായ പരിപാടികൾക്കായി 'സിഡ്കോ'യെ ഏർപ്പാടു ചെയ്തിട്ടുണ്ട്. അതുപോലെ ഗവൺമെന്റിനും മറ്റു പൊതുമേഖലാസ്ഥാപനങ്ങൾക്കും ഉൽപ്പന്നങ്ങൾ കൊടുക്കുമ്പോൾ അവർക്ക് ഉടൻതന്നെ പണം കിട്ടാൻ, 75 ശതമാനം പണം 'സിഡ്കോ'വഴി കൊടുക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസായമേഖലയെ പ്രധാനമായി കണ്ടുകൊണ്ട് ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന ആ മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്നകാര്യത്തിലും നടപടിയെടുത്തിട്ടുണ്ട്.

ഇവിടെ വരുന്ന വ്യവസായികൾക്ക് പ്രത്യേക സഹായങ്ങൾ ചെയ്യുന്നതിനും ആവശ്യമായി വന്നാൽ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുക എന്നതാണ് പ്രധാനം. എന്താണ് കേരളത്തിൽ ഇന്നുവരെ ഉണ്ടാക്കിയിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ? ഇതിനുമുമ്പും ഗവൺമെന്റുകൾ ഈ രാജ്യത്ത് ഭരിച്ചിട്ടുണ്ട്. എന്തുമാത്രം അടിസ്ഥാനസൗകര്യങ്ങളുണ്ടാക്കി? ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. വരുന്ന വ്യവസായികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കുന്നതിന് നാലു ഗ്രോത്ത് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിയെടുത്തു. അതിൽ രണ്ടെണ്ണത്തിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചുകഴിഞ്ഞു. മലപ്പുറത്തെയും ചേർത്തലയിലെയും ഗ്രോത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. അതുപോലെതന്നെ 'കിൻഫ്രാ'യുടെ പാർക്കുകൾ, ഫുഡ് പ്രോസസിംഗ് പാർക്ക്, മറൈൻ പ്രോസസിംഗ് പാർക്ക്, അപ്പാരൽ പാർക്ക്, എക്സ്പോർട്ട് പ്രൊമോഷൻ പാർക്ക് തുടങ്ങിയ നിരവധി പാർക്കുകൾ പ്ലാൻ ചെയ്യുകയും അതിന്റെ സ്ഥലമെടുപ്പു പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. വ്യവസായികൾ വന്നാൽ അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടാക്കും. വെള്ളം വെളിച്ചം മറ്റ് സൗകര്യങ്ങളൊക്കെ പ്രദാനം ചെയ്യുന്ന നമ്മുടെ പാർക്കുകളും ഗ്രോത്ത് സെന്റേഴ്സുംവഴി പ്രൈവറ്റ് വ്യവസായികളെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സാധിക്കും. ഈ അസംബ്ളിയിൽ കൊണ്ടുവരാൻ പോകുന്ന സിംഗിൾ വിൻഡോ സിസ്റ്റത്തെ സംബന്ധിച്ച ബില്ല് നിങ്ങളുടെ എല്ലാം സഹായത്തോടെ പാസ്സാക്കിയാൽ, വരുന്ന വ്യവസായികൾക്ക് ഗ്രോത്ത് സെന്റേ

LIBRARY ARCHIVES Kerala Legislative Assembly

ഴ്സിൽ പോയാൽ അവിടെ നിന്ന് എല്ലാ അനുവാദവും ലഭ്യമാക്കി അവർക്ക് വ്യവസായം തുടങ്ങാം. ഈ അസംബ്ലി സെഷനോടുകൂടി അതിന്റെ സൗകര്യങ്ങൾ വന്നുകഴിഞ്ഞാൽ നമ്മൾ ഉണ്ടാക്കിയിരിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ എല്ലാം ഉപയോഗപ്പെടുത്തി വ്യവസായികൾക്ക് ഇവിടെ വരാനും വ്യവസായം തുടങ്ങുവാനും അവസരം ഉണ്ടാകും. കണ്ണൂരിലെ വ്യവസായ പാർക്കിൽ ഇപ്പോൾ റബ്കോ വന്നിട്ടുണ്ട്. അതുപോലെ ചില പ്രൈവറ്റ് സ്ഥാപനങ്ങളിലും അപ്പാരൽ പാർക്കിൽ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുവാൻ മൂന്നുനാല് വ്യവസായികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ കൂടുതൽ ആളുകൾ വരുന്നുണ്ട്. ഞങ്ങൾ ബോംബെയിലും മറ്റ് പ്രദേശങ്ങളിലുമൊക്കെ പോയി ആവശ്യമായ ചില പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി, വ്യവസായികളെ ചാണ്ഡിഗാറിലും ബോംബെയിലും ബാംഗ്ലൂരിലുമൊക്കെ പോയി കണ്ട് സംസാരിച്ചതിന്റെ ഫലമായി, കുറേശ്ശേ ആളുകൾ നമ്മുടെ വ്യവസായ പാർക്കുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് അതിനുള്ള സൗകര്യങ്ങളൊക്കെയുണ്ട്. പ്രത്യേകിച്ചും ഇൻഫ്രാസ്ട്രക്ചർ ഉണ്ടായതുകൊണ്ട് അവരെ ക്ഷണിക്കുവാനും കൊണ്ടുവരാനും കഴിയും. നേരത്തെ നമുക്ക് പോകുവാൻ കഴിയുകയില്ലായിരുന്നു. അതൊരു ഘട്ടത്തിൽ എത്തിയപ്പോഴാണ് അതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. വ്യവസായ പാർക്കുകളിലും മറ്റും ഏതാണ്ട് രണ്ട് ലക്ഷത്തോളംപേർക്ക് പണി ലഭ്യമാക്കുവാനുള്ള സൗകര്യമുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും നമ്മൾ ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും ഇലക്ട്രിസിറ്റി വകുപ്പിൽനിന്നും കിട്ടുന്ന ഇലക്ട്രിസിറ്റിക്കു പുറമേ ക്യാപ്റ്റീവ് ജനറേഷനടക്കം ഓരോ യൂണിറ്റുകളിലും നമുക്ക് ലഭ്യമാണ്. വ്യവസായികൾ വന്നാൽ അവർക്ക് യാതൊരു വിഷമവും ഉണ്ടാകാതിരിക്കണം എന്ന് വിചാരിച്ചാണ് ഈ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പംതന്നെ പ്രൈവറ്റ് മേഖലകളിലെ ചെറുകിട വ്യവസായികൾക്കും വൻകിട വ്യവസായികൾക്കും ഒക്കെ ആവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ഇടത്തരം വൻകിട വ്യവസായങ്ങൾക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് എല്ലാ സംവിധാനവും ഒരുക്കിയിട്ടുണ്ട്. സാമ്പത്തികസഹായം അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് കെ.എസ്.ഐ.ഡി.സി.യെ വളരെ പ്രാപ്തമാക്കിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ശക്തിയായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

വ്യവസായ മേഖലയിൽ ഇന്ന് തൊഴിൽ കുഴപ്പങ്ങൾ ഇല്ലെന്നുതന്നെ പറയാം. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ഒന്നുകിൽ ലേബർ വകുപ്പോ അല്ലെങ്കിൽ ഞാനോ നേരിട്ട് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങളിൽ ഒക്കെത്തന്നെ വലിയ മാറ്റം വരുത്താനുള്ള പരിശ്രമമാണ് നടത്തികൊണ്ടിരിക്കുന്നത്. കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് ബാങ്കുകളുടെ സഹായം ആവശ്യമാണ്. എപ്പോഴും കശുവണ്ടി കോർപ്പറേഷനോടും കാപ്പക്സിനോടും മുഖംതിരിഞ്ഞുനിന്നുള്ള നിലപാടാണ് ബാങ്കുകൾ എടുത്തിരിക്കുന്നത്. ബഹു. മുഖ്യമന്ത്രിതന്നെ നേരിട്ട് അവരെ വിളിച്ച് സംസാരിച്ച് ഈ സമീപനത്തിൽ മാറ്റംവരുത്തുവാനും കശുവണ്ടിവാങ്ങുന്നതിനും പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനും ആവശ്യമായ സഹായം ചെയ്യണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടു. അതിനുശേഷം അവരുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ ഫലമായി ഇപ്പോൾ എല്ലാ ബാങ്കുകളും നമുക്ക് ആവശ്യമായ കശുവണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. ഏറ്റവും ഒടുവിൽ ഉണ്ടായിരുന്നത് പഞ്ചാബ് ബാങ്കാണ്. അവരുമായിട്ട് ഇടപെട്ട് അവരടക്കം സഹായം തരാനും കശുവണ്ടി ഇറക്കുമതി ചെയ്യാനുള്ള സൗകര്യങ്ങൾ ചെയ്യാനും ഇന്ന് തയ്യാറായിരിക്കുന്നു. ആ വിധത്തിൽ കൂടുതൽ കശുവണ്ടി ഇറക്കുമതി ചെയ്യാനും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും കൂടുതൽ ദിവസങ്ങൾ പണി കൊടുക്കുവാനുമാണ് പ്രവർത്തിച്ചത്. കഴിഞ്ഞ പ്രാവശ്യം ഇതിനകം 80 ദിവസമേ പണി കൊടുക്കുവാൻ കഴിഞ്ഞുള്ളൂ. ഈ തവണ ഇതിനകംതന്നെ 50 ദിവസം പണി കൊടുത്തിട്ടുണ്ട് ഇനി കൂടുതൽ ദിവസങ്ങൾ പണി കൊടുക്കുവാനുള്ള വലിയ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായിട്ടും കശുവണ്ടി കോർപ്പറേഷനിലെ തൊഴിലാളികൾക്ക് പണി ഉണ്ടായാൽ സ്വകാര്യമേഖലയിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന് ഒരു പരിധി ഉണ്ടാകും. അല്ലെങ്കിൽ ഡി.എ. വെട്ടിക്കുറച്ച് തൊഴിലാളികൾക്ക് പകുതി കൂലിപോലും കൊടുക്കാത്ത സ്ഥിതിയാണ്. പക്ഷേ കാഷ്യൂ കോർപ്പറേഷൻ ഫലപ്രദമായി പ്രവർത്തനം ആരംഭിക്കുമ്പോൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ, സ്വകാര്യമേഖലയിലടക്കമുള്ള തൊഴിലാളികൾക്ക് കൂലികിട്ടാൻ കഴിയും. അതിനാണ് ഞങ്ങൾ ഇതൊക്കെ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 103 കോടിരൂപയാണ് കാഷ്യൂ കോർപ്പറേഷന്റെ കടം കൊടുത്തു തീർത്തത്. ധനകാര്യവകുപ്പിൽനിന്നും വലിയ വിഷമങ്ങൾ ഉണ്ടായെങ്കിലും കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നത് കാഷ്യൂമേഖലയിലെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് പ്രധാനമാണെന്ന് കണ്ടുകൊണ്ടാണ് ഈ കാര്യങ്ങൾ ചെയ്തത്. അതുപോലെ കാപ്പക്സിന് 29 കോടിരൂപ കൊടുത്തു. ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത സംഭവമാണ്. പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കയർ വ്യവസായ മേഖലകളിൽ, സഹകരണ സംഘങ്ങളിൽ ഒന്നിനോടും യാതൊരു വിവേചനവും കാണിച്ചിട്ടില്ല. എല്ലാ സംഘങ്ങൾക്കും കഴിഞ്ഞ കൊല്ലം 9 കോടിരൂപയാണ് കൊടുത്തത്; പകുതി ഗ്രാന്റും പകുതി ലോണുമായിട്ട്. വ്യവസായത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ടാണ് പകുതി ഗ്രാന്റായിട്ടും പകുതി ലോണായിട്ടും കൊടുത്തത്. ഒറ്റ സംഘത്തോട് വിവേചനം കാണിച്ചു എന്ന് ഒരാൾക്കുപോലും പറയുവാൻ കഴിയുകയില്ല. ആ രീതിയിലാണ് കൊടുത്തത്. ഇത്തവണ വീണ്ടും രണ്ടു കോടി രൂപ കൊടുക്കുന്നുണ്ട്. കയർ മേഖലയിലെ പ്രവർത്തനങ്ങൾ സജീവമാക്കി നടത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം ആ മേഖലയിൽ ഇതുവരെ 81 കോടിരൂപ മുടക്കിയിട്ടുണ്ട്. ഫലപ്രദമായി ഇതിനെ നടപ്പിലാക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. കയർ മറ്റ് മേഖലകളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. അടുത്ത ദിവസമാണ് കൈനകരി റോഡ് കയർകൊണ്ട് പണിതുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് ഒരു പ്രാരംഭം കുറിക്കുകയാണ്. റോഡ് നാലുകൊല്ലമെങ്കിലും ലാസ്റ്റ്ചെയ്യും, കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ച് ചെയ്താൽ. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടുകൂടിയാണ് ഞങ്ങൾ ആരംഭിച്ചത്. ഈ സംസ്ഥാനത്തെ പല മേഖലകളിലും പഞ്ചായത്തുകളടക്കം ഇത് ചെയ്യുവാൻ കഴിയും. വിശദമായ വിവരങ്ങൾ അടങ്ങുന്ന ഒരു കത്ത് ഫോട്ടോ സഹിതം എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. മണ്ണൊലിച്ചിൽ തടയുവാൻ കയർ ജിയോ ടെക്സ്റ്റ

LIBRARY ARCHIVES Kerala Legislative Assembly

യിൽസ് ഉപയോഗിച്ച് പ്രവർത്തനം നടത്തുവാൻ കഴിയും. അതിനുള്ള എല്ലാ കാര്യങ്ങളും വിശദമായി കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കുട്ടനാട് ബണ്ടുകൾ പൊട്ടുന്നത് കയർ ഉപയോഗിച്ച് തടയുവാൻ പരിശ്രമിക്കുകയാണ്. അടുത്ത ദിവസംതന്നെ അതിന്റെ പരീക്ഷണം ആരംഭിക്കും. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അരുണാചൽ പ്രദേശത്ത് കയർ റോഡ് വരുക യാണ്. അരുണാചലിലെ റോഡുകൾ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോ ഗിച്ച് ചെയ്യുകയും ഫലപ്രദമാണെന്ന് കാണുകയും ചെയ്തിരിക്കുന്നു. ബോർഡർ റോഡ്സ് കയർ ഉപയോഗിച്ച് ചെയ്യണമെന്ന് കേന്ദ്ര ഡിഫൻസ് മന്ത്രിയോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ ശക്തമായ സമ്മർദ്ദം ചെലുത്തിയാൽ തീർച്ചയായിട്ടും ബോർഡർ റോഡ്സിന് ഒരു ചെറിയ ശത മാനം കിട്ടും. നാലായിരം കോടിരൂപ ഇൻഡ്യാ ഗവൺമെന്റ് ബോർഡർ റോഡിനുവേണ്ടി ആണ്ടിൽ ചെലവാക്കുന്നുണ്ട് അതിന്റെ ഒരു ചെറിയ ശത മാനം കിട്ടിയാൽ നടപ്പാക്കുവാൻ സാധിക്കും. പ്രതിപക്ഷത്തിന്റെ സഹായവും സമ്മർദ്ദവും ഞാൻ അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിനെകൊണ്ട് ഇത് ചെയ്യിപ്പിച്ചാൽ കയറിന്റെ വലിയൊരു ശതമാനം ചെലവഴിക്കുവാൻ കഴി യും. അങ്ങനെ വിപുലമായ രീതിയിൽ കയർ ജിയോ ടെക്സ്റ്റയിൽസ് കയറ്റി അയയ്ക്കുന്നുണ്ട്. വിവിധ രൂപത്തിൽ അത് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കു കയാണ്. നാലര ലക്ഷം ജനങ്ങൾ ജീവിക്കുന്ന വ്യവസായ മേഖല എന്നുള്ള നിലയ്ക്ക് അവരോട് നീതി കാണിക്കുവാൻ ബാധ്യസ്ഥരാണ് എന്നുള്ളതുകൊ ണ്ടാണ് അതിനുള്ള എല്ലാ നടപടികളും ഞങ്ങൾ എടുത്തുകൊണ്ടിരിക്കുന്നത്. കൈത്തറിമേഖലയിൽ വളരെ പ്രധാനപ്പെട്ട മാറ്റങ്ങൾ വരുത്തുവാനുള്ള പരി ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫാം സ്റ്റഡി യൂണിവേഴ്സിറ്റീസ്, സ്പീസർലന്റുമായി ബന്ധപ്പെട്ട് കംപ്യൂട്ടർ ഡിസൈനിംഗിനുള്ള നടപടികൾ കൈക്കൊണ്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ പ്രവർത്തനം പൂർത്തിയാകും. കംപ്യൂട്ടർ ഡിസൈനിംഗ് ഹാന്റ്ലൂമിൽ വലിയൊരു ബ്രേക്ക് ത്രൂ ഉണ്ടാക്കുകയാണ്. നല്ല ആകർഷകമായ ഉൽപ്പന്നങ്ങൾ കൈത്തറിമേഖല യിൽ വിറ്റഴിക്കുവാൻ ഇതുപകരിക്കും. പ്രത്യേകിച്ചും തെക്കൻമേഖല വളരെ ദുർബലമാണ്. ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാൻ വിഷമമാണ്. അതിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചാൽ ഫലപ്രദ മായി അടുത്തുതന്നെ ഇംപ്ളിമെന്റ് ചെയ്യുവാൻ കഴിയും. അതുകഴിഞ്ഞാൽ കയർമേഖലയിൽക്കൂടി കംപ്യൂട്ടർ ഡിസൈനിംഗ് ഏറ്റെടുത്ത് നടത്തണമെ ന്നാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ ചെയ്യുന്നുണ്ട്. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക, എന്നുപറ ഞ്ഞാൽ പത്തിരുപത് ലക്ഷം ജനങ്ങൾ ജീവിക്കുന്ന വ്യവസായം എന്ന നിലയ്ക്ക് ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യും. കൈത്തറി മേഖലയിൽ ഇക്കൊല്ലത്തെ ക്യാഷ് കൂടാതെ 118 കോടി രൂപ പ്രത്യേകിച്ച് മുടക്കിയിട്ടുണ്ട്. കയർ മേഖല പോലെയല്ല. ഏതാണ്ട് 70-75 ശതമാനം സഹകരണ മേഖലയാണ് കൈത്തറിമേഖലയിലുള്ളത്. അതുകൊ ണ്ടാണ് അത്രയും കൂടുതൽ ക്യാഷ് അവർക്കുവേണ്ടി കൊടുക്കുവാൻ തയ്യാറാ യത്. കശുവണ്ടി, കയർ, കൈത്തറി, ആർട്ടിസാനും വിപുലമായ രീതിയിൽ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ ഡിപ്പോകൾ തുറക്കു ന്നതിനും മറ്റ് കാര്യങ്ങൾക്കും ഞങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

അങ്ങനെ എല്ലാ മേഖലകളേയും മൊത്തത്തിൽ കണ്ടുകൊണ്ടാണ് ഞങ്ങൾ കഴിഞ്ഞ മൂന്നു കൊല്ലമായി പ്രവർത്തിച്ചുവരുന്നത്. "സിഡ്കോ" യിൽ നഷ്ടമുണ്ടായിരുന്ന 10 പ്രൊഡക്ഷൻ യൂണിറ്റുകളിൽ എട്ടെണ്ണവും ലാഭ

LIBRARY ARCHIVES Kerala Legislative Assembly

കരമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള പ്രവർത്തനങ്ങളാകെ നന്നാക്കിത്തീർക്കുന്നതിനും അവർക്കാവശ്യമായ സഹായം ചെയ്യുന്നതിനുമുള്ള എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ആ രീതിയിലാണ് ഞങ്ങൾ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തെ പ്രവർത്തനം നടത്തിയിട്ടുള്ളത്.

പൂട്ടിക്കിടന്ന വ്യവസായശാലകൾ തുറന്നതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. കെ.എസ്.ഡി.പി.യുടെ വിറ്റാമിൻ (എ) പ്ലാന്റ് നല്ല രീതിയിൽ തുറന്നു പ്രവർത്തിക്കുന്നുണ്ട്. കുറച്ചു രൂപ കൂടി അവർക്കു വേണം. അത് ഉടനെതന്നെ കൊടുക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. കേരളാ സോപ്സ് ആന്റ് ഓയിൽസ് പൂട്ടുകയില്ല. അതിൽ യാതൊരു ആശങ്കയും വേണ്ട. അതിനാവശ്യമായ പണം കോർപ്പസ് ഫണ്ടിൽ നിന്നും കൊടുക്കുന്നതായിരിക്കും. അല്ലാതെയും അവർക്ക് രൂപ കൊടുക്കും. അല്ലാതെതന്നെ ഒരു കോടി രൂപ അവർക്ക് ഉടനെ കൊടുക്കും. പ്രത്യേകിച്ച്, ഇന്ന് വിൽപ്പന വളരെ നന്നായി നടത്തുന്നതിനുള്ള സാഹചര്യങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് അതിന്റെ പ്രവർത്തനവും നന്നായി നടത്താൻ ആ കമ്പനിക്ക് കഴിയുന്നതാണ്. അതിനുള്ള സഹായങ്ങൾ ഞങ്ങൾ ചെയ്യും. ട്രാവൻകൂർ പ്ലൈവുഡ് 603 ലക്ഷം രൂപ ചെലവാക്കിയാണ് പ്രവർത്തനക്ഷമമാക്കിയത്. നേരത്തെ കുറച്ചു ബാലാരിഷ്ടതയുണ്ടായിരുന്നു. ഇപ്പോൾ ബഹു. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പ്രത്യേക ശ്രദ്ധ എടുത്തു, അതിന്റെ ഉൽപ്പന്നങ്ങൾ, പ്രത്യേകിച്ച് പ്ലൈവുഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ എടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ട്രാവൻകൂർ പ്ലൈവുഡിന് യാതൊരു പ്രശ്നങ്ങളും ഉണ്ടാകില്ല; അതിനു പരിഹാരവും കണ്ടെത്തും. 'കെൽട്രോണി'ന്റെ പുനരുദ്ധാരണം വളരെ പ്രധാനമായ ഒന്നാണ്. കെൽട്രോൺ തൊഴിലാളികളുടെ ധർണ്ണ സഖാവ് വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തത് വലിയൊരു പ്രശ്നമായി പറയുകയാണ്. 200 കോടി രൂപയുടെ കടമുള്ള ഒരു സ്ഥാപനമാണ്. സർക്കാരിന്റെ മേൽ ഇക്കാര്യത്തിൽ ശക്തിയായ സമ്മർദ്ദം ചെലുത്തിയെങ്കിലേ ഇതുപോലുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. ആ കടം ബാങ്കുകളുമായി ചർച്ച ചെയ്ത് 120 കോടിയായി കുറയ്ക്കാനും അതു മുഴുവൻ ഗവണ്മെന്റ് ഏറ്റെടുക്കാനും തീരുമാനിച്ചിരിക്കുകയാണ്. ബാങ്കുകളുടെ അനുവാദം കിട്ടിക്കഴിഞ്ഞാൽ ഇത്തവണത്തെ വ്യവസായ വകുപ്പിന്റെ പണത്തിൽനിന്ന് 23 കോടി രൂപ ഈ കൊല്ലം തന്നെ അടയ്ക്കും. മാത്രമല്ല, കോർപ്പസ് ഫണ്ടിൽ നിന്ന് ഒൻപതര കോടിയോളം രൂപ, അതിന്റെ ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിനെല്ലാം പ്രത്യേകം പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കി, ആവശ്യമായ പണം, നമ്മൾ കൊടുക്കും. 'കെൽട്രോൺ' തകർക്കാൻ നമ്മൾ സമ്മതിക്കുകയില്ലെന്നു മാത്രമല്ല ഐ.ടി. അടക്കം എടുത്തുകൊണ്ട് ആ മേഖലയെ സുശക്തമക്കും. ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ, കെൽട്രോണിനു കഴിയും. അത്തരം അനന്തസാധ്യതകൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ കടം ഏറ്റെടുക്കാൻ ഗവണ്മെന്റ് തീരുമാനിച്ചത്. ഇത്രയും വലിയൊരു ബാധ്യത ഏറ്റെടുക്കണമോ എന്ന കാര്യത്തിൽ തീർച്ചയായിട്ടും തർക്കമുണ്ടാകാം. തൊഴിലാളികളുടെ സമ്മർദ്ദം ഇക്കാര്യത്തിൽ ആവശ്യമാണ്. ഇന്നിപ്പോൾ 'കെൽട്രോൺ' അതിന്റെ പഴയ പ്രതാപത്തിലേയ്ക്ക് പോകാൻ പോകുകയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനുള്ള എല്ലാ സഹായങ്ങളും ഈ ഗവണ്മെന്റ് ചെയ്യും.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കെൽട്രോണിന്റെ കാര്യം പറഞ്ഞു. ഇപ്പോൾ കെൽട്രോണിന് എം.ഡി.ഉണ്ടോ? എം.ഡി. രാജി വച്ചു പോയെന്നോ മറ്റോ കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : ഇതിൽ എം.ഡി. അപ്രധാനമായ ഘടകമാണ്. അവരെ മാറ്റുകയോ അവർ രാജി വച്ചു പോകുകയോ അല്ലെങ്കിൽ പുതിയ ആളിനെ നിയമിക്കുകയോ ചെയ്യുന്നതെല്ലാം ഗവണ്മെന്റിന്റെ ക്രൈറ്റീരിയയിൽപ്പെടുന്ന കാര്യമാണ്. ആവശ്യമായ മാറ്റങ്ങൾ വേണ്ടിവന്നാൽ ചെയ്യും. അതിനൊന്നും യാതൊരു സംശയവും വേണ്ട. എം.ഡി.മാരെ ഇനിയും മാറ്റിയെന്നിരിക്കും.

ശ്രീ. ജി. കാർത്തികേയൻ : തൊഴിലാളികളുടെ ധർണ്ണ ശ്രീ. വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തതുമായി കൂട്ടിച്ചേർത്തു വായിക്കേണ്ടതാണ്. ആ ധർണ്ണയിൽ ഉണ്ടായിരുന്ന ഒരാളാണ് ഞാൻ.

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ കൂട്ടിച്ചേർത്തു വായിച്ചു വിഷമിക്കേണ്ട. ആ കമ്പനി നന്നായി നടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സഖാവ് വി.എസ്. അച്യുതാനന്ദൻ അത് ഉദ്ഘാടനം ചെയ്തു. അതിന്റെയെല്ലാം ആകെത്തുകയായി 'കെൽട്രോൺ' പുനരുദ്ധരിക്കാൻ തീരുമാനിച്ചു. ഒരു എം.ഡി. പോയാൽ വേറെ എം.ഡി. വരും. അതിനൊന്നും ഒരു തർക്കവുമില്ല. അതിനേക്കാൾ ഗംഭീരന്മാരായ എം.ഡി.മാരെ കൊണ്ടുവരും. ഇപ്പോഴാണെങ്കിൽ നമ്മുടെ സെക്രട്ടറി ഇതിനെപ്പറ്റി വിവരമുള്ള ഒരാളാണ്.

ശ്രീ. ഇ.എം. അഗസ്തി : ആരാണ് സെക്രട്ടറി?

ശ്രീമതി സുശീലാ ഗോപാലൻ : പത്രം വായിക്കാറില്ലേ? പത്രം വായനപതിവില്ലേ?

ശ്രീ. ജി. കാർത്തികേയൻ : ആരെക്കുറിച്ചും ഞങ്ങൾക്കു തർക്കമില്ല. ഇപ്പോൾ വിവരമുള്ള സെക്രട്ടറി വന്നിട്ടുണ്ടെന്നു പറഞ്ഞു. കഴിഞ്ഞ മൂന്നു വർഷം വിവരമില്ലാത്ത സെക്രട്ടറിയെ വച്ചാണോ നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നത് വിവരമില്ലാത്ത സെക്രട്ടറിയെ വച്ചാണോ നിങ്ങൾ ഭരിച്ചത്? ഇത് അസംബ്ലി ഫ്ളോറാണ്.

ശ്രീമതി സുശീലാ ഗോപാലൻ : 'കെൽട്രോണിന്റെ' പുനരുദ്ധാരണമായിരുന്നു ഞങ്ങളുടെ പ്രശ്നം. അതിനു തീരുമാനമായി. പിന്നെ ആരാണ് എം.ഡി. ആയിരിക്കേണ്ടത് എന്നത് മറ്റൊരു കാര്യമാണ്. താൽക്കാലികമായി നമ്മുടെ സെക്രട്ടറിയെ, വലിയൊരു ഉത്തിരവാദിത്വമുള്ള ആളിനെ അവിടെ വച്ചിരിക്കുകയാണ്. അതിനു പകരം ആൾ വരും. പ്രഗത്ഭനായ ആളെ തന്നെ വയ്ക്കും. ആ കാര്യത്തിൽ സംശയം വേണ്ട. 'സ്റ്റീൽ കോംപ്ലക്സിന്' കുറച്ചു വിഷമങ്ങളുണ്ടായിരുന്നു. അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനാവശ്യമായ പണം കൊടുത്ത് ആ സ്ഥാപനത്തെ രക്ഷിക്കാനാവശ്യമായ നടപടി എടുക്കും. അതിൽ പ്രത്യേകിച്ചൊരു പ്രശ്നമുള്ളത്, ഒരു റോളിംഗ് മിൽ വേണമെന്നതാണ്. ഇപ്പോൾ പണം കൊടുത്താലും റോളിംഗ് മിൽ ശരിയാക്കാൻ ഒന്നരക്കൊല്ലം എടുക്കും. അതിനുള്ള അറേഞ്ചുമെന്റ് ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. റോളിംഗ് മില്ലിനാവശ്യമായ പണവും ആ സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്കാവശ്യമായ പണവും കോർപ്പസ് ഫണ്ടിൽ നിന്നും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 'ടെൽക്' എന്ന സ്ഥാപനം നന്നാക്കിയെടുക്കാനുള്ള പരിശ്രമത്തിലാണ്. പ്രത്യേകിച്ച് ഇലക്ട്രിസിറ്റി മേഖലയിൽ ഇടയ്ക്കുണ്ടായ പ്രശ്നങ്ങളുടെയെല്ലാം ഫലമായി.....

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹു. മന്ത്രി കോർപ്പസ് ഫണ്ടിന്റെ കാര്യം പറയുകയുണ്ടായി. കഴിഞ്ഞ നിയമസഭയിൽ നമ്മൾ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്ന ഫണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഫണ്ടിലേയ്ക്ക് ഇതുവരെ എത്ര രൂപ കിട്ടി. ഇപ്പോൾ അതിൽ നിന്ന് കേന്ദ്ര മേഖലയിലെ ഷിപ്പിയാർഡ് പോലുള്ള ഏതെങ്കിലും വ്യവസായത്തിന് പണം കൊടുക്കാൻ ഗവൺമെന്റിന് എന്തെങ്കിലും ഹർജി കിട്ടിയിട്ടുണ്ടോ? എങ്കിൽ പണം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോഴുണ്ടാക്കിയിരിക്കുന്ന പുനരുദ്ധാരണ ഫണ്ട് സംസ്ഥാന പൊതുമേഖലയ്ക്കു വേണ്ടിയുള്ളതാണ്. ആവശ്യം വരുകയാണെങ്കിൽ അമെൻഡ്മെന്റ്സ് ഇവിടെ കൊണ്ടുവന്നു വരുത്താം. അവിടെ ഷിപ്പിയാർഡിന്റെ റിപ്പയറിംഗ് യാർഡ് നന്നാക്കി തീർത്താൽ കൂടുതൽ ഷിപ്പുകൾ വരുകയും ആളുകൾക്ക് കൂടുതൽ പണി കിട്ടുകയും ചെയ്യും. അങ്ങനെ വന്നാൽ നമുക്കു കുറച്ചു കാശു കിട്ടും. ചിലപ്പോൾ കുറച്ചു കാശു മുടക്കേണ്ടി വരും. അത് ഇവിടെയും മന്ത്രിസഭയുടെയും മുൻപിലെല്ലാം കൊണ്ടുവന്നു തന്നെ പാസ്സാക്കിയെടുക്കും. തീർച്ചയായിട്ടും ഇവിടെ കൊണ്ടു വരാതെ ഒരു കാര്യവും ചെയ്യില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അപേക്ഷ എന്തെങ്കിലും കിട്ടിയോ എന്നാണ് ചോദിച്ചത് ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ അവരുമായിട്ട് ആശയവിനിമയം നടത്തിയിട്ടുണ്ട്. അപേക്ഷ ആയിട്ട് അല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ ചോദിക്കുന്നത്, നമ്മുടെ പബ്ലിക് സെക്ടറിനെല്ലാം കൊടുത്തു കഴിഞ്ഞിട്ട് മിച്ചമുണ്ടെങ്കിൽ അവർക്കു കൊടുക്കുന്നതിന് ഞാൻ എതിരല്ല. പക്ഷെ അങ്ങനെ വല്ല അപേക്ഷയും കിട്ടിയോ, ഗവൺമെന്റ് പണം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നമ്മുടെ സംസ്ഥാനത്ത് പൊതുമേഖല നശിച്ചുകൊണ്ടിരിക്കുമ്പോൾ അതിനു നൽകാതെ അങ്ങേപ്പുറത്തേയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയാനാണ്.

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ നമ്മുടെ ഫണ്ട് നമ്മുടെ സ്ഥാപനങ്ങൾക്കെല്ലാം കൊടുത്തശേഷം കൂടുതൽ ഫണ്ട് എടുക്കാൻ വിഷമമില്ല. ഇപ്പോൾ കിട്ടിയിരിക്കുന്ന ഫണ്ട് മുഴുവൻ നമ്മുടെ പൊതുമേഖലയ്ക്കുള്ളതാണ്. ആവശ്യമായി വന്നാൽ കൂടുതൽ എടുക്കുകയും അവർക്കു കൊടുക്കുകയും ചെയ്യാം. കേരളത്തിനാണ് അതുകൊണ്ട് പ്രയോജനം ആകുന്നത്. അതിനെക്കുറിച്ച് പിന്നീട് ആലോചിക്കുന്നതായിരിക്കും.

ശ്രീ. നാലകത്ത് സൂപ്പി : സർ, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കുറ്റിപ്പുറം എന്നൊരു ഫാക്ടറിയുണ്ട്. അവിടെ രണ്ടുമൂന്നു മാസമായിട്ട് ശമ്പളം കൊടുക്കാൻ പൈസയില്ലെന്നാണ് പറയുന്നത്. 1995-ൽ നമ്മുടെ ഗവൺമെന്റിന്റെ കാലത്ത്, ആറുകോടി രൂപ കൊടുത്ത് റിവൈവ് ചെയ്തതാണ്. ഇപ്പോൾ ആ സ്ഥാപനം പൂട്ടുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. അവിടത്തെ ജീവനക്കാർക്ക് ശമ്പളമില്ല.

ശ്രീമതി സുശീലാ ഗോപാലൻ : അവർക്ക് കുറച്ചു കാശു കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കാശെടുക്കുന്നതിന് പ്രത്യേകമായിട്ട് ചില കാര്യങ്ങളൊക്കെയുണ്ട്. അതെല്ലാം നോക്കണം. ആ സ്ഥാപനത്തെ പൂട്ടാൻ സമ്മതിക്കുകയില്ല. നന്നായിട്ട് പ്രവർത്തിപ്പിക്കും. നിങ്ങൾ വൺ ടൈം സെറ്റിൽമെന്റ് നടത്തിയ ശേഷം പല കാര്യങ്ങളും ഞങ്ങൾ അതിന്റെ പിന്നാലെ ചെയ്തിട്ടുണ്ട്. നിരവധി വൺ ടൈം സെറ്റിൽമെന്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്നതിൽ പ്രധാനപ്പെട്ട ഘടകമാണത്. അതിനെല്ലാം പണം കൊടുക്കും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനാണ് കോർപ്പസ് 206/2010.

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടുണ്ടാക്കിയത്. ഈ ചർച്ചയിൽ പങ്കെടുത്ത, വിമർശനങ്ങൾ നടത്തിയ വർക്കുമെല്ലാം പ്രത്യേക നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു. ഈ ധനാഭ്യർത്ഥനകളെ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വശ്രീ വി.ജെ. പൗലോസ്, ഇ.എം. അഗസ്തി, വി.ബാലറാം, കെ. സി. വേണുഗോപാൽ, ആര്യാടൻ മുഹമ്മദ്, പി.പി. തങ്കച്ചൻ, കെ.പി. വിശ്വനാഥൻ, ജോണി നെല്ലൂർ, സി. മൊയീൻകുട്ടി, സി.ടി. അഹമ്മദ് അലി, ഇസ്ഹാക് കുരിക്കൾ, പി.കെ.കെ. ബാവ, പി.കെ. അബ്ദുറബ്ബ്, എഴുകോൺ നാരായണൻ, എ.കെ. മണി, കെ.എ. ചന്ദ്രൻ, പി.ജെ. ഫ്രാൻസിസ്, ജി. കാർത്തികേയൻ, കെ. അച്ചുതൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. വോട്ടെടുപ്പു നടന്നു. സഭ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-65

1) ശ്രീ. എ. അലിഹസ്സൻ
2) ശ്രീ. ആനത്തലവട്ടം ആനന്ദൻ
3) ശ്രീ. എൻ.ആർ. ബാലൻ
4) ശ്രീ. ടി.കെ. ബാലൻ
5) ശ്രീ. സി.പി. ബാലൻ വൈദ്യർ
6) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
8) ശ്രീ. വി.കെ. ചന്ദ്രൻ
9) ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
10) ശ്രീ. എം. ദാസൻ
11) ശ്രീ. പി.സി. ജോർജ്
12) ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
14) ശ്രീ. ടി.കെ. ഹംസ
15) ശ്രീ. കെ.ഇ. ഇസ്മയിൽ
16) ശ്രീ. ജോസ് ബേബി
17) ഡോ. കെ.സി. ജോസഫ്
18) ശ്രീ. പി.ജെ. ജോസഫ്
19) ശ്രീ. വി.സി. കബീർ
20) ശ്രീ. എൻ. കണ്ണൻ
21) ശ്രീ. എളമരം കരീം
22) ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ
23) ശ്രീ. ഇ.കെ. നായനാർ
24) ശ്രീ. പി.കെ. കുമാരൻ
25) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
26) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

27) ശ്രീമതി ആർ. ലതാദേവി
28) ശ്രീ. ലോനപ്പൻ നമ്പാടൻ
29) പ്രൊഫ. മീനാക്ഷി തമ്പാൻ
30) ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ
31) ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
32) ശ്രീ. മോൻസ് ജോസഫ്
33) ശ്രീ. പിരപ്പൻകോട് മുരളി
34) ശ്രീ. ടി. നാണു മാസ്റ്റർ
35) ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
36) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
37) ശ്രീ. പി. നാരായണൻ
38) ഡോ. എ. നീലലോഹിതദാസൻ നാടാർ
39) ശ്രീ. ടി.കെ. നൗഷാദ്
40) ശ്രീ. കെ. പ്രകാശ് ബാബു
41) ശ്രീമതി എൻ.കെ. രാധ
42) ശ്രീ. കെ. രാധാകൃഷ്ണൻ
43) ശ്രീ. പി. രാഘവൻ
44) ശ്രീ. സി.കെ. രാജേന്ദ്രൻ
45) ശ്രീ. രാജു എബ്രഹാം
46) ശ്രീ. വി.പി. രാമകൃഷ്ണപിള്ള
47) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48) ശ്രീ. ടി.കെ. രാമകൃഷ്ണൻ
49) ശ്രീ. എസ്. ശർമ്മ
50) ശ്രീ. യു.എസ്. ശശി
51) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
52) ശ്രീ. സത്യൻ മൊകേരി
53) ശ്രീ. സെബാസ്റ്റ്യൻ പോൾ
54) ശ്രീ. എ.സി. ഷണ്മുഖദാസ്
55) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56) ശ്രീ. ടി. ശിവദാസമേനോൻ
57) ശ്രീ. ജി. സുധാകരൻ
58) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
59) ശ്രീ. പി.എസ്. സുപാൽ
60) ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61) ശ്രീമതി സുശീലാഗോപാലൻ
62) പ്രൊഫ. എ.വി. താമരാക്ഷൻ
63) ശ്രീ. എം.പി. വർഗ്ഗീസ്
64) ശ്രീ. വർഗ്ഗീസ് വൈദ്യർ
65) ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 37

1) ശ്രീ. ചെർക്കളം അബ്ദുള്ള
2) ശ്രീ. കെ.പി.എ. മജീദ്
3) ശ്രീ. പി.കെ. അബ്ദുറബ്ബ്
4) ശ്രീ. സി.ടി. അഹമ്മദ് അലി
5) ശ്രീ. എ.കെ. ആന്റണി

LIBRARY ARCHIVES Kerala Legislative Assembly

6) ശ്രീ. ഇ.എം. അഗസ്തി
7) ശ്രീ. പി.കെ.കെ. ബാവ
8) ശ്രീ. കെ.എ. ചന്ദ്രൻ
9) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
10) ശ്രീ. പി.ജെ. ഫ്രാൻസിസ്
11) ശ്രീ. ഇസ്ഹാക് കുരിക്കൾ
12) ശ്രീ. ജോണി നെല്ലൂർ
13) ശ്രീ. കെ.സി. ജോസഫ്
14) ശ്രീ. ജി. കാർത്തികേയൻ
15) ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
16) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
18) ശ്രീ. എ.കെ. മണി
19) ശ്രീ. സി. മൊയീൻകുട്ടി
20) ശ്രീ. ആര്യാടൻ മുഹമ്മദ്
21) ശ്രീ. എം. മുരളി
22) ശ്രീ. എഴുകോൺ നാരായണൻ
23) ശ്രീ. വി.ജെ. പൗലോസ്
24) ശ്രീ. അടൂർ പ്രകാശ്
25) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
26) ശ്രീമതി രാധാ രാഘവൻ
27) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
28) ശ്രീ. പാലോട് രവി
29) പ്രൊഫ. സാവിത്രി ലക്ഷ്മണൻ
30) ശ്രീമതി ശോഭനാ ജോർജ്ജ്
31) ശ്രീ. നാലകത്ത് സൂപ്പി
32) ശ്രീ. കെ. സുധാകരൻ
33) ശ്രീ. പി.പി. തങ്കച്ചൻ
34) ശ്രീ. സി. എഫ്. തോമസ്
35) ശ്രീ. കെ.സി. വേണുഗോപാൽ
36) ശ്രീ. ബി. വിജയകുമാർ
37) ശ്രീ. കെ.പി. വിശ്വനാഥൻ

അനുകൂലിക്കുന്നവർ 65

പ്രതികൂലിക്കുന്നവർ 37

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺ മാസം 25-ാം തീയതി രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കു ശേഷം 3.42-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

സി) എല്ലാ സ്വർണ്ണാഭരണ കച്ചവടക്കാരും സ്വർണ്ണത്തൊഴിലാളികളെക്കൊണ്ട് ആഭരണം നിർമ്മിപ്പിക്കുകയും പണി എടുക്കുന്ന തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുകയും ചെയ്യുക.

10. എ) കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

ബി) പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുക.

സി) ക്ഷേമനിധി ബോർഡിൽ ആർട്ടിസാൻസ് യൂണിയന്റെ ഒരു പ്രതിനിധിയെ നോമിനേറ്റ് ചെയ്യുക.

11. എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന നിർമ്മാണ പ്രവർത്തനത്തിന് ആർട്ടിസാൻസിന് അർഹമായ പ്രാതിനിധ്യം നൽകുക.

ബി) ആർട്ടിസാൻസുകൾക്ക് പണി ആയുധങ്ങൾ നൽകുന്നതിനും ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനും വീടു വയ്ക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ സംവിധാനം ഏർപ്പെടുത്തുകയും ആയത് ആസൂത്രണ ബോർഡിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

അനുബന്ധം XIV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1999 ജൂൺ 24-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	35,45,80,000	65,07,23,000	70,91,59,000	1,30,14,47,000	2,01,06,06,000

LIBRARY ARCHIVES Kerala Legislative Assembly